सत्यमेव जयते

भारत का राजपत्र
# THE GAZETTE OF INDIA
ഭാരതത്തിന്റെ ഗസറ്റ്

असाधारण
## EXTRAORDINARY
അസാധാരണം

भाग XI—अनुभाग I
PART XI—SECTION I
ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित
**Published by Authority**
അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | | | | |
|---|---|---|---|---|---|---|---|---|
| सं० | 442 | नई दिल्ली | बुधवार | 31. दिसंबर | 2025 | 10. पौष, 1947 (शक) | खण्ड | 14 |
| No. | 442 | NEW DELHI | Wednesday | 31. December | 2025 | 10. Pousha, 1947 (Saka) | Vol. | 14 |
| നമ്പർ | 442 | ന്യൂഡൽഹി | ബുധൻ | 31. ഡിസംബർ | 2025 | 10. പൌഷം, 1947 (ശക) | വാല്യം | 14 |


MINISTRY OF LAW AND JUSTICE
**(Legislative Department)**

*New Delhi, 8th May, 2025/18th Vaisakha, 1947 (Saka).*

The translation in Malayalam of The Bharatiya Sakshya Adhiniyam, 2023 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

ഭാരതീയ തെളിവ് ആക്റ്റ്, 2023-ന്റെ മലയാളപരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതുമാകുന്നു.

DR. RAJIV MANI,
*Secretary to the Government of India.*

GCPT. 212/1316/2025/S-3.

# ഭാരതീയ തെളിവ് ആക്റ്റ്, 2023

2023–ലെ 47–ാം നമ്പർ

[2023 ഡിസംബർ 25.]

ന്യായമായ വിചാരണയ്ക്കുവേണ്ടി തെളിവിന്റെ പൊതുവായ ചട്ടങ്ങളും തത്വങ്ങളും ഏകീകരിക്കുന്നതിനും വ്യവസ്ഥചെയ്യുന്നതിനുമുള്ള

ഒരു

ആക്റ്റ്

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

## ഭാഗം I

## അധ്യായം I

### പ്രാരംഭികം

1. (1) ഈ ആക്റ്റിന് ഭാരതീയ തെളിവ് ആക്റ്റ്, 2023 എന്ന് പേര് പറയാവുന്നതാണ്. ചുരുക്കപ്പേരും ബാധകതയും പ്രാരംഭവും.

(2) ഇത്, പട്ടാളക്കോടതികൾ ഉൾപ്പെടെയുള്ള ഏതെങ്കിലും കോടതിയിലോ കോടതി മുമ്പാകെയോ ഉള്ള എല്ലാ നീതിന്യായനടപടികൾക്കും ബാധകമാകുന്നതും, എന്നാൽ ഏതെങ്കിലും കോടതിയുടെയോ ഉദ്യോഗസ്ഥന്റെയോ മുമ്പാകെ ഹാജരാക്കുന്ന സത്യവാങ്മൂലങ്ങൾക്കോ ഒരു മധ്യസ്ഥന്റെ മുമ്പാകെയുള്ള നടപടികൾക്കോ ബാധകമാകാത്തതുമാണ്.

(3) ഇത്, കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

നിർവചനങ്ങൾ.

2. (1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''കോടതി'' എന്നതിൽ എല്ലാ ജഡ്ജിമാരും മജിസ്ട്രേറ്റുമാരും, മധ്യസ്ഥൻമാർ ഒഴികെ, തെളിവെടുക്കാൻ നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ട എല്ലാ ആളുകളും ഉൾപ്പെടുന്നു;

(ഖ) ''നിശ്ചായകമായ തെളിയിക്കൽ'' എന്നാൽ ഒരു വസ്തുത മറ്റൊന്നിന്റെ നിശ്ചായകമായ തെളിയിക്കലായി ഈ ആക്റ്റ് പ്രഖ്യാപിക്കുമ്പോൾ, ഒരു വസ്തുതയുടെ തെളിയിക്കലിൻമേൽ മറ്റേത് തെളിയിക്കപ്പെട്ടതായി കോടതി കരുതേണ്ടതും, അത് ഇല്ലെന്ന് തെളിയിക്കുന്നതിനുവേണ്ടി തെളിവ് നൽകാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ് എന്നർഥമാകുന്നു;

(ഗ) ''ഇല്ലെന്ന് തെളിയിക്കപ്പെട്ടു'' എന്നാൽ ഒരു വസ്തുതയുമായി ബന്ധപ്പെട്ട്, കോടതി, അതിന്റെ മുമ്പാകെയുള്ള കാര്യങ്ങൾ പരിഗണിച്ചശേഷം, അത് നിലനിൽക്കുന്നില്ലെന്ന് വിശ്വസിക്കുകയോ അല്ലെങ്കിൽ വിവേകിയായ ഒരാൾ ആ പ്രത്യേക കേസിന്റെ സാഹചര്യങ്ങളിൽ അത് നിലനിൽക്കുന്നില്ലെന്ന സങ്കൽപ്പത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കത്തക്കവിധം അതിന്റെ അഭാവം അത്ര സംഭവ്യമാണെന്ന് പരിഗണിക്കുകയോ ചെയ്യുമ്പോൾ, ആ വസ്തുത ഇല്ലെന്ന് തെളിയിക്കപ്പെട്ടു എന്നർഥമാകുന്നു;

(ഘ) ''രേഖ'' എന്നാൽ ഏതെങ്കിലും കാര്യം രേഖപ്പെടുത്തുന്ന ആവശ്യത്തിന് ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ഉപയോഗിക്കാവുന്നതോ ആയ അക്ഷരങ്ങളോ അക്കങ്ങളോ അടയാളങ്ങളോ മറ്റേതെങ്കിലും മാർഗങ്ങളിലോ അല്ലെങ്കിൽ അവയിൽ ഒന്നിലധികം മാർഗങ്ങളിലൂടെയോ ഏതെങ്കിലും പദാർഥത്തിൻമേൽ പ്രകടമാക്കുകയോ വിവരിക്കുകയോ മറ്റുവിധത്തിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടുള്ള ആ കാര്യം എന്നർഥമാകുന്നതും, ഇലക്ട്രോണിക്കും ഡിജിറ്റലുമായ റിക്കാർഡുകൾ ഉൾപ്പെടുന്നതുമാകുന്നു.

*ദൃഷ്ടാന്തങ്ങൾ.*

(i) ഒരു ലിഖിതം ഒരു രേഖയാകുന്നു.

(ii) അച്ചടിച്ചതോ ശിലാലേഖനം ചെയ്തതോ ഫോട്ടോ ഗ്രാഫ് ചെയ്തതോ ആയ വാക്കുകൾ രേഖകളാകുന്നു.

(iii) ഒരു ഭൂപടമോ പ്ളാനോ ഒരു രേഖയാകുന്നു.

(iv) ഒരു ലോഹത്തകിടിലോ ശിലയിലോ ഉള്ള ഒരു ആലേഖനം ഒരു രേഖയാകുന്നു.

(v) ഒരു ഹാസ്യചിത്രം ഒരു രേഖയാകുന്നു.

(vi) ഇമെയിലുകളിലെയോ സർവർ ലോഗുകളിലെയോ ഒരു ഇലക്ട്രോണിക് റിക്കാർഡ്, കമ്പ്യൂട്ടറുകളിലെയോ ലാപ്ടോപ്പിലെയോ സ്മാർട്ട്ഫോണിലെയോ രേഖകൾ, ഡിജിറ്റൽ ഉപകരണങ്ങളിൽ സംഭരിച്ചിരിക്കുന്ന സന്ദേശങ്ങളും വെബ്സൈറ്റുകളും ലൊക്കേഷണൽ തെളിവും വോയിസ് മെയിൽ സന്ദേശങ്ങളും, എന്നിവ രേഖകളാകുന്നു;

(ങ) (i) അന്വേഷണവിചാരണയിലിരിക്കുന്ന, വസ്തുതാപരമായ കാര്യങ്ങൾ സംബന്ധിച്ച് കോടതി അതിന്റെ മുമ്പാകെ സാക്ഷികളാൽ ചെയ്യുവാൻ അനുവദിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്ന, ഇലക്ട്രോണിക്കായി നൽകുന്ന പ്രസ്താവനകൾ ഉൾപ്പെടെയുള്ള എല്ലാ പ്രസ്താവനകളും അങ്ങനെയുള്ള പ്രസ്താവനകൾ വാക്കാൽ തെളിവ് എന്ന് പേര് പറയുന്നതും;

(ii) കോടതിയുടെ പരിശോധനയ്ക്ക് ഹാജരാക്കിയ ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡുകൾ ഉൾപ്പെടെയുള്ള എല്ലാ രേഖകളും അങ്ങനെയുള്ള രേഖകൾ രേഖാമൂലമുള്ള തെളിവ് എന്ന് പേര് പറയുന്നതും,

''തെളിവ്'' എന്നർഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു;

(ച) ''വസ്തുത''എന്നാൽ—

(i) ഇന്ദ്രിയഗ്രാഹ്യമായ ഏതെങ്കിലും സംഗതി, സംഗതികളുടെ അവസ്ഥ, അല്ലെങ്കിൽ സംഗതികളുടെ ബന്ധം;

(ii) ഏതെങ്കിലും ആൾക്ക് ബോധ്യമുള്ള ഏതെങ്കിലും മാനസികാവസ്ഥ,

എന്നർഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു.

*ദൃഷ്ടാന്തങ്ങൾ.*

(i) ഒരു പ്രത്യേക സ്ഥലത്ത് ഒരു പ്രത്യേക ക്രമത്തിൽ ക്രമീകരിച്ചിട്ടുള്ള ചില വസ്തുക്കളുണ്ടെന്നുള്ളത്, ഒരു വസ്തുതയാണ്.

(ii) ഒരാൾ എന്തെങ്കിലും കേൾക്കുകയോ കാണുകയോ ചെയ്തുവെന്നത്, ഒരു വസ്തുതയാണ്.

(iii) ഒരാൾ ചില വാക്കുകൾ പറഞ്ഞുവെന്നത്, ഒരു വസ്തുതയാണ്.

(iv) ഒരാൾക്ക് ഒരു പ്രത്യേക അഭിപ്രായമുണ്ടെന്നോ ഒരു പ്രത്യേക ഉദ്ദേശ്യമുണ്ടെന്നോ, ഉത്തമവിശ്വാസത്തിലോ വഞ്ചനാപൂർവമായോ പ്രവർത്തിക്കുന്നുവെന്നോ, ഏതെങ്കിലും ഒരു പ്രത്യേക വാക്ക് ഒരു പ്രത്യേക അർഥത്തിൽ ഉപയോഗിക്കുന്നുവെന്നോ ഒരു നിർദിഷ്ടസമയത്ത് ഒരു പ്രത്യേക അനുഭൂതിയെക്കുറിച്ച് ബോധവാനാണെന്നോ ആയിരുന്നുവെന്നോ ഉള്ളത്, ഒരു വസ്തുതയാണ്;

(ഛ) ''വിവാദ്യവസ്തുതകൾ'' എന്നാൽ ഏതെങ്കിലും വസ്തുത സ്വയമായോ അല്ലെങ്കിൽ മറ്റ് വസ്തുതകളുമായി ചേർന്നോ ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതോ നിഷേധിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും

അവകാശത്തിന്റെയോ ബാധ്യതയുടെയോ അല്ലെങ്കിൽ അവശതയുടെയോ നിലനിൽക്കലോ നിലനിൽക്കാതിരിക്കലോ സ്വഭാവമോ വ്യാപ്തിയോ ആവശ്യമായി തുടർന്നു വരുന്നതായ ഏതെങ്കിലും വസ്തുത എന്നർഥമാകുന്നതും ഉൾപ്പെടുന്നതുമാകുന്നു.

*വിശദീകരണം.*—സിവിൽ നടപടി സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമത്തിലെ വ്യവസ്ഥകളിൻ കീഴിൽ എപ്പോഴെങ്കിലും ഏതെങ്കിലും കോടതി വസ്തുതാപരമായ ഒരു വിവാദ വിഷയം രേഖപ്പെടുത്തുമ്പോൾ, അങ്ങനെയുള്ള വിവാദ വിഷയത്തിനുള്ള മറുപടിയിൽ ഉറപ്പിച്ചുപറയുകയോ നിഷേധിക്കുകയോ ചെയ്യേണ്ട വസ്തുത, ഒരു വിവാദ്യവസ്തുതയാകുന്നു.

*ദൃഷ്ടാന്തങ്ങൾ.*

'ഖ' യെ കൊലചെയ്തതിന് 'ക' യുടെ മേൽ കുറ്റം ആരോപിക്കപ്പെട്ടിരിക്കുന്നു. അയാളുടെ വിചാരണയിൽ താഴെപ്പറയുന്ന വസ്തുതകൾ വിവാദ്യവിഷയമാകാവുന്നതാണ്:—

(i) 'ക', 'ഖ' യുടെ മരണം സംഭവിപ്പിച്ചുവെന്നത്.

(ii) 'ക', 'ഖ' യുടെ മരണം സംഭവിപ്പിക്കണമെന്ന് ഉദ്ദേശിച്ചുവെന്നത്.

(iii) 'ക' യ്ക്ക് 'ഖ' യിൽ നിന്ന് ഗൗരവമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനം ലഭ്യമായിട്ടുണ്ടെന്നത്.

(iv) 'ഖ' യുടെ മരണം സംഭവിപ്പിച്ച കൃത്യം ചെയ്യുന്ന സമയത്ത് ചിത്തഭ്രമം കാരണമായി 'ക' യ്ക്ക് അതിന്റെ സ്വഭാവം അറിയുവാൻ കഴിവില്ലായിരുന്നുവെന്നത്;

(ജ) ''അനുമാനിക്കാവുന്നതാണ്''.—കോടതിക്ക് ഒരു വസ്തുത അനുമാനിക്കാവുന്നതാണെന്ന് ഈ ആക്റ്റിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്പോഴെല്ലാം, അതിന് അങ്ങനെയുള്ള വസ്തുത തെളിയിക്കപ്പെട്ടതായി, അത് ഇല്ലെന്ന് തെളിയിക്കാത്തപക്ഷവും തെളിയിക്കുന്നതുവരെയും, കരുതുകയോ അല്ലെങ്കിൽ അതിന്റെ തെളിവ് ആവശ്യപ്പെടാവുന്നതോ ആണ്;

(ഝ) ''തെളിയിക്കപ്പെട്ടിട്ടില്ല''.—ഒരു വസ്തുത തെളിയിക്കപ്പെടുകയോ അല്ലെങ്കിൽ ഇല്ലെന്ന് തെളിയിക്കപ്പെടുകയോ ചെയ്യാതിരിക്കുമ്പോൾ അത് തെളിയിക്കപ്പെട്ടിട്ടില്ല എന്ന് പറയപ്പെടുന്നു;

(ഞ) ''തെളിയിക്കപ്പെട്ടു''.—കോടതി അതിന്റെ മുമ്പാകെയുള്ള കാര്യങ്ങൾ പരിഗണിച്ചശേഷം, ഒരു വസ്തുത നിലനിൽക്കുന്നതായി വിശ്വസിക്കുകയോ അല്ലെങ്കിൽ വിവേകിയായ ഒരാൾ, ആ പ്രത്യേക കേസിന്റെ സാഹചര്യങ്ങളിൽ, അത് നിലനിൽക്കുകയാണെന്ന സങ്കൽപ്പത്തിൽ പ്രവർത്തിക്കേണ്ടിയിരിക്കത്തക്കവിധം അതിന്റെ നിലനിൽക്കൽ അത്ര സംഭവ്യമാണെന്ന് പരിഗണിക്കുകയോ ചെയ്യുമ്പോൾ, ആ വസ്തുത തെളിയിക്കപ്പെട്ടു എന്ന് പറയപ്പെടുന്നു;

(ട) ''പ്രസക്തം''.—വസ്തുതകളുടെ പ്രസക്തിയെ സംബന്ധിച്ച് ഈ ആക്റ്റിലെ വ്യവസ്ഥകളിൽ പരാമർശിക്കപ്പെട്ട മാർഗങ്ങളിൽ ഏതിലെങ്കിലും കൂടി അത് മറ്റൊന്നുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ ഒരു വസ്തുത മറ്റേതിന് പ്രസക്തമാണെന്ന് പറയപ്പെടുന്നു;

(ഠ) ''അനുമാനിക്കേണ്ടതാണ്''.—കോടതി ഒരു വസ്തുത അനുമാനിക്കേണ്ടതാണെന്ന് ഈ ആക്റ്റ് നിർദേശിച്ചിട്ടുള്ളപ്പോഴെല്ലാം, അത് അങ്ങനെയുള്ള വസ്തുതതെളിയിക്കപ്പെട്ടതായി, അത് ഇല്ലെന്ന് തെളിയിക്കാത്തപക്ഷവും തെളിയിക്കുന്നതുവരെയും കരുതേണ്ടതാണ്.

(2) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും നിർവചിച്ചിട്ടില്ലാത്തതും എന്നാൽ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ്, 2000 (2000–ലെ 21)–ലും ഭാരതീയ പൗരസുരക്ഷാ സംഹിത, 2023–ലും ഭാരതീയ നീതി സംഹിത, 2023–ലും നിർവചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിലും സംഹിതകളിലും അവയ്ക്ക് നൽകിയിട്ടുള്ള അതേ അർഥങ്ങളുണ്ടായിരിക്കുന്നതാണ്.

# ഭാഗം II

## അധ്യായം II

## വസ്തുതകളുടെ പ്രസക്തിയെക്കുറിച്ച്

3. ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ ഏതൊരു വിവാദ്യ വസ്തുതയുടെയും, പ്രസക്തമെന്ന് ഇതിനുശേഷം ഇതിൽ പ്രഖ്യാപിച്ചിട്ടുള്ള അങ്ങനെയുള്ള മറ്റ് വസ്തുതകളുടെയും നിലനിൽക്കലിനെയോ നില നിൽക്കാതിരിക്കലിനെയോ കുറിച്ച് തെളിവ് നൽകാവുന്നതും, മറ്റ് യാതൊന്നിനെയും കുറിച്ച് പാടില്ലാത്തതുമാകുന്നു. വിവാദ്യ വസ്തുതകളെയും പ്രസക്ത വസ്തുതകളെയും കുറിച്ച് തെളിവ് നൽകാവുന്നതാണെന്ന്.

*വിശദീകരണം.*—സിവിൽ നടപടിയോട് ബന്ധപ്പെട്ട തൽസമയം പ്രാബല്യത്തിലിരിക്കുന്ന നിയമത്തിന്റെ ഏതെങ്കിലും വ്യവസ്ഥയാൽ തെളിയിക്കുന്നതിന് ഏതെങ്കിലും ആൾക്ക് അവകാശം നിഷേധിക്കപ്പെട്ട ഒരു വസ്തുതയെക്കുറിച്ച് തെളിവ് നൽകുവാൻ ഒരാളെയും ഈ വകുപ്പ് പ്രാപ്തനാക്കുന്നതല്ല.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ഖ' യുടെ മരണം സംഭവിപ്പിക്കണമെന്നുള്ള ഉദ്ദേശ്യ ത്തോടുകൂടി അയാളെ ഒരു ഗദ കൊണ്ട് അടിച്ച് കൊലചെയ്തതിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്.

'<u>ക</u>' യുടെ വിചാരണയിൽ താഴെപ്പറയുന്ന വസ്തുതകൾ വിവാദ്യവിഷയമാകുന്നതാണ്:—

'<u>ഖ</u>' യെ '<u>ക</u>' ഗദ കൊണ്ട് അടിക്കുന്നത്;

അങ്ങനെയുള്ള അടികൊണ്ട് '<u>ക</u>', '<u>ഖ</u>' യുടെ മരണം സംഭവിപ്പിക്കുന്നത്;

'<u>ഖ</u>' യുടെ മരണം സംഭവിപ്പിക്കണമെന്നുള്ള '<u>ക</u>' യുടെ ഉദ്ദേശ്യം.

(ഖ) ഒരു വ്യവഹാരകക്ഷി, താൻ ആശ്രയിക്കുന്ന ഒരു ബോണ്ട് കൊണ്ടുവരാതിരിക്കുകയും കേസിന്റെ ആദ്യത്തെ വാദംകേൾക്കലിൽ ഹാജരാക്കുവാൻ തയ്യാറാകാതിരിക്കുകയും ചെയ്യുന്നു. സിവിൽ നടപടി നിയമസംഹിത, 1908 (1908–ലെ 5)–ൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപാധികൾ അനുസരിച്ചല്ലാതെ, ആ നടപടികളുടെ പിന്നീടുള്ള ഒരു ഘട്ടത്തിൽ ആ ബോണ്ട് ഹാജരാക്കുകയോ അതിന്റെ ഉള്ളടക്കം തെളിയിക്കുകയോ ചെയ്യാൻ ഈ വകുപ്പ് അയാളെ പ്രാപ്തനാക്കുന്നതല്ല.

## *അടുത്ത് ബന്ധപ്പെട്ടിരിക്കുന്ന വസ്തുതകൾ*

ഒരേ ഇടപാടിന്റെ ഭാഗമായ വസ്തുതകളുടെ പ്രസക്തി.

4. വിവാദവിഷയമല്ലെങ്കിലും ഒരേ ഇടപാടിന്റെ ഭാഗമാകത്തക്ക ഒരു വിവാദ്യവസ്തുതയുമായോ ഒരു പ്രസക്തവസ്തുതയുമായോ ബന്ധപ്പെട്ടിരിക്കുന്ന വസ്തുതകൾ, അവ ഒരേ സമയത്തും സ്ഥലത്തും അല്ലെങ്കിൽ വ്യത്യസ്തമായ സമയങ്ങളിലും സ്ഥലങ്ങളിലും സംഭവിച്ചതോ ആയാലും, പ്രസക്തമാണ്.

### *ദൃഷ്ടാന്തങ്ങൾ.*

(ക) '<u>ഖ</u>' യെ അടിച്ച് കൊലചെയ്തതായി '<u>ക</u>' യുടെ മേൽ കുറ്റം ആരോപിച്ചിരിക്കുന്നു. അടിക്കുമ്പോഴോ അല്ലെങ്കിൽ ആ കൃത്യത്തിന്റെ ഭാഗമാകത്തക്കവിധം അതിന് തൊട്ടുമുമ്പോ ശേഷമോ '<u>ക</u>' യോ '<u>ഖ</u>' യോ അല്ലെങ്കിൽ കണ്ടുനിൽക്കുന്നവരോ പറയുകയോ പ്രവർത്തിക്കുകയോ ചെയ്ത എന്തും പ്രസക്തമായ ഒരു വസ്തുതയാകുന്നു.

(ഖ)വസ്തു നശിപ്പിക്കുകയും സൈന്യങ്ങളെ ആക്രമിക്കുകയും ജയിലുകൾ പൊളിക്കുകയും ചെയ്ത ഒരു സായുധകലാപത്തിൽ പങ്കെടുക്കുന്നതുവഴി ഇൻഡ്യാ ഗവൺമെന്റിനെതിരായി യുദ്ധം ചെയ്തതായി 'ക' യുടെ മേൽ കുറ്റം ആരോപിച്ചിരിക്കുന്നു. ഈ വസ്തുതകൾ സംഭവിച്ചുവെന്നത് അവയിലെല്ലാം 'ക' സന്നിഹിതനായി ട്ടില്ലെങ്കിലും പൊതുകൃത്യത്തിന്റെ ഭാഗമാകുന്നുവെന്ന നിലയിൽ പ്രസക്തമാണ്.

(ഗ) ഒരു കത്തിടപാടിന്റെ ഭാഗമായ ഒരു കത്തിൽ അടങ്ങി യിട്ടുള്ള ഒരു അപമാനലേഖനം സംബന്ധിച്ച് 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. അപമാനലേഖനം ഉദ്ഭവിച്ചിട്ടുള്ള ആ വിഷയം സംബന്ധിച്ചുള്ളതും അത് അടങ്ങിയിട്ടുള്ള കത്തിടപാടിന്റെ ഭാഗമായിരി ക്കുന്നതുമായ, കക്ഷികൾ തമ്മിലുള്ള കത്തുകൾ, അവയിൽ തന്നെ അപമാനലേഖനം അടങ്ങുന്നില്ലെങ്കിലും പ്രസക്തവസ്തുതകളാണ്.

(ഘ) 'ഖ' യിൽനിന്ന് ഓർഡർ ചെയ്ത ചില ചരക്കുകൾ 'ക' യെ ഏൽപ്പിച്ചിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം. ചരക്കുകൾ പല മധ്യവർത്തികൾക്ക് ഒന്നിനുപുറകെ ഒന്നായി ഏൽപ്പിച്ചു. ഓരോ ഏൽപ്പിക്കലും ഒരു പ്രസക്തവസ്തുതയാണ്.

വിവാദ്യ വസ്തുതകളുടെ യോ പ്രസക്ത വസ്തുത കളുടെയോ സന്ദർഭമോ കാരണമോ ഫലമോ ആയിരിക്കുന്ന വസ്തുതകൾ.

5. പ്രസക്തവസ്തുതകളുടെയോ വിവാദ്യവസ്തുതകളുടെയോ ആസന്നമോ അല്ലാത്തതോ ആയ സന്ദർഭമോ കാരണമോ ഫലമോ ആയിട്ടുള്ളതോ, അവ സംഭവിച്ച ആ അവസ്ഥയെ ഉണ്ടാക്കുന്നതോ അല്ലെങ്കിൽ അവ സംഭവിപ്പിക്കുകയോ നടക്കുകയോ ചെയ്യുന്നതിന് ഒരു അവസരം നൽകുന്നതോ ആയ വസ്തുതകൾ പ്രസക്തമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ക', 'ഖ' യെ കവർച്ച ചെയ്തോ എന്നതാണ് പ്രശ്നം. കവർച്ചയ്ക്ക് തൊട്ടുമുമ്പ് തന്റെ കൈവശമുണ്ടായിരുന്ന പണവുമായി 'ഖ' വിപണനമേളയ്ക്ക് പോയി എന്നും അത് അയാൾ മറ്റാളുകളെ കാണിക്കുകയോ അല്ലെങ്കിൽ അത് അയാളുടെ കൈവശമുള്ള വസ്തുത പറയുകയോ ചെയ്തുവെന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

(ഖ) '<u>ക</u>', '<u>ഖ</u>' യെ കൊലചെയ്തോ എന്നതാണ് പ്രശ്നം. കൊലപാതകം നടത്തിയ സ്ഥലത്തോ അതിന്റെ സമീപത്തോ പിടിവലി കൊണ്ട് നിലത്തുണ്ടായിട്ടുള്ള അടയാളങ്ങൾ പ്രസക്തവസ്തുതകളാണ്.

(ഗ) '<u>ക</u>', '<u>ഖ</u>' യ്ക്ക് വിഷം കൊടുത്തോ എന്നതാണ് പ്രശ്നം. വിഷത്തിന്റേത് സംബന്ധിച്ചാണെന്ന് പറയുന്ന ലക്ഷണങ്ങൾ കാണുന്നതിനുമുമ്പുള്ള '<u>ഖ</u>' യുടെ ആരോഗ്യസ്ഥിതിയും, വിഷം കൊടുക്കുന്നതിന് അവസരം ഉണ്ടാക്കിയ '<u>ക</u>' യ്ക്ക് അറിവുള്ള '<u>ഖ</u>' യുടെ ശീലങ്ങളും പ്രസക്തവസ്തുതകളാണ്.

പ്രേരകവും തയ്യാറെടുപ്പും മുമ്പോ ശേഷമോ ഉള്ള പെരുമാറ്റവും.

6. (1) ഏതെങ്കിലും വിവാദ്യവസ്തുതയ്ക്കോ പ്രസക്ത വസ്തുതയ്ക്കോ ഉള്ള ഒരു പ്രേരകമോ തയ്യാറെടുപ്പോ കാണിക്കുന്നതോ അല്ലെങ്കിൽ ആകുന്നതോ ആയ ഏതൊരു വസ്തുതയും പ്രസക്തമാണ്.

(2) ഏതെങ്കിലും വ്യവഹാരത്തിലെയോ നടപടിയിലെയോ ഏതെങ്കിലും കക്ഷിയുടെയോ അല്ലെങ്കിൽ ഏതെങ്കിലും കക്ഷിയുടെ ഏതെങ്കിലും ഏജന്റിന്റെയോ അങ്ങനെയുള്ള വ്യവഹാരമോ നടപടിയോ സംബന്ധിച്ചോ അല്ലെങ്കിൽ അതിലുള്ള ഏതെങ്കിലും വിവാദ്യവസ്തുതയോ അവിടെ പ്രസക്തമായതോ സംബന്ധിച്ചോ ഉള്ള പെരുമാറ്റവും, ഏതെങ്കിലും ഒരാൾക്ക് എതിരെയുള്ള കുറ്റം [നടപടിക്ക് വിഷയമായിട്ടുള്ളിടത്ത്,] അങ്ങനെയുള്ള പെരുമാറ്റം ഏതെങ്കിലും വിവാദ്യവസ്തുതയാലോ പ്രസക്തവസ്തുതയാലോ സ്വാധീനിക്കുകയോ അല്ലെങ്കിൽ സ്വാധീനിക്കപ്പെടുകയോ ചെയ്യുന്നുവെങ്കിൽ, അത് അതിന് മുമ്പോ ശേഷമോ ഉള്ളതായാലും, പ്രസക്തമാണ്.

*വിശദീകരണം* 1.—ഈ വകുപ്പിലെ ''പെരുമാറ്റം'' എന്ന വാക്കിൽ പ്രസ്താവനകൾ, അവ പ്രസ്താവനകൾ അല്ലാതെയുള്ള കൃത്യങ്ങളോട് കൂടെവരുകയും വിശദീകരിക്കുകയും ചെയ്യാത്തപക്ഷം, ഉൾപ്പെടാത്തതും; എന്നാൽ ഈ വിശദീകരണം ഈ ആക്റ്റിന്റെ മറ്റേതെങ്കിലും വകുപ്പുകളിൻ കീഴിലുള്ള പ്രസ്താവനകളുടെ പ്രസക്തിയെ ബാധിച്ചുകൂടാത്തതുമാണ്.

*വിശദീകരണം* 2.—ഏതെങ്കിലും ആളുടെ പെരുമാറ്റം പ്രസക്തമായിരിക്കുമ്പോൾ, അങ്ങനെയുള്ള പെരുമാറ്റത്തെ ബാധിക്കുന്നതും അയാളോടോ അല്ലെങ്കിൽ അയാളുടെ സാന്നിധ്യത്തിലും കേൾക്കത്തക്ക വിധത്തിലും ചെയ്തിട്ടുള്ളതുമായ ഏതെങ്കിലും പ്രസ്താവന, പ്രസക്തമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ഖ' യെ കൊലചെയ്തതിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്. 'ക', 'ഗ' യെ കൊലചെയ്തു എന്നും 'ക', 'ഗ' യെ കൊലചെയ്തത് 'ഖ' അറിഞ്ഞു എന്നും 'ഖ' തന്റെ അറിവ് പരസ്യമാക്കുമെന്ന് ഭയപ്പെടുത്തി 'ക' യിൽ നിന്ന് പണം അപഹരിക്കുവാൻ ശ്രമിച്ചുവെന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

(ഖ) പണം കൊടുക്കുന്നതിനുള്ള ഒരു ബോണ്ടിൻമേൽ 'ഖ' യുടെമേൽ 'ക' വ്യവഹാരപ്പെടുന്നു. ബോണ്ട് ഉണ്ടാക്കിയെന്നത് 'ഖ' നിഷേധിക്കുന്നു. ബോണ്ട് ഉണ്ടാക്കിയതായി ആരോപിക്കപ്പെടുന്ന സമയത്ത് ഒരു പ്രത്യേക ആവശ്യത്തിന് 'ഖ' യ്ക്ക് പണം ആവശ്യമായിരുന്നു എന്ന വസ്തുത പ്രസക്തമാണ്.

(ഗ) 'ഖ' യെ വിഷംകൊടുത്ത് കൊലചെയ്തതിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്. 'ഖ' യുടെ മരണത്തിന് മുമ്പ് 'ഖ' യ്ക്ക് കൊടുത്തതുപോലുള്ള വിഷം 'ക' സമ്പാദിച്ചു എന്ന വസ്തുത പ്രസക്തമാണ്.

(ഘ) ഒരു പ്രത്യേക രേഖ 'ക' യുടെ മരണശാസനമാണോ എന്നതാണ് പ്രശ്നം. ആരോപിക്കപ്പെട്ട മരണശാസനത്തിന്റെ തീയതിക്ക് വളരെ മുമ്പല്ലാതെ, ആരോപിക്കപ്പെട്ട മരണശാസനത്തിന്റെ വ്യവസ്ഥകൾ ബന്ധപ്പെട്ടിരിക്കുന്നതായ വിഷയങ്ങൾ സംബന്ധിച്ച് 'ക' അന്വേഷണം നടത്തി എന്നും; മരണശാസനം ഉണ്ടാക്കുന്നത് സംബന്ധിച്ച് അയാൾ അഭിഭാഷകരുമായി കൂടിയാലോചിച്ചു എന്നും, മറ്റ് മരണശാസനങ്ങളുടെ കരടുകൾ അയാൾ തയ്യാറാക്കിച്ചത് അയാൾ അംഗീകരിക്കാതിരിക്കുകയും ചെയ്തുവെന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

(ങ) 'ക' യുടെമേൽ ഒരു കുറ്റകൃത്യം ആരോപിച്ചിരിക്കുന്നു. ആരോപിക്കപ്പെട്ട കുറ്റകൃത്യത്തിന് മുമ്പോ ആ സമയത്തോ അതിനുശേഷമോ കേസിന്റെ വസ്തുതകൾക്ക് അയാൾക്ക് അനുകൂലമായ ഒരു രൂപം നൽകുന്ന പ്രവണതയോടുകൂടിയ തെളിവ് 'ക' നൽകിയെന്നോ അല്ലെങ്കിൽ അയാൾ തെളിവ് നശിപ്പിക്കുകയോ ഒളിപ്പിച്ചുവയ്ക്കുകയോ സാക്ഷികൾ ആകുമായിരുന്ന ആളുകളുടെ സാന്നിധ്യം തടയുകയോ അസാന്നിധ്യത്തിന് ഇടവരുത്തുകയോ, അത് സംബന്ധിച്ച് വ്യാജമായ തെളിവ് കൊടുക്കുവാൻ ആളുകളെ സ്വാധീനിക്കുകയോ ചെയ്തു എന്നോ ഉള്ള വസ്തുതകൾ, പ്രസക്തമാണ്.

(ച) 'ക', 'ഖ' യെ കവർച്ചചെയ്തോ എന്നതാണ് പ്രശ്നം. 'ഖ' കവർച്ചചെയ്യപ്പെട്ടശേഷം, "'ഖ' യെ കവർച്ച ചെയ്ത ആളെ അന്വേഷിച്ച് പോലീസ് വരുന്നുണ്ട്" എന്ന് 'ക'യുടെ സാന്നിധ്യത്തിൽ 'ഗ' പറഞ്ഞു എന്നും അതിനുശേഷം ഉടൻതന്നെ 'ക' ഓടിപ്പോയി എന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

(ഛ) 'ക', 'ഖ' യ്ക്ക് പതിനായിരം രൂപ കൊടുക്കുവാനുണ്ടോ എന്നതാണ് പ്രശ്നം. 'ക' അയാൾക്ക് പണം കടം കൊടുക്കുവാൻ 'ഗ' യോട് ആവശ്യപ്പെട്ടു എന്നും 'ക' യുടെ സാന്നിധ്യത്തിലും കേൾക്കെയും 'ഘ' 'ഗ' യോട് " 'ക' യെ വിശ്വസിക്കരുതെന്ന് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു, കാരണം അയാൾ 'ഖ' യ്ക്ക് പതിനായിരം രൂപ കൊടുക്കുവാനുണ്ട്" എന്ന് പറഞ്ഞു എന്നും 'ക' യാതൊരു മറുപടിയും നൽകാതെപോയി എന്നുമുള്ള വസ്തുതകൾ, പ്രസക്തവസ്തുതകളാണ്.

(ജ) 'ക' ഒരു കുറ്റകൃത്യം ചെയ്തോ എന്നതാണ് പ്രശ്നം. കുറ്റവാളിയെക്കുറിച്ച് അന്വേഷണ വിചാരണ നടന്നുകൊണ്ടിരിക്കുകയാണെന്ന് 'ക' യ്ക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടുള്ള ഒരു കത്ത് കിട്ടിയശേഷം 'ക' ഒളിവിൽപ്പോയി എന്ന വസ്തുതയും, ആ കത്തിലെ ഉള്ളടക്കവും പ്രസക്തമാണ്.

(ഡ) 'ക'യുടെ മേൽ ഒരു കുറ്റകൃത്യം ആരോപിച്ചിരിക്കുന്നു. ആരോപിക്കപ്പെട്ട കുറ്റകൃത്യം ചെയ്തതിനുശേഷം 'ക' ഒളിവിൽപ്പോയി എന്നോ, അല്ലെങ്കിൽ കുറ്റകൃത്യംവഴി നേടിയ വസ്തുവോ, വസ്തുവിൽ നിന്ന് കിട്ടിയ തുകയോ അയാളുടെ കൈവശം ഉണ്ടായിരുന്നുവെന്നോ അല്ലെങ്കിൽ അത് ചെയ്യുന്നതിന് ഉപയോഗിച്ചതോ, ഉപയോഗിച്ചിരിക്കാവുന്നതോ ആയ സാധനങ്ങൾ ഒളിപ്പിക്കുവാൻ ശ്രമിച്ചു എന്നോ ഉള്ള വസ്തുതകൾ പ്രസക്തമാണ്.

(ഞ) 'ക' ബലാൽസംഗം ചെയ്യപ്പെട്ടോ എന്നതാണ് പ്രശ്നം. ആരോപിക്കപ്പെട്ട ബലാൽസംഗം ചെയ്യപ്പെട്ട ഉടനെതന്നെ 'ക' ആ കുറ്റകൃത്യം സംബന്ധിച്ച് ഒരു പരാതി നൽകിയെന്ന വസ്തുതയും പരാതി നൽകിയ സാഹചര്യങ്ങളും അതിലെ പദങ്ങളും പ്രസക്തമാണ്. ഒരു പരാതി ബോധിപ്പിക്കാതെതന്നെ 'ക' ബലാൽസംഗം ചെയ്യപ്പെട്ടു എന്ന് 'ക' പറഞ്ഞുവെന്ന വസ്തുത 26–ാം വകുപ്പ് (ക) ഖണ്ഡത്തിൻകീഴിലുള്ള ഒരു മരണമൊഴിയെന്ന നിലയിലോ അല്ലെങ്കിൽ 160–ാം വകുപ്പിൻകീഴിലുള്ള ഉപോൽബലകത്തെളിവെന്ന നിലയിലോ അത് പ്രസക്തമാകാവുന്നതാണെങ്കിലും, ഈ വകുപ്പിൻകീഴിൽ പെരുമാറ്റം എന്ന നിലയിൽ പ്രസക്തമല്ല.

(ട) 'ക' കവർച്ച ചെയ്യപ്പെട്ടോ എന്നതാണ് പ്രശ്നം. ആരോപിക്കപ്പെട്ട കവർച്ച കഴിഞ്ഞ ഉടനെ 'ക' കുറ്റം സംബന്ധിച്ച് ഒരു പരാതി നൽകിയെന്ന വസ്തുതയും പരാതി നൽകിയ സാഹചര്യങ്ങളും അതിലെ പദങ്ങളും പ്രസക്തമാണ്. ഒരു പരാതി ബോധിപ്പിക്കാതെ താൻ കവർച്ചചെയ്യപ്പെട്ടു എന്ന് 'ക'പറഞ്ഞുവെന്ന വസ്തുത 26–ാം വകുപ്പ് (ക) ഖണ്ഡത്തിൻകീഴിലുള്ളഒരു മരണമൊഴിയെന്ന നിലയിലോ 160–ാം വകുപ്പിൻകീഴിലുള്ള ഉപോൽബലകത്തെളിവ് എന്ന നിലയിലോ അത് പ്രസക്തമാകാവുന്നതാണെങ്കിലും, ഈ വകുപ്പിൻകീഴിൽ പെരുമാറ്റം എന്ന നിലയിൽ പ്രസക്തമല്ല.

വിവാദ്യവസ്തുതയോ പ്രസക്തവസ്തുതകളോ വിശദീകരിക്കുകയോ അവതരിപ്പിക്കുകയോ ചെയ്യുവാൻ ആവശ്യമായ വസ്തുതകൾ.

7. ഒരു വിവാദ്യവസ്തുതയോ പ്രസക്തവസ്തുതയോ വിശദീകരിക്കുകയോ അവതരിപ്പിക്കുകയോ ചെയ്യുവാൻ ആവശ്യമായതോ അല്ലെങ്കിൽ ഒരു വിവാദ്യവസ്തുതയോ ഒരു പ്രസക്തവസ്തുതയോ സൂചിപ്പിച്ചിട്ടുള്ളതോ ആയ ഒരു നിഗമനത്തെ പിൻതാങ്ങുകയോ ഖണ്ഡിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ എന്തിന്റെയെങ്കിലുമോ തിരിച്ചറിയൽ പ്രസക്തമായ ആളിന്റെയോ, തിരിച്ചറിയൽ സ്ഥാപിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വിവാദ്യവസ്തുതയോ പ്രസക്തവസ്തുതയോ സംഭവിച്ച സമയമോ സ്ഥലമോ നിജപ്പെടുത്തുന്നതോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വസ്തുത നടത്തപ്പെട്ട കക്ഷികളുടെ ബന്ധം കാണിക്കുന്നതോ, ആയ വസ്തുതകൾ ആ ആവശ്യത്തിന് ആവശ്യമായിടത്തോളം പ്രസക്തമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) തന്നിട്ടുള്ള ഒരു രേഖ 'ക' യുടെ മരണശാസനം ആണോ എന്നതാണ് പ്രശ്നം. ആരോപിക്കപ്പെട്ട മരണശാസനത്തിന്റെ തീയതിയിൽ 'ക' യുടെ വസ്തുവിന്റെയും അയാളുടെ കുടുംബത്തിന്റെയും അവസ്ഥ പ്രസക്തവസ്തുതകൾ ആകാവുന്നതാണ്.

(ഖ) 'ക' യോടുള്ള നിന്ദ്യമായ പെരുമാറ്റത്തെക്കുറിച്ചുള്ള ദോഷാരോപണം ഉന്നയിക്കുന്ന ഒരു അപമാനലേഖനത്തിൻമേൽ 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു; അപമാനലേഖനമാണെന്ന് ആരോപിക്കപ്പെട്ട വിഷയം സത്യമാണെന്ന് 'ഖ' ഉറപ്പിച്ചുപറയുന്നു. അപമാനലേഖനം പ്രസിദ്ധപ്പെടുത്തിയ സമയത്തെ കക്ഷികളുടെ നിലയും ബന്ധങ്ങളും വിവാദ്യവസ്തുതകൾക്ക് അവതാരികയെന്നനിലയിൽ പ്രസക്തവസ്തുതകൾ ആകാവുന്നതാണ്. ആരോപിക്കപ്പെട്ട അപമാന ലേഖനവുമായി ബന്ധമില്ലാത്ത ഒരു വിഷയത്തെക്കുറിച്ച് 'ക' യും 'ഖ' യും തമ്മിലുള്ള ഒരു തർക്കത്തിന്റെ വിശദാംശങ്ങൾ 'ക' യും 'ഖ' യും തമ്മിലുള്ള ബന്ധങ്ങളെ അത് ബാധിച്ചിരുന്നെങ്കിൽ ഒരു തർക്കമുണ്ടായിരുന്നു എന്ന വസ്തുത പ്രസക്തമായേക്കാമെങ്കിലും, അപ്രസക്തമാകുന്നതാണ്.

(ഗ) 'ക' യുടെമേൽ ഒരു കുറ്റകൃത്യം ആരോപിച്ചിരിക്കുന്നു. കുറ്റകൃത്യം നടത്തിക്കഴിഞ്ഞ ഉടൻതന്നെ 'ക' അയാളുടെ വീട്ടിൽനിന്ന് ഒളിവിൽപ്പോയി എന്ന വസ്തുത വിവാദ്യവസ്തുതകൾക്ക് ശേഷമുള്ളതും ബാധിക്കപ്പെട്ടതുമായ പെരുമാറ്റം എന്ന നിലയിലും 6–ാം വകുപ്പിൻകീഴിൽ പ്രസക്തമാണ്. അയാൾ വീട് വിട്ട സമയത്ത് അയാൾ പോയ സ്ഥലത്ത് 'ക' യ്ക്ക് സത്വരവും അടിയന്തരവുമായ കാര്യമുണ്ടായിരുന്നു എന്ന വസ്തുത, അയാൾ പെട്ടെന്ന് വീട് വിട്ടു എന്ന വസ്തുത വിശദീകരിക്കുവാൻ പ്രവണതയുള്ളതെന്ന നിലയ്ക്ക് പ്രസക്തമാണ്. അയാൾ പോയ കാര്യം സത്വരവും അടിയന്തരവും ആയിരുന്നുവെന്ന് കാണിക്കുവാൻ ആവശ്യമായിടത്തോളമൊഴികെ, ആ കാര്യത്തിന്റെ വിശദവിവരങ്ങൾ പ്രസക്തമല്ലാത്തതാണ്.

(ഘ) 'ക' യുമായി 'ഗ' ഉണ്ടാക്കിയ ഒരു സേവനകരാർ ലംഘിക്കുവാൻ അയാളെ പ്രചോദിപ്പിച്ചതിന് 'ക', 'ഖ' യുടെ മേൽ വ്യവഹാരപ്പെടുന്നു. 'ക' യുടെ സേവനത്തിൽ നിന്ന് വിട്ടുപോകുമ്പോൾ 'ഗ', 'ക' യോട് " 'ഖ' എനിക്ക് കൂടുതൽ നല്ല ഒരു വാഗ്ദാനം തന്നതുകൊണ്ടാണ് ഞാൻ നിങ്ങളെ വിട്ടുപോകുന്നത് " എന്ന് പറയുന്നു. ഒരു വിവാദ്യവസ്തുത എന്ന നിലയിൽ പ്രസക്തമായ 'ഗ' യുടെ പെരുമാറ്റത്തെ വിശദീകരിക്കുന്നതെന്ന നിലയിൽ ഈ പ്രസ്താവന പ്രസക്തവസ്തുതയാണ്.

(ങ) മോഷണക്കുറ്റം ആരോപിക്കപ്പെട്ട 'ക' കളവുമുതൽ 'ഖ' യ്ക്ക് കൊടുക്കുന്നതായും അയാൾ അത് 'ക' യുടെ ഭാര്യയ്ക്ക് കൊടുക്കുന്നതായും കാണപ്പെടുന്നു. അത് കൊടുക്കുമ്പോൾ 'ഖ' "നിങ്ങൾ ഇത് ഒളിപ്പിച്ചുവയ്ക്കണമെന്ന് 'ക' പറയുന്നു" എന്ന് പറയുന്നു. ഇടപാടിന്റെ ഭാഗമായ ഒരു വസ്തുത വിശദീകരിക്കുന്നതെന്ന നിലയിൽ 'ഖ' യുടെ പ്രസ്താവന പ്രസക്തമാണ്.

(ച) ഒരു ലഹള നടത്തിയതിന് '<u>ക</u>' വിചാരണ ചെയ്യപ്പെടുകയും ഒരു ജനക്കൂട്ടത്തിന്റെ മുമ്പിലായി മാർച്ച് ചെയ്തിരുന്നുവെന്ന് തെളിയുകയും ചെയ്യുന്നു. ഇടപാടിന്റെ സ്വഭാവം വിശദീകരിക്കുന്നതെന്ന നിലയ്ക്ക് ജനക്കൂട്ടത്തിന്റെ നിലവിളി പ്രസക്തമാണ്.

പൊതുവായ ഉദ്ദേശ്യം സംബന്ധിച്ച് ഗൂഢാലോചനക്കാരൻ പറയുകയോ ചെയ്യുകയോ ചെയ്തിട്ടുള്ള സംഗതികൾ.

8. രണ്ടോ അതിലധികമോ ആളുകൾ ചേർന്ന് ഒരു കുറ്റമോ വ്യവഹാരപ്പെടാവുന്ന ഒരു അപകൃത്യമോ ചെയ്യുന്നതിന് ഗൂഢാലോചന നടത്തിയിട്ടുണ്ടെന്ന് വിശ്വസിക്കുവാൻ ന്യായമായ കാരണമുള്ളിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും ഒരാൾ, അവരുടെ പൊതുവായ ഉദ്ദേശ്യം സംബന്ധിച്ച്, അവരിൽ ഏതെങ്കിലും ഒരാൾക്ക് ആദ്യമായി അങ്ങനെയുള്ള ഉദ്ദേശ്യം ഉണ്ടായതിനുശേഷം, പറയുകയോ ചെയ്യുകയോ എഴുതുകയോ ചെയ്തിട്ടുള്ള ഏതും, അങ്ങനെ ഗൂഢാലോചന നടത്തുന്നതായി വിശ്വസിക്കപ്പെടുന്ന ഓരോ ആൾക്കും എതിരായി, അങ്ങനെയുള്ള ഏതെങ്കിലും ആൾ അതിൽ ഒരു കക്ഷിയായിരുന്നു എന്ന് കാണിക്കുന്ന ആവശ്യത്തിലേക്കെന്നപോലെ ആ ഗൂഢാലോചനയുടെ നിലനിൽക്കൽ തെളിയിക്കുന്ന ആവശ്യത്തിലേക്കും ഒരു പ്രസക്തവസ്തുതയാണ്.

*ദൃഷ്ടാന്തം.*

രാജ്യത്തിനെതിരായി യുദ്ധം ചെയ്യുന്നതിനുള്ള ഒരു ഗൂഢാലോചനയിൽ '<u>ക</u>' ചേർന്നു എന്ന് വിശ്വസിക്കുവാൻ ന്യായമായ കാരണം നിലവിലുണ്ട്.

ആ ഗൂഢാലോചനയുടെ ആവശ്യത്തിലേക്കായി '<u>ഖ</u>' യൂറോപ്പിൽവച്ച് ആയുധങ്ങൾ സമ്പാദിച്ചു എന്നും സമാനമായ ഒരു ലക്ഷ്യത്തിനായി '<u>ഗ</u>' കൊൽക്കത്തയിൽ പണം ശേഖരിച്ചു എന്നും ആ ഗൂഢാലോചനയിൽ ചേരാൻ '<u>ഘ</u>' മുംബൈയിൽ ആളുകളെ പ്രോൽസാഹിപ്പിച്ചു എന്നും ആ ലക്ഷ്യത്തിനുവേണ്ടി വാദിച്ചുകൊണ്ടുള്ള ലേഖനങ്ങൾ '<u>ങ</u>' ആഗ്രയിൽവച്ച് പ്രസിദ്ധപ്പെടുത്തി എന്നും '<u>ഗ</u>' കൊൽക്കത്തയിൽവച്ച് ശേഖരിച്ച പണം '<u>ച</u>'

ഡൽഹിയിൽനിന്ന് സിംഗപ്പൂരിലുള്ള 'ഛ' യ്ക്ക് അയച്ചുകൊടുത്തു എന്നുമുള്ള വസ്തുതകളും, ഗൂഢാലോചനയുടെ ഒരു വിവരണം നൽകിക്കൊണ്ട് 'ജ' എഴുതിയിട്ടുള്ള ഒരു കത്തിന്റെ ഉള്ളടക്കവും ഓരോന്നും അതിനെയെല്ലാംപറ്റി 'ക' അജ്ഞനായിരിക്കാമെങ്കിലും, അവ ചെയ്തതായ ആളുകൾ അയാൾക്ക് അപരിചിതരായിരുന്നെങ്കിലും, അയാൾ ഗൂഢാലോചനയിൽ ചേരുന്നതിന് മുമ്പോ, അല്ലെങ്കിൽ അയാൾ അതിൽനിന്നും വിട്ടുപോന്നതിനുശേഷമോ സംഭവിച്ചതായിരിക്കാമെങ്കിലും ഗൂഢാലോചനയുടെ നിലനിൽക്കൽ തെളിയിക്കുവാനും അതിൽ 'ക' യ്ക്കുള്ള സഹാപരാധിത്വം തെളിയിക്കുവാനും, പ്രസക്തമാണ്.

9. മറ്റുവിധത്തിൽ പ്രസക്തമല്ലാത്ത വസ്തുതകൾ— മറ്റു വിധത്തിൽ പ്രസക്തമല്ലാത്ത വസ്തുതകൾ എപ്പോൾ പ്രസക്തമാകുമെന്ന്.

(1) ഏതെങ്കിലും വിവാദ്യവസ്തുതയ്ക്കോ പ്രസക്ത വസ്തുതയ്ക്കോ അവ അസംഗതമായിരിക്കുന്നെങ്കിൽ;

(2) അവ സ്വയമായോ, മറ്റ് വസ്തുതകളുമായി ചേർന്നോ ഏതെങ്കിലും വിവാദ്യവസ്തുതയുടെയോ പ്രസക്തവസ്തുതയുടെയോ നിലനിൽക്കലോ നിലനിൽക്കാതിരിക്കലോ അത്യധികം സംഭവ്യമോ അസംഭവ്യമോ ആക്കിത്തീർക്കുന്നെങ്കിൽ,

പ്രസക്തമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ചെന്നൈയിൽവച്ച് ഒരു പ്രത്യേക ദിവസം 'ക' ഒരു കുറ്റകൃത്യം ചെയ്തിട്ടുണ്ടോ എന്നതാണ് പ്രശ്നം. ആ ദിവസം 'ക' ലഡാക്കിൽ ആയിരുന്നു എന്നുള്ള വസ്തുത പ്രസക്തമാണ്. കുറ്റകൃത്യം ചെയ്ത സമയത്തോടടുത്ത്, 'ക' അത് ചെയ്ത സ്ഥലത്തുനിന്ന്, അയാൾ അത് ചെയ്തുവെന്നുള്ളത്, അസാധ്യമാക്കിത്തീർക്കുന്നില്ലെങ്കിലും, അത്യധികം അസംഭവ്യമാക്കിത്തീർക്കത്തക്ക ദൂരെയായിരുന്നു എന്ന വസ്തുത പ്രസക്തമാണ്.

(ഖ) '<u>ക</u>' ഒരു കുറ്റകൃത്യം ചെയ്തിട്ടുണ്ടോ എന്നതാണ് പ്രശ്നം. കുറ്റകൃത്യം ചെയ്തത് '<u>ക</u>' യോ '<u>ഖ</u>' യോ '<u>ഗ</u>' യോ '<u>ഘ</u>' യോ ആയിരിക്കണം എന്നുള്ള തരത്തിലാണ് സാഹചര്യങ്ങൾ. കുറ്റകൃത്യം മറ്റാരും ചെയ്തിരിക്കുവാൻ സാധ്യതയില്ലെന്നും '<u>ഖ</u>' യോ '<u>ഗ</u>' യോ '<u>ഘ</u>' യോ അത് ചെയ്തിട്ടില്ലെന്നും കാണിക്കുന്ന ഏതൊരു വസ്തുതയും പ്രസക്തമാണ്.

തുക നിശ്ചയിക്കുവാൻ കോടതിയെ പ്രാപ്തമാക്കുവാൻ പ്രവണതയുള്ള വസ്തുതകൾ നഷ്ടപരിഹാരത്തിനുള്ള വ്യവഹാരങ്ങളിൽ പ്രസക്തമാണെന്ന്.

10. നഷ്ടപരിഹാരം അവകാശപ്പെടുന്ന വ്യവഹാരങ്ങളിൽ, വിധിക്കേണ്ട നഷ്ടപരിഹാരത്തുക നിശ്ചയിക്കുവാൻ കോടതിയെ പ്രാപ്തമാക്കുന്ന ഏതൊരു വസ്തുതയും പ്രസക്തമാണ്.

അവകാശമോ ആചാരമോ പ്രശ്നമാകുമ്പോൾ പ്രസക്തമായ വസ്തുതകൾ.

11. ഏതെങ്കിലും അവകാശത്തിന്റെയോ ആചാരത്തിന്റെയോ നിലനിൽക്കൽ പ്രശ്നമാകുന്നിടത്ത്, താഴെപ്പറയുന്ന വസ്തുതകൾ പ്രസക്തമാണ്—

(ക) പ്രശ്നത്തിലുള്ള അവകാശമോ ആചാരമോ സൃഷ്ടിക്കുകയോ അവകാശപ്പെടുകയോ രൂപഭേദപ്പെടുത്തുകയോ അംഗീകരിക്കുകയോ ഉറപ്പിച്ചുപറയുകയോ നിഷേധിക്കുകയോ ചെയ്തതോ അല്ലെങ്കിൽ അതിന്റെ നിലനിൽക്കലിന് അസംഗതമായതോ ആയ ഏതെങ്കിലും ഇടപാട്;

(ഖ) അവകാശമോ ആചാരമോ അവകാശപ്പെടുകയോ അംഗീകരിക്കുകയോ പ്രയോഗിക്കുകയോ ചെയ്തതോ അല്ലെങ്കിൽ അതിന്റെ പ്രയോഗം തർക്കിക്കപ്പെടുകയോ ഉറപ്പിക്കുകയോ പ്രയോഗത്തിൽനിന്നും വ്യതിചലിക്കുകയോ ചെയ്തതോ ആയ പ്രത്യേക സന്ദർഭങ്ങൾ.

*ദൃഷ്ടാന്തം.*

'<u>ക</u>' യ്ക്ക് ഒരു ഫിഷറിക്കുള്ള അവകാശം ഉണ്ടോ എന്നതാണ് പ്രശ്നം. '<u>ക</u>' യുടെ പൂർവികർക്ക് ആ ഫിഷറി നൽകിക്കൊണ്ടുള്ള ഒരു കരണവും

'ക'യുടെ അച്ഛൻ കൊടുത്ത ആ ഫിഷറിയുടെ പണയവും 'ക' യുടെ അച്ഛൻ പിന്നീട് നൽകിയ, ആ പണയവുമായി പൊരുത്തപ്പെടാത്ത, ഫിഷറിയും 'ക' യുടെ അച്ഛൻ ആ അവകാശം വിനിയോഗിച്ചതോ അല്ലെങ്കിൽ ആ അവകാശത്തിന്റെ വിനിയോഗം 'ക' യുടെ അയൽക്കാർ മുടക്കിയതോ ആയ പ്രത്യേക സന്ദർഭങ്ങളും പ്രസക്തവസ്തുതകളാണ്.

മനസ്സിന്റെ അല്ലെങ്കിൽ ശരീരത്തിന്റെ അവസ്ഥ യുടെയോ ശാരീരികാ നുഭൂതി യുടെയോ നിലനിൽക്കൽ കാണിക്കുന്ന വസ്തുതകൾ.

12. ഉദ്ദേശ്യം, അറിവ്, ഉത്തമവിശ്വാസം, ഉപേക്ഷ, സാഹസികത, ഏതെങ്കിലും ഒരു പ്രത്യേക ആളോടുള്ള വിദ്വേഷമോ സൻമനോഭാവമോ പോലെയുള്ള ഏതെങ്കിലും മാനസികാവസ്ഥയുടെ നിലനിൽക്കൽ കാണിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ശാരീരികാവസ്ഥയുടെയോ ശാരീരികാനുഭൂതിയുടെയോ നിലനിൽക്കൽ കാണിക്കുന്നതോ ആയ വസ്തുതകൾ, മനസ്സിന്റെയോ ശരീരത്തിന്റെയോ അങ്ങനെയുള്ള ഏതെങ്കിലും അവസ്ഥയുടെയോ ശാരീരികാനുഭൂതിയുടെയോ നില നിൽക്കൽ വിവാദ്യമോ പ്രസക്തമോ ആയിരിക്കുമ്പോൾ, പ്രസക്തമാണ്.

*വിശദീകരണം 1.*—പ്രസക്തമായ ഒരു മാനസികാവസ്ഥയുടെ നില നിൽക്കൽ കാണിക്കുന്നതിന് പ്രസക്തമായ ഒരു വസ്തുത, ആ മാനസികാവസ്ഥനിലനിൽക്കുന്നുണ്ടെന്ന് കാണിക്കേണ്ടത്, സാമാന്യമായല്ല, എന്നാൽ പ്രശ്നത്തിലിരിക്കുന്ന പ്രത്യേക വിഷയം സംബന്ധിച്ച് ആയിരിക്കേണ്ടതാണ്.

*വിശദീകരണം 2.*—എന്നാൽ ഒരു കുറ്റം ആരോപിക്കപ്പെട്ട ഒരാളുടെ വിചാരണയിൽ പ്രതി മുമ്പ് ഒരു കുറ്റം ചെയ്തത് ഈ വകുപ്പിന്റെ അർഥത്തിൽ പ്രസക്തമായിരുന്നിടത്ത്, അങ്ങനെയുള്ള ആളുടെ മുൻകുറ്റ സ്ഥാപനവും കൂടി ഒരു പ്രസക്തവസ്തുത ആയിരിക്കേണ്ടതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) മോഷ്ടിച്ചതാണെന്നറിഞ്ഞുകൊണ്ട് കളവുമുതൽ സ്വീകരിച്ചതിന് 'ക'യുടെ മേൽ കുറ്റം ആരോപിച്ചിരിക്കുന്നു. മോഷ്ടിച്ചതായ ഒരു പ്രത്യേക സാധനം അയാളുടെ കൈവശമുണ്ടായിരുന്നു എന്ന്

തെളിയിക്കപ്പെട്ടിരിക്കുന്നു. കളവുപോയമറ്റ് പല സാധനങ്ങളും അതേസമയംതന്നെ അയാളുടെ കൈവശമുണ്ടായിരുന്നു എന്ന വസ്തുത, അയാളുടെ കൈവശമുണ്ടായിരുന്ന സാധനങ്ങൾ എല്ലാംതന്നെ മോഷ്ടിച്ചതാണെന്ന് അയാൾക്കറിയാമായിരുന്നു എന്ന് കാണിക്കാൻ ഉതകുന്നതെന്ന നിലയിൽ, പ്രസക്തമാണ്.

(ഖ) താൻ മറ്റൊരാൾക്ക് ഏൽപ്പിച്ചുകൊടുക്കുന്ന സമയത്ത് കപടാനുകരണമാണെന്ന് തനിക്കറിയാമായിരുന്ന കപടാനുകരണം നടത്തിയ ഒരു കറൻസി വഞ്ചനാപൂർവം ഏൽപ്പിച്ചുവെന്ന് 'ക' യുടെമേൽ കുറ്റം ആരോപിച്ചിരിക്കുന്നു. അത് ഏൽപ്പിച്ചുകൊടുത്ത സമയത്ത് കപടാനുകരണം നടത്തിയ മറ്റ് പല കറൻസികൾ 'ക' യുടെ കൈവശം ഉണ്ടായിരുന്നു എന്ന വസ്തുത പ്രസക്തമാണ്. കപടാനുകരണം നടത്തിയ ഒരു കറൻസി, അത് കപടാനുകരണമാണെന്ന് അറിഞ്ഞുകൊണ്ട്, യഥാർഥമായതാണെന്ന മട്ടിൽ മറ്റൊരാൾക്ക് ഏൽപ്പിച്ചുകൊടുത്തതിന് 'ക'യെ മുമ്പ് കുറ്റസ്ഥാപനം ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത പ്രസക്തമാണ്.

(ഗ) ആക്രമണകാരിയാണെന്ന് 'ഖ' യ്ക്ക് അറിയാമായിരുന്ന 'ഖ' യുടെ നായ വരുത്തിയ നാശനഷ്ടത്തിന് 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. മുമ്പ് ആ നായ 'ഭ' യെയും 'മ' യെയും 'യ' യെയും കടിച്ചിട്ടുണ്ടെന്നും അവർ 'ഖ' യോട് പരാതിപ്പെട്ടിട്ടുണ്ടെന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

(ഘ) ഒരു വിനിമയപത്രത്തിന്റെ സ്വീകർത്താവായ 'ക' യ്ക്ക് ആദാതാവിന്റെ പേര് കൽപ്പിതമായിരുന്നുവെന്ന് അറിയാമായിരുന്നോ എന്നതാണ് പ്രശ്നം. അതേ രീതിയിൽ എഴുതി ഉണ്ടാക്കിയ മറ്റ് വിനിമയപത്രങ്ങൾ, അവ അയാൾക്ക് എത്തിച്ചുകൊടുക്കുവാൻ, ദാതാവ് യഥാർഥത്തിലുള്ള ഒരാൾ ആയിരുന്നുവെങ്കിൽ, ആ ദാതാവിന് കഴിയുമായിരുന്നതിന് മുമ്പ് 'ക' സ്വീകരിച്ചിരുന്നുവെന്ന വസ്തുത, ആ ദാതാവ് കൽപ്പിതനായ ഒരാളാണെന്ന് 'ക' യ്ക്ക് അറിയാമായിരുന്നുവെന്ന് കാണിക്കുന്നതെന്ന നിലയിൽ പ്രസക്തമാണ്.

(ങ) 'ഖ' യുടെ ഖ്യാതിക്ക് ഹാനിയുണ്ടാക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ദോഷാരോപണം പ്രസിദ്ധപ്പെടുത്തിയതുവഴി 'ഖ' യെ അപകീർത്തിപ്പെടുത്തിയെന്ന് 'ക' യുടെ മേൽ കുറ്റം ആരോപിച്ചിരിക്കുന്നു. 'ക' യ്ക്ക് 'ഖ' യോടുള്ള വിദ്വേഷം കാണിക്കുന്ന, 'ക' യുടെ മുൻ പ്രസിദ്ധീകരണങ്ങൾ 'ഖ' യെ സംബന്ധിച്ച് ഉണ്ടായിരുന്നുവെന്നുള്ള വസ്തുത, പ്രശ്നത്തിലുള്ള പ്രത്യേക പ്രസിദ്ധീകരണംവഴി 'ഖ' യുടെ ഖ്യാതിക്ക്, ഹാനിയുണ്ടാക്കണമെന്നുള്ള 'ക' യുടെ ഉദ്ദേശ്യം തെളിയിക്കുന്നു എന്ന നിലയിൽ പ്രസക്തമാണ്. 'ക' യും 'ഖ' യും തമ്മിൽ മുമ്പ് യാതൊരു വഴക്കും ഇല്ലായിരുന്നു എന്നും പരാതിപ്പെട്ട കാര്യം 'ക' താൻ കേട്ടതുപോലെ ആവർത്തിച്ചുവെന്നുമുള്ള വസ്തുതകൾ, 'ഖ' യുടെ ഖ്യാതിക്ക് ഹാനിയുണ്ടാക്കണമെന്ന് 'ക' യ്ക്ക് ഉദ്ദേശ്യം ഉണ്ടായിരുന്നില്ലെന്ന് കാണിക്കുന്നതെന്ന നിലയിൽ പ്രസക്തമാണ്.

(ച) 'ഗ' ധനശേഷിയുള്ളവനാണെന്ന് വഞ്ചനാപൂർവം 'ഖ' യെ ധരിപ്പിക്കുകയും, അതുവഴി നിർധനനായിരുന്ന 'ഗ' യിൽ വിശ്വാസമർപ്പിക്കുവാൻ പ്രേരിതനായ 'ഖ' യ്ക്ക് നഷ്ടം സംഭവിക്കുകയും ചെയ്തതിന് 'ക' യുടെ മേൽ 'ഖ' വ്യവഹാരപ്പെടുന്നു. 'ഗ' ധനശേഷിയുള്ളവനാണെന്ന് 'ക' ധരിപ്പിച്ച സമയത്ത്, അയാളുടെ അയൽക്കാരും അയാളോട് ഇടപെട്ടിരുന്ന ആളുകളും 'ഗ' ധനശേഷിയുള്ളയാളാണെന്ന് കരുതിയിരുന്നുവെന്ന വസ്തുത, 'ക' അങ്ങനെ ധരിപ്പിച്ചത് ഉത്തമവിശ്വാസപൂർവമാണെന്ന് കാണിക്കുന്നുവെന്ന നിലയിൽ പ്രസക്തമാണ്.

(ഛ) 'ക' യുടെ ഉടമസ്ഥതയിലുള്ള ഒരു വീടിൻമേൽ ഒരു കരാറുകാരനായ 'ഗ' യുടെ ഓർഡർ പ്രകാരം 'ഖ' ചെയ്ത പണിക്ക് കൊടുക്കേണ്ട തുകയ്ക്ക് 'ക' യുടെ മേൽ 'ഖ' വ്യവഹാരപ്പെടുന്നു. 'ഖ' യുടെ കരാർ 'ഗ' യുമായിട്ടായിരുന്നുവെന്നതാണ് 'ക' യുടെ പ്രതിവാദം. പ്രശ്നത്തിലുള്ള പണിക്ക് 'ക', 'ഗ' യ്ക്ക് പണംകൊടുത്തു എന്ന

വസ്തുത, 'ഗ' സ്വന്തം നിലയ്ക്ക് 'ഖ' യുമായി കരാറിലേർപ്പെടാവുന്ന നിലയിലാകത്തക്കവിധം, പ്രശ്നത്തിലുള്ള പണിയുടെ നടത്തിപ്പ് 'ക' ഉത്തമവിശ്വാസപൂർവം 'ഗ' യ്ക്ക്, 'ക' യുടെ ഏജന്റായിട്ടല്ലാതെ വിട്ടുകൊടുത്തുവെന്ന് തെളിയിക്കുന്നുവെന്ന നിലയിൽ പ്രസക്തമാണ്.

(ജ) കണ്ടുകിട്ടിയ വസ്തു 'ക' നേരുകേടായി അപഹരിച്ചുവെന്ന് അയാളുടെമേൽ കുറ്റം ആരോപിച്ചിരിക്കുന്നതും അയാൾ അത് കൈവശപ്പെടുത്തിയപ്പോൾ യഥാർഥ ഉടമസ്ഥനെ കണ്ടെത്തുവാൻ സാധിക്കുകയില്ലെന്ന് അയാൾ ഉത്തമവിശ്വാസപൂർവം വിശ്വസിച്ചിരുന്നോ എന്നുള്ളതാണ് പ്രശ്നം. 'ക' ഉണ്ടായിരുന്ന സ്ഥലത്ത് വസ്തുവിന്റെ നഷ്ടത്തെക്കുറിച്ചുള്ള പബ്ലിക് നോട്ടീസ് കൊടുത്തിരുന്നുവെന്നുള്ള വസ്തുത, യഥാർഥ ഉടമസ്ഥനെ കണ്ടെത്തുവാൻ സാധിക്കുകയില്ലെന്ന് 'ക' ഉത്തമവിശ്വാസപൂർവം വിശ്വസിച്ചിരുന്നില്ലെന്ന് കാണിക്കുന്നുവെന്ന നിലയിൽ പ്രസക്തമാണ്. വസ്തുവിന്റെ നഷ്ടത്തെക്കുറിച്ച് കേൾക്കുകയും അതിനുവേണ്ടി വ്യാജമായി അവകാശവാദം ഉന്നയിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്തിരുന്ന 'ഗ' വഞ്ചനാപൂർവം കൊടുത്തതായിരുന്നു ആ നോട്ടീസ് എന്ന് 'ക' അറിയുകയോ വിശ്വസിക്കുവാൻ കാരണമുണ്ടാവുകയോ ചെയ്തിരുന്നുവെന്ന വസ്തുത, നോട്ടീസിനെപ്പറ്റി 'ക' അറിഞ്ഞിരുന്നുവെന്ന വസ്തുത 'ക' യ്ക്ക് ഉത്തമവിശ്വാസമില്ലെന്ന് തെളിയിക്കുന്നില്ലെന്ന് കാണിക്കുന്നുവെന്ന നിലയിൽ പ്രസക്തമാണ്.

(ഝ) കൊല്ലണമെന്ന ഉദ്ദേശ്യത്തോടുകൂടി 'ഖ' യുടെ നേരെ വെടിവച്ചുവെന്ന് 'ക' യുടെമേൽ ചാർജ് കൊണ്ടുവന്നിരിക്കുകയാണ്. 'ക' യുടെ ഉദ്ദേശ്യം കാണിക്കുവാൻ 'ക' മുമ്പ് 'ഖ' യുടെ നേരെ വെടിവച്ചിട്ടുണ്ടെന്നുള്ള വസ്തുത തെളിയിക്കാവുന്നതാണ്.

(ഞ) 'ഖ' യ്ക്ക് ഭീഷണിക്കത്തുകൾ അയച്ചുവെന്ന് 'ക' യുടെ മേൽ ചാർജ് കൊണ്ടുവന്നിരിക്കുകയാണ്. ആ കത്തുകളുടെ ഉദ്ദേശ്യം കാണിക്കുന്നു എന്ന നിലയിൽ 'ഖ' യ്ക്ക് 'ക' മുമ്പ് അയച്ചിട്ടുള്ള ഭീഷണിക്കത്തുകൾ തെളിയിക്കാവുന്നതാണ്.

(ട) 'ക' തന്റെ ഭാര്യയായ 'ഖ' യുടെ നേരെയുള്ള ക്രൂരതയ്ക്ക് അപരാധിയായിട്ടുണ്ടോ എന്നതാണ് പ്രശ്നം. ആരോപിക്കപ്പെട്ട ക്രൂരതയ്ക്ക് തൊട്ടുമുമ്പോ ശേഷമോ ഉള്ള അവരുടെ പരസ്പര മനോഭാവത്തിന്റെ പ്രകടനങ്ങൾ പ്രസക്തമായ വസ്തുതകളാണ്.

(ഠ) 'ക' യുടെ മരണം വിഷത്താലാണോ സംഭവിക്കപ്പെട്ടത് എന്നതാണ് പ്രശ്നം. രോഗാവസ്ഥയിൽ അയാളുടെ രോഗലക്ഷണങ്ങളെ ക്കുറിച്ച് 'ക' ചെയ്ത പ്രസ്താവനകൾ പ്രസക്തമായ വസ്തുതകളാണ്.

(ഡ) 'ക' യുടെ ആരോഗ്യസ്ഥിതി, അയാളുടെ ജീവൻ ഇൻഷ്വർ ചെയ്ത സമയത്ത് എന്തായിരുന്നു എന്നതാണ് പ്രശ്നം. പ്രശ്നത്തിലുള്ള സമയത്തോ അതിനടുത്തോ തന്റെ ആരോഗ്യസ്ഥിതിയെപ്പറ്റി 'ക' ചെയ്ത പ്രസ്താവനകൾ പ്രസക്തമായ വസ്തുതകളാണ്.

(ഢ) ഉപയോഗത്തിന് ന്യായമായി പറ്റാത്ത ഒരു കാർ വാടകയ്ക്ക് നൽകുകയും അതുവഴി 'ക' യ്ക്ക് ക്ഷതം ഏൽപ്പിക്കുകയും ചെയ്തതിലുള്ള ഉപേക്ഷയ്ക്ക് 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. ആ പ്രത്യേക കാറിന്റെ തകരാറ് മറ്റ് അവസരങ്ങളിൽ 'ഖ' യുടെ ശ്രദ്ധയിൽപ്പെടു ത്തിയിട്ടുണ്ടെന്നുള്ള വസ്തുത പ്രസക്തമാണ്. താൻ വാടകയ്ക്ക് കൊടുക്കാറുള്ള കാറുകളെ സംബന്ധിച്ച് 'ഖ' പതിവായി ഉപേക്ഷ കാണിച്ചിരുന്നുവെന്ന വസ്തുത അപ്രസക്തമാണ്.

(ണ) 'ഖ' യെ ഉദ്ദേശ്യപൂർവം വെടിവച്ച് അയാളെ കൊലപ്പെടുത്തിയതിന് 'ക' വിചാരണ ചെയ്യപ്പെടുകയാണ്. 'ക' മറ്റ് അവസരങ്ങളിൽ 'ഖ' യുടെ നേരെ വെടിവച്ചിട്ടുണ്ടെന്നുള്ള വസ്തുത, 'ഖ' യെ വെടിവയ്ക്കുവാനുള്ള അയാളുടെ ഉദ്ദേശ്യം കാണിക്കുന്നുവെന്ന നിലയിൽ പ്രസക്തമാണ്. ആളുകളുടെ നേരെ അവരെ കൊല്ലണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി വെടിവയ്ക്കുന്ന പതിവ് 'ക' യ്ക്ക് ഉണ്ടായിരുന്നുവെന്ന വസ്തുത അപ്രസക്തമാണ്.

(ത) ഒരു കുറ്റകൃത്യത്തിന് 'ക' വിചാരണ ചെയ്യപ്പെടുന്നു. ആ പ്രത്യേക കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശ്യം സൂചിപ്പിക്കുന്ന വല്ലതും അയാൾ പറഞ്ഞു എന്ന വസ്തുത പ്രസക്തമാണ്. ആ വിഭാഗത്തിൽപ്പെട്ട കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനുള്ള സാമാന്യമായ ശീലം സൂചിപ്പിക്കുന്ന വല്ലതും അയാൾ പറഞ്ഞു എന്ന വസ്തുത അപ്രസക്തമാണ്.

കൃത്യം യാദൃച്ഛിക മായിരുന്നോ ഉദ്ദേശ്യ പൂർവമായി രുന്നോ എന്ന പ്രശ്ന വുമായി ബന്ധപ്പെട്ട വസ്തു തകൾ.

13. ഒരു കൃത്യം യാദൃച്ഛികമായിരുന്നുവെന്നോ ഉദ്ദേശ്യപൂർവമായിരുന്നു വെന്നോ അല്ലെങ്കിൽ ഒരു പ്രത്യേക അറിവോടുകൂടിയോ ഉദ്ദേശ്യത്തോടുകൂടിയോ ചെയ്തതായിരുന്നുവെന്നോ ഉള്ള ഒരു പ്രശ്നം ഉള്ളിടത്ത്, അങ്ങനെയുള്ള കൃത്യം സമാനമായ സംഭവങ്ങളുടെ ഒരു പരമ്പരയുടെ ഭാഗമായിരുന്ന ഓരോന്നിലും ആ കൃത്യം ചെയ്യുന്ന ആൾ സംബന്ധിച്ചിരുന്നുവെന്ന വസ്തുത പ്രസക്തമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) തന്റെ വീട്, അത് ഇൻഷ്വർ ചെയ്ത പണം കിട്ടുവാൻ വേണ്ടി കത്തിച്ചുകളഞ്ഞതായി 'ക' യുടെ മേൽ കുറ്റം ആരോപിച്ചിരിക്കുന്നു. 'ക' തുടർച്ചയായി പല വീടുകളിലും താമസിച്ചിരുന്നുവെന്നും അവ ഓരോന്നും അയാൾ ഇൻഷ്വർ ചെയ്തിരുന്നുവെന്നും, അവയിൽ ഓരോന്നിനും തീപിടിത്തമുണ്ടായി എന്നും ഓരോ തീപിടിത്തത്തിനും ശേഷം ഒരു വ്യത്യസ്തമായ ഇൻഷ്വറൻസ് കമ്പനിയിൽനിന്ന് 'ക' പണം വാങ്ങിയിട്ടുണ്ടെന്നുമുള്ള വസ്തുതകൾ, തീപിടിത്തങ്ങൾ യാദൃച്ഛികമായിരുന്നില്ലെന്ന് കാണിക്കുന്ന പ്രവണതയോടു കൂടിയതെന്ന നിലയിൽ പ്രസക്തമാണ്.

(ഖ) 'ഖ' യുടെ അധമർണ്ണൻമാരിൽനിന്ന് പണം വാങ്ങുവാൻ 'ക'യെ നിയോഗിച്ചിരിക്കുന്നു. അയാൾ സ്വീകരിക്കുന്ന തുകകൾ കാണിക്കുന്ന ഉൾക്കുറിപ്പുകൾ ഒരു ബുക്കിൽ എഴുതിച്ചേർക്കേണ്ടത് 'ക' യുടെ കർത്തവ്യമാണ്. ഒരു പ്രത്യേക അവസരത്തിൽ അയാൾ യഥാർഥത്തിൽ സ്വീകരിച്ചതിനെക്കാൾ കുറഞ്ഞത് സ്വീകരിച്ചതായി കാണിക്കുന്ന ഒരു ഉൾക്കുറിപ്പ് അയാൾ ചേർക്കുന്നു. ഈ വ്യാജമായ

ഉൾക്കുറിപ്പ് യാദൃച്ഛികമായിരുന്നു എന്നോ ഉദ്ദേശ്യപൂർവമായിരുന്നു എന്നോ എന്നതാണ് പ്രശ്നം. അതേ ബുക്കിൽ 'ക' ചേർത്തിട്ടുള്ള മറ്റ് ഉൾക്കുറിപ്പുകൾ വ്യാജമാണെന്നും ഓരോ സംഗതിയിലും വ്യാജമായ ഉൾക്കുറിപ്പ് 'ക' യ്ക്ക് അനുകൂലമായതാണെന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

(ഗ) കപടാനുകരണം നടത്തിയ കറൻസി 'ഖ' യ്ക്ക് വഞ്ചനാപൂർവമായി ഏൽപ്പിച്ചുകൊടുത്തതായി 'ക' യുടെ മേൽ കുറ്റം ആരോപിച്ചിരിക്കുന്നു. കറൻസി ഏൽപ്പിച്ചു കൊടുത്തത് യാദൃച്ഛിക മായിരുന്നോ എന്നതാണ് പ്രശ്നം. 'ഖ' യ്ക്ക് ഏൽപ്പിച്ചുകൊടുക്കുന്നതിന് തൊട്ടുമുമ്പോ തൊട്ടുപിൻപോ 'ഗ' യ്ക്കും 'ഘ' യ്ക്കും 'ങ' യ്ക്കും 'ക' കപടാനുകരണം നടത്തിയ കറൻസി ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട് എന്ന വസ്തുതകൾ 'ഖ' യ്ക്ക് ഏൽപ്പിച്ചുകൊടുത്തത് യാദൃച്ഛികമായിട്ടാ യിരുന്നില്ല എന്ന് കാണിക്കുന്നുവെന്ന നിലയിൽ പ്രസക്തമാണ്.

14. ഒരു പ്രത്യേക കൃത്യം ചെയ്തിട്ടുണ്ടോ എന്ന പ്രശ്നം ഉള്ളിടത്ത് അത് സ്വാഭാവികമായി ചെയ്യപ്പെടുമായിരുന്ന പ്രകാരമുള്ള ഏതെങ്കിലും ബിസിനസ്സ്മുറയുടെ നിലനിൽക്കൽ ഒരു പ്രസക്തവസ്തുതയാണ്.

ബിസിനസ്സ് മുറ നില വിലുണ്ടെ ന്നുള്ളത് എപ്പോൾ പ്രസക്ത മാണെന്ന്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു പ്രത്യേക കത്ത് അയച്ചോ എന്നതാണ് പ്രശ്നം. സാധാരണ ബിസിനസ്സ്മുറ, ഒരു നിശ്ചിതസ്ഥലത്ത് വയ്ക്കുന്ന എല്ലാ കത്തുകളും പോസ്റ്റ് ചെയ്യുവാൻ കൊണ്ടുപോകേണ്ടതാണെന്നും ആ പ്രത്യേക കത്ത് ആ സ്ഥലത്ത് വച്ചുവെന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

(ഖ) ഒരു പ്രത്യേക കത്ത് 'ക' യ്ക്ക് കിട്ടിയോ എന്നതാണ് പ്രശ്നം. അത് മുറപ്രകാരം പോസ്റ്റ് ചെയ്തുവെന്നും റിട്ടേൺലെറ്റർ ഓഫീസ് മുഖേന തിരിച്ചയച്ചിട്ടില്ലെന്നുമുള്ള വസ്തുതകൾ പ്രസക്തമാണ്.

*അഡ്മിഷനുകൾ*

15. ഏതെങ്കിലും വിവാദ്യവസ്തുതയോ പ്രസക്തവസ്തുതയോ സംബന്ധിച്ച ഏതെങ്കിലും നിഗമനത്തെ സൂചിപ്പിക്കുന്നതും ഇതിനുശേഷം പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ആളുകളാലും സാഹചര്യങ്ങളിൻകീഴിലും

അഡ്മിഷൻ നിർവചിച്ചിരിക്കുന്നു.

ചെയ്തിട്ടുള്ളതും വാക്കാലോ രേഖാമൂലമോ അല്ലെങ്കിൽ ഇലക്ട്രോണിക് രൂപത്തിൽ അടങ്ങിയിട്ടുള്ളതോ ആയ ഒരു പ്രസ്താവന ഒരു അഡ്മിഷൻ ആകുന്നു.

നടപടിയിലെ കക്ഷിയാലോ അയാളുടെ ഏജന്റിനാലോ ഉള്ള അഡ്മിഷൻ.

16. (1) നടപടിയിലെ ഒരു കക്ഷിയോ അല്ലെങ്കിൽ ആ കേസിന്റെ സാഹചര്യങ്ങളിൽ, അവ ചെയ്യുവാൻ അയാൾ പ്രകടമായോ വ്യംഗ്യമായോ അധികാരപ്പെടുത്തിയിട്ടുള്ള ആളാണെന്ന് കോടതി കരുതുന്ന അങ്ങനെയുള്ള ഏതെങ്കിലും കക്ഷിയുടെ ഒരു ഏജന്റോ ചെയ്തിട്ടുള്ള പ്രസ്താവനകൾ അഡ്മിഷനുകളാകുന്നു.

(2) (i) ഒരു പ്രാതിനിധ്യസ്വഭാവത്തിൽ വ്യവഹരിക്കുകയോ വ്യവഹരിക്കപ്പെടുകയോ ചെയ്യുന്ന വ്യവഹാരകക്ഷികൾ ചെയ്യുന്ന പ്രസ്താവനകൾ, അവ ചെയ്യുന്ന കക്ഷിക്ക് ആ സ്വഭാവം ഉണ്ടായിരുന്നപ്പോൾ അവ ചെയ്തിട്ടുള്ളതല്ലാത്തപക്ഷം, അഡ്മിഷനുകളല്ല; അല്ലെങ്കിൽ

(ii) (ക) നടപടിയിലെ വിഷയത്തിൽ സ്വത്ത് സംബന്ധിച്ചോ ധനപരമായോ ഏതെങ്കിലും താൽപര്യം ഉണ്ടായിരിക്കുകയും അങ്ങനെ താൽപര്യമുള്ള ആളുകളുടെ സ്വഭാവത്തിൽ അവരുടെ പ്രസ്താവന ചെയ്യുകയും ചെയ്യുന്ന ആളുകൾ; അല്ലെങ്കിൽ

(ഖ) വ്യവഹാരകക്ഷികൾക്ക് വ്യവഹാരവിഷയത്തിൽ അവർക്കുള്ള താൽപര്യം നേടിക്കൊടുത്ത ആളുകൾ,

ചെയ്യുന്ന പ്രസ്താവനകൾ, ആ പ്രസ്താവനകൾ ചെയ്യുന്ന ആളുകളുടെ താൽപര്യം തുടർന്നു കൊണ്ടിരിക്കുമ്പോഴാണ് അവ ചെയ്യുന്നതെങ്കിൽ, അഡ്മിഷനുകളാകുന്നു.

വ്യവഹാരകക്ഷിക്കെതിരായി സ്ഥിതി തെളിയിക്കേണ്ടതായ ആളുകളുടെ അഡ്മിഷനുകൾ.

17. ഏതെങ്കിലും വ്യവഹാരകക്ഷിക്കെതിരായി സ്ഥിതിയോ ബാധ്യതയോ തെളിയിക്കപ്പെടേണ്ട ആവശ്യമുള്ളതായ ആളുകൾ ചെയ്യുന്ന പ്രസ്താവനകൾ, അവരോ അവർക്കെതിരായോ ബോധിപ്പിക്കുന്ന ഒരു വ്യവഹാരത്തിൽ അങ്ങനെയുള്ള സ്ഥിതിയോ ബാധ്യതയോ സംബന്ധിച്ച് അങ്ങനെയുള്ള ആളുകൾക്കെതിരായി അങ്ങനെയുള്ള പ്രസ്താവനകൾ പ്രസക്തമാവുകയും അവ ചെയ്യുന്ന ആൾ അങ്ങനെയുള്ള സ്ഥിതിയിൽ ആയിരിക്കുമ്പോഴോ അങ്ങനെയുള്ള ബാധ്യതയ്ക്ക് വിധേയനായിരിക്കുമ്പോഴോ ചെയ്യുന്നതാവുകയും ചെയ്യുകയാണെങ്കിൽ അഡ്മിഷനുകളാകുന്നു.

*ദൃഷ്ടാന്തം.*

'ക', 'ഖ' യ്ക്കുവേണ്ടി വാടക പിരിക്കാമെന്ന് ഏൽക്കുന്നു. 'ഗ' യിൽ നിന്ന് 'ഖ' യ്ക്ക് കിട്ടേണ്ട വാടക പിരിക്കാത്തതിന് 'ക' യുടെമേൽ 'ഖ' വ്യവഹാരപ്പെടുന്നു. 'ഗ' യിൽനിന്ന് 'ഖ' യ്ക്ക് വാടക കിട്ടാനുണ്ടായിരുന്നു എന്നത് 'ക' നിഷേധിക്കുന്നു. 'ഖ' യ്ക്ക് താൻ വാടക കൊടുക്കുവാനുണ്ടായിരുന്നുവെന്നുള്ള 'ഗ' യുടെ പ്രസ്താവന ഒരു അഡ്മിഷനും 'ഖ' യ്ക്ക് 'ഗ' വാടക കൊടുക്കുവാനുണ്ടായിരുന്നു വെന്നുള്ളത് 'ക' നിഷേധിക്കുകയാണെങ്കിൽ 'ക' യ്ക്കെതിരായ ഒരു പ്രസക്തവസ്തുതയും ആകുന്നു.

വ്യവഹാര കക്ഷി പ്രകടമായി പരാമർശി ച്ചിട്ടുളള വ്യക്തികളാലുളള അഡ്മിഷ നുകൾ.

18. ഒരു വ്യവഹാരകക്ഷി തർക്കത്തിലിരിക്കുന്ന ഒരു സംഗതി സംബന്ധിച്ച വിവരത്തിനായി പ്രകടമായി പരാമർശിച്ചിട്ടുളള ആളുകൾ ചെയ്യുന്ന പ്രസ്താവനകൾ അഡ്മിഷനുകളാകുന്നു.

*ദൃഷ്ടാന്തം.*

'ക', 'ഖ' യ്ക്ക് വിറ്റ ഒരു കുതിര കുറ്റമറ്റതാണോ എന്നതാണ് പ്രശ്നം.

'ക', 'ഖ' യോട് പറയുന്നു–"'ഗ' യോട് പോയി ചോദിക്കൂ, 'ഗ' യ്ക്ക് അതിനെക്കുറിച്ച് എല്ലാം അറിയാം". 'ഗ' യുടെ പ്രസ്താവന ഒരു അഡ്മിഷൻ ആകുന്നു.

അഡ്മിഷ നുകൾ അവ ചെയ്യുന്ന ആളുകൾ ക്കെതിരെയും അവരാലും അല്ലെങ്കിൽ അവർക്കു വേണ്ടിയും തെളിയി ക്കൽ.

19. അഡ്മിഷനുകൾ, അവ ചെയ്യുന്ന ആൾക്കോ അല്ലെങ്കിൽ അയാളുടെ താൽപര്യങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആൾക്കോ എതിരായി പ്രസക്തമായിരിക്കുന്നതും തെളിയിക്കാവുന്നതും ആകുന്നു; എന്നാൽ അവ ചെയ്യുന്ന ആളാലോ അയാളുടെ താൽപര്യങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആളാലോ അല്ലെങ്കിൽ അവർക്കുവേണ്ടിയോ താഴെപ്പറയുന്ന സംഗതികളിലൊഴികെ അവ തെളിയിക്കുവാൻ സാധ്യമല്ല, അതായത്:—

(1) ഒരു അഡ്മിഷൻ, അത് ചെയ്യുന്ന ആൾ മരിച്ചിരുന്നുവെങ്കിൽ അത് 26-ാം വകുപ്പിൻകീഴിൽ മറ്റാളുകൾ തമ്മിൽ പ്രസക്തമാകുമായിരുന്ന അങ്ങനെയുള്ള ഒരു സ്വഭാവത്തിലുള്ള തായിരിക്കുമ്പോൾ, അത് ചെയ്യുന്ന ആളാലോ അയാൾക്ക് വേണ്ടിയോ തെളിയിക്കാവുന്നതാണ്.

(2) ഒരു അഡ്മിഷൻ, അത് പ്രസക്തമോ വിവാദ്യമോ ആയ മാനസികമോ ശാരീരികമോ ആയ ഏതെങ്കിലും അവസ്ഥയുടെ നിലനിൽക്കലിനെക്കുറിച്ചുള്ളതും, അങ്ങനെയുള്ള മാനസികമോ ശാരീരികമോ ആയ അവസ്ഥ നിലനിന്നിരുന്ന സമയത്തോ അതിനടുത്തോ ചെയ്തതുമായ ഒരു പ്രസ്താവന അതിൽ അടങ്ങിയിരിക്കുകയും അതിന്റെ കാപട്യം അസംഭവ്യമാക്കിത്തീർക്കുന്ന പെരുമാറ്റത്തോടുകൂടിയായിരിക്കുകയും ചെയ്യുമ്പോൾ, അത് ചെയ്യുന്ന ആളാലോ അയാൾക്ക് വേണ്ടിയോ തെളിയിക്കാവുന്നതാണ്.

(3) ഒരു അഡ്മിഷൻ, അഡ്മിഷനെന്ന നിലയിലല്ലാതെ മറ്റു വിധത്തിൽ പ്രസക്തമാണെങ്കിൽ, അത് ചെയ്യുന്ന ആളാലോ അയാൾക്ക് വേണ്ടിയോ തെളിയിക്കാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു നിശ്ചിത കരണം വ്യാജനിർമ്മിതമാണോ അല്ലയോ എന്നതാണ് 'ക' യും 'ഖ' യും തമ്മിലുള്ള പ്രശ്നം. അത് യഥാർഥത്തിലുള്ളതാണെന്ന് 'ക' യും വ്യാജമായി നിർമ്മിച്ചതാണെന്ന് 'ഖ'യും ഉറപ്പിച്ച് പറയുന്നു. കരണം യഥാർഥത്തിലുള്ളതാണെന്ന 'ഖ' യുടെ ഒരു പ്രസ്താവന 'ക' യ്ക്ക് തെളിയിക്കാവുന്നതും ആ കരണം വ്യാജനിർമ്മിതമാണെന്ന 'ക' യുടെ ഒരു പ്രസ്താവന 'ഖ' യ്ക്ക് തെളിയിക്കാവുന്നതുമാണ്; എന്നാൽ ആ കരണം യഥാർഥത്തിലുള്ളതാണെന്ന തന്റേതന്നെ ഒരു പ്രസ്താവന തെളിയിക്കുവാൻ 'ക' യ്ക്കോ ആ കരണം വ്യാജനിർമ്മിതമാണെന്ന തന്റേതന്നെ ഒരു പ്രസ്താവന തെളിയിക്കുവാൻ 'ഖ' യ്ക്കോ കഴിയുന്നതല്ല.

(ഖ) ഒരു കപ്പലിലെ കപ്പിത്താനായ 'ക' യെ അതിനെ ദൂരദേശത്ത് അകപ്പെടുത്തിയതിന് വിചാരണ ചെയ്യുന്നു. കപ്പൽ അതിന്റെ ശരിയായ മാർഗത്തിന് വെളിയിൽ കൊണ്ടുപോയെന്ന് കാണിക്കുവാനായി തെളിവ് നൽകപ്പെടുന്നു. അയാൾ ദൈനംദിനം നടത്തിയതായി പറയപ്പെടുന്ന നിരീക്ഷണങ്ങൾ കാണിക്കുന്നതും കപ്പൽ അതിന്റെ ശരിയായ

മാർഗത്തിന് വെളിയിൽ കൊണ്ടുപോയിട്ടില്ലെന്ന് സൂചിപ്പിക്കുന്നതും തന്റെ സാധാരണ ബിസിനസ്സ്മുറയിൽ വച്ചുപോരുന്നതുമായ ഒരു ബുക്ക് 'ക' ഹാജരാക്കുന്നു. ഈ പ്രസ്താവനകൾ 'ക' യ്ക്ക് തെളിയിക്കാവുന്നതാണ്, എന്തുകൊണ്ടെന്നാൽ അയാൾ മരിച്ചിരുന്നുവെങ്കിൽ 26–ാം വകുപ്പ് (ഖ) ഖണ്ഡത്തിനുകീഴിൽ അവ മറ്റാളുകൾ തമ്മിൽ സ്വീകരിക്കപ്പെടുന്നവയാണ്.

(ഗ) കൊൽക്കത്തയിൽവച്ച് അയാൾ നടത്തിയ ഒരു കുറ്റകൃത്യത്തിന് 'ക' യുടെമേൽ കുറ്റം ആരോപിച്ചിരിക്കുന്നു. അയാൾ തന്നെ എഴുതിയതും അതേ ദിവസം ചെന്നൈയിൽവച്ച് തീയതി ഇട്ടതും അന്നേ ദിവസത്തെ ചെന്നൈ പോസ്റ്റുമുദ്ര ഉള്ളതുമായ ഒരു കത്ത് അയാൾ ഹാജരാക്കുന്നു. ആ കത്തിലെ തീയതിയിലെ പ്രസ്താവന സ്വീകരിക്കപ്പെടേണ്ടതാണ്, എന്തുകൊണ്ടെന്നാൽ, 'ക' മരിച്ചിരുന്നുവെങ്കിൽ, 26–ാം വകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ അത് സ്വീകരിക്കപ്പെടുന്നതാണ്.

(ഘ) മോഷ്ടിച്ചതാണെന്നറിഞ്ഞുകൊണ്ട് കളവുമുതൽ സ്വീകരിച്ചുവെന്ന് 'ക' യുടെമേൽ കുറ്റം ആരോപിച്ചിരിക്കുന്നു. അവയുടെ വിലയിൽ കുറച്ച് അവ വിൽക്കുവാൻ താൻ വിസമ്മതിച്ചുവെന്ന് തെളിയിക്കുവാൻ അയാൾ സന്നദ്ധനാകുന്നു. ഈ പ്രസ്താവനകൾ അഡ്മിഷനുകൾ ആണെങ്കിലും, 'ക' യ്ക്ക് അവ തെളിയിക്കാവുന്നതാണ്, എന്തുകൊണ്ടെന്നാൽ, അവ വിവാദ്യവസ്തുതകളാൽ സ്വാധീനിക്കപ്പെട്ട പെരുമാറ്റം വിശദീകരിക്കുന്നവയാണ്.

(ങ) കപടാനുകരണം നടത്തിയതാണെന്ന് തനിക്ക് അറിയാവുന്ന കപടാനുകരണം നടത്തിയ കറൻസി വഞ്ചനാപൂർവം തന്റെ കൈവശം വച്ചതിന് 'ക' യുടെമേൽ കുറ്റം ആരോപിച്ചിരിക്കുന്നു. ആ കറൻസി കപടാനുകരണം നടത്തിയതാണോ അല്ലയോ എന്ന് താൻ സംശയിച്ചതിനാൽ ആ കറൻസി പരിശോധിക്കുവാൻ അയാൾ ഒരു വിദഗ്ധനോട് ആവശ്യപ്പെട്ടുവെന്നും ആ ആൾ അത് പരിശോധിച്ച് യഥാർഥമായതായിരുന്നുവെന്ന് അയാളോട് പറഞ്ഞുവെന്നും തെളിയിക്കുവാൻ 'ക' സന്നദ്ധനാകുന്നു. ഈ വസ്തുതകൾ 'ക' യ്ക്ക് തെളിയിക്കാവുന്നതാണ്.

രേഖകളുടെ ഉള്ളടക്കം സംബന്ധിച്ച വാക്കാലുള്ള അഡ്മിഷനുകൾ എപ്പോൾ പ്രസക്തമാണെന്ന്.

20. ഒരു രേഖയുടെ ഉള്ളടക്കം സംബന്ധിച്ച വാക്കാലുള്ള അഡ്മിഷനുകൾ, അവ തെളിയിക്കുവാൻ തയ്യാറാകുന്ന കക്ഷി, ഇതിനുശേഷം അടങ്ങിയിട്ടുള്ള ചട്ടങ്ങളിൻകീഴിൽ അങ്ങനെയുള്ള രേഖയുടെ ഉള്ളടക്കത്തെക്കുറിച്ച് ദ്വിതീയകത്തെളിവ് കൊടുക്കുവാൻ അയാൾക്ക് അവകാശമുണ്ടെന്ന് തെളിയിക്കാത്തപക്ഷവും തെളിയിക്കുന്നതുവരെയും അല്ലെങ്കിൽ ഹാജരാക്കിയ ഒരു രേഖ യഥാർഥമാണോ എന്നത് പ്രശ്നവിഷയമാകാത്തപക്ഷവും പ്രസക്തമല്ല.

സിവിൽ കേസുകളിലെ അഡ്മിഷനുകൾ എപ്പോൾ പ്രസക്തമാണെന്ന്.

21. സിവിൽ കേസുകളിൽ യാതൊരു അഡ്മിഷനും, അതിനെപ്പറ്റി തെളിവ് കൊടുക്കുവാൻ പാടില്ലെന്നുള്ള പ്രകടമായ ഒരു ഉപാധിയിൻമേലോ അതിനെപ്പറ്റി തെളിവ് കൊടുക്കുവാൻ പാടില്ലെന്ന് കക്ഷികൾ ചേർന്ന് സമ്മതിച്ചുവെന്ന നിഗമനത്തിലെത്തുവാൻ കോടതിക്ക് കഴിയുന്ന സാഹചര്യങ്ങളിലോ ആണ് അത് ചെയ്തതെങ്കിൽ, പ്രസക്തമല്ല.

*വിശദീകരണം.*—ഏതെങ്കിലും അഭിഭാഷകനെ, 132-ാം വകുപ്പ് (1) ഉം (2) ഉം ഉപവകുപ്പുകളിൻ കീഴിൽ തെളിവ് നൽകുവാൻ അയാൾ നിർബന്ധിക്കപ്പെടാവുന്ന ഏതെങ്കിലും സംഗതിയെപ്പറ്റി തെളിവ് നൽകുന്നതിൽ നിന്നും ഈ വകുപ്പിലെ യാതൊന്നും, ഒഴിവാക്കുന്നതായി കണക്കാക്കുവാൻ പാടില്ലാത്തതാകുന്നു.

പ്രചോദനമോ ഭീഷണിയോ ബലാൽക്കാരമോ വാഗ്ദാനമോ കാരണമായുണ്ടായ കുറ്റസമ്മതം ക്രിമിനൽ നടപടിയിൽ എപ്പോൾ അപ്രസക്തമാണെന്ന്.

22. ഒരു ക്രിമിനൽ നടപടിയിൽ കുറ്റം ആരോപിക്കപ്പെട്ട ഒരാൾ നടത്തുന്ന ഒരു കുറ്റസമ്മതം, ആ കുറ്റസമ്മതം നടത്തിയത് കുറ്റം ആരോപിക്കപ്പെട്ട ആൾക്കെതിരായുള്ള ചാർജുമായി ബന്ധപ്പെട്ടതും അധികാരസ്ഥാനത്തുള്ള ഒരാളിൽ നിന്ന് ഉണ്ടായിട്ടുള്ളതും അത് ചെയ്യുന്നതുകൊണ്ട് അയാൾക്കെതിരായുള്ള നടപടികൾ സംബന്ധിച്ച് അയാൾക്ക് എന്തെങ്കിലും ഗുണം ഉണ്ടാകുമെന്നോ അല്ലെങ്കിൽ ലൗകിക സ്വഭാവത്തോടുകൂടിയ എന്തെങ്കിലും ദോഷം ഒഴിവാകുമെന്നോ കരുതുവാൻ ന്യായമാണെന്ന് തോന്നുന്ന കാരണങ്ങൾ കുറ്റം ആരോപിക്കപ്പെട്ട ആൾക്ക് നൽകുവാൻ കോടതിയുടെ അഭിപ്രായത്തിൽ പര്യാപ്തമാകുന്നതുമായ ഏതെങ്കിലും പ്രചോദനമോ ഭീഷണിയോ ബലാൽക്കാരമോ വാഗ്ദാനമോ വഴി ഉണ്ടായതാണെന്ന് കോടതിക്ക് തോന്നുന്നുവെങ്കിൽ, അപ്രസക്തമാണ്:

എന്നാൽ കുറ്റസമ്മതം, കോടതിയുടെ അഭിപ്രായത്തിൽ അങ്ങനെയുള്ള ഏതെങ്കിലും പ്രചോദനമോ ഭീഷണിയോ ബലാൽക്കാരമോ വാഗ്ദാനമോ വഴി ഉണ്ടായിട്ടുള്ള ധാരണ, പൂർണ്ണമായും നീക്കപ്പെട്ടതിനുശേഷമാണ് നടത്തുന്നതെങ്കിൽ അത് പ്രസക്തമാണ്:

എന്നുമാത്രമല്ല അങ്ങനെയുള്ള ഒരു കുറ്റസമ്മതം മറ്റു വിധത്തിൽ പ്രസക്തമാണെങ്കിൽ, അത് രഹസ്യമായി വയ്ക്കാമെന്ന ഒരു വാഗ്ദാനത്തിൻമേലോ അത് കിട്ടുന്ന ആവശ്യത്തിലേക്കായി കുറ്റം ആരോപിക്കപ്പെട്ട ആളെ കബളിപ്പിച്ചതിന്റെ അനന്തരഫലമായിട്ടോ അയാൾ മദ്യപിച്ചിരുന്നപ്പോഴോ ആണ് അത് നടത്തിയതെന്നതുകൊണ്ടോ അല്ലെങ്കിൽ അയാൾ ഉത്തരം പറയേണ്ടതില്ലായിരുന്ന ചോദ്യങ്ങൾക്ക്, ആ ചോദ്യങ്ങളുടെ രൂപം എന്തുതന്നെയായിരുന്നാലും, ഉത്തരമായിട്ടാണ് അത് നടത്തിയത് എന്നതുകൊണ്ടോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റസമ്മതം നടത്തുവാൻ അയാൾ ബാധ്യസ്ഥനല്ലെന്നും അതിനെക്കുറിച്ച് അയാൾക്കെതിരായി തെളിവ് നൽകപ്പെട്ടേക്കാമെന്നും അയാൾക്ക് മുന്നറിയിപ്പ് നൽകിയിട്ടില്ലെന്നതുകൊണ്ടോ മാത്രം അപ്രസക്തമാകുന്നതല്ല.

പോലീസ് ഓഫീസറോടുള്ള കുറ്റ സമ്മതം.

23. (1) ഒരു പോലീസ് ഓഫീസറോട് നടത്തുന്ന യാതൊരു കുറ്റസമ്മതവും, ഏതെങ്കിലും കുറ്റം ആരോപിക്കപ്പെട്ട ഒരാൾക്കെതിരായി, തെളിയിക്കുവാൻ പാടില്ലാത്തതാണ്.

(2) ഏതെങ്കിലും ആൾ അയാൾ ഒരു പോലീസ് ഓഫീസറുടെ കസ്റ്റഡിയിലായിരിക്കുമ്പോൾ നടത്തുന്ന യാതൊരു കുറ്റസമ്മതവും, അത് ഒരു മജിസ്ട്രേറ്റിന്റെ തൊട്ടടുത്ത സാന്നിധ്യത്തിൽ നടത്തിയിട്ടുള്ളതല്ലാത്ത പക്ഷം അയാൾക്കെതിരായി തെളിയിക്കുവാൻ പാടില്ലാത്തതാണ്:

എന്നാൽ, ഒരു പോലീസ് ഓഫീസറുടെ കസ്റ്റഡിയിലിരിക്കുന്ന, ഏതെങ്കിലും കുറ്റം ആരോപിക്കപ്പെട്ട ഒരാളിൽനിന്ന് ലഭിച്ച വിവരത്തിന്റെ അനന്തരഫലമായി വെളിപ്പെടുത്തപ്പെട്ടതെന്ന നിലയിൽ ഏതെങ്കിലും വസ്തുതയ്ക്ക് മൊഴി കൊടുക്കുമ്പോൾ, അത് ഒരു കുറ്റസമ്മതമാകുകയാണെങ്കിലും അല്ലെങ്കിലും, വെളിപ്പെടുത്തപ്പെട്ട വസ്തുതയുമായി സ്പഷ്ടമായി ബന്ധപ്പെട്ടിരിക്കുന്ന അങ്ങനെയുള്ള വിവരത്തിന്റെ അത്രയും തെളിയിക്കാവുന്നതാണ്.

കുറ്റസമ്മതം നടത്തുന്ന ആളെയും ഒരേ കുറ്റത്തിന് കൂട്ടായി വിചാരണ ചെയ്യപ്പെ ടുന്നമറ്റ് ആളുക ളെയും ബാധി ക്കുന്ന തെളിയിക്ക പ്പെട്ട കുറ്റസമ്മത ത്തിന്റെ പരിഗണന.

24. ഒന്നിലധികം ആളുകൾ ഒരേ കുറ്റത്തിന് കൂട്ടായി വിചാരണ ചെയ്യപ്പെടുകയും അങ്ങനെയുള്ള ആളുകളിൽ ഒരാൾ തന്നെയും അങ്ങനെയുള്ള ആളുകളിൽ മറ്റ് ചിലരെയും ബാധിക്കുന്ന വിധത്തിൽ നടത്തുന്ന ഒരു കുറ്റസമ്മതം തെളിയിക്കപ്പെടുകയും ചെയ്യുമ്പോൾ കോടതിക്ക് അങ്ങനെയുള്ള കുറ്റസമ്മതം അങ്ങനെയുള്ള മറ്റെയാൾക്കെതിരെയെന്നപോലെ, അങ്ങനെയുള്ള കുറ്റസമ്മതം നടത്തുന്ന ആൾക്കെതിരായും പരിഗണിക്കാവുന്നതാണ്.

*വിശദീകരണം* I.—ഈ വകുപ്പിൽ ഉപയോഗിച്ചിരിക്കുന്ന പ്രകാരം "കുറ്റം" എന്നതിൽ ആ കുറ്റം ചെയ്യുന്നതിനുള്ള പ്രേരണയോ ശ്രമമോ ഉൾപ്പെടുന്നു.

*വിശദീകരണം* II.—ഒളിച്ചോടിപ്പോയിട്ടുള്ളതോ ഭാരതീയ പൗര സുരക്ഷാ സംഹിത, 2023-ന്റെ 84-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഒരു വിളംബരം പാലിക്കുന്നതിന് വീഴ്ചവരുത്തുകയോ ചെയ്ത കുറ്റാരോപിതന്റെ അഭാവത്തിൽ നടത്തിയ ഒന്നിൽ കൂടുതൽ ആളുകളുടെ ഒരു വിചാരണ ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി ഒരു കൂട്ടായ വിചാരണയായി കരുതപ്പെടേണ്ടതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ഗ' യുടെ കൊലപാതകത്തിന് 'ക' യും 'ഖ' യും കൂട്ടായി വിചാരണ ചെയ്യപ്പെടുകയാണ്. " 'ഗ'യെ 'ഖ' യും ഞാനും കൂടി കൊലചെയ്തു" എന്ന് 'ക' പറഞ്ഞതായി തെളിഞ്ഞിരിക്കുന്നു. ഈ കുറ്റ സമ്മതത്തിന്റെ ഫലം 'ഖ' യ്ക്കെതിരായതാണെന്ന് കോടതിക്ക് പരിഗണി ക്കാവുന്നതാണ്.

(ഖ) 'ഗ' യുടെ കൊലപാതകത്തിന് 'ക' വിചാരണ ചെയ്യപ്പെ ടുകയാണ്. 'ക' യാലും 'ഖ' യാലും 'ഗ' കൊല്ലപ്പെട്ടു എന്നും, "ഞാനും 'ക' യും കൂടി 'ഗ' യെ കൊലചെയ്തു" എന്ന് 'ഖ'പറഞ്ഞുവെന്നും കാണി ക്കുന്നതിന് തെളിവുണ്ട്. 'ഖ' കൂട്ടായി വിചാരണ ചെയ്യപ്പെടാത്തതിനാൽ, 'ക' യ്ക്കെതിരായി ഈ പ്രസ്താവന കോടതി പരിഗണിക്കണ മെന്നില്ല.

25. അഡ്മിഷനുകൾ അഡ്മിറ്റുചെയ്തിട്ടുള്ള വിഷയങ്ങളുടെ നിശ്ചായകത്തെളിവല്ല, എന്നാൽ അവ ഇതിനുശേഷം അടങ്ങിയിട്ടുള്ള വ്യവസ്ഥകൾപ്രകാരം വാദതടസ്സങ്ങളായി പ്രവർത്തിക്കാവുന്നതാണ്.

അഡ്മിഷനുകൾ നിശ്ചായകതെളിവല്ല, എന്നാൽ വാദതടസ്സമായേക്കാമെന്ന്.

## *സാക്ഷികളായി വിളിക്കപ്പെടാൻ കഴിയാത്ത ആളുകളുടെ പ്രസ്താവനകൾ*

26. മരിച്ചുപോയതോ കണ്ടെത്തുവാൻ കഴിയാത്തതോ, തെളിവ് നൽകാൻ കഴിവില്ലാതായിത്തീർന്നതോ അല്ലെങ്കിൽ കേസിന്റെ സാഹചര്യങ്ങളിൽ, ന്യായമല്ലാത്തതാണെന്ന് കോടതിക്ക് തോന്നുന്നത്ര കാലതാമസമോ ചെലവോ കൂടാതെ സാന്നിധ്യം നേടാൻ കഴിയാത്തതോ ആയ ഒരാൾ പ്രസക്തവസ്തുതകളെ സംബന്ധിച്ച് രേഖാമൂലമോ വാക്കാലോ ചെയ്യുന്ന പ്രസ്താവനകൾ, താഴെപ്പറയുന്ന സംഗതികളിൽ സ്വയം പ്രസക്തവസ്തുതകളാണ്, അതായത്:—

മരിച്ചുപോയതോ കണ്ടെത്തുവാൻ കഴിയാത്തതോ തുടങ്ങിയതായ ആൾ പ്രസക്തവസ്തുതയെക്കുറിച്ച് ചെയ്യുന്ന പ്രസ്താവന പ്രസക്തമാകുന്ന സംഗതികൾ.

(ക) ഒരാൾ അയാളുടെ മരണത്തിനുള്ള കാരണം പ്രശ്നവിഷയമാകുന്ന സംഗതികളിൽ അയാളുടെ മരണത്തിനുള്ള കാരണം സംബന്ധിച്ചോ അല്ലെങ്കിൽ തന്റെ മരണത്തിലെത്തിച്ച ഇടപാടിന്റെ സാഹചര്യങ്ങളിൽ ഏതിനെയെങ്കിലും സംബന്ധിച്ചോ പ്രസ്താവന ചെയ്യുമ്പോൾ, അവ ചെയ്ത സമയത്ത് അവ ചെയ്ത ആൾ മരണം പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നുവെങ്കിലും അല്ലെങ്കിലും അയാളുടെ മരണത്തിന്റെ കാരണം പ്രശ്നവിഷയമാകുന്ന നടപടിയുടെ സ്വഭാവം എന്തുതന്നെയായിരുന്നാലും, അങ്ങനെയുള്ള പ്രസ്താവനകൾ പ്രസക്തമാണ്;

(ഖ) പ്രസ്താവന അങ്ങനെയുള്ള ആൾ സാധാരണ ബിസിനസ്സ്മുറയിൽ ചെയ്തതാകുമ്പോഴും പ്രത്യേകിച്ച് സാധാരണ ബിസിനസ്സ്മുറയിലോ തൊഴിൽപരമായ കർത്തവ്യം നിർവഹിക്കുന്നതിലോ, വച്ചുപോരുന്ന ബുക്കുകളിൽ അയാൾ ചേർക്കുന്ന ഏതെങ്കിലും ഉൾക്കുറിപ്പോ മെമ്മോറാണ്ടമോ അല്ലെങ്കിൽ പണമോ

ചരക്കുകളോ ഈടുകളോ ഏതെങ്കിലും തരത്തിലുള്ള വസ്തുവോ സ്വീകരിച്ചതിന് അയാൾ എഴുതിയോ ഒപ്പിട്ടോ കൊടുക്കുന്ന ഒരു കൈപ്പറ്റുരസീതോ; അല്ലെങ്കിൽ വാണിജ്യത്തിൽ ഉപയോഗിക്കുന്ന, അയാൾ എഴുതുകയോ ഒപ്പിടുകയോ ചെയ്ത ഒരു രേഖയോ, അല്ലെങ്കിൽ അയാൾ സാധാരണയായി തീയതിവയ്ക്കുകയോ എഴുതുകയോ ഒപ്പിടുകയോ ചെയ്യുന്ന ഒരു കത്തിന്റെയോ മറ്റ് രേഖയുടെയോ തീയതിയോ അടങ്ങിയതായിരിക്കുമ്പോഴും;

(ഗ) പ്രസ്താവന അത് ചെയ്യുന്ന ആളുടെ ധനപരമോ സ്വത്ത് സംബന്ധിച്ചോ ഉള്ള താൽപര്യത്തിനെതിരായിരിക്കുമ്പോൾ, അല്ലെങ്കിൽ അത് സത്യമാണെങ്കിൽ, അയാളെ ക്രിമിനൽ ശിക്ഷാനടപടിക്കോ, നഷ്ടപരിഹാരത്തിനുള്ള വ്യവഹാരത്തിനോ വിധേയമാക്കുമെങ്കിലോ വിധേയനാക്കുമായിരുന്നുവെങ്കിലോ, അപ്പോൾ;

(ഘ) പ്രസ്താവന, ഏതെങ്കിലും പൊതുഅവകാശത്തിന്റെയോ ആചാരത്തിന്റെയോ പൊതുവായതോ സാമാന്യമായതോ ആയ താൽപര്യമുള്ള വിഷയത്തിന്റെയോ നിലനിൽക്കൽ സംബന്ധിച്ച്, അത് നിലനിന്നിരുന്നുവെങ്കിൽ അയാൾ അറിയുവാൻ ഇടയുണ്ടാകുമായിരുന്നതായ ആ നിലനിൽക്കൽ, അങ്ങനെയുള്ള ഏതെങ്കിലും ആളിന്റെ അഭിപ്രായം നൽകുന്നതാകുമ്പോഴും, അങ്ങനെയുള്ള പ്രസ്താവന അങ്ങനെയുള്ള അവകാശമോ ആചാരമോ സംഗതിയോ സംബന്ധിച്ച ഏതെങ്കിലും തർക്കം ഉദ്ഭവിക്കുന്നതിനുമുമ്പ് ചെയ്തിട്ടുള്ളതാകുമ്പോഴും;

(ങ) പ്രസ്താവന, ആ പ്രസ്താവന ചെയ്യുന്ന ആൾക്ക്, രക്തമോ വിവാഹമോ ദത്തോ വഴിയുള്ള ബന്ധത്തെക്കുറിച്ച് അറിയുന്നതിന് പ്രത്യേക മാർഗമായിരുന്നതായ ആളുകൾ തമ്മിലുള്ള രക്തമോ വിവാഹമോ ദത്തോ വഴിയുള്ള ബന്ധത്തിന്റെ നിലനിൽക്കലിനെ സംബന്ധിച്ചതാകുമ്പോഴും പ്രസ്താവന തർക്കപ്രശ്നം ഉന്നയിക്കപ്പെടുന്നതിന് മുമ്പ് ചെയ്തതാകുമ്പോഴും;

(ച) പ്രസ്താവന, മരിച്ചുപോയ ആളുകൾ തമ്മിൽ രക്തമോ വിവാഹമോ ദത്തോ വഴിയുള്ള ഏതെങ്കിലും ബന്ധത്തിന്റെ നില നിൽക്കലുമായി ബന്ധപ്പെട്ടതാവുകയും, മരിച്ചുപോയ അങ്ങനെയുള്ള ഏതെങ്കിലും ആൾ ഉൾപ്പെട്ടിരുന്ന കുടുംബത്തിന്റെ കാര്യങ്ങളെ സംബന്ധിക്കുന്ന ഏതെങ്കിലും മരണശാസനത്തിലോ കരണത്തിലോ അല്ലെങ്കിൽ കുടുംബത്തിന്റെ ഏതെങ്കിലും വംശാവലിയിലോ അല്ലെങ്കിൽ ഏതെങ്കിലും സമാധിശിലയിലോ കുടുംബചിത്രത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള പ്രസ്താവനകൾ സാധാരണ ചെയ്യാറുള്ള മറ്റ് സാധനത്തിൻമേലോ ചെയ്തതാകുകയും, അങ്ങനെയുള്ള പ്രസ്താവന തർക്കപ്രശ്നം ഉന്നയിക്കപ്പെടുന്നതിന് മുമ്പ് നടത്തി യിട്ടുള്ളതാവുകയും ചെയ്യുമ്പോൾ;

(ഛ) പ്രസ്താവന, 11–ാം വകുപ്പിലെ (ക) ഖണ്ഡത്തിൽ വ്യക്ത മാക്കിയിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും ഇടപാടുമായി ബന്ധപ്പെട്ട ഏതെങ്കിലും കരണത്തിലോ മരണശാസനത്തിലോ മറ്റ് രേഖയിലോ അടങ്ങിയിട്ടുള്ളതാകുമ്പോൾ;

(ജ) പ്രസ്താവന, അനേകം ആളുകൾ ചെയ്തതും, പ്രശ്നത്തിലുള്ള വിഷയത്തിൽ പ്രസക്തമായിട്ടുള്ളതും അവരുടെ ഭാഗ ത്തുള്ള വികാരങ്ങളോ ധാരണകളോ പ്രകടിപ്പിക്കുന്നതുമാകുമ്പോൾ.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ക' യെ 'ഖ' കൊലചെയ്തോ; അല്ലെങ്കിൽ അവൾ ബലാൽസംഗം ചെയ്യപ്പെട്ട ഒരു കൃത്യത്തിനിടയിൽ നേരിട്ട ക്ഷതികൾ മൂലമാണോ 'ക' മരിച്ചത് എന്നതാണ് പ്രശ്നം. അവളെ 'ഖ' ബലാൽസംഗം ചെയ്തോ എന്നതാണ് പ്രശ്നം; അല്ലെങ്കിൽ 'ക' യുടെ വിധവയുടെ ഒരു വ്യവഹാരം 'ഖ' യ്ക്ക് എതിരെ നിലനിൽക്കുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിൽ 'ഖ', 'ക' യെ കൊലചെയ്തോ എന്നതാണ് പ്രശ്നം. അവന്റെയോ അവളുടെയോ മരണത്തിനുള്ള കാരണത്തെപ്പറ്റി, പരിഗണനയിലിരിക്കുന്ന കൊലപാതകം, ബലാൽസംഗം, വ്യവഹരിക്കപ്പെടാവുന്ന അപകൃത്യം ഇവയെ യഥാക്രമം പരാമർശിച്ച് 'ക' ചെയ്ത പ്രസ്താവനകൾ പ്രസക്തവസ്തുതകളാണ്.

(ഖ) 'ക' യുടെ ജനനത്തീയതിയെപ്പറ്റിയാണ് പ്രശ്നം. മരിച്ചുപോയ ഒരു സർജൻ, ബിസിനസ്സ്മുറയിൽ ക്രമമായി വച്ചുപോരുന്ന ഡയറിയിലെ, ഒരു പ്രത്യേക ദിവസം അയാൾ 'ക' യുടെ അമ്മയെ പരിചരിച്ചുവെന്നും അവർ ഒരു മകനെ പ്രസവിച്ചുവെന്നും പ്രസ്താവിക്കുന്ന, ഒരു ഉൾക്കുറിപ്പ് ഒരു പ്രസക്തവസ്തുതയാണ്.

(ഗ) ഒരു പ്രത്യേക ദിവസം 'ക' നാഗ്പൂരിൽ ഉണ്ടായിരുന്നോ എന്നതാണ് പ്രശ്നം. മരിച്ചുപോയ ഒരു സോളിസിറ്റർ, ബിസിനസ്സ് മുറയിൽ ക്രമമായി വച്ചുപോരുന്ന ഒരു ഡയറിയിലെ, ഒരു പ്രത്യേക ദിവസം ആ സോളിസിറ്റർ, നാഗ്പൂരിൽ, പരാമർശിച്ചിട്ടുള്ള ഒരു സ്ഥലത്തുവച്ച്, നിർദിഷ്ടമായ ബിസിനസ്സിനെക്കുറിച്ച് 'ക' യുമായി കൂടിയാലോചിക്കുന്നതിനുവേണ്ടി അയാളെ കണ്ടുവെന്ന ഒരു പ്രസ്താവന പ്രസക്ത വസ്തുതയാണ്.

(ഘ) ഒരു കപ്പൽ ഒരു പ്രത്യേക ദിവസം മുംബൈ തുറമുഖത്തുനിന്നും പുറപ്പെട്ടോ എന്നതാണ് പ്രശ്നം. അത് വാടകയ്ക്കെടുത്തിരുന്ന വ്യാപാരികളുടെ ഒരു ഫേമിലെ മരിച്ചുപോയ ഒരു അംഗം, ചരക്കുകൾ കയറ്റി അയക്കപ്പെട്ടിരുന്ന ചെന്നൈയിലെ അവരുടെ കറസ്പോണ്ടന്റിന് ഒരു പ്രത്യേക ദിവസം ആ കപ്പൽ മുംബൈ തുറമുഖത്തുനിന്ന് പുറപ്പെട്ടുവെന്ന് പ്രസ്താവിച്ചുകൊണ്ട് എഴുതിയ ഒരു കത്ത് പ്രസക്തവസ്തുതയാണ്.

(ങ) 'ക' യ്ക്ക് ഒരു പ്രത്യേക ഭൂമിയുടെ വാടക കൊടുത്തിട്ടുണ്ടോ എന്നതാണ് പ്രശ്നം. 'ക'യുടെ മരിച്ചുപോയ ഏജന്റിൽ നിന്ന് അയാൾ 'ക' യ്ക്കുവേണ്ടി ആ വാടക വാങ്ങുകയും അത് 'ക' യുടെ ഓർഡർപ്രകാരം കൈവശംവയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ടുള്ള, 'ക'യ്ക്കുള്ള ഒരു കത്ത്, പ്രസക്തവസ്തുതയാണ്.

(ച) 'ക' യും 'ഖ' യും നിയമപ്രകാരം വിവാഹം കഴിച്ചിട്ടുണ്ടോ എന്നതാണ് പ്രശ്നം. ആഘോഷം ഒരു കുറ്റകൃത്യമാകുന്ന അങ്ങനെയുള്ള സാഹചര്യങ്ങളിൽ താൻ അവരുടെ വിവാഹം നടത്തിക്കൊടുത്തു എന്നുള്ള മരിച്ചുപോയ ഒരു പുരോഹിതന്റെ പ്രസ്താവന പ്രസക്തമാണ്.

(ഛ) കണ്ടെത്തുവാൻ കഴിയാത്ത ഒരാളായ 'ക' ഒരു കത്ത് ഒരു പ്രത്യേക ദിവസം എഴുതിയോ എന്നതാണ് പ്രശ്നം. അയാൾ എഴുതിയ ഒരു കത്തിൽ ആ ദിവസത്തെ തീയതി വച്ചിരിക്കുന്നുവെന്ന വസ്തുത പ്രസക്തമാണ്.

(ജ) ഒരു കപ്പലിന്റെ തകർച്ചയ്ക്കുള്ള കാരണമെന്തായിരുന്നു വെന്നതാണ് പ്രശ്നം. ഹാജരാക്കപ്പെടാൻ കഴിയാത്ത കപ്പിത്താന്റെ പ്രതിഷേധം പ്രസക്തവസ്തുതയാണ്.

(ഝ) ഒരു പ്രത്യേക റോഡ്, ഒരു പൊതുവഴിയാണോ എന്നതാണ് പ്രശ്നം. അത് പൊതുറോഡായിരുന്നു എന്ന, മരിച്ചുപോയ ഗ്രാമത്തലവനായ 'ക' യുടെ പ്രസ്താവന പ്രസക്തവസ്തുതയാണ്.

(ഞ) ഒരു പ്രത്യേക കമ്പോളത്തിൽ ഒരു പ്രത്യേക ദിവസം ധാന്യത്തിന്റെ വില എന്തായിരുന്നു എന്നതാണ് പ്രശ്നം. മരിച്ചുപോയ ഒരു കച്ചവടക്കാരൻ തന്റെ സാധാരണ ബിസിനസ്സ്മുറയിൽ വിലയെപ്പറ്റി ചെയ്ത പ്രസ്താവന പ്രസക്തവസ്തുതയാണ്.

(ട) മരിച്ചുപോയ 'ക', 'ഖ'യുടെ പിതാവായിരുന്നോ എന്നതാണ് പ്രശ്നം. 'ഖ' തന്റെ പുത്രനാണെന്നുള്ള 'ക' യുടെ ഒരു പ്രസ്താവന പ്രസക്തവസ്തുതയാണ്.

(ഠ) 'ക' യുടെ ജനനത്തീയതി എന്തായിരുന്നു എന്നതാണ് പ്രശ്നം. ഒരു പ്രത്യേക ദിവസം 'ക' ജനിച്ചുവെന്ന് അറിയിച്ചുകൊണ്ട് 'ക' യുടെ മരിച്ചുപോയ പിതാവ് ഒരു സ്നേഹിതന് അയച്ച ഒരു കത്ത് പ്രസക്തവസ്തുതയാണ്.

(ഡ) 'ക' യും 'ഖ' യും തമ്മിൽ വിവാഹം കഴിച്ചിട്ടുണ്ടോ എന്നും അത് എപ്പോഴാണെന്നുമുള്ളതാണ് പ്രശ്നം. 'ഖ' യുടെ മരിച്ചുപോയ പിതാവായ 'ഗ' യാലുള്ള ഒരു ഓർമ്മക്കുറിപ്പ് പുസ്തകത്തിലെ, ഒരു പ്രത്യേക തീയതിയിൽ 'ക' യുമായുള്ള തന്റെ മകളുടെ വിവാഹത്തെപ്പറ്റിയുള്ള ഒരു ഉൾക്കുറിപ്പ് പ്രസക്തവസ്തുതയാണ്.

(ഢ) ഒരു പീടികയുടെ ജനാലയിൽ പ്രദർശിപ്പിച്ചിട്ടുള്ള ചായത്തിലെഴുതിയ ഒരു ഹാസ്യചിത്രത്തിൽ പ്രകടിപ്പിച്ചിരിക്കുന്ന ഒരു അപമാനലേഖനത്തിന് '<u>ഖ</u>' യുടെ മേൽ '<u>ക</u>' വ്യവഹാരപ്പെടുന്നു. ഹാസ്യചിത്രത്തിന്റെ സാദൃശ്യത്തെയും അപമാനലേഖനമെന്ന നിലയിലുള്ള അതിന്റെ സ്വഭാവത്തെയും കുറിച്ചുള്ളതാണ് പ്രശ്നം. ഈ സംഗതികളിൽ കാണികളുടെ ഒരു കൂട്ടത്തിന്റെ അഭിപ്രായങ്ങൾ തെളിയിക്കാവുന്നതാണ്.

ചില തെളിവിന്റെ അതിൽ പറഞ്ഞിട്ടുള്ള വസ്തുതകളുടെ സത്യാവസ്ഥ പിന്നീടുള്ള നടപടിയിൽ തെളിയിക്കുന്നതിനുള്ള പ്രസക്തി.

27. ഒരു ജുഡീഷ്യൽ നടപടിയിലോ അല്ലെങ്കിൽ തെളിവെടുക്കാൻ നിയമത്താൽ അധികാരപ്പെടുത്തിയ ഏതെങ്കിലും ആളുടെ മുമ്പാകെയോ ഒരു സാക്ഷി നൽകുന്ന തെളിവ്, പിന്നീടുള്ള ഒരു ജുഡീഷ്യൽ നടപടിയിലോ അല്ലെങ്കിൽ അതേ ജുഡീഷ്യൽ നടപടിയുടെ ഒരു അനന്തരഘട്ടത്തിലോ അത് പ്രസ്താവിക്കുന്ന വസ്തുതകളുടെ സത്യാവസ്ഥ തെളിയിക്കുന്നതിന്റെ ആവശ്യത്തിന്, സാക്ഷി മരിച്ചുപോകുകയോ കണ്ടെത്തുവാൻ കഴിയാതെ വരികയോ തെളിവ് നൽകാൻ കഴിവില്ലാതായിത്തീരുകയോ എതിർകക്ഷിയാൽ മാറ്റിനിർത്തപ്പെടുകയോ ചെയ്യുമ്പോഴോ അല്ലെങ്കിൽ കേസിന്റെ സാഹചര്യങ്ങളിൽ ന്യായമല്ലാത്തതാണെന്ന് കോടതി കരുതുന്നത്ര കാലതാമസമോ ചെലവോ കൂടാതെ അയാളുടെ സാന്നിധ്യം ലഭ്യമാക്കുവാൻ സാധ്യമല്ലെങ്കിലോ, പ്രസക്തമാണ്:

എന്നാൽ നടപടി അതേ കക്ഷികളോ അല്ലെങ്കിൽ അവരുടെ താൽപര്യങ്ങൾ പ്രതിനിധാനം ചെയ്യുന്നവരോ തമ്മിൽ ആയിരിക്കുകയും ആദ്യത്തെ നടപടിയിലെ എതിർകക്ഷിക്ക് എതിർവിസ്താരം ചെയ്യുവാനുള്ള അവകാശവും അവസരവും ഉണ്ടായിരുന്നിരിക്കുകയും വിവാദ്യപ്രശ്നങ്ങൾ രണ്ടാമത്തെ നടപടിയിലെന്നപോലെ ആദ്യത്തെ നടപടിയിലും സാരാംശത്തിൽ ഒന്നുതന്നെ ആയിരിക്കുകയും, ചെയ്യേണ്ടതാണ്.

*വിശദീകരണം.*—ഒരു ക്രിമിനൽ വിചാരണയോ അന്വേഷണ വിചാരണയോ ഈ വകുപ്പിന്റെ അർത്ഥത്തിൽ പ്രോസിക്യൂട്ടറും കുറ്റാരോപിതനും തമ്മിലുള്ള ഒരു നടപടിയായി കരുതപ്പെടേണ്ടതാണ്.

## *പ്രത്യേക സാഹചര്യങ്ങളിൽ നടത്തുന്ന പ്രസ്താവനകൾ*

28. ബിസിനസ്സ്മുറയിൽ ക്രമമായി വച്ചുപോരുന്ന ഒരു ഇലക്ട്രോണിക് രൂപത്തിൽ സൂക്ഷിക്കുന്നവ ഉൾപ്പെടെയുള്ള കണക്കുബുക്കുകളിലെ ഉൾക്കുറിപ്പുകൾ, കോടതി അന്വേഷണവിചാരണ ചെയ്യേണ്ടതായുള്ള ഒരു വിഷയത്തെക്കുറിച്ചുള്ളതാകുമ്പോഴൊക്കെ പ്രസക്തമാണ്, എന്നാൽ അങ്ങനെയുള്ള പ്രസ്താവനകൾ മാത്രം ഏതെങ്കിലും ആളുടെമേൽ ബാധ്യത ചുമത്തുന്നതിന് മതിയായ തെളിവാകുന്നതല്ല.

കണക്കുബുക്കുകളിലെ ഉൾക്കുറിപ്പുകൾ എപ്പോൾ പ്രസക്തമാണെന്ന്.

*ദൃഷ്ടാന്തം.*

ആയിരം രൂപയ്ക്ക് '<u>ഖ</u>' യുടെ മേൽ '<u>ക</u>' വ്യവഹാരപ്പെടുകയും ഈ തുകയ്ക്ക്, '<u>ഖ</u>' അയാളോട് കടപ്പെട്ടിട്ടുണ്ടെന്ന് കാണിക്കുന്ന, തന്റെ കണക്കുബുക്കുകളിലെ ഉൾക്കുറിപ്പുകൾ കാണിക്കുകയും ചെയ്യുന്നു. ആ ഉൾക്കുറിപ്പുകൾ പ്രസക്തമാണ്, എന്നാൽ മറ്റ് തെളിവില്ലാതെ കടം തെളിയിക്കുന്നതിന് മതിയാകുന്നതല്ല.

29. പൊതുവായതോ മറ്റ് ഔദ്യോഗികമായതോ ആയ ഏതെങ്കിലും പുസ്തകത്തിലോ രജിസ്റ്ററിലോ രേഖയിലോ അല്ലെങ്കിൽ ഒരു ഇലക്ട്രോണിക് റിക്കാർഡിലോ ഉള്ളതും, ഒരു വിവാദ്യവസ്തുതയോ പ്രസക്തവസ്തുതയോ പ്രസ്താവിക്കുന്നതും, ഒരു പബ്ളിക് സർവന്റ് തന്റെ ഔദ്യോഗികകർത്തവ്യം നിറവേറ്റുന്നതിലോ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾ അങ്ങനെയുള്ള പുസ്തകമോ രജിസ്റ്ററോ രേഖയോ അല്ലെങ്കിൽ ഒരു ഇലക്ട്രോണിക് റിക്കാർഡോ വച്ചുപോരുന്നതായ രാജ്യത്തിന്റെ നിയമപ്രകാരം വിശേഷാൽ ആദേശിച്ചിട്ടുള്ള, ഒരു കർത്തവ്യം നിർവഹിക്കുന്നതിലോ ചേർത്തിട്ടുള്ളതുമായ ഒരു ഉൾക്കുറിപ്പ് തന്നെ ഒരു പ്രസക്തവസ്തുതയാണ്.

കർത്തവ്യ നിർവഹണത്തിൽ പൊതുരേഖയിൽ അല്ലെങ്കിൽ ഒരു ഇലക്ട്രോണിക് രേഖയിൽ ചേർത്ത ഉൾക്കുറിപ്പിന്റെ പ്രസക്തി.

**ഭൂപടങ്ങളിലും ചാർട്ടുകളിലും പ്ലാനുകളിലുമുള്ള പ്രസ്താവനകളുടെ പ്രസക്തി.**

30. സാമാന്യമായി പൊതുവിൽപ്പനയ്ക്ക് വച്ചിട്ടുള്ള പ്രസിദ്ധപ്പെടുത്തിയ ഭൂപടങ്ങളിലോ ചാർട്ടുകളിലോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാനസർക്കാരിന്റെയോ അധികാരപ്രകാരം ഉണ്ടാക്കിയിട്ടുള്ള ഭൂപടങ്ങളിലോ പ്ലാനുകളിലോ അങ്ങനെയുള്ള ഭൂപടങ്ങളിലോ ചാർട്ടുകളിലോ പ്ലാനുകളിലോ സാധാരണയായി പ്രതിനിധാനം ചെയ്യുകയോ പ്രസ്താവിക്കുകയോ ചെയ്യുന്ന വിഷയങ്ങളെക്കുറിച്ച് ചെയ്തിട്ടുള്ളതും വിവാദ്യ വസ്തുതകളെയോ പ്രസക്തവസ്തുതകളെയോ കുറിച്ചുള്ളതുമായ പ്രസ്താവനകൾ തന്നെ പ്രസക്തവസ്തുതകളാണ്.

**ചില ആക്റ്റുകളിലോ വിജ്ഞാപനങ്ങളിലോ അടങ്ങിയിട്ടുള്ള പൊതുസ്വഭാവമുള്ള വസ്തുത സംബന്ധിച്ച പ്രസ്താവനയുടെ പ്രസക്തി.**

31. പൊതുസ്വഭാവത്തിലുള്ള ഏതെങ്കിലും വസ്തുതയുടെ നിലനിൽക്കലിനെക്കുറിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളപ്പോൾ, ഏതെങ്കിലും കേന്ദ്ര ആക്റ്റിലോ സംസ്ഥാന ആക്റ്റിലോ അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ ബന്ധപ്പെട്ട ഔദ്യോഗിക ഗസറ്റിൽ വരുന്ന വിജ്ഞാപനത്തിലോ അങ്ങനെയുള്ള ഗസറ്റായി കരുതപ്പെടുന്ന ഏതെങ്കിലും മുദ്രിത പത്രത്തിലോ ഇലക്ട്രോണിക്കോ ഡിജിറ്റലോ രൂപത്തിൽ അടങ്ങിയിട്ടുള്ള ഒരു ആഖ്യാനത്തിൽ, അതിനെക്കുറിച്ച് ചെയ്ത ഏതെങ്കിലും പ്രസ്താവന പ്രസക്തവസ്തുതയാണ്.

**ഏതെങ്കിലും നിയമത്തെക്കുറിച്ച് ഇലക്ട്രോണിക്കോ ഡിജിറ്റലോ രൂപത്തിലുള്ളവ ഉൾപ്പെടെ നിയമപുസ്തകങ്ങളിൽ അടങ്ങിയിട്ടുള്ള പ്രസ്താവനകളുടെ പ്രസക്തി.**

32. ഏതെങ്കിലും രാജ്യത്തിന്റെ ഒരു നിയമത്തെക്കുറിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളപ്പോൾ, അങ്ങനെയുള്ള രാജ്യത്തെ സർക്കാരിന്റെ അധികാരപ്രകാരം ഇലക്ട്രോണിക്കോ ഡിജിറ്റലോ രൂപത്തിലുള്ളവ ഉൾപ്പെടെ അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തതായും അങ്ങനെയുള്ള ഏതെങ്കിലും നിയമം അടങ്ങിയിരിക്കുന്നതായും കരുതപ്പെടുന്ന ഒരു പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന അങ്ങനെയുള്ള നിയമത്തെക്കുറിച്ചുള്ള ഏതെങ്കിലും പ്രസ്താവനയും അങ്ങനെയുള്ള രാജ്യത്തെ കോടതികളുടെ റൂളിങ്ങുകളുടെ റിപ്പോർട്ടായി കരുതപ്പെടുന്ന ഇലക്ട്രോണിക്കോ ഡിജിറ്റലോ രൂപത്തിലുള്ളവ ഉൾപ്പെടെ ഒരു പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന അങ്ങനെയുള്ള റൂളിങ്ങുകളുടെ ഒരു റിപ്പോർട്ടും പ്രസക്തമാണ്.

## *ഒരു പ്രസ്താവന എത്രത്തോളം തെളിയിക്കേണ്ടതാണെന്ന്*

33. തെളിവ് നൽകപ്പെടുന്നതായ ഏതെങ്കിലും പ്രസ്താവന, കൂടുതൽ ദീർഘമായ ഒരു പ്രസ്താവനയുടെയോ ഒരു സംഭാഷണത്തിന്റെയോ ഭാഗമായിരിക്കുകയോ അല്ലെങ്കിൽ ഒറ്റപ്പെട്ട ഒരു രേഖയുടെ ഭാഗമായിരിക്കുകയോ, അല്ലെങ്കിൽ ഒരു പുസ്തകത്തിന്റെ ഭാഗമായിട്ടുള്ള ഒരു രേഖയിൽ അടങ്ങിയിട്ടുള്ളതോ അല്ലെങ്കിൽ ഇലക്ട്രോണിക് റിക്കാർഡിന്റെ ഭാഗത്തിൽ അടങ്ങിയിട്ടുള്ളതോ കത്തുകളുടെയോ കടലാസുകളുടെയോ ബന്ധപ്പെട്ട പരമ്പരകളുടെയോ ഭാഗമായിരിക്കുകയോ ചെയ്യുമ്പോൾ സംഭാഷണത്തിന്റെയോ രേഖയുടെയോ ഇലക്ട്രോണിക് റിക്കാർഡിന്റെയോപുസ്തകത്തിന്റെയോ അല്ലെങ്കിൽ കത്തുകളുടെയോ കടലാസുകളുടെയോ പരമ്പരകളുടെയോ, ആ പ്രത്യേക കേസിൽ ആ പ്രസ്താവനയുടെ സ്വഭാവവും ഫലവും അത് നടത്തിയതായ സാഹചര്യങ്ങളും പൂർണ്ണമായി ഗ്രഹിക്കുന്നതിന് ആവശ്യമെന്ന് കോടതി കരുതുന്നിടത്തോളമുള്ള തെളിവ് പ്രസ്താവനയെ കുറിച്ച് നൽകേണ്ടതും അതിൽ കൂടുതൽ നൽകേണ്ടതില്ലാത്തതുമാണ്.

പ്രസ്താവന ഒരു സംഭാഷണത്തിന്റെയോ രേഖയുടെയോ ഇലക്ട്രോണിക് റിക്കാർഡിന്റെയോ പുസ്തകത്തിന്റെയോ അല്ലെങ്കിൽ കത്തുകളുടെയോ കടലാസുകളുടെയോ പരമ്പരകളുടെ ഭാഗമായിത്തീരുമ്പോൾ എന്ത് തെളിവ് നൽകണമെന്ന്.

## *കോടതികളുടെ വിധിന്യായങ്ങൾ എപ്പോൾ പ്രസക്തമാണെന്ന്*

34. ഒരു വ്യവഹാരം നടപടിക്കെടുക്കുകയോ അല്ലെങ്കിൽ ഒരു വിചാരണ നടത്തുകയോ ചെയ്യുന്നതിൽ നിന്ന് നിയമം ഏതെങ്കിലും കോടതിയെ തടയുന്നതായ ഏതെങ്കിലും വിധിന്യായത്തിന്റെയോ ഉത്തരവിന്റെയോ വിധിയുടെയോ നിലനിൽക്കൽ, അങ്ങനെയുള്ള കോടതി അങ്ങനെയുള്ള വ്യവഹാരം നടപടിക്കെടുക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വിചാരണ നടത്തുകയോ ചെയ്യേണ്ടതാണോ എന്നത് പ്രശ്നമായിരിക്കുന്നിടത്ത്, പ്രസക്തവസ്തുതയാണ്.

രണ്ടാം വ്യവഹാരമോ വിചാരണയോ തടയുവാൻ മുൻ വിധിന്യായങ്ങൾ പ്രസക്തമാണെന്ന്.

35. (1) ഏതെങ്കിലും ആൾക്ക് ഏതെങ്കിലും നിയമസ്വഭാവം നൽകുകയോ എടുത്തുകളയുകയോ ചെയ്യുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക് അങ്ങനെയുള്ള ഏതെങ്കിലും സ്വഭാവത്തിനോ നിർദിഷ്ടമായ ഏതെങ്കിലും സാധനത്തിനോ അവകാശമുണ്ടെന്ന്

പ്രൊബേറ്റ് മുതലായ അധികാരിതയിലെ ചില വിധിന്യായങ്ങളുടെ പ്രസക്തി.

നിർദിഷ്ടനായ ഏതെങ്കിലും ആൾക്കെതിരായല്ല, എന്നാൽ പരിപൂർണ്ണമായിത്തന്നെ പ്രഖ്യാപിക്കുകയോ ചെയ്യുന്നതും, ക്ഷമതയുള്ള ഒരു കോടതി അല്ലെങ്കിൽ ട്രിബ്യൂണൽ, പ്രൊബേറ്റിനെയോ വിവാഹബന്ധത്തെയോ അഡ്മിറാൽറ്റിയെയോ നിർധനത്വത്തെയോ സംബന്ധിച്ച അധികാരിതയുടെ പ്രയോഗത്തിൽ പുറപ്പെടുവിക്കുന്നതുമായ അന്തിമമായ ഒരു വിധിന്യായമോ ഉത്തരവോ വിധിയോ അങ്ങനെയുള്ള ഏതെങ്കിലും നിയമസ്വഭാവത്തിന്റെയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും സാധനത്തിന് അങ്ങനെയുള്ള ഏതെങ്കിലും ആൾക്കുള്ള ഉടമസ്ഥാവകാശത്തിന്റെയോ, നിലനിൽക്കൽ പ്രസക്തമായിരിക്കുമ്പോൾ, പ്രസക്തമാണ്.

(2) അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ—

(i) അത് നൽകുന്ന ഏതെങ്കിലും നിയമസ്വഭാവം അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ പ്രവർത്തനത്തിൽ വന്ന സമയത്ത് സിദ്ധിച്ചുവെന്നും;

(ii) അങ്ങനെയുള്ള ഏതെങ്കിലും ആൾക്ക് അവകാശമുണ്ടെന്ന് അത് പ്രഖ്യാപിക്കുന്ന ഏതെങ്കിലും നിയമസ്വഭാവം ആ ആൾക്ക് അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ അത് അയാൾക്ക് സിദ്ധിച്ചുവെന്ന് പ്രഖ്യാപിക്കുന്ന ആ സമയത്ത് സിദ്ധിച്ചുവെന്നും;

(iii) അങ്ങനെയുള്ള ഏതെങ്കിലും ആളിൽ നിന്ന് അത് എടുത്തുകളയുന്ന ഏതെങ്കിലും നിയമസ്വഭാവം, അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ അത് അവസാനിച്ചെന്നോ അവസാനിക്കണമെന്നോ പ്രഖ്യാപിക്കുന്ന ആ സമയം മുതൽ അവസാനിച്ചുവെന്നും;

(iv) ഏതെങ്കിലും ആൾക്ക് അപ്രകാരം അവകാശപ്പെട്ട താണെന്ന് അത് പ്രഖ്യാപിക്കുന്ന എന്തെങ്കിലും അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ, അത് അയാളുടെ വസ്തുവായിരുന്നെന്നോ ആയിരിക്കണമെന്നോ പ്രഖ്യാപിക്കുന്ന ആ സമയം മുതൽ അയാളുടെ വസ്തുവായിരുന്നുവെന്നും,

ഉള്ളതിന്റെ നിശ്ചായകമായ തെളിയിക്കലാണ്.

36. 35–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളോ ഉത്തരവുകളോ വിധികളോ അവ അന്വേഷണ വിചാരണയ്ക്ക് പ്രസക്തമായതും പൊതുസ്വഭാവത്തിലുള്ളതുമായ വിഷയങ്ങൾ സംബന്ധിക്കുന്നതാണെങ്കിൽ, പ്രസക്തമാണ്; എന്നാൽ അങ്ങനെയുള്ള വിധിന്യായങ്ങളോ ഉത്തരവുകളോ വിധികളോ, അവ പ്രസ്താവിക്കുന്നവയുടെ നിശ്ചായകമായ തെളിയിക്കലല്ല.

35–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളുടെയോ ഉത്തരവുകളുടെയോ വിധികളുടെയോ പ്രസക്തിയും പ്രഭാവവും.

*ദൃഷ്ടാന്തം.*

'<u>ക</u>' തന്റെ ഭൂമിയിൽ കൈയേറ്റം നടത്തിയതിന് '<u>ഖ</u>' യുടെ മേൽ വ്യവഹാരപ്പെടുന്നു. ആ ഭൂമിയിൽ ഒരു പൊതുവഴി നടപ്പവകാശമുണ്ടെന്ന് '<u>ഖ</u>' അവകാശപ്പെടുന്നു, '<u>ക</u>' അത് നിഷേധിക്കുന്നു. അതേ ഭൂമിയിൽ നടത്തിയ ഒരു കൈയേറ്റത്തിന്, അതേ വഴിനടപ്പവകാശം നിലനിൽക്കുന്നുണ്ടെന്ന് '<u>ഗ</u>' അവകാശപ്പെട്ടതുമായ '<u>ക</u>' യുടെ '<u>ഗ</u>' യ്ക്കെതിരായ ഒരു വ്യവഹാരത്തിൽ പ്രതിക്ക് അനുകൂലമായുള്ള ഒരു വിധി നിലനിൽക്കുന്നുണ്ടെന്നുള്ളത് പ്രസക്തമാണ്, എന്നാൽ അത് വഴിനടപ്പവകാശം ഉണ്ടെന്നുള്ളതിന്റെ നിശ്ചായകമായ തെളിയിക്കലല്ല.

37. 34, 35, 36 എന്നീ വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളോ ഉത്തരവുകളോ വിധികളോ അങ്ങനെയുള്ള വിധിന്യായമോ ഉത്തരവോ വിധിയോ നിലനിൽക്കുന്നുണ്ടെന്നുള്ളത് ഒരു വിവാദ്യവസ്തുതയായിരിക്കുകയോ അല്ലെങ്കിൽ ഈ ആക്റ്റിലെ മറ്റേതെങ്കിലും വ്യവസ്ഥയിൻകീഴിൽ പ്രസക്തമായിരിക്കുകയോ ചെയ്യാത്തപക്ഷം അപ്രസക്തമാണ്.

34ഉം 35ഉം 36ഉം വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ളവയൊഴികെയുള്ള വിധിന്യായങ്ങളും മറ്റും എപ്പോൾ പ്രസക്തമാണെന്ന്.

*ദൃഷ്ടാന്തങ്ങൾ.*

(ക) '<u>ക</u>' യും 'ഖ' യും തങ്ങളിൽ ഓരോരുത്തരെയും ചിത്രീകരിക്കുന്ന ഒരു അപമാനലേഖനത്തിന് '<u>ഗ</u>'യുടെ മേൽ വെവ്വേറെ വ്യവഹാരപ്പെടുന്നു. അപമാനലേഖനമായി ആരോപിക്കപ്പെടുന്ന വിഷയം സത്യമാണെന്ന് ഓരോ കേസിലും '<u>ഗ</u>'പറയുന്നു, അത് ഓരോ കേസിലും

സത്യമായിരിക്കുകയോ അല്ലെങ്കിൽ ഒന്നിലും സത്യമല്ലാതിരിക്കുകയോ ചെയ്യുവാൻ സംഭവ്യതയുള്ളതാണ് സാഹചര്യങ്ങൾ. 'ഗ' തന്റെ ന്യായീകരണം സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടു എന്ന കാരണത്തിൻമേൽ 'ഗ' യ്ക്കെതിരായി 'ക' നഷ്ടപരിഹാരത്തിന് വിധി സമ്പാദിക്കുന്നു. 'ഖ' യ്ക്കും 'ഗ' യ്ക്കും ഇടയിൽ ആ വസ്തുത അപ്രസക്തമാണ്.

(ഖ) തന്റെ പക്കൽ നിന്നും ഒരു പശുവിനെ മോഷ്ടിച്ചതിന് 'ക', 'ഖ'യെ പ്രോസിക്യൂട്ട് ചെയ്യുന്നു. 'ഖ' യുടെ മേൽ കുറ്റസ്ഥാപനം ചെയ്യുന്നു. പിന്നീട് 'ക', 'ഖ' യുടെ മേലുള്ള കുറ്റസ്ഥാപനത്തിന് മുമ്പ് 'ഗ' യ്ക്ക് വിറ്റിരുന്ന ആ പശുവിനുവേണ്ടി അയാളുടെ മേൽ വ്യവഹാരപ്പെടുന്നു. 'ക' യ്ക്കും 'ഗ'യ്ക്കും ഇടയിൽ 'ഖ' യ്ക്കെതിരായുള്ള വിധിന്യായം അപ്രസക്തമാണ്.

(ഗ) വസ്തുവിന്റെ കൈവശത്തിന്, 'ഖ' യ്ക്കെതിരായി 'ക' ഒരു വിധി സമ്പാദിച്ചിട്ടുണ്ട്. തൽഫലമായി, 'ഖ'യുടെ മകനായ 'ഗ', 'ക'യെ കൊലചെയ്യുന്നു. കുറ്റകൃത്യത്തിനുള്ള പ്രേരണ കാണിക്കുന്നുവെന്ന നിലയിൽ ആ വിധിന്യായം നിലനിൽക്കുന്നുവെന്നുള്ളത് പ്രസക്തമാണ്.

(ഘ) മോഷണത്തിനും, മോഷണത്തിന് മുൻ കുറ്റസ്ഥാപനം ചെയ്തിട്ടുണ്ടെന്നുള്ളതിനും 'ക' ചാർജ് ചെയ്യപ്പെട്ടിരിക്കുന്നു. ഒരു വിവാദ്യവസ്തുത എന്ന നിലയിൽ മുൻ കുറ്റസ്ഥാപനം പ്രസക്തമാണ്.

(ങ) 'ഖ' യുടെ കൊലപാതകത്തിന് 'ക' വിചാരണ ചെയ്യപ്പെടുന്നു. അപമാനലേഖനത്തിന് 'ഖ', 'ക' യെ പ്രോസിക്യൂട്ടു ചെയ്തുവെന്നും 'ക' യുടെ മേൽ കുറ്റസ്ഥാപനം ചെയ്തുവെന്നും ശിക്ഷവിധിച്ചുവെന്നുമുള്ള വസ്തുത, വിവാദ്യവസ്തുതയ്ക്കുള്ള പ്രേരണ കാണിക്കുന്നുവെന്ന നിലയിൽ 6–ാം വകുപ്പിൻകീഴിൽ പ്രസക്തമാണ്.

വിധി ന്യായം സമ്പാദിക്കുന്നതിനുള്ള വഞ്ചനയോ കപട സന്ധിയോ അല്ലെങ്കിൽ കോടതി യുടെ ക്ഷമതയില്ലായ്മയോ തെളിയിക്കാമെന്ന്.

38. 34–ാം വകുപ്പിനോ 35–ാം വകുപ്പിനോ 36–ാം വകുപ്പിനോ കീഴിൽ പ്രസക്തമായതും എതിർകക്ഷി തെളിയിച്ചിട്ടുള്ളതുമായ ഏതെങ്കിലും വിധിന്യായമോ ഉത്തരവോ വിധിയോ അത് പുറപ്പെടുവിക്കാൻ ക്ഷമതയില്ലാത്ത ഒരു കോടതി പുറപ്പെടുവിച്ചതാണെന്നോ അല്ലെങ്കിൽ വഞ്ചനയോ കപടസന്ധിയോ വഴി സമ്പാദിച്ചതാണെന്നോ, ഒരു വ്യവഹാരത്തിലെയോ മറ്റ് നടപടിയിലെയോ ഏതെങ്കിലും കക്ഷിക്ക് കാണിക്കാവുന്നതാണ്.

## *കക്ഷികളല്ലാത്ത ആളുകളുടെ അഭിപ്രായങ്ങൾ എപ്പോൾ പ്രസക്തമാണെന്ന്*

39. (1) വിദേശനിയമമോ ശാസ്ത്രമോ കലയോ അല്ലെങ്കിൽ മറ്റേതെങ്കിലും മേഖലയോ സംബന്ധിച്ച ഒരു സംഗതിയിൻമേലോ, അല്ലെങ്കിൽ കൈപ്പടയുടെയോ വിരലടയാളങ്ങളുടെയോ അനന്യതയെക്കുറിച്ചോ കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള വിദേശനിയമത്തിലോ ശാസ്ത്രത്തിലോ കലയിലോ അല്ലെങ്കിൽ മറ്റേതെങ്കിലും മേഖലയിലോ കൈപ്പടയുടെയോ വിരലടയാളങ്ങളുടെയോ അനന്യതയെക്കുറിച്ചുള്ള പ്രശ്നങ്ങളിലോ വിശേഷാൽ നൈപുണ്യമുള്ള ആളുകളുടെ ആ സംഗതിയിൻമേലുള്ള അഭിപ്രായങ്ങൾ പ്രസക്തവസ്തുതകളാകുന്നതും, അങ്ങനെയുള്ള ആളുകളെ വിദഗ്ധർ എന്ന് പറയുന്നതുമാണ്. വിദഗ്ധരുടെ അഭിപ്രായങ്ങൾ.

*ദൃഷ്ടാന്തങ്ങൾ.*

(ക) '<u>ക</u>' യുടെ മരണം വിഷത്താലാണോ സംഭവിക്കപ്പെട്ടത് എന്നതാണ് പ്രശ്നം. '<u>ക</u>' മരിക്കാനിടയായതായി കരുതപ്പെടുന്ന, ആ വിഷം ഉളവാക്കുന്ന ലക്ഷണങ്ങൾ സംബന്ധിച്ചുള്ള വിദഗ്ധരുടെ അഭിപ്രായങ്ങൾ പ്രസക്തമാണ്.

(ഖ) ഒരു പ്രത്യേക കൃത്യം ചെയ്യുന്ന സമയത്ത് ചിത്തഭ്രമം കാരണമായി ആ കൃത്യത്തിന്റെ സ്വഭാവമോ, താൻ തെറ്റായതോ നിയമത്തിന് വിപരീതമായതോ ആണ് ചെയ്യുന്നതെന്നോ അറിയുവാൻ '<u>ക</u>' യ്ക്ക് കഴിവില്ലായിരുന്നോ എന്നതാണ് പ്രശ്നം. '<u>ക</u>' പ്രകടിപ്പിച്ച ലക്ഷണങ്ങൾ സാധാരണയായി ചിത്തഭ്രമത്തെ കാണിക്കുന്നതാണോ എന്നും അങ്ങനെയുള്ള ചിത്തഭ്രമം സാധാരണയായി തങ്ങൾ ചെയ്യുന്ന കൃത്യങ്ങളുടെ സ്വഭാവം അറിയുന്നതിനോ അല്ലെങ്കിൽ തങ്ങൾ ചെയ്യുന്നത് തെറ്റായതോ നിയമത്തിന് വിപരീതമായതോ ആണെന്ന് അറിയുന്നതിനോ ആളുകളെ കഴിവില്ലാതാക്കിത്തീർക്കുമോ എന്നുമുള്ള പ്രശ്നത്തിൻമേൽ വിദഗ്ധരുടെ അഭിപ്രായങ്ങൾ പ്രസക്തമാണ്.

(ഗ) ഒരു പ്രത്യേക രേഖ 'ക' എഴുതിയതാണോ എന്നുള്ളതാണ് പ്രശ്നം. 'ക' എഴുതിയിട്ടുള്ളതായി തെളിയിച്ചതോ സമ്മതിച്ചതോ ആയ മറ്റൊരു രേഖ ഹാജരാക്കപ്പെടുന്നു. രണ്ട് രേഖകളും ഒരേ ആൾ ആണോ അതോ വ്യത്യസ്തരായ ആളുകളാണോ എഴുതിയതെന്ന് എന്ന പ്രശ്നത്തിൻമേലുള്ള വിദഗ്ധരുടെ അഭിപ്രായങ്ങൾ പ്രസക്തമാണ്.

(2) ഏതെങ്കിലും കമ്പ്യൂട്ടർ റിസോഴ്സിൽ അല്ലെങ്കിൽ മറ്റേതെങ്കിലും ഇലക്ട്രോണിക്കോ ഡിജിറ്റലോ രൂപത്തിൽ സംപ്രേക്ഷണം ചെയ്യപ്പെട്ടതോ സംഭരിക്കപ്പെട്ടതോ ആയ ഏതെങ്കിലും വിവരവുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിൻമേൽ, ഒരു നടപടിയിൽ കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളപ്പോൾ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ്, 2000 (2000-ലെ 21)-ന്റെ 79ക വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഇലക്ട്രോണിക് തെളിവ് എക്സാമിനറുടെ അഭിപ്രായം, പ്രസക്തവസ്തുതയാണ്.

*വിശദീകരണം.*—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഇലക്ട്രോണിക് തെളിവ് എക്സാമിനർ ഒരു വിദഗ്ധൻ ആയിരിക്കുന്നതാണ്.

40. മറ്റുവിധത്തിൽ പ്രസക്തമല്ലാത്ത വസ്തുതകൾ, അവ വിദഗ്ധരുടെ അഭിപ്രായങ്ങളെ പിൻതാങ്ങുകയോ അല്ലെങ്കിൽ അവയുമായി അസംഗതമായിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള അഭിപ്രായങ്ങൾ പ്രസക്തമാകുമ്പോൾ, പ്രസക്തമാണ്. വിദഗ്ധരുടെ അഭിപ്രായങ്ങളോട് ബന്ധമുള്ള വസ്തുതകൾ.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു പ്രത്യേക വിഷത്താൽ 'ക' വിഷബാധിതനായോ എന്നതാണ് പ്രശ്നം. ആ വിഷത്താൽ വിഷബാധിതരായ മറ്റാളുകൾ, വിഷത്തിന്റെ ലക്ഷണങ്ങളാണെന്ന് വിദഗ്ധർ ഉറപ്പിച്ചുപറയുന്നതോ നിഷേധിക്കുന്നതോ ആയ, ചില ലക്ഷണങ്ങൾ പ്രകടിപ്പിച്ചു എന്ന വസ്തുത പ്രസക്തമാണ്.

(ഖ) ഏതെങ്കിലും ഒരു കടൽഭിത്തിയാലാണോ ഒരു തുറമുഖത്തിന് തടസ്സം ഉണ്ടായത് എന്നതാണ് പ്രശ്നം. അങ്ങനെയുള്ള കടൽഭിത്തിയില്ലാത്തതും എന്നാൽ മറ്റ് സംഗതികളിൽ അതേപോലെ യുള്ളതുമായ മറ്റ് തുറമുഖങ്ങൾക്ക് ഏതാണ്ട് അതേ സമയത്ത് തടസ്സം ഉണ്ടാകുവാൻ തുടങ്ങി എന്ന വസ്തുത പ്രസക്തമാണ്.

കൈപ്പട യെക്കുറിച്ചും ഒപ്പിനെ ക്കുറിച്ചുമുള്ള അഭിപ്രായം എപ്പോൾ പ്രസക്ത മാണെന്ന്.

41. (1) ഏതെങ്കിലും രേഖ എഴുതിയതോ ഒപ്പുവച്ചതോ ആരാണെന്നതിനെ സംബന്ധിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളപ്പോൾ, അത് എഴുതിയതായോ ഒപ്പുവച്ചതായോ കരുതപ്പെടുന്ന ആൾ എഴുതിയതോ ഒപ്പുവച്ചതോ ആണെന്നോ അല്ലെന്നോ ഉള്ള, ആ ആളുടെ കൈപ്പട പരിചയമുള്ള ഏതെങ്കിലും ആളുടെ അഭിപ്രായം പ്രസക്തവസ്തുതയാണ്.

*വിശദീകരണം.*—ഒരാൾ മറ്റൊരാൾ എഴുതുന്നത് കണ്ടിരിക്കുകയോ അല്ലെങ്കിൽ താൻ തന്നെയോ തന്റെ അധികാരത്തിൻകീഴിലോ എഴുതിയതും ആ ആളെ സംബോധന ചെയ്യുന്നതുമായ രേഖകൾക്ക് മറുപടിയായി ആ ആൾ എഴുതിയതെന്ന് കരുതപ്പെടുന്ന രേഖകൾ തനിക്ക് ലഭിച്ചിരിക്കുകയോ അല്ലെങ്കിൽ സാധാരണ ബിസിനസ്സ്മുറയിൽ, ആ ആൾ എഴുതിയതെന്ന് കരുതപ്പെടുന്ന രേഖകൾ പതിവായി അയാൾക്ക് സമർപ്പി ച്ചുകൊണ്ടിരിക്കുകയോ ചെയ്യുമ്പോൾ അയാൾ മറ്റൊരാളുടെ കൈപ്പടയുമായി പരിചയമുള്ളയാളാണെന്ന് പറയപ്പെടുന്നു.

*ദൃഷ്ടാന്തം.*

ഇറ്റാനഗറിലെ ഒരു കച്ചവടക്കാരനായ '<u>ക</u>' യുടെ കൈപ്പടയിലുള്ളതാണോ ഒരു കത്ത് എന്നതാണ് പ്രശ്നം. '<u>ക</u>' യെ സംബോധനചെയ്തുകൊണ്ടുള്ള കത്തുകൾ എഴുതുകയും അയാൾ എഴുതിയതായി കരുതപ്പെടുന്ന കത്തുകൾ കിട്ടുകയും ചെയ്തിട്ടുള്ള ബംഗ ലൂരുവിലെ ഒരു കച്ചവടക്കാരനാണ് '<u>ഖ</u>'. '<u>ഖ</u>' യുടെ കത്തിടപാടുകൾ പരിശോധിക്കുകയും ഫയൽ ചെയ്യുകയും ചെയ്യുന്നത് കർത്തവ്യമായിട്ടുള്ള ആളാണ് '<u>ഖ</u>' യുടെ ക്ലാർക്ക് ആയ '<u>ഗ</u>'. '<u>ക</u>' എഴുതിയതാണെന്ന് കരുതപ്പെടുന്ന കത്തുകൾ, അത് സംബന്ധിച്ച് അയാളുടെ ഉപദേശത്തിനായി

'ഖ' പതിവായി സമർപ്പിക്കാറുള്ള അയാളുടെ ദല്ലാളാണ് 'ഘ'. ആ കത്ത് 'ക'യുടെ കൈപ്പടയിലാണോ എന്ന പ്രശ്നത്തിൻമേലുള്ള 'ഖ' യുടെയും 'ഗ' യുടെയും 'ഘ' യുടെയും അഭിപ്രായങ്ങൾ, 'ക' എഴുതുന്നത് 'ഖ' യോ 'ഗ' യോ 'ഘ' യോ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും പ്രസക്തമാണ്.

(2) കോടതിക്ക്, ഏതെങ്കിലും ആളിന്റെ ഇലക്ട്രോണിക് ഒപ്പിനെക്കുറിച്ച് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളിടത്ത്, ഇലക്ട്രോണിക് ഒപ്പ് സാക്ഷ്യപത്രം നൽകിയ സാക്ഷ്യപ്പെടുത്തൽ അതോറിറ്റിയുടെ അഭിപ്രായം പ്രസക്തവസ്തുതയാണ്.

പൊതുവായ ആചാരത്തിന്റെയോ അവകാശത്തിന്റെയോ നിലനിൽക്കലിനെക്കുറിച്ചുള്ള അഭിപ്രായം എപ്പോൾ പ്രസക്തമാണെന്ന്.

42. ഏതെങ്കിലും പൊതുവായ ആചാരത്തിന്റെയോ അവകാശത്തിന്റെയോ നിലനിൽക്കലിനെക്കുറിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളിടത്ത്, അങ്ങനെയുള്ള ആചാരമോ അവകാശമോ ഉണ്ടായിരുന്നുവെങ്കിൽ അതിന്റെ നിലനിൽക്കലിനെക്കുറിച്ച് അറിയുവാൻ ഇടയുള്ള ആളുകളുടെ അതിന്റെ നിലനിൽക്കലിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പ്രസക്തമാണ്.

*വിശദീകരണം*.—"പൊതുവായ ആചാരത്തിന്റെയോ അവകാശത്തിന്റെയോ" എന്ന പദപ്രയോഗത്തിൽ ആളുകളുടെ ഏതെങ്കിലും ഗണ്യമായ വിഭാഗത്തിന്റെ പൊതുവായ ആചാരങ്ങളോ അവകാശങ്ങളോ ഉൾപ്പെടുന്നതാണ്.

*ദൃഷ്ടാന്തം.*

ഒരു പ്രത്യേക കിണറിലെ വെള്ളം ഉപയോഗിക്കാൻ ഒരു പ്രത്യേക ഗ്രാമത്തിലെ ഗ്രാമവാസികൾക്കുള്ള അവകാശം ഈ വകുപ്പിന്റെ അർഥത്തിനുള്ളിൽ ഒരു പൊതുവായ അവകാശമാണ്.

വഴക്കങ്ങൾ, സിദ്ധാന്തങ്ങൾ മുതലായവയെക്കുറിച്ചുള്ള അഭിപ്രായം എപ്പോൾ പ്രസക്തമാണെന്ന്.

43. (i) ഏതെങ്കിലും ആളുകളുടെ നികായത്തിന്റെയോ കുടുംബത്തിന്റെയോ വഴക്കങ്ങളെയും സിദ്ധാന്തങ്ങളെയും കുറിച്ചോ;

(ii) ഏതെങ്കിലും മതപരമായതോ ധർമ്മപരമായതോ ആയ സ്ഥാപനത്തിന്റെ ഘടനയെയും ഭരണത്തെയും കുറിച്ചോ; അല്ലെങ്കിൽ

(iii) പ്രത്യേക ജില്ലകളിലോ പ്രത്യേക ജനവിഭാഗങ്ങളോ ഉപയോഗിക്കുന്ന വാക്കുകളുടെയോ പദങ്ങളുടെയോ അർഥത്തെയും കുറിച്ചോ,

കോടതിക്ക് ഒരഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളപ്പോൾ അതിനെപ്പറ്റി അറിയുവാൻ വിശേഷാൽ മാർഗമുള്ള ആളുകളുടെ അഭിപ്രായങ്ങൾ പ്രസക്തവസ്തുതകളാണ്.

ബന്ധുത്വത്തെ കുറിച്ചുള്ള അഭിപ്രായം എപ്പോൾ പ്രസക്തമാണെന്ന്.

44. ഒരാൾക്ക് മറ്റൊരാളുമായുള്ള ബന്ധത്തെക്കുറിച്ച് കോടതിക്ക് ഒരു അഭിപ്രായം രൂപവൽക്കരിക്കേണ്ടതായിട്ടുള്ളപ്പോൾ, കുടുംബത്തിലെ ഒരംഗമെന്ന നിലയിലോ മറ്റുവിധത്തിലോ ആ വിഷയത്തെപ്പറ്റി അറിയുവാൻ വിശേഷാൽ മാർഗമുള്ള ഏതെങ്കിലും ആൾ, അങ്ങനെയുള്ള ബന്ധുത്വത്തിന്റെ നിലനിൽക്കലിനെക്കുറിച്ച് പെരുമാറ്റം വഴി പ്രകടമാക്കുന്ന അഭിപ്രായം ഒരു പ്രസക്തവസ്തുതയാണ്:

എന്നാൽ അങ്ങനെയുള്ള അഭിപ്രായം വിവാഹമോചന ആക്റ്റ്, 1869 (1869–ലെ 4)–നുകീഴിലുള്ള നടപടികളിലോ ഭാരതീയ നീതി സംഹിത, 2023–ന്റെ 82ഉം 84ഉം വകുപ്പുകളിൻകീഴിലുള്ള പ്രോസിക്യൂഷനിലോ ഒരു വിവാഹം തെളിയിക്കുവാൻ പര്യാപ്തമാകുന്നതല്ല.

*ദൃഷ്ടാന്തങ്ങൾ.*

(ക) '<u>ക</u>'യും '<u>ഖ</u>'യും വിവാഹിതരായിരുന്നോ എന്നതാണ് പ്രശ്നം. അവരുടെ സുഹൃത്തുക്കൾ സാധാരണയായി ഭർത്താവും ഭാര്യയും എന്ന നിലയിൽ അവരെ സ്വീകരിക്കുകയും അവരോട് പെരുമാറുകയും ചെയ്തിരുന്നുവെന്ന വസ്തുത പ്രസക്തമാണ്.

(ഖ) '<u>ക</u>', '<u>ഖ</u>' യുടെ നിയമാനുസൃത പുത്രനായിരുന്നോ എന്നതാണ് പ്രശ്നം. ആ കുടുംബത്തിലെ അംഗങ്ങൾ '<u>ക</u>' യോട് എപ്പോഴും അങ്ങനെയാണ് പെരുമാറിയിരുന്നതെന്ന വസ്തുത പ്രസക്തമാണ്.

അഭിപ്രായത്തിനുള്ള കാരണങ്ങൾ എപ്പോൾ പ്രസക്തമാണെന്ന്.

45. ജീവിച്ചിരിക്കുന്ന ഏതെങ്കിലും ആളുടെ അഭിപ്രായം പ്രസക്തമായിരിക്കുമ്പോഴെല്ലാം, അങ്ങനെയുള്ള അഭിപ്രായത്തിന് അടിസ്ഥാനമായ കാരണങ്ങളും പ്രസക്തമാണ്.

*ദൃഷ്ടാന്തം.*

ഒരു വിദഗ്ധന് തന്റെ അഭിപ്രായം രൂപവൽക്കരിക്കുന്നതിനുവേണ്ടി താൻ നടത്തിയിട്ടുള്ള പരീക്ഷണങ്ങളുടെ ഒരു വിവരണം നൽകാവുന്നതാണ്.

## *സ്വഭാവം എപ്പോൾ പ്രസക്തമാണെന്ന്*

സിവിൽ കേസുകളിൽ, ആരോപിക്കപ്പെട്ട പെരുമാറ്റം തെളിയിക്കുന്നതിന് സ്വഭാവം അപ്രസക്തമാണെന്ന്.

46. സിവിൽ കേസുകളിൽ ബന്ധപ്പെട്ട ഏതെങ്കിലും ആളുടെ സ്വഭാവം അയാളിൽ ആരോപിച്ചിരിക്കുന്ന ഏതെങ്കിലും പെരുമാറ്റം സംഭവ്യമോ അസംഭവ്യമോ ആകത്തക്കതാണെന്നുള്ള വസ്തുത, അങ്ങനെയുള്ള സ്വഭാവം മറ്റുവിധത്തിൽ പ്രസക്തമായ വസ്തുതകളിൽനിന്ന് കാണപ്പെടുന്നിടത്തോളമൊഴികെ, അപ്രസക്തമാണ്.

മുമ്പുള്ള നല്ല സ്വഭാവം ക്രിമിനൽ കേസുകളിൽ പ്രസക്തമാണെന്ന്.

47. ക്രിമിനൽ നടപടികളിൽ കുറ്റം ആരോപിക്കപ്പെട്ട ആൾ നല്ല സ്വഭാവമുള്ളതാണെന്നുള്ള വസ്തുത പ്രസക്തമാണ്.

സ്വഭാവത്തിന്റെയോ മുൻ ലൈംഗിക അനുഭവത്തിന്റെയോ തെളിവ് ചില കേസുകളിൽ പ്രസക്തമല്ലെന്ന്.

48. ഭാരതീയ നീതി സംഹിത, 2023-ലെ 64-ാം വകുപ്പിനോ 65-ാം വകുപ്പിനോ 66-ാം വകുപ്പിനോ 67-ാം വകുപ്പിനോ 68-ാം വകുപ്പിനോ 69-ാം വകുപ്പിനോ 70-ാം വകുപ്പിനോ 71-ാം വകുപ്പിനോ 74-ാം വകുപ്പിനോ 75-ാം വകുപ്പിനോ 76-ാം വകുപ്പിനോ 77-ാം വകുപ്പിനോ 78-ാം വകുപ്പിനോ കീഴിലുള്ള കുറ്റത്തിനുള്ള ഒരു പ്രോസിക്യൂഷനിൽ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കുറ്റം ചെയ്യാനുള്ള ശ്രമത്തിൽ സമ്മതത്തെ സംബന്ധിച്ച പ്രശ്നം വിവാദവിഷയമാകുന്നിടത്ത്, ഇരയുടെ സ്വഭാവത്തിന്റെയോ ഏതെങ്കിലും ആളുമായി അങ്ങനെയുള്ള ആളിന്റെ മുൻ ലൈംഗികാനുഭവത്തിന്റെയോ തെളിവ് അങ്ങനെയുള്ള സമ്മതത്തിന്റെ നൽകലിന് അല്ലെങ്കിൽ സമ്മതത്തിന്റെ ഭാവത്തിന് പ്രസക്തമല്ലാത്തതാണ്.

മുമ്പുള്ള മോശം സ്വഭാവം എതിർ തെളിവായി അല്ലാതെ പ്രസക്തമല്ലെന്ന്.

49. ക്രിമിനൽ നടപടികളിൽ, കുറ്റാരോപിതന്മോശം സ്വഭാവമുണ്ടെന്നുള്ള വസ്തുത അപ്രസക്തമായതും അയാൾക്ക് നല്ല സ്വഭാവമുണ്ടെന്നുള്ള തെളിവ് നൽകുന്നപക്ഷം പ്രസക്തവുമാണ്.

*വിശദീകരണം* 1.—ഏതെങ്കിലും ആളുടെ മോശം സ്വഭാവം തന്നെ വിവാദ്യവസ്തുതയായിട്ടുള്ള കേസുകൾക്ക് ഈ വകുപ്പ് ബാധകമാകുന്നതല്ല.

*വിശദീകരണം* 2.—മോശം സ്വഭാവത്തിന്റെ തെളിവെന്ന നിലയിൽ ഒരു മുൻ കുറ്റസ്ഥാപനം പ്രസക്തമാണ്.

50. സിവിൽ കേസുകളിൽ ഏതെങ്കിലും ആളുടെ സ്വഭാവം, അയാൾക്ക് കിട്ടേണ്ടതായ നഷ്ടപരിഹാരത്തെ ബാധിക്കത്തക്കതാണെന്ന വസ്തുത പ്രസക്തമാണ്. നഷ്ടപരിഹാരത്തെ ബാധിക്കുന്നതായ സ്വഭാവം.

*വിശദീകരണം.*—ഈ വകുപ്പിലും 46, 47, 49 എന്നീ വകുപ്പുകളിലും ''സ്വഭാവം'' എന്ന വാക്കിൽ ഖ്യാതിയും പ്രകൃതവും ഉൾപ്പെടുന്നു; എന്നാൽ 49–ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരമൊഴികെ, സാമാന്യ ഖ്യാതിയും സാമാന്യപ്രകൃതവും സംബന്ധിച്ച് മാത്രം തെളിവ് നൽകാവുന്നതും ഖ്യാതിയെയോ പ്രകൃതത്തെയോ കാണിക്കുന്ന പ്രത്യേക കൃത്യങ്ങൾ സംബന്ധിച്ച് പാടില്ലാത്തതുമാണ്.

# ഭാഗം III

## തെളിയിക്കലിനെക്കുറിച്ച്

## അധ്യായം III

## തെളിയിക്കപ്പെടേണ്ടതില്ലാത്ത വസ്തുതകൾ

51. കോടതി ജുഡീഷ്യൽ നോട്ടീസ് എടുക്കുന്ന യാതൊരു വസ്തുതയും തെളിയിക്കേണ്ടതില്ല. ജുഡീഷ്യലായി നോട്ടീസ് എടുക്കാവുന്ന വസ്തുത തെളിയിക്കേണ്ടതില്ലെന്ന്.

52. (1) താഴെപ്പറയുന്ന വസ്തുതകൾ സംബന്ധിച്ച് കോടതി ജുഡീഷ്യൽ നോട്ടീസ് എടുക്കേണ്ടതാണ്, അതായത്:— കോടതി ജുഡീഷ്യൽ നോട്ടീസ് എടുക്കേണ്ട വസ്തുതകൾ.

(ക) ഭൂപ്രദേശത്തിനപ്പുറത്ത് പ്രയോഗത്തിലുള്ള നിയമങ്ങൾ ഉൾപ്പെടെ ഇൻഡ്യയുടെ ഭൂപ്രദേശത്തിൽ പ്രാബല്യത്തിലിരിക്കുന്ന എല്ലാ നിയമങ്ങളും;

(ഖ) ഒരു രാജ്യവുമായോ രാജ്യങ്ങളുമായോ ഇൻഡ്യ നടത്തുന്ന അന്താരാഷ്ട്ര ഉടമ്പടി, കരാർ അല്ലെങ്കിൽ കൺവെൻഷൻ, അല്ലെങ്കിൽ അന്താരാഷ്ട്ര അസോസിയേഷനുകളിലോ മറ്റ് നികായ ങ്ങളിലോ ഇൻഡ്യ എടുക്കുന്ന തീരുമാനങ്ങൾ;

(ഗ) ഇൻഡ്യൻ കോൺസ്റ്റിറ്റുവന്റ് അസംബ്ലിയുടെയും, ഇൻഡ്യൻ പാർലമെന്റിന്റെയും സംസ്ഥാന നിയമസഭകളുടെയും നടപടിക്രമം;

(ഘ) എല്ലാ കോടതികളുടെയും ട്രിബ്യൂണലുകളുടെയും മുദ്രകൾ;

(ങ) അഡ്മിറാൽറ്റിയും മാരിറ്റൈമും അധികാരിതയുള്ള കോടതികളുടെയും നോട്ടറി പബ്ലിക്കുകളുടെയും മുദ്രകളും, ഭരണഘടനയോ, അല്ലെങ്കിൽ പാർലമെന്റിന്റെയോ സംസ്ഥാന നിയമ സഭകളുടെയോ ഒരു ആക്റ്റോ, അല്ലെങ്കിൽ ഇൻഡ്യയിൽ നിയമ ത്തിന്റെ പിൻബലമുള്ള റെഗുലേഷനുകളോ പ്രകാരം ഏതെങ്കിലും ആൾക്ക് ഉപയോഗിക്കുവാൻ അധികാരം നൽകിയിട്ടുള്ള എല്ലാ മുദ്രകളും;

(ച) ഏതെങ്കിലും സംസ്ഥാനത്തിലെ ഏതെങ്കിലും പബ്ലിക് ഓഫീസിൽ തൽസമയം ഉദ്യോഗത്തിലിരിക്കുന്ന ആളുകളുടെ ഉദ്യോഗസ്ഥാനമേൽക്കലും പേരുകളും പദവികളും ചുമതലകളും ഒപ്പുകളും, അങ്ങനെയുള്ള ഉദ്യോഗത്തിൽ അവരെ നിയമിച്ച വസ്തുത ഏതെങ്കിലും ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ;

(ഛ) ഇൻഡ്യാ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ഓരോ രാജ്യത്തിന്റെയും അല്ലെങ്കിൽ പരമാധികാരിയുടെയും നിലനിൽക്കലും പദവിയും ദേശീയപതാകയും;

(ജ) സമയവിഭാഗങ്ങളും, ഭൂലോകത്തിന്റെ ഭൂമിശാസ്ത്ര പരമായ വിഭാഗങ്ങളും, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പൊതു ഉൽസവങ്ങളും ഉപവാസങ്ങളും ഒഴിവു ദിവസങ്ങളും;

(ഝ) ഇൻഡ്യയുടെ ഭൂപ്രദേശം;

(ഞ) ഇൻഡ്യാ ഗവൺമെന്റും മറ്റേതെങ്കിലും രാജ്യവുമായോ ആളുകളുടെ നികായവുമായോ ഉള്ള യുദ്ധനടപടികളുടെ ആരംഭവും തുടർച്ചയും പര്യവസാനവും;

(ട) കോടതിയിലെ അംഗങ്ങളുടെയും ഓഫീസർമാരുടെയും അവരുടെ ഡെപ്യൂട്ടികളുടെയും കീഴുദ്യോഗസ്ഥരുടെയും അസിസ്റ്റന്റു മാരുടെയും കൂടാതെ അതിന്റെ പ്രോസസ്സ് നടത്തുന്നതിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസർമാരുടെയും അഭിഭാഷകരുടെയും അതിന്റെ മുമ്പാകെ ഹാജരാകുവാനോ പ്രവർത്തിക്കുവാനോ നിയമത്താൽ അധികാരപ്പെടുത്തപ്പെട്ട മറ്റ് ആളുകളുടെയും പേരുകൾ;

(ഠ) കരയിലോ കടലിലോ ഉള്ള ഗതാഗത ചട്ടം.

(2) (1)–ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന സംഗതികളിലും കൂടാതെ പൊതുചരിത്രമോ സാഹിത്യമോ ശാസ്ത്രമോ കലയോ സംബന്ധിച്ച എല്ലാ വിഷയങ്ങളിലും കോടതിക്ക് അതിന്റെ സഹായത്തി നായി റഫറൻസിനായുള്ള ഉചിതമായ പുസ്തകങ്ങളെയോ രേഖകളെയോ ആശ്രയിക്കാവുന്നതും ഏതെങ്കിലും വസ്തുത സംബന്ധിച്ച് ജുഡീഷ്യൽ നോട്ടീസ് എടുക്കണമെന്ന് കോടതിയോട് ഏതെങ്കിലും ആൾ അപേക്ഷിക്കുന്നുവെങ്കിൽ, അങ്ങനെ ചെയ്യുന്നതിന് അതിനെ പ്രാപ്തമാക്കുന്നതിന് ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള ഏതെങ്കിലും പുസ്തകമോ രേഖയോ അങ്ങനെയുള്ള ആൾ ഹാജരാക്കാത്ത പക്ഷവും അതുവരെയും, അപ്രകാരം ചെയ്യുന്നതിന് അതിന് വിസമ്മതിക്കാവുന്നതാണ്.

അഡ്മിറ്റ് ചെയ്ത വസ്തുതകൾ തെളിയിക്കേണ്ടതില്ലെന്ന്.

53. ഏതെങ്കിലും നടപടിയിൽ, അതിലെ കക്ഷികളോ അവരുടെ ഏജന്റുമാരോ അഡ്മിറ്റ് ചെയ്യാമെന്ന് വാദം കേൾക്കൽ സമയത്ത് സമ്മതിക്കുന്നതോ അല്ലെങ്കിൽ അവരുടെ കൈപ്പടയിലുള്ള ഏതെങ്കിലും ലിഖിതം വഴി അഡ്മിറ്റ് ചെയ്യാമെന്ന് വാദം കേൾക്കുന്നതിന് മുമ്പ് സമ്മതിക്കുന്നതോ അല്ലെങ്കിൽ പ്ലീഡിംഗ് സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ചട്ടപ്രകാരം അവരുടെ പ്ലീഡിംഗ് വഴി അവർ അഡ്മിറ്റ് ചെയ്തതായി കരുതപ്പെടുന്നതോ ആയ യാതൊരു വസ്തുതയും തെളിയിക്കേണ്ടതില്ല:

എന്നാൽ കോടതിക്ക്, അഡ്മിറ്റ് ചെയ്യപ്പെട്ട വസ്തുതകൾ അങ്ങനെയുള്ള അഡ്മിഷനുകൾ വഴിയല്ലാതെ തെളിയിക്കണമെന്ന് അതിന്റെ വിവേചനാധികാരത്താൽ ആവശ്യപ്പെടാവുന്നതാണ്.

## അധ്യായം IV

## വാക്കാൽ തെളിവിനെക്കുറിച്ച്

വാക്കാൽ തെളിവ്‌വഴി വസ്തുതകൾ തെളിയിക്കൽ.

54. രേഖകളുടെ ഉള്ളടക്കം ഒഴികെയുള്ള എല്ലാ വസ്തുതകളും വാക്കാൽ തെളിവുവഴി തെളിയിക്കാവുന്നതാണ്.

വാക്കാൽ തെളിവ് നേരിട്ടുള്ളതായിരിക്കണമെന്ന്.

55. വാക്കാൽ തെളിവ്, എല്ലാ സംഗതികളിലും, അത് എന്തു തന്നെയായാലും, നേരിട്ടുള്ളതായിരിക്കണം; അതായത്,–

(i) അത് കാണാൻ കഴിയുന്ന ഒരു വസ്തുതയെക്കുറിച്ചുള്ളതാണെങ്കിൽ, അത് താൻ കണ്ടുവെന്ന് പറയുന്ന ഒരു സാക്ഷിയുടെ തെളിവായിരിക്കണം;

(ii) അത് കേൾക്കാൻ കഴിയുന്ന ഒരു വസ്തുതയെക്കുറിച്ചുള്ളതാണെങ്കിൽ, അത് താൻ കേട്ടുവെന്ന് പറയുന്ന ഒരു സാക്ഷിയുടെ തെളിവായിരിക്കണം;

(iii) അത് മറ്റേതെങ്കിലും ഇന്ദ്രിയത്താലോ മറ്റേതെങ്കിലും രീതിയിലോ ഗ്രഹിക്കുവാൻ കഴിയുന്ന ഒരു വസ്തുതയെക്കുറിച്ചുള്ളതാണെങ്കിൽ, അത് താൻ ആ ഇന്ദ്രിയത്താലോ അല്ലെങ്കിൽ ആ രീതിയിലോ ഗ്രഹിച്ചുവെന്ന് പറയുന്ന ഒരു സാക്ഷിയുടെ തെളിവായിരിക്കണം;

(iv) അത് ഒരു അഭിപ്രായത്തെയോ, ആ അഭിപ്രായം വച്ചുകൊണ്ടിരിക്കുന്നതിനുള്ള കാരണങ്ങളെയോ കുറിച്ചുള്ളതാണെങ്കിൽ ആ അഭിപ്രായം ആ കാരണങ്ങളിൻമേൽ വച്ചുകൊണ്ടിരിക്കുന്ന ആളുടെ തെളിവായിരിക്കണം:

എന്നാൽ സാധാരണയായി വിൽപ്പനയ്ക്ക് വച്ചിട്ടുള്ള ഏതെങ്കിലും ഗ്രന്ഥത്തിൽ പ്രകടിപ്പിച്ചിട്ടുള്ള വിദഗ്ധരുടെ അഭിപ്രായങ്ങളും അങ്ങനെയുള്ള അഭിപ്രായങ്ങൾ വച്ചുകൊണ്ടിരിക്കുന്നതായ ആ കാരണങ്ങളും, ഗ്രന്ഥകർത്താവ് മരിച്ചുപോവുകയോ കണ്ടെത്തുവാൻ കഴിയാതിരിക്കുകയോ അല്ലെങ്കിൽ തെളിവ് കൊടുക്കുന്നതിന് കഴിവില്ലാതായിത്തീരുകയോ അല്ലെങ്കിൽ അന്യായമാണെന്ന് കോടതി കരുതുന്നത്ര കാലതാമസമോ ചെലവോ കൂടാതെ ഒരു സാക്ഷിയായി വിളിക്കുവാൻ കഴിയാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ, അങ്ങനെയുള്ള ഗ്രന്ഥങ്ങൾ ഹാജരാക്കുന്നതുവഴി തെളിയിക്കാവുന്നതാണ്:

എന്നുമാത്രമല്ല, വാക്കാൽത്തെളിവ് ഒരു രേഖ അല്ലാതെയുള്ള ഏതെങ്കിലും ഭൗതികമായ സാധനത്തിന്റെ നിലനിൽക്കലിനെയോ അവസ്ഥയെയോ കുറിച്ച് പരാമർശിക്കുന്നതാണെങ്കിൽ, കോടതിക്ക്, അതിന് യുക്തമെന്ന് തോന്നുന്നുവെങ്കിൽ, അതിന്റെ പരിശോധനയ്ക്കായി അങ്ങനെയുള്ള ഭൗതികമായ സാധനം ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

## അധ്യായം V

## രേഖാമൂലമുള്ള തെളിവിനെക്കുറിച്ച്

*രേഖകളുടെ ഉള്ളടക്കം തെളിയിക്കൽ.*

56. രേഖകളുടെ ഉള്ളടക്കം ഒന്നുകിൽ പ്രാഥമികമോ അല്ലെങ്കിൽ ദ്വിതീയകമോ ആയ തെളിവുവഴി തെളിയിക്കാവുന്നതാണ്.

*പ്രാഥമിക തെളിവ്.*

57. പ്രാഥമികത്തെളിവ് എന്നാൽ കോടതിയുടെ പരിശോധനയ്ക്കായി ഹാജരാക്കിയ രേഖ തന്നെ എന്നർഥമാകുന്നു.

*വിശദീകരണം* 1.—ഒരു രേഖ പല ഭാഗങ്ങളായി ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളിടത്ത്, ഓരോ ഭാഗവും രേഖയുടെ പ്രാഥമികത്തെളിവാകുന്നു.

*വിശദീകരണം* 2.—മറുരേഖയായി ഒപ്പിട്ടുപൂർത്തീകരിച്ചിട്ടുള്ള ഒരു രേഖ, ഓരോ മറുരേഖയും കക്ഷികളിൽ ഒരാളോ അല്ലെങ്കിൽ ചിലർ മാത്രമോ ഒപ്പിട്ട് പൂർത്തീകരിച്ചിട്ടുള്ളിടത്ത് ഓരോ മറുരേഖയും, അത് ഒപ്പിട്ടുപൂർത്തീകരിക്കുന്ന കക്ഷികൾക്കെതിരായി പ്രാഥമികത്തെളിവാകുന്നു.

*വിശദീകരണം* 3.—അച്ചടിയുടെയോ ലിത്തോഗ്രഫിയുടെയോ ഫോട്ടോഗ്രഫിയുടെയോ സംഗതിയിലെന്ന പോലെ അനേകം രേഖകൾ എല്ലാം ഒരു ഏകീകൃത പ്രക്രിയയാൽ ഉണ്ടാക്കിയതാകുന്നിടത്ത് ഓരോന്നും ബാക്കിയുള്ളവയുടെ ഉള്ളടക്കത്തിന്റെ പ്രാഥമികത്തെളിവാകുന്നു; എന്നാൽ അവയെല്ലാം ഒരു പൊതുവായ അസ്സലിന്റെ പകർപ്പുകളാകുന്നിടത്ത് അവ അസ്സലിന്റെ ഉള്ളടക്കത്തിന്റെ പ്രാഥമികത്തെളിവാകുന്നതല്ല.

*വിശദീകരണം* 4.—ഒരു ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡ് സൃഷ്ടിക്കുകയോ സംഭരിക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള സംഭരണം ഒന്നിലധികം ഫയലുകളിൽ ഒരേസമയത്തോ അനുക്രമമായോ സംഭവിക്കുമ്പോൾ, അങ്ങനെയുള്ള ഓരോ ഫയലും പ്രാഥമികത്തെളിവാകുന്നു.

*വിശദീകരണം* 5.—ഒരു ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡ് ശരിയായ സൂക്ഷിപ്പിൽ നിന്നും ഹാജരാക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള ഇലക്ട്രോണിക്കും ഡിജിറ്റലുമായ റിക്കാർഡ്, തർക്കമില്ലാത്തപക്ഷം, പ്രാഥമികത്തെളിവാകുന്നു.

*വിശദീകരണം* 6.—ഒരു വീഡിയോ റെക്കോർഡിംഗ് ഒരേസമയം ഇലക്ട്രോണിക് രൂപത്തിൽ സംഭരിക്കുകയും മറ്റൊന്നിലേക്ക് ട്രാൻസ്മിറ്റ് ചെയ്യുകയോ പ്രക്ഷേപണം ചെയ്യുകയോ മാറ്റുകയോ ചെയ്യുന്നിടത്ത്, സംഭരിച്ചിരിക്കുന്ന ഓരോ റെക്കോർഡിംഗുകളും പ്രാഥമികത്തെളിവാകുന്നു.

*വിശദീകരണം* 7.—ഒരു കമ്പ്യൂട്ടർ റിസോഴ്സിലെ ഒന്നിലധികം സ്റ്റോറേജ് ഇടങ്ങളിൽ ഒരു ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡ് സംഭരിച്ചിരിക്കുന്നിടത്ത്, താൽക്കാലിക ഫയലുകൾ ഉൾപ്പെടെ, അങ്ങനെയുള്ള ഓരോ ഓട്ടോമേറ്റഡ് സ്റ്റോറേജും പ്രാഥമികത്തെളിവാകുന്നു.

*ദൃഷ്ടാന്തം.*

ഒരാൾ, ഒരു അസ്സലിൽനിന്ന് ഒരേസമയത്ത് അച്ചടിച്ചിട്ടുള്ള അനേകം പ്ലക്കാർഡുകൾ കൈവശം വച്ചിരുന്നുവെന്ന് കാണിച്ചിരിക്കുന്നു. പ്ലക്കാർഡുകളിൽ ഏതെങ്കിലും ഒന്ന് മറ്റേതിന്റെയെങ്കിലും ഉള്ളടക്കത്തിന്റെ പ്രാഥമികത്തെളിവാകുന്നു, എന്നാൽ അവയിൽ യാതൊന്നും അസ്സലിന്റെ ഉള്ളടക്കത്തിന്റെ പ്രാഥമികത്തെളിവാകുന്നതല്ല.

58. ദ്വിതീയകത്തെളിവ് എന്നതിൽ— ദ്വിതീയക ത്തെളിവ്

(i) ഇതിനുശേഷം അടങ്ങിയിട്ടുള്ള വ്യവസ്ഥകളിൻകീഴിൽ നൽകിയിട്ടുള്ള സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ;

(ii) അസ്സലിൽ നിന്ന് പകർപ്പിന്റെ കൃത്യത അവയിൽത്തന്നെ ഉറപ്പുവരുത്തുന്ന യാന്ത്രികപ്രക്രിയകൾവഴി ഉണ്ടാക്കിയിട്ടുള്ള പകർപ്പുകളും അങ്ങനെയുള്ള പകർപ്പുകളുമായി ഒത്തുനോക്കിയിട്ടുള്ള പകർപ്പുകളും;

(iii) അസ്സലിൽ നിന്ന് ഉണ്ടാക്കിയതോ ഒത്തുനോക്കിയതോ ആയ പകർപ്പുകൾ;

(iv) രേഖകൾ ഒപ്പിട്ടു പൂർത്തീകരിച്ചിട്ടില്ലാത്ത കക്ഷികൾക്കെതിരെയുള്ളവയുടെ മറുരേഖകൾ;

(v) താൻ തന്നെ കണ്ടിട്ടുള്ള ഒരു രേഖയുടെ ഉള്ളടക്കത്തെക്കുറിച്ച് ഏതെങ്കിലും ആൾ നൽകിയിട്ടുള്ള വാക്കാൽ വിവരണങ്ങൾ;

(vi) വാക്കാലുള്ള അഡ്മിഷനുകൾ;

(vii) രേഖാമൂലമുള്ള അഡ്മിഷനുകൾ;

(viii) അസ്സലിൽ നിരവധി കണക്കുകളോ മറ്റ് രേഖകളോ അടങ്ങിയിട്ടുള്ളതും കോടതിയിൽ സൗകര്യപ്രദമായി പരിശോധിക്കാൻ കഴിയാത്തതുമായ ഒരു രേഖ, അങ്ങനെയുള്ള രേഖകൾ പരിശോധിക്കുന്നതിൽ വൈദഗ്ധ്യം ഉള്ളതും പരിശോധിച്ചിട്ടുള്ളതുമായ ഒരാളുടെ തെളിവും,

ഉൾപ്പെടുന്നതാകുന്നു.

*ദൃഷ്ടാന്തങ്ങൾ.*

(ക) അസ്സലിന്റെ ഒരു ഫോട്ടോ, അവ രണ്ടും ഒത്തുനോക്കിയിട്ടില്ലെങ്കിലും ഫോട്ടോ എടുക്കപ്പെട്ട വസ്തു അസ്സലാണെന്ന് തെളിയിക്കപ്പെടുന്നുവെങ്കിൽ അതിന്റെ ഉള്ളടക്കത്തിന്റെ ദ്വിതീയകത്തെളിവാകുന്നു.

(ഖ) പകർപ്പെടുപ്പുയന്ത്രം കൊണ്ടുണ്ടാക്കിയ ഒരു പകർപ്പുമായി ഒത്തുനോക്കിയിട്ടുള്ള ഒരു കത്തിന്റെ ഒരു പകർപ്പ്, പകർപ്പെടുപ്പുയന്ത്രം കൊണ്ടുണ്ടാക്കിയ പകർപ്പ് അസ്സലിൽ നിന്ന് എടുത്തതാണെന്ന് കാണിക്കുന്നുവെങ്കിൽ, ആ കത്തിന്റെ ഉള്ളടക്കത്തിന്റെ ദ്വിതീയകത്തെളിവാകുന്നു.

(ഗ) ഒരു പകർപ്പിൽ നിന്ന് പകർത്തിയതും, എന്നാൽ പിന്നീട് അസ്സലുമായി ഒത്തുനോക്കിയതുമായ ഒരു പകർപ്പ് ദ്വിതീയകത്തെളിവാണ്; എന്നാൽ അങ്ങനെ ഒത്തുനോക്കിയിട്ടില്ലാത്ത പകർപ്പ്, അത് പകർത്തിയതായ പകർപ്പ് അസ്സലുമായി ഒത്തുനോക്കിയിട്ടുണ്ടെങ്കിലും അസ്സലിന്റെ ദ്വിതീയകത്തെളിവാകുന്നതല്ല.

(ഘ) അസ്സലുമായി ഒത്തുനോക്കിയിട്ടുള്ള പകർപ്പിന്റെ ഒരു വാക്കാൽ വിവരണമോ, അല്ലെങ്കിൽ അസ്സലിന്റെ ഒരു ഫോട്ടോഗ്രാഫിന്റെയോ യന്ത്രനിർമ്മിത പകർപ്പിന്റെയോ ഒരു വാക്കാൽ വിവരണമോ, അസ്സലിന്റെ ദ്വിതീയകത്തെളിവാകുന്നതല്ല.

59. ഇതിനുശേഷം പരാമർശിച്ചിട്ടുള്ള സംഗതികളിലൊഴികെ, രേഖകൾ പ്രാഥമികത്തെളിവുവഴി തെളിയിക്കേണ്ടതാണ്. പ്രാഥമികത്തെളിവ് വഴി രേഖകൾ തെളിയിക്കൽ.

60. താഴെപ്പറയുന്ന സംഗതികളിൽ ഒരു രേഖയുടെ നിലനിൽക്കലോ അവസ്ഥയോ ഉള്ളടക്കമോ സംബന്ധിച്ച് ദ്വിതീയകത്തെളിവ് നൽകാവുന്നതാണ്, അതായത്:— രേഖകൾ സംബന്ധിച്ച് ദ്വിതീയക തെളിവ് നൽകാവുന്നതായ സംഗതികൾ.

(ക) (i) രേഖ, എതിരായി തെളിയിക്കപ്പെടേണ്ടതായ ആളുടെയോ; അല്ലെങ്കിൽ

(ii) കോടതിയുടെ പ്രോസസ്സിന് അപ്രാപ്യനോ വിധേയനല്ലാത്തവനോ ആയ ഏതെങ്കിലും ആളുടെയോ; അല്ലെങ്കിൽ

(iii) അത് ഹാജരാക്കുവാൻ നിയമാനുസൃതം ബാധ്യസ്ഥനായ ഏതെങ്കിലും ആളുടെയോ,

കൈവശത്തിലോ അധീനതയിലോ ആണ് അസ്സൽ എന്ന് കാണിക്കപ്പെടുകയോ അല്ലെങ്കിൽ തോന്നിപ്പിക്കുകയോ ചെയ്യുകയും 64–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള നോട്ടീസിനുശേഷം, അങ്ങനെയുള്ള ആൾ അത് ഹാജരാക്കാതിരിക്കുകയും ചെയ്യുമ്പോൾ;

(ഖ) അസ്സലിന്റെ നിലനിൽക്കലോ അവസ്ഥയോ ഉള്ളടക്കമോ രേഖാമൂലം അഡ്മിറ്റ് ചെയ്തിട്ടുള്ളതായി എതിരായി തെളിയിക്കപ്പെട്ടിട്ടുള്ളതായ ആളാലോ അയാളുടെ താൽപര്യത്തിലുള്ള പ്രതിനിധിയാലോ തെളിയിക്കപ്പെട്ടിട്ടുള്ളപ്പോൾ;

(ഗ) അസ്സൽ നശിച്ചുപോകുകയോ നഷ്ടപ്പെട്ടുപോകുകയോ ചെയ്യുമ്പോൾ അല്ലെങ്കിൽ അതിന്റെ ഉള്ളടക്കത്തെക്കുറിച്ച് തെളിവ് നൽകാമെന്ന് പറയുന്ന കക്ഷിക്ക്, സ്വന്തം വീഴ്ചയിൽനിന്നോ ഉപേക്ഷയിൽ നിന്നോ ഉദ്ഭവിക്കുന്നതല്ലാത്ത മറ്റേതെങ്കിലും കാരണത്താൽ, അത് ന്യായമായ സമയത്തിനുള്ളിൽ ഹാജരാക്കുവാൻ കഴിയാത്തപ്പോൾ;

(ഘ) അസ്സൽ എളുപ്പത്തിൽ നീക്കുവാൻ കഴിയാത്ത അങ്ങനെയുള്ള ഒരു പ്രകൃതത്തിലുള്ളതായിരിക്കുമ്പോൾ;

(ങ) അസ്സൽ 74-ാം വകുപ്പിന്റെ അർഥത്തിനുള്ളിലെ ഒരു പൊതുരേഖ ആയിരിക്കുമ്പോൾ;

(ച) അസ്സൽ, അതിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് തെളിവായി നൽകുവാൻ ഈ ആക്റ്റോ ഇൻഡ്യയിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമമോ അനുവദിച്ചിട്ടുള്ള രേഖയായിരിക്കുമ്പോൾ;

(ഛ) അസ്സലുകൾ കോടതിയിൽ സൗകര്യപ്രദമായി പരിശോധിക്കുവാൻ കഴിയാത്ത നിരവധി കണക്കുകളോ മറ്റുരേഖകളോ അടങ്ങിയതായിരിക്കുകയും തെളിയിക്കപ്പെടേണ്ട വസ്തുത മുഴുവൻ ശേഖരത്തിന്റെ സാമാന്യമായ പരിണാമം ആയിരിക്കുകയും ചെയ്യുമ്പോൾ.

*വിശദീകരണം.*—(i) (ക), (ഗ), (ഘ) എന്നീ ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്കായി, രേഖയുടെ ഉള്ളടക്കത്തിന്റെ ഏതൊരു ദ്വിതീയ കത്തെളിവും സ്വീകാര്യമാകുന്നു;

(ii) (ഖ) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി, രേഖാമൂലമുള്ള അഡ്മിഷൻ സ്വീകാര്യമാകുന്നു;

(iii) (ങ) അല്ലെങ്കിൽ (ച) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി, രേഖയുടെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് സ്വീകാര്യമാകുന്നതും, എന്നാൽ മറ്റ് യാതൊരുവിധമായ ദ്വിതീയകത്തെളിവും അല്ലാത്തതുമാകുന്നു;

(iv) (ഛ) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി, രേഖകളുടെ സാമാന്യമായ പരിണാമം സംബന്ധിച്ച്, അവ പരിശോധിച്ചിരിക്കുകയും അങ്ങനെയുള്ള രേഖകൾ പരിശോധിക്കുന്നതിൽ വൈദഗ്ധ്യമുണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആൾക്ക് തെളിവ് നൽകാവുന്നതാണ്.

61. ഒരു ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡാണ് അതെന്ന കാരണത്താൽ ഒരു ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡ് തെളിവിൽ സ്വീകരിക്കുന്നത് നിഷേധിക്കുന്നതിന്, ഈ ആക്റ്റിലെ യാതൊന്നും ബാധകമാകുന്നതല്ലാത്തതും, അങ്ങനെയുള്ള റിക്കാർഡിന്, 63-ാം വകുപ്പിന് വിധേയമായി, മറ്റൊരു രേഖയ്ക്കുള്ളതായ നിയമപരമായ പ്രഭാവവും സാധുതയും നിർവഹണവും ഉണ്ടായിരിക്കുന്ന തുമാണ്.

ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡ്.

62. ഇലക്ട്രോണിക് റിക്കാർഡുകളുടെ ഉള്ളടക്കം 63-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി തെളിയിക്കാവുന്നതാണ്.

ഇലക്ട്രോണിക് റിക്കാർഡുമായി ബന്ധപ്പെട്ട തെളിവിനെക്കുറിച്ചുള്ള പ്രത്യേക വ്യവസ്ഥകൾ.

63. (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു ഇലക്ട്രോണിക് റിക്കാർഡിൽ അടങ്ങിയിട്ടുള്ള, ഒരു കടലാസിൽ അച്ചടിച്ചതോ അല്ലെങ്കിൽ ഓപ്റ്റിക്കലോ മാഗ്നറ്റിക്കോ ആയ മാധ്യമത്തിലോ ഒരു കമ്പ്യൂട്ടറിൽ നിർമ്മിക്കപ്പെട്ട അർധചാലക മെമ്മറിയിലോ അല്ലെങ്കിൽ ഏതെങ്കിലും ആശയവിനിമയ ഉപകരണത്തിലോ ശേഖരിക്കപ്പെട്ടതോ രേഖപ്പെടുത്തിയതോ പകർത്തിയതോ അല്ലെങ്കിൽ ഏതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ മറ്റുവിധത്തിൽ സംഭരിച്ചതോ രേഖപ്പെടുത്തിയതോ പകർത്തിയതോ ആയ ഏതൊരു വിവരവും, (ഇനിമേൽ കമ്പ്യൂട്ടർ ഔട്ട്പുട്ട് എന്നു പരാമർശിക്കപ്പെടുന്നു) പ്രശ്നത്തിലുള്ള വിവരത്തെയും കമ്പ്യൂട്ടറിനെയും സംബന്ധിച്ച് ഈ വകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിൽ ഒരു രേഖയായും കൂടി കരുതപ്പെടേണ്ടതും കൂടുതൽ തെളിവോ അസ്സലിന്റെ ഹാജരാക്കലോ ഇല്ലാതെതന്നെ നേരിട്ടുള്ള തെളിവ് സ്വീകാര്യമായിട്ടുള്ള അസ്സലിന്റെ ഏതെങ്കിലും ഉള്ളടക്കത്തിന്റെയോ അല്ലെങ്കിൽ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വസ്തുതയുടെയോ തെളിവായി ഏതൊരു നടപടിയിലും സ്വീകരിക്കപ്പെടേണ്ടതുമാണ്.

ഇലക്ട്രോണിക് റിക്കാർഡുകളുടെ സ്വീകാര്യത.

(2) ഒരു കമ്പ്യൂട്ടർ ഔട്ട്പുട്ടിനെ സംബന്ധിച്ച് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ താഴെപ്പറയുന്നവയായിരിക്കുന്നതാണ്, അതായത്:—

(ക) കമ്പ്യൂട്ടറോ ആശയവിനിമയ ഉപകരണമോ ഉപയോഗിക്കുന്നതിൽ നിയമാനുസൃത നിയന്ത്രണമുള്ള ആൾ ആ കാലയളവിൽ പതിവായി നടത്തിപ്പോന്നിരുന്ന ഏതെങ്കിലും പ്രവർത്തനത്തിന്റെ ആവശ്യങ്ങൾക്കായി വിവരം സൃഷ്ടിക്കുന്നതിനോ സംഭരിക്കുന്നതിനോ പ്രോസസ്സ് ചെയ്യുന്നതിനോ പതിവായി കമ്പ്യൂട്ടറോ ആശയവിനിമയ ഉപകരണമോ ഉപയോഗിച്ചിരുന്ന കാലയളവിൽ വിവരമടങ്ങുന്ന കമ്പ്യൂട്ടർ ഔട്ട്പുട്ട് ആ കമ്പ്യൂട്ടറിനാലോ അല്ലെങ്കിൽ ആശയവിനിമയ ഉപകരണത്താലോ നിർമ്മിച്ചതായിരിക്കണം;

(ഖ) പ്രസ്തുത കാലയളവിൽ ഇലക്ട്രോണിക് റിക്കാർഡിൽ അടങ്ങിയിട്ടുള്ള തരത്തിലുള്ളതോ അല്ലെങ്കിൽ അപ്രകാരം അടങ്ങിയിട്ടുള്ളതായ വിവരം ലഭിച്ച തരത്തിലുള്ളതോ ആയ വിവരം പ്രസ്തുത പ്രവർത്തനങ്ങളുടെ സാധാരണഗതിയിൽ കമ്പ്യൂട്ടറിലേക്കോ ആശയവിനിമയ ഉപകരണത്തിലേക്കോ പതിവായി നൽകപ്പെട്ടതായിരിക്കണം;

(ഗ) പ്രസ്തുത കാലയളവിന്റെ ഗണ്യമായ ഭാഗം മുഴുവൻ കമ്പ്യൂട്ടറോ ആശയവിനിമയ ഉപകരണമോ ശരിയായി പ്രവർത്തിച്ചിരിക്കുകയോ അല്ലെങ്കിൽ അത് ശരിയായി പ്രവർത്തിക്കാതിരുന്ന ഏതെങ്കിലും കാലയളവോ അല്ലെങ്കിൽ പ്രവർത്തനരഹിതമായിരുന്ന ആ കാലയളവിന്റെ ഭാഗമോ സംബന്ധിച്ച് ഇലക്ട്രോണിക് റിക്കാർഡിന്റെയോ അതിന്റെ ഉള്ളടക്കത്തിന്റെ കൃത്യതയെയോ ബാധിക്കുന്ന അങ്ങനെയുള്ള വിധത്തിലായിരിക്കരുത്;

(ഘ) ഇലക്ട്രോണിക് റിക്കാർഡിൽ അടങ്ങിയിട്ടുള്ള വിവരം പുനർനിർമ്മിക്കുന്നതോ അല്ലെങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ സാധാരണഗതിയിൽ കമ്പ്യൂട്ടറിലേക്കോ ആശയവിനിമയ ഉപകരണത്തിലേക്കോ നൽകിയിട്ടുള്ളതായതോ ആയ അങ്ങനെയുള്ള വിവരത്തിൽനിന്നും ലഭ്യമാക്കിയിട്ടുള്ളതോ ആയിരിക്കണം.

(3) ഏതെങ്കിലും കാലയളവിലേക്ക്,—

(ക) ഒരു സ്റ്റാന്റ്എലോൺ മോഡിൽ; അല്ലെങ്കിൽ

(ഖ) ഒരു കമ്പ്യൂട്ടർ സിസ്റ്റത്തിൽ; അല്ലെങ്കിൽ

(ഗ) ഒരു കമ്പ്യൂട്ടർ നെറ്റ്‌വർക്കിൽ; അല്ലെങ്കിൽ

(ഘ) വിവരസൃഷ്ടി സാധ്യമാക്കുന്നതോ വിവരം പ്രോസസ്സ് ചെയ്യുന്നതിനും സംഭരണം നടത്തുന്നതിനും സാധ്യമാക്കുന്നതോ ആയ ഒരു കമ്പ്യൂട്ടർ റിസോർഴ്സിൽ; അല്ലെങ്കിൽ

(ങ) ഒരു മധ്യവർത്തി വഴി,

(2)–ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ളപ്രകാരം ആ കാലയളവിൽ പതിവായി നടത്തിപ്പോന്ന ഏതെങ്കിലും പ്രവർത്തനത്തിന്റെ ആവശ്യങ്ങൾക്കായി വിവരം സൃഷ്ടിക്കുകയോ സംഭരിക്കുകയോ പ്രോസസ്സ് ചെയ്യുകയോചെയ്യുന്ന ചുമതല ഒന്നോ അതിലധികമോ കമ്പ്യൂട്ടറുകളാലോ ആശയവിനിമയ ഉപകരണങ്ങളാലോ പതിവായി നിർവഹിക്കപ്പെട്ടിട്ടുള്ളിടത്ത്, ആ കാലയളവിൽ ആ ആവശ്യത്തിനായി ഉപയോഗിക്കപ്പെട്ട എല്ലാ കമ്പ്യൂട്ടറുകളെയും അല്ലെങ്കിൽ ആശയവിനിമയ ഉപകരണങ്ങളെയും ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ഒരൊറ്റ കമ്പ്യൂട്ടർ അല്ലെങ്കിൽ ആശയവിനിമയ ഉപകരണമായി കരുതേണ്ടതും ഈ വകുപ്പിലെ ഒരു കമ്പ്യൂട്ടറിനെയോ ആശയവിനിമയ ഉപകരണത്തെയോ കുറിച്ചുള്ള പരാമർശങ്ങൾക്ക് അതിനനുസൃതമായി അർഥം കൽപ്പിക്കേണ്ടതുമാണ്.

(4) ഈ വകുപ്പിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും നടപടിയിൽ തെളിവായി ഒരു പ്രസ്താവന നൽകുന്നതിന് ആഗ്രഹിക്കുന്നിടത്ത്, അഡ്മിഷനായി സമർപ്പിക്കപ്പെടുന്ന ഓരോ അവസരത്തിലും ഇലക്ട്രോണിക് റിക്കാർഡിനൊപ്പം താഴെപ്പറയുന്ന കാര്യങ്ങളിൽ ഏതെങ്കിലും, അതായത്:—

(ക) പ്രസ്താവന അടങ്ങുന്ന ഇലക്ട്രോണിക് റിക്കാർഡ് തിരിച്ചറിയുന്നതും അത് നിർമ്മിച്ച രീതി വിവരിക്കുന്നതും;

(ഖ) ഇലക്ട്രോണിക് റിക്കാർഡ് ഒരു കമ്പ്യൂട്ടറിനാൽ അല്ലെങ്കിൽ (3)–ാം ഉപവകുപ്പിന്റെ (ക) മുതൽ (ങ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള ഒരു ആശയവിനിമയ ഉപകരണത്താൽ നിർമ്മിക്കപ്പെട്ടതാണെന്ന് കാണിക്കുന്നതിന്റെ ആവശ്യത്തിനായി യുക്തമായേക്കാവുന്നപ്രകാരം ആ ഇലക്ട്രോണിക് റിക്കാർഡിന്റെ നിർമ്മാണത്തിൽ ഉൾപ്പെട്ട ഏതെങ്കിലും ഉപകരണത്തിന്റെ അങ്ങനെയുള്ള വിശദാംശങ്ങൾ നൽകൽ;

(ഗ) (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥ കളുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയങ്ങൾ കൈകാര്യംചെയ്യൽ,

ചെയ്യുന്നതായ ഒരു സാക്ഷ്യപത്രം സമർപ്പിക്കേണ്ടതും കമ്പ്യൂട്ടറിന്റെയോ ആശയവിനിമയ ഉപകരണത്തിന്റെയോ ചുമതലയുള്ളതോ പ്രസക്തമായ പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുന്നതോ (ഏതാണോ ഉചിതമായത്) ആയ ഒരാളും ഒരു വിദഗ്ധനും ഒപ്പുവച്ചതായി കരുതപ്പെടുന്ന ഒരു സാക്ഷ്യപത്രം, ആ സാക്ഷ്യപത്രത്തിൽ പ്രസ്താവിച്ചിട്ടുള്ള ഏതൊരു സംഗതിയുടെയും തെളിവായിരിക്കുന്നതും; ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി പട്ടികയിൽ നിർദേശിച്ചിട്ടുള്ള സാക്ഷ്യപത്രത്തിൽ ഒരു കാര്യം പ്രസ്താവിക്കുന്നത് അത് പ്രസ്താവിക്കുന്ന ആളിന്റെ ഉത്തമ അറിവിലും വിശ്വാസത്തിലുമാണെന്ന് പ്രസ്താവിച്ചാൽ മതിയായിരിക്കു ന്നതുമാണ്.

(5) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(ക) ഒരു കമ്പ്യൂട്ടറിലേക്കോ ആശയവിനിമയ ഉപകരണത്തി ലേക്കോ ഉചിതമായ ഏതെങ്കിലും രൂപത്തിൽ നൽകിയതും അത് നേരിട്ടോ അല്ലെങ്കിൽ (മനുഷ്യ ഇടപെടലോടുകൂടിയോ അല്ലാതെയോ) ഉചിതമായ ഏതെങ്കിലും ഉപകരണം വഴിയോ ആണ് അങ്ങനെ നൽകിയതുമെങ്കിൽ ഒരു കമ്പ്യൂട്ടറിലേക്കോ ആശയ വിനിമയ ഉപകരണത്തിലേക്കോ നൽകപ്പെട്ട വിവരമായി പരിഗണിക്കേണ്ടതാണ്;

(ഖ) ഒരു കമ്പ്യൂട്ടർ ഔട്ട്പുട്ട്, അത് നേരിട്ടോ (മനുഷ്യ ഇടപെടലോടുകൂടിയോ അല്ലാതെയോ) ഉചിതമായ ഏതെങ്കിലും ഉപകരണം വഴിയോ അല്ലെങ്കിൽ (3)-ാം ഉപവകുപ്പിന്റെ (ക) മുതൽ (ങ) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള മറ്റ് ഇലക്ട്രോ ണിക് മാർഗങ്ങൾ വഴിയോ നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ ഒരു കമ്പ്യൂട്ടറിനാൽ അല്ലെങ്കിൽ ആശയവിനിമയ ഉപകരണത്താൽ നിർമ്മിക്കപ്പെട്ടതായി പരിഗണിക്കേണ്ടതാണ്.

64. 60–ാം വകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള രേഖകളുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള ദ്വിതീയകത്തെളിവ്, അങ്ങനെയുള്ള ദ്വിതീയകത്തെളിവ് നൽകാൻ ഉദ്ദേശിക്കുന്ന കക്ഷി, രേഖ കൈവശത്തിലോ അധീനതയിലോ ഉള്ളതായ കക്ഷിക്കോ അല്ലെങ്കിൽ അയാളുടെ അഭിഭാഷകനോ പ്രതിനിധിക്കോ അത് ഹാജരാക്കുവാൻ, നിയമത്താൽ നിർണ്ണയിക്കപ്പെട്ട തരത്തിലുള്ള അങ്ങനെയുള്ള നോട്ടീസ്, മുൻകൂട്ടി നൽകി നിയമത്താൽ ഒരു നോട്ടീസും നിർണ്ണയിച്ചിട്ടില്ലെങ്കിൽ കേസിന്റെ സാഹചര്യങ്ങളിൽ ന്യായമെന്ന് കോടതി കരുതുന്ന അങ്ങനെയുള്ള നോട്ടീസാകുന്നു: ഹാജരാക്കുന്നതിനുള്ള നോട്ടീസ് സംബന്ധിച്ച ചട്ടങ്ങൾ.

എന്നാൽ അങ്ങനെയുള്ള നോട്ടീസ് താഴെപ്പറയുന്ന ഏതെങ്കിലും സംഗതികളിലോ അല്ലെങ്കിൽ അത് വേണ്ടെന്നുവയ്ക്കുന്നത് യുക്തമെന്ന് കോടതി കരുതുന്ന മറ്റേതെങ്കിലും സംഗതിയിലോ ദ്വിതീയകത്തെളിവ് സ്വീകാര്യമാക്കുന്നതിന് ആവശ്യമാകുന്നതല്ല:–

(ക) തെളിയിക്കേണ്ട രേഖ തന്നെ ഒരു നോട്ടീസ് ആയിരിക്കുമ്പോൾ;

(ഖ) കേസിന്റെ സ്വഭാവത്തിൽ നിന്ന്, അത് ഹാജരാക്കുവാൻ തന്നോട് ആവശ്യപ്പെടുമെന്നുള്ളത് എതിർകക്ഷി അറിഞ്ഞിരിക്കണമെന്നുള്ളപ്പോൾ;

(ഗ) എതിർകക്ഷിക്ക് അസ്സൽ കൈവശം ലഭിച്ചത് ചതിയോ ബലപ്രയോഗമോ വഴിയാണെന്ന് കാണുകയോ തെളിയിക്കപ്പെടുകയോ ചെയ്യുമ്പോൾ;

(ഘ) അസ്സൽ, എതിർകക്ഷിയുടെയോ അയാളുടെ ഏജന്റിന്റെയോ കൈയിലായി കോടതിയിലുള്ളപ്പോൾ;

(ങ) രേഖയുടെ നഷ്ടപ്പെടൽ എതിർകക്ഷിയോ അയാളുടെ ഏജന്റോ സമ്മതിച്ചിട്ടുള്ളപ്പോൾ;

(ച) രേഖ കൈവശമുള്ള ആൾ, കോടതിയുടെ നടപടിക്ക് അപ്രാപ്യനോ വിധേയനല്ലാത്തവനോ ആയിരിക്കുമ്പോൾ.

ഹാജരാക്കിയ രേഖ ഒപ്പു വയ്ക്കുകയോ എഴുതുകയോ ചെയ്തുവെന്ന് ആരോപിക്കപ്പെട്ടിട്ടുള്ള ആളുടെ ഒപ്പും കൈപ്പടയും തെളിയിക്കൽ.

65. ഒരു രേഖ ഏതെങ്കിലും ആൾ ഒപ്പിടുകയോ പൂർണ്ണമായോ ഭാഗികമായോ എഴുതുകയോ ചെയ്തിട്ടുള്ളതാണെന്ന് ആരോപിക്കപ്പെട്ടിരിക്കുകയാണെങ്കിൽ, ആ ഒപ്പോ ആ ആളുടെ കൈപ്പടയിലുള്ളതാണെന്ന് ആരോപിക്കപ്പെട്ടിരിക്കുന്ന രേഖയുടെ അത്രയുമോ അയാളുടെ കൈപ്പടയിലുള്ളതാണെന്ന് തെളിയിക്കപ്പെടേണ്ടതാണ്.

ഇലക്ട്രോണിക് ഒപ്പ് സംബന്ധിച്ച തെളിയിക്കൽ.

66. ഒരു സുരക്ഷിത ഇലക്ട്രോണിക്ഒപ്പിന്റെ സംഗതിയിലൊഴികെ, ഏതെങ്കിലും വരിക്കാരന്റെ ഇലക്ട്രോണിക് ഒപ്പ് ഒരു ഇലക്ട്രോണിക് റിക്കാർഡിൽ പതിപ്പിച്ചിട്ടുള്ളതായി ആരോപിക്കപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള ഇലക്ട്രോണിക് ഒപ്പ് വരിക്കാരന്റെ ഇലക്ട്രോണിക് ഒപ്പാണെന്ന വസ്തുത തെളിയിക്കപ്പെടേണ്ടതാണ്.

സാക്ഷ്യപ്പെടുത്തേണ്ടതെന്ന് നിയമത്താൽ ആവശ്യപ്പെട്ടിട്ടുള്ള രേഖയുടെ ഒപ്പിട്ടു പൂർത്തീകരിക്കലിന്റെ തെളിയിക്കൽ.

67. ഒരു രേഖ സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് നിയമത്താൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ, ജീവിച്ചിരിക്കുന്നതും കോടതിയുടെ നടപടിക്കു വിധേയനായതും തെളിവ് നൽകുന്നതിന് കഴിവുള്ളതുമായ ഒരു സാക്ഷ്യപ്പെടുത്തുന്ന സാക്ഷിയുണ്ടെങ്കിൽ അതിന്റെ ഒപ്പിട്ടു പൂർത്തീകരിക്കൽ തെളിയിക്കുന്നതിനുവേണ്ടി ഒരു സാക്ഷ്യപ്പെടുത്തുന്ന സാക്ഷിയെയെങ്കിലും വിളിക്കുന്നതുവരെ അത് തെളിവായി ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്:

എന്നാൽ, ഇൻഡ്യൻ രജിസ്ട്രേഷൻ ആക്റ്റ്, 1908 (1908-ലെ 16)-ലെ വ്യവസ്ഥകൾക്കനുസൃതമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും മരണശാസനമല്ലാത്തതുമായ ഏതെങ്കിലും രേഖയുടെ ഒപ്പിട്ടുപൂർത്തീകരിക്കൽ തെളിയിക്കുന്നതിനായി, അത് ഒപ്പിട്ടുപൂർത്തീകരിച്ചതായി കരുതപ്പെടുന്നയാൾ അത് ഒപ്പിട്ടുപൂർത്തീകരിച്ചത് പ്രത്യേകമായി പറഞ്ഞ് നിഷേധിക്കാത്തപക്ഷം, സാക്ഷ്യപ്പെടുത്തുന്ന സാക്ഷിയെ വിളിക്കേണ്ട ആവശ്യമില്ല.

സാക്ഷ്യപ്പെടുത്തുന്ന യാതൊരു സാക്ഷിയെയും കണ്ടെത്താതിരിക്കുന്നിടത്തുള്ള തെളിയിക്കൽ.

68. അങ്ങനെ സാക്ഷ്യപ്പെടുത്തുന്ന യാതൊരു സാക്ഷിയെയും കണ്ടെത്തുവാൻ കഴിയുന്നില്ലെങ്കിൽ, സാക്ഷ്യപ്പെടുത്തുന്ന ഒരു സാക്ഷിയുടെയെങ്കിലും സാക്ഷ്യപ്പെടുത്തൽ അയാളുടെ കൈപ്പടയിലുള്ളതാണെന്നും ആ രേഖ ഒപ്പിട്ടുപൂർത്തീകരിക്കുന്ന ആളുടെ ഒപ്പ് അയാളുടെ കൈപ്പടയിലുള്ളതാണെന്നും തെളിയിക്കപ്പെടേണ്ടതാണ്.

69. സാക്ഷ്യപ്പെടുത്തിയ ഒരു രേഖയിലെ ഒരു കക്ഷിയുടെ, അത് അയാൾ തന്നെ ഒപ്പിട്ടുപൂർത്തീകരിച്ചതാണെന്നുള്ള അഡ്മിഷൻ, അത് സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് നിയമത്താൽ ആവശ്യമായിട്ടുള്ള ഒരു രേഖയാണെങ്കിലും അയാൾക്കെതിരെ അതിന്റെ ഒപ്പിട്ടുപൂർത്തീകരിക്കലിന്റെ മതിയായ തെളിയിക്കലാകുന്നതാണ്.

സാക്ഷ്യപ്പെടുത്തിയ രേഖയിലെ കക്ഷിയാൽ ഒപ്പിട്ടുപൂർത്തീകരിക്കലിന്റെ അഡ്മിഷൻ.

70. സാക്ഷ്യപ്പെടുത്തുന്ന സാക്ഷി, രേഖയുടെ ഒപ്പിട്ടുപൂർത്തീകരിക്കൽ നിഷേധിക്കുകയോ ഓർമ്മിക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ, അതിന്റെ ഒപ്പിട്ടുപൂർത്തീകരിക്കൽ മറ്റ് തെളിവ് വഴി തെളിയിക്കാവുന്നതാണ്.

സാക്ഷ്യപ്പെടുത്തുന്ന സാക്ഷി ഒപ്പിട്ടുപൂർത്തീകരിക്കൽ നിഷേധിക്കുമ്പോൾ തെളിയിക്കൽ.

71. സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് നിയമത്താൽ ആവശ്യപ്പെട്ടിട്ടില്ലാത്ത, ഒരു സാക്ഷ്യപ്പെടുത്തിയ രേഖ, അത് സാക്ഷ്യപ്പെടുത്തിയിട്ടില്ലായിരുന്നെങ്കിലെന്നപോലെ തെളിയിക്കാവുന്നതാണ്.

സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് നിയമത്താൽ ആവശ്യപ്പെട്ടിട്ടില്ലാത്ത രേഖയുടെ തെളിയിക്കൽ.

72. (1) ഒരു ഒപ്പോ ലിഖിതമോ മുദ്രയോ അത് എഴുതുകയോ വയ്ക്കുകയോ ചെയ്തതായി കരുതപ്പെടുന്ന ആളുടേതാണോ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി, ആ ആൾ എഴുതിയതോ വച്ചതോ ആണെന്ന് അഡ്മിറ്റ് ചെയ്തതോ കോടതിക്ക് ബോധ്യമാകുംവിധം തെളിയിക്കപ്പെട്ടതോ ആയ ഏതെങ്കിലും ഒപ്പോ ലിഖിതമോ മുദ്രയോ, ആ ഒപ്പോ ലിഖിതമോ മുദ്രയോ മറ്റേതെങ്കിലും ആവശ്യത്തിനായി ഹാജരാക്കുകയോ തെളിയിക്കുകയോ ചെയ്തിട്ടില്ലെങ്കിലും, തെളിയിക്കപ്പെടേണ്ടതുമായി താരതമ്യപ്പെടുത്താവുന്നതാണ്.

അഡ്മിറ്റ് ചെയ്തിട്ടുള്ളതോ തെളിയിച്ചിട്ടുള്ളതോആയ മറ്റുള്ളവയുമായി ഒപ്പിന്റെയോ ലിഖിതത്തിന്റെയോ മുദ്രയുടെയോ താരതമ്യപ്പെടുത്തൽ.

(2) കോടതിയിൽ സന്നിഹിതനായ ഏതെങ്കിലും ആളോട്, ഏതെങ്കിലും വാക്കുകളോ അക്കങ്ങളോ എഴുതുവാൻ, അങ്ങനെ എഴുതിയ ഏതെങ്കിലും വാക്കുകളോ അക്കങ്ങളോ അങ്ങനെയുള്ള ആൾ എഴുതിയതാണെന്ന് ആരോപിക്കപ്പെടുന്ന ഏതെങ്കിലും വാക്കുകളോടോ അക്കങ്ങളോടോ താരതമ്യപ്പെടുത്തുന്നതിന് കോടതിയെ പ്രാപ്തമാക്കുന്നതിനുവേണ്ടി, കോടതിക്ക് നിർദേശിക്കാവുന്നതാണ്.

(3) ഈ വകുപ്പ്, ആവശ്യമായ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകളോടുകൂടി, വിരലടയാളങ്ങൾക്കും കൂടി ബാധകമാകുന്നതാണ്.

ഡിജിറ്റൽ ഒപ്പ് പരിശോധിച്ചറിയുന്നത് സംബന്ധിച്ച തെളിയിക്കൽ.

73. ഒരു ഡിജിറ്റൽ ഒപ്പ് അത് പതിപ്പിച്ചതായി കരുതപ്പെടുന്ന ആളിന്റേതാണോയെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി, കോടതിക്ക്—

(ക) ആ ആളിനോടോ കൺട്രോളറോടോ സാക്ഷ്യപ്പെടുത്തൽ അധികാരസ്ഥാനത്തിനോടോ ഡിജിറ്റൽ ഒപ്പ് സാക്ഷ്യപത്രം ഹാജരാക്കുന്നതിനും;

(ഖ) മറ്റേതൊരാളിനോടും, ഡിജിറ്റൽ ഒപ്പ് സാക്ഷ്യപത്രത്തിൽ ചേർത്തിട്ടുള്ള പൊതു കീ പ്രയോഗിക്കുന്നതിനും അയാൾ പതിപ്പിച്ചതായി കരുതപ്പെടുന്ന ഡിജിറ്റൽ ഒപ്പ് പരിശോധിച്ചറിയുന്നതിനും,

നിർദേശിക്കാവുന്നതാണ്.

### *പൊതുരേഖകൾ*

പൊതുവായതും സ്വകാര്യമായതുമായ രേഖകൾ.

74. (1)താഴെപ്പറയുന്ന രേഖകൾ പൊതുരേഖകളാകുന്നു:—

(ക) (i) പരമാധികാരസ്ഥാനത്തിന്റെയും;

(ii) ഔദ്യോഗിക നികായങ്ങളുടെയും ട്രിബ്യൂണലുകളുടെയും;

(iii) ഇൻഡ്യയുടെയോ ഒരു വിദേശരാജ്യത്തിന്റെയോ നിയമനിർമ്മാണ, നീതിന്യായ, നിർവാഹക വിഭാഗങ്ങളിലെ പബ്ലിക് ഓഫീസറുടെയും,

കൃത്യങ്ങളോ കൃത്യങ്ങളുടെ റിക്കാർഡുകളോ ആകുന്ന രേഖകൾ;

(ഖ) ഏതെങ്കിലും സംസ്ഥാനത്തിലോ യൂണിയൻ പ്രദേശത്തിലോ വച്ചുപോരുന്ന സ്വകാര്യരേഖകളുടെ പൊതു റിക്കാർഡുകൾ.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രേഖകളൊഴികെ മറ്റെല്ലാ രേഖകളും സ്വകാര്യമാണ്.

75. പരിശോധിക്കുവാൻ ഏതൊരാൾക്കും അവകാശമുള്ള ഒരു പൊതുരേഖ കസ്റ്റഡിയിലുള്ള ഏതൊരു പബ്ലിക് ഓഫീസറും അതിന്റെ ഒരു പകർപ്പ്, അയാൾ ആവശ്യപ്പെടുന്നതിൻമേലും അതിനുള്ള നിയമാനുസൃത ഫീസ് നൽകുന്നതിൻമേലും അതതുസംഗതിപോലെ, അങ്ങനെയുള്ള രേഖയുടെയോ അതിന്റെ ഭാഗത്തിന്റെയോ ഒരു ശരിപ്പകർപ്പാണെന്ന് അങ്ങനെയുള്ള പകർപ്പിന്റെ ചുവടെ എഴുതിയ ഒരു സാക്ഷ്യപത്രത്തോടുകൂടി നൽകേണ്ടതും അങ്ങനെയുള്ള സാക്ഷ്യപത്രത്തിൽ തീയതിവയ്ക്കുകയും അങ്ങനെയുള്ള ഓഫീസർ തന്റെ പേരും തന്റെ ഉദ്യോഗപ്പേരും വച്ച് ഒപ്പിടുകയും ഒരു മുദ്ര ഉപയോഗിക്കുവാൻ നിയമം അങ്ങനെയുള്ള ഓഫീസറെ അധികാരപ്പെടുത്തിയിരിക്കുമ്പോഴൊക്കെ അതിൽ മുദ്രവയ്ക്കേണ്ടതും; അങ്ങനെ സാക്ഷ്യപ്പെടുത്തിയ അങ്ങനെയുള്ള പകർപ്പുകളെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്ന് വിളിക്കപ്പെടേണ്ടതുമാണ്. പൊതുരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

*വിശദീകരണം.*—ഔദ്യോഗിക കർത്തവ്യത്തിന്റെ സാധാരണ മുറപ്രകാരം അങ്ങനെയുള്ള പകർപ്പുകൾ നൽകുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഓഫീസറും, ഈ വകുപ്പിന്റെ അർഥത്തിൽ അങ്ങനെയുള്ള രേഖകളുടെ കസ്റ്റഡിയുള്ളതായി കരുതപ്പെടേണ്ടതാണ്.

76. അങ്ങനെയുള്ള സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അവ പകർപ്പുകളാണെന്ന് കരുതപ്പെടുന്നതായ പൊതുരേഖകളുടെയോ അല്ലെങ്കിൽ പൊതുരേഖകളുടെ ഭാഗങ്ങളുടെയോ ഉള്ളടക്കത്തിന്റെ തെളിയിക്കലിനായി ഹാജരാക്കാവുന്നതാണ്. സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുടെ ഹാജരാക്കൽ വഴി രേഖകളുടെ തെളിയിക്കൽ.

77. താഴെപ്പറയുന്ന പൊതുരേഖകൾ, താഴെപ്പറയുംപ്രകാരം തെളിയിക്കാവുന്നതാണ്:— മറ്റ് ഔദ്യോഗിക രേഖകളുടെ തെളിയിക്കൽ.

(ക) കേന്ദ്രസർക്കാരിന്റെ, അതിന്റെ ഏതെങ്കിലും മന്ത്രാലയത്തിന്റെയും വകുപ്പുകളുടെയും അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ ആക്റ്റുകളോ ഉത്തരവുകളോ വിജ്ഞാപനങ്ങളോ,—

(i) ആ വകുപ്പുകളുടെ അധ്യക്ഷൻമാർ യഥാക്രമം സാക്ഷ്യപ്പെടുത്തിയിട്ടുള്ള വകുപ്പുകളുടെ റിക്കാർഡുകൾ വഴി; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ഏതെങ്കിലും സർക്കാരിന്റെ ഉത്തരവുപ്രകാരം അച്ചടിക്കപ്പെട്ടതായി കരുതപ്പെടുന്ന ഏതെങ്കിലും രേഖവഴി;

(ഖ) പാർലമെന്റിന്റെയോ ഒരു സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെയോ നടപടികൾ, യഥാക്രമം അതത് നികായങ്ങളുടെ ജേർണലുകൾ വഴി, അല്ലെങ്കിൽ പ്രസിദ്ധപ്പെടുത്തിയ ആക്റ്റുകളോ സംഗ്രഹങ്ങളോ വഴി, അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാരിന്റെ ഉത്തരവു പ്രകാരം അച്ചടിക്കപ്പെട്ടതായി കരുതപ്പെടുന്ന പകർപ്പുകൾ വഴി;

(ഗ) ഇൻഡ്യയുടെ രാഷ്ട്രപതിയോ ഒരു സംസ്ഥാനത്തിന്റെ ഗവർണ്ണറോ ഒരു യൂണിയൻ പ്രദേശത്തിന്റെ അഡ്മിനിസ്ട്രേറ്ററോ ലെഫ്റ്റനന്റ് ഗവർണ്ണറോ പുറപ്പെടുവിച്ചിട്ടുള്ള വിളംബരങ്ങളോ ഉത്തരവുകളോ റെഗുലേഷനുകളോ, ഔദ്യോഗിക ഗസറ്റിൽ അടങ്ങിയി ട്ടുള്ള പകർപ്പുകളോ സംക്ഷിപ്തരൂപങ്ങളോ വഴി;

(ഘ) ഒരു വിദേശരാജ്യത്തെ നിർവാഹകമണ്ഡലത്തിന്റെ ആക്റ്റുകളോ നിയമനിർമ്മാണമണ്ഡലത്തിന്റെ നടപടികളോ, അവരുടെ അധികാരപ്രകാരം പ്രസിദ്ധീകരിച്ചതോ ആ രാജ്യത്ത് പൊതുവായി ആ നിലയിൽ സ്വീകരിക്കപ്പെടുന്നതോ ആയ ജേർണലുകൾ വഴിയോ, അല്ലെങ്കിൽ ആ രാജ്യത്തിന്റെയോ പരമാധികാരിയുടെയോ മുദ്രവച്ച് സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് വഴിയോ അല്ലെങ്കിൽ ഏതെങ്കിലും കേന്ദ്ര ആക്റ്റിലെ അതിന്റെ അംഗീകരണം വഴി;

(ങ) ഒരു സംസ്ഥാനത്തെ ഒരു മുനിസിപ്പലോ തദ്ദേശീയമായതോ ആയ നികായത്തിന്റെ നടപടികൾ, അങ്ങനെയുള്ള നടപടികളുടെ നിയമപ്രകാരമുള്ള സൂക്ഷിപ്പുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒരു പകർപ്പ് വഴി, അല്ലെങ്കിൽ അങ്ങനെയുള്ള നികായത്തിന്റെ അധികാരപ്രകാരം പ്രസിദ്ധീകരിച്ചതായി കരുതപ്പെടുന്ന അച്ചടിച്ച ഒരു പുസ്തകം വഴി;

(ച) ഒരു വിദേശരാജ്യത്തെ മറ്റേതെങ്കിലും വിഭാഗത്തിൽപ്പെടുന്ന പൊതുരേഖകൾ, അസ്സൽ വഴിയോ, അതിന്റെ നിയമപ്രകാരമുള്ള സൂക്ഷിപ്പുകാരൻ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് വഴിയോ അസ്സലിന്റെ നിയമപ്രകാരം കസ്റ്റഡിയുള്ള ഓഫീസർ യഥാവിധി സാക്ഷ്യപ്പെടുത്തിയതാണെന്നുള്ള ഒരു നോട്ടറി പബ്ലിക്കിന്റെയോ ഒരു ഇൻഡ്യൻ കോൺസലിന്റെയോ ഒരു ഡിപ്ലോമാറ്റിക്ക് ഏജന്റിന്റെയോ മുദ്രയോടുകൂടിയ ഒരു സാക്ഷ്യപത്രം സഹിതമുള്ളതുമായ ഒരു പകർപ്പ് വഴിയും ആ രേഖയുടെ സ്വഭാവം ആ വിദേശരാജ്യത്തിലെ നിയമപ്രകാരം തെളിയിക്കുന്നതിന്മേലും.

## *രേഖകൾ സംബന്ധിച്ച അനുമാനങ്ങൾ*

സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുടെ യഥാർഥത സംബന്ധിച്ച അനുമാനം.

78. (1) ഏതെങ്കിലും പ്രത്യേക വസ്തുതയുടെ തെളിവായി സ്വീകരിക്കാവുന്നതെന്ന് നിയമത്തിലൂടെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതും കേന്ദ്ര സർക്കാരിന്റെയോ ഒരു സംസ്ഥാനസർക്കാരിന്റെയോ ഏതെങ്കിലും ഓഫീസർ യഥാവിധി സാക്ഷ്യപ്പെടുത്തിയതായി കരുതപ്പെടുന്നതുമായ ഒരു സാക്ഷ്യപത്രമോ സാക്ഷ്യപ്പെടുത്തിയ പകർപ്പോ മറ്റ് രേഖയോ ആണെന്ന് കരുതപ്പെടുന്ന ഏതൊരു രേഖയും യഥാർഥമായതാണെന്ന് കോടതി അനുമാനിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള രേഖ സാരാംശത്തിൽ അതിലേക്ക് നിയമത്താൽ നിർദേശിച്ചിട്ടുള്ള രൂപത്തിലും രീതിയിലും ഒപ്പിട്ടുപൂർത്തീകരിച്ചതായി കരുതപ്പെടുന്നതുമായിരിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും രേഖ ഒപ്പുവയ്ക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തതായി കരുതപ്പെടുന്ന ഏതൊരു ഓഫീസറും അയാൾ അത് ഒപ്പുവച്ചപ്പോൾ അങ്ങനെയുള്ള കടലാസിൽ അയാൾ അവകാശപ്പെടുന്ന ഔദ്യോഗികസ്ഥാനം വഹിച്ചിരുന്നതായി കോടതി അനുമാനിക്കേണ്ടതുമാണ്.

തെളിവിന്റെ റിക്കാർഡായി ഹാജരാക്കിയ രേഖകൾ മുതലായവ സംബന്ധിച്ച അനുമാനം.

79. ഒരു ജുഡീഷ്യൽ നടപടിയിലോ അങ്ങനെയുള്ള തെളിവ് എടുക്കുവാൻ നിയമം അധികാരം നൽകിയിട്ടുള്ള ഏതെങ്കിലും ഓഫീസറുടെ മുമ്പാകെയോ ഒരു സാക്ഷി കൊടുത്തിട്ടുള്ള തെളിവിന്റെയോ തെളിവിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ ഒരു റിക്കാർഡായോ മെമ്മോറാണ്ടമായോ, അല്ലെങ്കിൽ നിയമാനുസരണം എടുത്തിട്ടുള്ളതും, ഏതെങ്കിലും തടവുകാരനോ കുറ്റാരോപിതനായ ആളോ നൽകിയതുമായ ഒരു പ്രസ്താവനയോ കുറ്റസമ്മതമോ ആയി കരുതപ്പെടുന്നതായതും, ഏതെങ്കിലും ജഡ്ജിയോ മജിസ്ട്രേറ്റോ മുൻപറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പുവച്ചതായി കരുതപ്പെടുന്നതായതും ആയ ഏതെങ്കിലും രേഖ ഏതെങ്കിലും കോടതി മുമ്പാകെ ഹാജരാക്കിയിരിക്കുമ്പോഴെല്ലാം—

(i) ആ രേഖ യഥാർഥമായതാണെന്നും;

(ii) അത് എടുത്തതായ സാഹചര്യങ്ങളെ സംബന്ധിച്ച് അത് ഒപ്പുവയ്ക്കുന്ന ആൾ നടത്തിയിട്ടുള്ളതായി കരുതപ്പെടുന്ന ഏതെങ്കിലും പ്രസ്താവനകൾ സത്യമാണെന്നും;

(iii) അങ്ങനെയുള്ള തെളിവോ പ്രസ്താവനയോ കുറ്റസമ്മതമോ യഥാവിധി എടുത്തിട്ടുള്ളതാണെന്നും,

കോടതി അനുമാനിക്കേണ്ടതാണ്.

ഗസറ്റുകളും വർത്തമാനപത്രങ്ങളും മറ്റ് രേഖകളും സംബന്ധിച്ച അനുമാനം.

80. ഔദ്യോഗിക ഗസറ്റായി അല്ലെങ്കിൽ ഒരു വർത്തമാനപ്പത്രമോ ജേർണലോ ആയി കരുതപ്പെടുന്ന ഏതൊരു രേഖയും, ഏതെങ്കിലും ആൾ വച്ചുപോരേണ്ടതാണെന്ന് ഏതെങ്കിലും നിയമം നിർദേശിക്കുന്ന ഒരു രേഖയായി കരുതപ്പെടുന്ന ഏതൊരു രേഖയും, അങ്ങനെയുള്ള രേഖ നിയമം ആവശ്യപ്പെടുന്ന സാരവത്തായ രൂപത്തിൽ വച്ചുപോരുകയും ശരിയായ കസ്റ്റഡിയിൽ നിന്ന് ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണെങ്കിൽ, യഥാർഥമായതാണെന്ന് കോടതി അനുമാനിക്കേണ്ടതാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെയും 92-ാം വകുപ്പിന്റെയും ആവശ്യങ്ങൾക്കായി, രേഖ, അത് സൂക്ഷിക്കേണ്ടതായ സ്ഥലത്തും അങ്ങനെയുള്ള രേഖ സൂക്ഷിക്കപ്പെടേണ്ടതായ ആളാൽ പരിപാലിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ശരിയായ കസ്റ്റഡിയിലാണെന്ന് പറയപ്പെടുന്നതും; എന്നാൽ യാതൊരു കസ്റ്റഡിയും, അതിന് ഒരു നിയമാനുസൃതമായ ഉദ്ഭവമുണ്ടായിരുന്നതാണെന്ന് തെളിയിക്കപ്പെട്ടുവെങ്കിലോ ആ പ്രത്യേക സംഗതിയുടെ സാഹചര്യങ്ങൾ ആ ഉദ്ഭവത്തെ സാധ്യമാക്കിത്തീർക്കുന്ന വിധമാണെങ്കിലോ, അനുചിതമല്ലാത്തതാണ്.

81. ഔദ്യോഗിക ഗസറ്റാണെന്ന് കരുതപ്പെടാവുന്ന ഏതൊരു ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡിലെയും അല്ലെങ്കിൽ ഏതെങ്കിലും ആൾ വച്ചുപോരേണ്ടതാണെന്ന് ഏതെങ്കിലും നിയമത്താൽ നിർദേശിച്ചിട്ടുള്ളതായി കരുതപ്പെടാവുന്ന ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡോ, അങ്ങനെയുള്ള ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡ്നിയമം ആവശ്യപ്പെടുന്ന സാരവത്തായ രൂപത്തിൽ വച്ചു പോരുകയും ശരിയായ കസ്റ്റഡിയിൽ നിന്നും ഹാജരാക്കുകയും ചെയ്തിട്ടുള്ളതാണെങ്കിൽ, യഥാർഥമായതാണെന്ന് കോടതി അനുമാനിക്കേണ്ടതാണ്.

ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ റിക്കാർഡിലുള്ള ഗസറ്റുകൾ സംബന്ധിച്ച അനുമാനം.

*വിശദീകരണം.*—ഈ വകുപ്പിന്റെയും 93-ാം വകുപ്പിന്റെയും ആവശ്യങ്ങൾക്കായി, ഇലക്ട്രോണിക് റിക്കാർഡുകൾ, അത് സൂക്ഷിക്കേണ്ടതായ സ്ഥലത്തും അങ്ങനെയുള്ള രേഖ സൂക്ഷിക്കപ്പെടേണ്ടതായ ആളാൽ പരിപാലിക്കപ്പെടുകയും ചെയ്യുന്നുവെങ്കിൽ, ശരിയായ കസ്റ്റഡിയിലാണെന്ന് പറയപ്പെടുന്നതും; എന്നാൽ യാതൊരു കസ്റ്റഡിയും, അതിന് ഒരു നിയമാനുസൃതമായ ഉദ്ഭവം ഉണ്ടായിരുന്നതാണെന്ന് തെളിയിക്കപ്പെട്ടുവെങ്കിലോ ആ പ്രത്യേക സംഗതിയുടെ സാഹചര്യങ്ങളിൽ ആ ഉദ്ഭവത്തെ സാധ്യമാക്കിത്തീർക്കുന്ന വിധമാണെങ്കിലോ, അനുചിതമല്ലാത്തതാണ്.

82. കേന്ദ്രസർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാനസർക്കാരിന്റെയോ അധികാരപ്രകാരം ഉണ്ടാക്കിയിട്ടുള്ളതായി കരുതപ്പെടുന്ന ഭൂപടങ്ങളോ പ്ലാനുകളോ അങ്ങനെ ഉണ്ടാക്കിയവയാണെന്നും കൃത്യമായവയാണെന്നുംകോടതി അനുമാനിക്കേണ്ടതാണ്; എന്നാൽ ഏതെങ്കിലും കാര്യത്തിന്റെ ആവശ്യങ്ങൾക്കായി ഉണ്ടാക്കിയ ഭൂപടങ്ങളോ പ്ലാനുകളോ കൃത്യമായിട്ടുള്ളതാണെന്ന് തെളിയിക്കേണ്ടതാണ്.

സർക്കാരിന്റെ അധികാര പ്രകാരം ഉണ്ടാക്കിയ ഭൂപടങ്ങളോ പ്ലാനുകളോ സംബന്ധിച്ചഅനുമാനം.

83. ഏതെങ്കിലും രാജ്യത്തെ സർക്കാരിന്റെ അധികാരത്തിൻകീഴിൽ അച്ചടിച്ചതോ പ്രസിദ്ധീകരിച്ചതോ ആയതും ആ രാജ്യത്തെ നിയമങ്ങളിൽ ഏതെങ്കിലും അടങ്ങിയതായും കരുതപ്പെടുന്ന ഏതൊരു പുസ്തകവും, അങ്ങനെയുള്ള രാജ്യത്തെ കോടതികളുടെ തീരുമാനങ്ങളുടെ റിപ്പോർട്ടുകൾ അടങ്ങിയതായി കരുതപ്പെടുന്ന ഏതൊരു പുസ്തകവും യഥാർഥമായതാണെന്ന് കോടതി അനുമാനിക്കേണ്ടതാണ്.

നിയമങ്ങളുടെ ശേഖരങ്ങളും തീരുമാനങ്ങളുടെ റിപ്പോർട്ടുകളും സംബന്ധിച്ച അനുമാനം.

മുക്ത്യാർ നാമങ്ങൾ സംബ ന്ധിച്ച അനുമാനം.

84. ഒരു മുക്ത്യാർനാമമായും ഒരു നോട്ടറി പബ്ലിക്കിന്റെയോ ഏതെങ്കിലും കോടതിയുടെയോ ജഡ്ജിയുടെയോ മജിസ്ട്രേറ്റിന്റെയോ ഇൻഡ്യൻ കോൺസലിന്റെയോ വൈസ്-കോൺസലിന്റെയോ കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയുടെയോ മുമ്പാകെ ഒപ്പിട്ടുപൂർത്തീകരിക്കുകയും പ്രമാണീകരിക്കുകയും ചെയ്തതായും കരുതപ്പെടുന്ന ഏതൊരു രേഖയും അങ്ങനെ ഒപ്പിട്ടുപൂർത്തീകരിക്കുകയും പ്രമാണീകരിക്കപ്പെടുകയും ചെയ്തതാണെന്ന് കോടതി അനുമാനിക്കേണ്ടതാണ്.

ഇലക്ട്രോണിക് കരാറുകൾ സംബ ന്ധിച്ച അനുമാനം.

85. കക്ഷികളുടെ ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ ഒപ്പടങ്ങുന്ന ഒരു കരാറാണെന്ന് കരുതപ്പെടാവുന്ന ഓരോ ഇലക്ട്രോണിക് റിക്കാർഡും കക്ഷികളുടെ ഇലക്ട്രോണിക്കോ ഡിജിറ്റലോ ആയ ഒപ്പ് പതിപ്പിച്ചുകൊണ്ട് അങ്ങനെ പൂർത്തീകരിച്ചതായി കോടതി അനുമാനിക്കേണ്ടതാണ്.

ഇലക്ട്രോണിക് റിക്കാർഡുകളും ഇലക്ട്രോണിക് ഒപ്പുകളും സംബ ന്ധിച്ച അനുമാനം.

86. (1) സുരക്ഷിതമായ ഒരുഇലക്ട്രോണിക് റിക്കാർഡ് ഉൾപ്പെടുന്ന ഏതെങ്കിലും നടപടിയിൽ, വിപരീതമായി തെളിയിക്കപ്പെടാത്ത പക്ഷം, ആ സുരക്ഷിതമായ സ്ഥിതിയുമായി ബന്ധപ്പെട്ട നിർദിഷ്ട സമയഘട്ടം മുതൽ സുരക്ഷിതമായ ഇലക്ട്രോണിക് റിക്കാർഡ് വ്യത്യാസപ്പെടുത്തപ്പെട്ടിട്ടില്ലെന്ന് കോടതി അനുമാനിക്കേണ്ടതാണ്.

(2) സുരക്ഷിതമായ ഇലക്ട്രോണിക് ഒപ്പ് ഉൾപ്പെടുന്ന ഏതെങ്കിലും നടപടിയിൽ, വിപരീതമായി തെളിയിക്കപ്പെടാത്തപക്ഷം—

(ക) ഇലക്ട്രോണിക് റിക്കാർഡ് ഒപ്പിടുന്നതിനോ അംഗീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യത്തോടുകൂടിയാണ് വരിക്കാരൻ സുരക്ഷിതമായ ഇലക്ട്രോണിക് ഒപ്പ് പതിപ്പിച്ചതെന്നും;

(ഖ) ഒരു സുരക്ഷിതമായ ഇലക്ട്രോണിക് റിക്കാർഡിലോ അല്ലെങ്കിൽ ഒരു സുരക്ഷിതമായ ഇലക്ട്രോണിക് ഒപ്പിന്റെയോ സംഗതിയിലൊഴികെ ഈ വകുപ്പിലെ യാതൊന്നും, ഇലക്ട്രോണിക് റിക്കാർഡിന്റെയോ ഏതെങ്കിലും ഇലക്ട്രോണിക് ഒപ്പിന്റെയോ വിശ്വാസ്യതയെയും സമ്പൂർണ്ണതയെയും സംബന്ധിച്ച ഏതെങ്കിലും അനുമാനം ഉണ്ടാക്കുന്നില്ലെന്നും,

കോടതി അനുമാനിക്കേണ്ടതാണ്.

ഇലക്ട്രോണിക്ഒപ്പ് സാക്ഷ്യ പത്രങ്ങൾ സംബ ന്ധിച്ച അനുമാനം.

87. വരിക്കാരൻ സാക്ഷ്യപത്രം സ്വീകരിച്ചിട്ടുണ്ടെങ്കിൽ, പരിശോധിച്ചറിഞ്ഞിട്ടില്ലാത്ത വരിക്കാരന്റെ വിവരമായി പറഞ്ഞിട്ടുള്ള വിവരമൊഴികെ, ഒരു ഇലക്ട്രോണിക് ഒപ്പ് സാക്ഷ്യപത്രത്തിൽ ചേർത്തിട്ടുള്ള വിവരം, വിപരീതമായി തെളിയിക്കപ്പെടാത്ത പക്ഷം, ശരിയാണെന്ന് കോടതി അനുമാനിക്കേണ്ടതാണ്.

88. (1) ഇൻഡ്യയ്ക്ക് പുറത്തുള്ള ഏതെങ്കിലും രാജ്യത്തെ ഏതെങ്കിലും ജുഡീഷ്യൽ റിക്കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പായി കരുതപ്പെടുന്ന ഏതെങ്കിലും രേഖ, ആ രേഖ അങ്ങനെയുള്ള രാജ്യത്തെയോ രാജ്യത്തിനുവേണ്ടിയോ ഉള്ള കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും പ്രതിനിധി, ജുഡീഷ്യൽ റിക്കാർഡുകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തുന്നതിന് ആ രാജ്യത്ത് സാധാരണ ഉപയോഗത്തിലിരിക്കുന്ന രീതിയെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും രീതിയിൽ സാക്ഷ്യപ്പെടുത്തിയതായി കരുതപ്പെടുന്നതാണെങ്കിൽ, യഥാർഥമായതും കൃത്യവുമാണെന്ന് കോടതിക്ക് അനുമാനിക്കാവുന്നതാണ്.

വിദേശ ജുഡീഷ്യൽ റിക്കാർഡുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സംബന്ധിച്ച അനുമാനം.

(2) ഇൻഡ്യയ്ക്ക് പുറത്തുള്ള ഏതെങ്കിലും ഭൂപ്രദേശമോ സ്ഥലമോ സംബന്ധിച്ച്, സാമാന്യ ഖണ്ഡങ്ങൾ ആക്റ്റ്, 1897 (1897–ലെ 10)–ന്റെ 3–ാം വകുപ്പ് (43)–ാം ഖണ്ഡത്തിൽ നിർവചിച്ചപ്രകാരമുള്ള, അവിടേക്കായുള്ള ഒരു പൊളിറ്റിക്കൽ ഏജന്റായ ഒരു ഓഫീസർ, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ആ ഭൂപ്രദേശമോ സ്ഥലമോ ഉൾക്കൊള്ളുന്ന രാജ്യത്തിലെയും രാജ്യത്തിനു വേണ്ടിയുള്ള കേന്ദ്രസർക്കാരിന്റെ ഒരു പ്രതിനിധിയായി കരുതപ്പെടേണ്ടതാണ്.

89. പൊതുവായതോ സാമാന്യമായതോ ആയ താൽപര്യമുള്ള വിഷയങ്ങളെക്കുറിച്ചുള്ള വിവരത്തിനായി കോടതിക്ക് റഫർ ചെയ്യാവുന്ന ഏതെങ്കിലും പുസ്തകവും പ്രസിദ്ധീകരിച്ച ഏതെങ്കിലും ഭൂപടത്തിലെയോ ചാർട്ടിലെയോ പ്രസ്താവനകളും പ്രസക്തവസ്തുതകളായിട്ടുള്ളതും അതിന്റെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളതുമായത്, അവ ആരാൽ, എപ്പോൾ, എവിടെവച്ച് എഴുതപ്പെട്ടതോ പ്രസിദ്ധീകരിച്ചതോ ആയി കരുതപ്പെടുന്നുവോ, ആ ആളാലും ആ സമയത്തും സ്ഥലത്തും വച്ച് എഴുതിയതോ പ്രസിദ്ധീകരിച്ചതോ ആണെന്ന് അതിന് അനുമാനിക്കാവുന്നതാണ്.

പുസ്തകങ്ങളും ഭൂപടങ്ങളും ചാർട്ടുകളും സംബന്ധിച്ച അനുമാനം.

90. ആരംഭകനാൽ, ഒരു ഇലക്ട്രോണിക് മെയിൽ സർവർ മുഖേന ഒരു ഇലക്ട്രോണിക് സന്ദേശം അഭിസംബോധന ചെയ്തിട്ടുള്ളതായി കരുതപ്പെടുന്ന മേൽവിലാസക്കാരന് അയച്ചുകൊടുക്കുന്ന സന്ദേശം സംപ്രേഷണത്തിനായി അയാളുടെ കമ്പ്യൂട്ടറിലേക്ക് നൽകിയ സന്ദേശത്തിന് അനുരൂപമായിരിക്കുമെന്ന് കോടതിക്ക് അനുമാനിക്കാവുന്നതാണ്; എന്നാൽ അങ്ങനെയുള്ള സന്ദേശം അയച്ച ആളിനെ സംബന്ധിച്ച് കോടതി യാതൊരു അനുമാനവും നടത്തുവാൻ പാടില്ലാത്തതുമാണ്.

ഇലക്ട്രോണിക് സന്ദേശങ്ങൾ സംബന്ധിച്ച അനുമാനം.

ഹാജരാക്കിയിട്ടില്ലാത്ത രേഖകളുടെ യഥാവിധിയുള്ള ഒപ്പിട്ടു പൂർത്തീകരിക്കൽ മുതലായവ സംബന്ധിച്ച അനുമാനം.

91. ഹാജരാക്കാൻ ആവശ്യപ്പെടുകയും ഹാജരാക്കാനുള്ള നോട്ടീസിന് ശേഷം ഹാജരാക്കാതിരിക്കുകയും ചെയ്യുന്ന ഏതൊരു രേഖയും, നിയമം ആവശ്യപ്പെടുന്ന രീതിയിൽ സാക്ഷ്യപ്പെടുത്തുകയും സ്റ്റാമ്പ് പതിക്കുകയും ഒപ്പിട്ടുപൂർത്തീകരിക്കുകയും ചെയ്തതാണെന്ന് കോടതി അനുമാനിക്കേണ്ടതാണ്.

മുപ്പത് വർഷം പഴക്കമുള്ള രേഖകൾ സംബന്ധിച്ച അനുമാനം.

92. മുപ്പത് വർഷം പഴക്കമുള്ളതായി കരുതപ്പെടുന്നതോ തെളിയിക്കപ്പെട്ടതോ ആയ ഏതെങ്കിലും രേഖ, ശരിയായതെന്ന് ആ പ്രത്യേക സംഗതിയിൽ കോടതി കരുതുന്ന ഏതെങ്കിലും കസ്റ്റഡിയിൽനിന്ന് ഹാജരാക്കുന്നിടത്ത്, അങ്ങനെയുള്ള രേഖയിൽ ഏതെങ്കിലും പ്രത്യേക ആളുടെ കൈപ്പടയിലുള്ളതായി കരുതപ്പെടുന്ന കൈയൊപ്പും മറ്റേതൊരു ഭാഗവും ആ ആളുടെ കൈപ്പടയിലുള്ളതാണെന്നും, ഒപ്പിട്ടുപൂർത്തീകരിക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഒരു രേഖയുടെ സംഗതിയിൽ അത് ഒപ്പിട്ടുപൂർത്തീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തതായി കരുതപ്പെടുന്ന ആളുകൾ അത് യഥാവിധി ഒപ്പിട്ടു പൂർത്തീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തതാണെന്നും കോടതിക്ക് അനുമാനിക്കാവുന്നതാണ്.

*വിശദീകരണം.*—80-ാം വകുപ്പിനുള്ള വിശദീകരണം ഈ വകുപ്പിനും ബാധകമാകുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ക' വളരെക്കാലമായി ഭൂസ്വത്ത് കൈവശം വച്ചിരിക്കുകയാണ്. ആ ഭൂമിയെ സംബന്ധിച്ച് അയാൾക്ക് അതിലുള്ള അവകാശം കാണിക്കുന്ന കരണങ്ങൾ അയാൾ തന്റെ കസ്റ്റഡിയിൽ നിന്ന് ഹാജരാക്കുന്നു. ആ കസ്റ്റഡി ശരിയായിട്ടുള്ളതാണ്.

(ഖ) താൻ പണയഗ്രഹീതാവായിട്ടുള്ള ഭൂസ്വത്ത് സംബന്ധിക്കുന്ന കരണങ്ങൾ 'ക' ഹാജരാക്കുന്നു. പണയദാതാവിനാണ് ഭൂമി കൈവശമുള്ളത്. ആ കസ്റ്റഡി ശരിയായിട്ടുള്ളതാണ്.

(ഗ) '<u>ഖ</u>' യുമായി ഒരു ബന്ധമുള്ള '<u>ക</u>', '<u>ഖ</u>' യുടെ കൈവശത്തിലുള്ള ഭൂമികളെ സംബന്ധിച്ചതും ഭദ്രമായ കസ്റ്റഡിക്കായി '<u>ഖ</u>' തന്റെ പക്കൽ നിക്ഷേപിച്ചതുമായ കരണങ്ങൾ ഹാജരാക്കുന്നു. ആ കസ്റ്റഡി ശരിയായിട്ടുള്ളതാണ്.

93. അഞ്ച്‌വർഷം പഴക്കമുണ്ടെന്ന് കരുതപ്പെടുന്നതോ തെളിയിക്കപ്പെടുന്നതോ ആയ ഏതെങ്കിലും ഇലക്ട്രോണിക് റിക്കാർഡ് ആ പ്രത്യേക സംഗതിയിൽ ശരിയായതെന്ന് കോടതി കരുതുന്ന ഏതെങ്കിലും കസ്റ്റഡിയിൽ നിന്നും ഹാജരാക്കുന്നിടത്ത്, ഏതെങ്കിലും പ്രത്യേക ആളുടെ ഇലക്ട്രോണിക് ഒപ്പാണെന്ന് കരുതപ്പെടുന്ന ഇലക്ട്രോണിക് ഒപ്പ് അയാളോ അയാൾ ഇതിലേക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ആളോ അങ്ങനെ പതിച്ചതാണെന്ന് കോടതിക്ക് അനുമാനിക്കാവുന്നതാണ്.

അഞ്ച് വർഷം പഴക്കമുള്ള ഇലക്ട്രോണിക് റിക്കാർഡുകൾ സംബന്ധിച്ച അനുമാനം.

*വിശദീകരണം.*—81-ാം വകുപ്പിനുള്ള വിശദീകരണം ഈ വകുപ്പിനും ബാധകമാകുന്നതാണ്.

## അധ്യായം VI

## രേഖാമൂലമുള്ള തെളിവുകൊണ്ട് വാക്കാൽ തെളിവ് ഒഴിച്ചുനിറുത്തുന്നതിനെക്കുറിച്ച്

94. ഒരു കരാറിന്റെയോ ഒരു ഗ്രാന്റിന്റെയോ വസ്തു സംബന്ധിച്ച മറ്റേതെങ്കിലും വിനിയോഗത്തിന്റെയോ നിബന്ധനകൾ ഒരു രേഖയുടെ രൂപത്തിലാക്കിയിട്ടുള്ളപ്പോഴും, ഏതെങ്കിലും വിഷയം ഒരു രേഖയുടെ രൂപത്തിലാകണമെന്ന് നിയമം ആവശ്യപ്പെടുന്ന എല്ലാ സംഗതികളിലും, അങ്ങനെയുള്ള കരാറിന്റെയോ ഗ്രാന്റിന്റെയോ വസ്തു സംബന്ധിച്ച മറ്റേതെങ്കിലും വിനിയോഗത്തിന്റെയോ നിബന്ധനകളോ അല്ലെങ്കിൽ അങ്ങനെയുള്ള വിഷയമോ തെളിയിക്കുന്നതിനായി, രേഖ തന്നെ അല്ലെങ്കിൽ ഇതിനുമുമ്പ് അടങ്ങിയിട്ടുള്ള വ്യവസ്ഥകളിൻകീഴിൽ ദ്വിതീയകത്തെളിവ് സ്വീകാര്യമായ സംഗതികളിൽ അതിന്റെ ഉള്ളടക്കം സംബന്ധിച്ച ദ്വിതീയകത്തെളിവ് അല്ലാതെ യാതൊരു തെളിവും നൽകാൻ പാടുള്ളതല്ല.

രേഖാരൂപത്തിൽ ആക്കിയിട്ടുള്ള കരാറുകളുടെയും ഗ്രാന്റുകളുടെയും വസ്തു സംബന്ധിച്ച മറ്റ് വിനിയോഗങ്ങളുടെയും നിബന്ധനകളുടെ തെളിവ്.

*അപവാദം* 1.—ഒരു പബ്ലിക് ഓഫീസർ രേഖാമൂലം നിയമിക്കപ്പെടേണ്ടതാണെന്ന് നിയമം ആവശ്യപ്പെടുകയും ഏതെങ്കിലും ഒരു പ്രത്യേക ആൾ അങ്ങനെയുള്ള ഓഫീസറായി പ്രവർത്തിച്ചിട്ടുണ്ടെന്ന് കാണിക്കപ്പെടുകയും ചെയ്തിരിക്കുമ്പോൾ, അയാൾ നിയമിക്കപ്പെട്ടതായ ലിഖിതം തെളിയിക്കപ്പെടേണ്ടതില്ല.

*അപവാദം* 2.—ഇൻഡ്യയിൽ പ്രൊബേറ്റ് ചെയ്യാൻ സ്വീകാര്യമായ മരണശാസനങ്ങൾ പ്രൊബേറ്റ് വഴി തെളിയിക്കാവുന്നതാണ്.

*വിശദീകരണം* 1.—പരാമർശിക്കപ്പെട്ട കരാറുകളോ ഗ്രാന്റുകളോ വസ്തു സംബന്ധിച്ച വിനിയോഗങ്ങളോ ഒരു രേഖയിൽ അടങ്ങിയിരിക്കുന്ന സംഗതികൾക്കും അവ ഒന്നിൽ കൂടുതൽ രേഖകളിൽ അടങ്ങിയിരിക്കുന്ന സംഗതികൾക്കും ഈ വകുപ്പ് ഒരുപോലെ ബാധകമാകുന്നതാണ്.

*വിശദീകരണം* 2.—ഒന്നിൽ കൂടുതൽ അസ്സലുകളുള്ളിടത്ത്, ഒരു അസ്സൽ മാത്രം തെളിയിച്ചാൽ മതിയാകുന്നതാണ്.

*വിശദീകരണം* 3.—ഏതെങ്കിലും രേഖയിൽ, എന്തുതന്നെയായാലും, ഈ വകുപ്പിൽ പരാമർശിച്ച വസ്തുതകൾ അല്ലാതെയുള്ള ഒരു വസ്തുതയെക്കുറിച്ചുള്ള പ്രസ്താവന, അതേ വസ്തുത സംബന്ധിച്ച വാക്കാൽ തെളിവ് സ്വീകരിക്കുന്നതിനെ തടയുന്നതല്ല.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു കരാർ പല കത്തുകളിലായി അടങ്ങിയിരിക്കുന്നുവെങ്കിൽ, അത് അടങ്ങിയിട്ടുള്ള എല്ലാ കത്തുകളും തെളിയിക്കേണ്ടതാണ്.

(ഖ) ഒരു കരാർ ഒരു വിനിമയപത്രത്തിൽ അടങ്ങിയിരിക്കുന്നുവെങ്കിൽ, ആ വിനിമയപത്രം തെളിയിക്കേണ്ടതാണ്.

(ഗ) ഒരു വിനിമയപത്രം എഴുതിയിരിക്കുന്നത് മൂന്നെണ്ണമുള്ള ഒരു സെറ്റായിട്ടാണെങ്കിൽ, ഒന്നുമാത്രം തെളിയിച്ചാൽ മതിയാകുന്നതാണ്.

(ഘ) ചില നിബന്ധനകളിൻമേൽ നീലം നൽകുന്നതിന് '<u>ക</u>' രേഖാമൂലം '<u>ഖ</u>' യുമായി കരാറുണ്ടാക്കുന്നു. ആ കരാറിൽ മറ്റൊരു സന്ദർഭത്തിൽ വാക്കാൽ കരാർ ചെയ്തിരുന്ന മറ്റ് നീലത്തിന്റെ വില '<u>ക</u>' യ്ക്ക് '<u>ഖ</u>' കൊടുത്തിട്ടുണ്ടെന്നുള്ള വസ്തുത പരാമർശിക്കുന്നു. മറ്റേ നീലത്തിന് പണം നൽകിയിട്ടില്ലെന്നുള്ളതിന് വാക്കാൽതെളിവ് നൽകുന്നു. ആ തെളിവ് സ്വീകാര്യമാണ്.

(ങ) '<u>ഖ</u>' കൊടുത്ത പണത്തിന് '<u>ഖ</u>' യ്ക്ക് '<u>ക</u>' ഒരു രസീത് കൊടുക്കുന്നു. ആ പണം കൊടുത്തതിനെക്കുറിച്ച് വാക്കാൽ തെളിവ് നൽകുന്നു. ആ തെളിവ് സ്വീകാര്യമാണ്.

വാക്കാൽ കരാറിനെക്കുറിച്ചുള്ള തെളിവ് ഒഴിവാക്കുന്നത്.

95. അങ്ങനെയുള്ള ഏതെങ്കിലും കരാറിന്റെയോ ഗ്രാന്റിന്റെയോ, വസ്തു സംബന്ധിച്ച ഏതെങ്കിലും വിനിയോഗത്തിന്റെയോ അല്ലെങ്കിൽ ഒരു രേഖയുടെ രൂപത്തിൽ ആകണമെന്ന് നിയമം ആവശ്യപ്പെടുന്ന ഏതെങ്കിലും വിഷയത്തിന്റെയോ നിബന്ധനകൾ, 94–ാം വകുപ്പുപ്രകാരം തെളിയിക്കപ്പെട്ടിരിക്കുമ്പോൾ അതിന്റെ നിബന്ധനകൾ ഖണ്ഡിക്കുകയോ വ്യത്യാസപ്പെടുത്തുകയോ കൂട്ടിച്ചേർക്കുകയോ കുറയ്ക്കുകയോ ചെയ്യുന്ന ആവശ്യത്തിലേക്ക് അങ്ങനെയുള്ള ഏതെങ്കിലും പ്രമാണത്തിലെ കക്ഷികളോ അവരുടെ താൽപര്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ആളുകളോ തമ്മിലുള്ള ഏതെങ്കിലും വാക്കാൽ കരാറിന്റെയോ പ്രസ്താവനയുടെയോ യാതൊരു തെളിവും സ്വീകരിക്കപ്പെടുന്നതല്ല:

എന്നാൽ വഞ്ചന, ഭയപ്പെടുത്തൽ, നിയമവിരുദ്ധത, യഥാവിധി ഒപ്പിട്ടുപൂർത്തീകരിക്കലിന്റെ അഭാവം, കരാർ ചെയ്യുന്ന ഏതെങ്കിലും കക്ഷിയുടെ ശേഷിയില്ലായ്മ, പ്രതിഫലത്തിന്റെ അഭാവമോ നൽകാതിരിക്കലോ അല്ലെങ്കിൽ വസ്തുതയെയോ നിയമത്തെയോ കുറിച്ചുള്ള പിശക് എന്നിവപോലെയുള്ള, ഏതെങ്കിലും രേഖയെ അസ്ഥിരപ്പെടുത്തുന്നതോ അത് സംബന്ധിച്ച് ഏതെങ്കിലും വിധിക്കോ ഉത്തരവിനോ ഏതെങ്കിലും ആൾക്ക് അവകാശം നൽകുന്നതോ ആയ ഏതെങ്കിലും വസ്തുത തെളിയിക്കാവുന്നതാണ്:

എന്നുമാത്രമല്ല ഒരു രേഖ നിശബ്ദമായിരിക്കുന്നതും അതിന്റെ നിബന്ധനകളോട് അസംഗതമല്ലാതിരിക്കുന്നതുമായ ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച ഏതെങ്കിലും വ്യത്യസ്തമായ വാക്കാൽ കരാറിന്റെ നിലനിൽക്കൽ തെളിയിക്കാവുന്നതാണ്. ഈ പരിമിതിവ്യവസ്ഥ ബാധകമാണോ അല്ലയോ എന്ന് പരിഗണിക്കുന്നതിൽ കോടതി ആ രേഖയുടെ ഔപചാരികതയുടെ അളവിന് പരിഗണന നൽകേണ്ടതാണ്:

എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും കരാറിന്റെയോ ഗ്രാന്റിന്റെയോ വസ്തു സംബന്ധിച്ച വിനിയോഗത്തിന്റെയോ കീഴിൽ ഏതെങ്കിലും കടപ്പാട് ഉണ്ടാക്കുന്നതിനുള്ള ഒരു മുൻ ഉപാധിയാകുന്ന ഏതെങ്കിലും വ്യത്യസ്തമായ വാക്കാൽ കരാറിന്റെ നിലനിൽക്കൽ, തെളിയിക്കാവുന്നതാണ്:

എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും കരാറോ ഗ്രാന്റോ വസ്തു സംബന്ധിച്ച വിനിയോഗമോ റദ്ദാക്കുകയോ രൂപഭേദപ്പെടുത്തുകയോ ചെയ്യുന്ന പിന്നീടുള്ള ഏതെങ്കിലും വ്യത്യസ്തമായ വാക്കാൽ കരാറിന്റെ നിലനിൽക്കൽ, അങ്ങനെയുള്ള കരാറോ ഗ്രാന്റോ വസ്തു സംബന്ധിച്ച വിനിയോഗമോ രേഖാമൂലമായിരിക്കണമെന്ന് നിയമം ആവശ്യപ്പെടുകയോ രേഖകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കുകയോ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, തെളിയിക്കാവുന്നതാണ്:

എന്നിരുന്നാലും ഏതെങ്കിലും കരാറിൽ പ്രകടമായി പറഞ്ഞിട്ടില്ലാത്ത സംഭവങ്ങൾ സാധാരണയായി ആ വിവരണത്തിലുള്ള കരാറുകളോടുകൂടി ഏതെങ്കിലും വഴക്കമോ ആചാരമോ വഴി ചേർക്കപ്പെടുന്നുണ്ടെന്നത് തെളിയിക്കാവുന്നതാണ്:

എന്നിരുന്നാലും അങ്ങനെയുള്ള സംഭവം കൂട്ടിച്ചേർക്കുന്നത് ആ കരാറിന്റെ പ്രകടമായ നിബന്ധനകൾക്ക് വിരുദ്ധമോ അസംഗതമോ ആയിരിക്കരുത്:

എന്നിരുന്നാലുംനിലവിലുള്ള വസ്തുതകളുമായി ഒരു രേഖയിലെ ഭാഷ ഏത് രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണിക്കുന്ന ഏതെങ്കിലും വസ്തുത തെളിയിക്കാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) "കൊൽക്കത്തയിൽ നിന്ന് വിശാഖപട്ടണത്തിലേക്കുള്ള കപ്പലുകളിലെ" ചരക്കുകളിൻമേൽ ഒരു ഇൻഷ്വറൻസ് പോളിസി എടുത്തിരിക്കുന്നു. ചരക്കുകൾ കയറ്റി അയക്കുന്നതായ ഒരു പ്രത്യേക കപ്പൽ നഷ്ടപ്പെടുന്നു. ആ പ്രത്യേക കപ്പൽ, പോളിസിയിൽ നിന്ന് വാക്കാൽ ഒഴിവാക്കിയിരുന്നുവെന്ന വസ്തുത തെളിയിക്കാൻ സാധിക്കുന്നതല്ല.

(ഖ) 2023 മാർച്ച് 1–ന് 'ഖ'യ്ക്ക് ആയിരം രൂപ നൽകാമെന്ന് രേഖാമൂലം 'ക' നിരുപാധികം സമ്മതിക്കുന്നു. അതേ സമയം 2023 മാർച്ച് 31 വരെ ആ പണം നൽകരുതെന്ന് ഒരു വാക്കാൽ കരാർ ഉണ്ടാക്കിയെന്ന വസ്തുത തെളിയിക്കാൻ സാധിക്കുന്നതല്ല.

(ഗ) "രാംപൂർ ടീ എസ്റ്റേറ്റ്" എന്ന് വിളിക്കപ്പെടുന്ന ഒരു എസ്റ്റേറ്റ്, വിറ്റ വസ്തുവിന്റെ ഒരു ഭൂപടം അടങ്ങിയിട്ടുള്ള ഒരു പ്രമാണം വഴി വിൽക്കുന്നു. ഭൂപടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഭൂമി ആ എസ്റ്റേറ്റിന്റെ ഭാഗമായി എപ്പോഴും കരുതിപ്പോന്നിരുന്നുവെന്നും ആ കരണം വഴി കൈമാറാൻ ഉദ്ദേശിച്ചിരുന്നുവെന്നുമുള്ള വസ്തുത തെളിയിക്കാൻ സാധിക്കുന്നതല്ല.

(ഘ) 'ഖ' യുടെ വകയായ ചില ഖനികൾ നടത്തുവാൻ ചില നിബന്ധനകളിൻമേൽ 'ക', 'ഖ' യുമായി രേഖാമൂലമുള്ള ഒരു കരാറിൽ ഏർപ്പെടുന്നു. അവയുടെ മൂല്യം സംബന്ധിച്ച് 'ഖ' യെ തെറ്റിദ്ധരിപ്പിച്ചതു കൊണ്ടാണ് അങ്ങനെ ചെയ്യുവാൻ 'ക' പ്രചോദിതനായത്. ഈ വസ്തുത തെളിയിക്കാവുന്നതാണ്.

(ങ) ഒരു കരാറിന്റെ നിർദിഷ്ട നിർവഹണത്തിനായി 'ഖ' യ്ക്കെതിരെ 'ക' ഒരു വ്യവഹാരം ബോധിപ്പിക്കുകയും അതിലെ വ്യവസ്ഥകളിലൊന്ന് സംബന്ധിച്ച്, ആ വ്യവസ്ഥ അതിൽ തെറ്റായി ചേർത്തതാകയാൽ കരാർ വീണ്ടും രൂപപ്പെടുത്തണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു. കരാർ വീണ്ടും രൂപപ്പെടുത്തുന്നതിന് അയാൾക്ക് നിയമപ്രകാരം അവകാശം കിട്ടത്തക്കവിധം അങ്ങനെയുള്ള ഒരു തെറ്റുപറ്റിയെന്ന് 'ക' യ്ക്ക് തെളിയിക്കാവുന്നതാണ്.

(ച) പണം കൊടുക്കേണ്ട സമയത്തെക്കുറിച്ച് ഒന്നും പറയാത്ത ഒരു കത്ത് മുഖേന 'ക', 'ഖ' യുടെ ചരക്കുകൾ ഓർഡർ ചെയ്യുകയും ചരക്കുകൾ ഏൽപ്പിച്ച് കൊടുത്തപ്പോൾ സ്വീകരിക്കുകയും ചെയ്യുന്നു. 'ഖ' അതിന്റെ വിലയ്ക്ക് 'ക' യുടെ മേൽ വ്യവഹാരപ്പെടുന്നു. അപ്പോഴും കാലാവധി തീരാത്ത ഒരു കാലത്തേക്കുള്ള കടത്തിൻമേലാണ് ചരക്കുകൾ നൽകിയതെന്ന് 'ക' യ്ക്ക് കാണിക്കാവുന്നതാണ്.

(ഛ) 'ക', 'ഖ' യ്ക്ക് ഒരു കുതിരയെ വിൽക്കുകയും അത് കുറ്റമറ്റതാണെന്ന് വാക്കാൽ ഉറപ്പ് നൽകുകയും ചെയ്യുന്നു. ''മുപ്പതിനായിരം രൂപയ്ക്ക് ഒരു കുതിരയെ 'ക' യുടെ പക്കൽനിന്ന് വാങ്ങി''–ഈ വാക്കുകളിൽ 'ക', 'ഖ' യ്ക്ക് ഒരു കടലാസ് നൽകുന്നു. ആ വാക്കാലുള്ള ഉറപ്പ് 'ഖ' യ്ക്ക് തെളിയിക്കാവുന്നതാണ്.

(ജ) 'ക', 'ഖ' യിൽ നിന്ന് താമസസ്ഥലങ്ങൾ വാടകയ്ക്ക് എടുക്കുകയും ''മുറികൾ, പ്രതിമാസം പതിനായിരം രൂപയ്ക്ക്''—എന്ന് എഴുതിയിട്ടുള്ള ഒരു കാർഡ്, 'ഖ' യ്ക്ക് കൊടുക്കുകയും ചെയ്യുന്നു. ഈ നിബന്ധനകളിൽ ഭാഗികമായ ഭക്ഷണം കൂടി ഉൾപ്പെടുന്നതാണെന്നുള്ള ഒരു വാക്കാൽ കരാർ 'ക'യ്ക്ക് തെളിയിക്കാവുന്നതാണ്. 'ഖ' യിൽ നിന്ന് ഒരു വർഷത്തേക്ക് താമസസ്ഥലം 'ക' വാടകയ്ക്കെടുക്കുകയും, ഒരു അഭിഭാഷകൻ എഴുതിയുണ്ടാക്കിയതും ക്രമപ്രകാരം സ്റ്റാമ്പ് പതിച്ചതുമായ ഒരു കരാർ അവർ തമ്മിൽ ഉണ്ടാക്കുകയും ചെയ്യുന്നു. ഭക്ഷണ കാര്യത്തെക്കുറിച്ച് അതിലൊന്നും പറയുന്നില്ല. നിബന്ധനകളിൽ ഭക്ഷണകാര്യം വാക്കാൽ ഉൾപ്പെടുത്തിയിരുന്നുവെന്ന് 'ക' യ്ക്ക് തെളിയിക്കാവുന്നതല്ല.

(ഝ) 'ക' യ്ക്ക് കിട്ടേണ്ട ഒരു കടത്തിന്, ആ പണത്തിനുള്ള ഒരു രസീത് അയച്ചുകൊടുത്തുകൊണ്ട് 'ക', 'ഖ' യോട് ആവശ്യപ്പെടുന്നു. 'ഖ' ആ രസീത് സൂക്ഷിക്കുകയും പണം അയച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്നു. ആ തുകയ്ക്കായുള്ള ഒരു വ്യവഹാരത്തിൽ 'ക' യ്ക്ക് ഇത് തെളിയിക്കാവുന്നതാണ്.

(ഞ) ഒരു പ്രത്യേക അനിശ്ചിത സംഭവം ഉണ്ടായാൽ ഫലത്തിൽ വരേണ്ടതായ രേഖാമൂലമുള്ള ഒരു കരാർ 'ക' യും 'ഖ' യും തമ്മിൽ ഉണ്ടാക്കുന്നു. എഴുതിയത് 'ഖ' യുടെ പക്കൽ കൊടുക്കുന്നതിൻമേൽ അയാൾ 'ക' യുടെ മേൽ വ്യവഹാരപ്പെടുന്നു. അത് ഏൽപ്പിച്ചുകൊടുത്ത സാഹചര്യങ്ങൾ 'ക' യ്ക്ക് കാണിക്കാവുന്നതാണ്.

96. ഒരു രേഖയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ, പ്രത്യക്ഷത്തിൽ അർഥ വ്യക്തതയില്ലാത്തതോ ന്യൂനതയുള്ളതോ ആയിരിക്കുന്നിടത്ത്, അതിന്റെ അർഥം കാണിക്കുന്നതോ അതിന്റെ ന്യൂനതകൾ പരിഹരിക്കുന്നതോ ആയ വസ്തുതകളുടെ തെളിവ് നൽകാവുന്നതല്ല.

അർഥവ്യക്തത യില്ലാത്ത രേഖ വിശദീകരിക്കു വാനോ ഭേദഗതി ചെയ്യുവാനോ ഉള്ള തെളിവ് ഒഴിവാക്കുന്നത്.

*ദൃഷ്ടാന്തങ്ങൾ.*

(ക) "ഒരു ലക്ഷം രൂപയ്ക്കോ ഒരു ലക്ഷത്തി അൻപതിനായിരം രൂപയ്ക്കോ" ഒരു കുതിരയെ 'ഖ' യ്ക്ക് വിൽക്കാമെന്ന് രേഖാമൂലം 'ക' സമ്മതിക്കുന്നു. എന്ത് വിലയാണ് നൽകേണ്ടിയിരുന്നതെന്ന് കാണിക്കുന്ന തിന് തെളിവ് നൽകാവുന്നതല്ല.

(ഖ) ഒരു കരണം എഴുതാതെ ഒഴിച്ചിട്ടവ ഉൾക്കൊള്ളുന്നതാണ്. എങ്ങനെയാണ് അത് പൂരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് കാണിക്കുന്ന വസ്തുതകളെക്കുറിച്ച് തെളിവ് നൽകാൻ സാധിക്കുന്നതല്ല.

97. ഒരു രേഖയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ തന്നെ സ്പഷ്ടമായിരിക്കുകയും നിലവിലുള്ള വസ്തുതകൾക്ക് അത് കൃത്യമായി ബാധകമാകുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള വസ്തുതകൾക്ക് അത് ബാധകമാക്കുവാൻ ഉദ്ദേശിച്ചിരുന്നില്ലെന്ന് കാണിക്കുന്നതിന് തെളിവ് നൽകാവുന്നതല്ല.

നിലവിലുള്ള വസ്തുത കൾക്ക് രേഖയുടെ ബാധകത യ്ക്കെതി രായുള്ള തെളിവ് ഒഴിവാക്കുന്നത്.

*ദൃഷ്ടാന്തം.*

"100 ബിഗാ ഉള്ള റാംപൂരിലെ എന്റെ എസ്റ്റേറ്റ്" കരണം വഴി '<u>ക</u>', '<u>ഖ</u>' യ്ക്ക് വിൽക്കുന്നു. '<u>ക</u>' യ്ക്ക് റാംപൂരിൽ 100 ബിഗാ ഉള്ള ഒരു എസ്റ്റേറ്റുണ്ട്. ഒരു വ്യത്യസ്ത സ്ഥലത്ത് സ്ഥിതിചെയ്യുന്നതും വ്യത്യസ്തമായ വലിപ്പമുള്ളതുമായിരുന്നു വിൽക്കാനുദ്ദേശിച്ച എസ്റ്റേറ്റ് എന്ന വസ്തുതയെക്കുറിച്ച് തെളിവ് നൽകാവുന്നതല്ല.

നിലവിലുള്ള വസ്തുതകൾ വച്ചു നോക്കിയാൽ അർഥശൂന്യമായ രേഖ സംബന്ധിച്ചുള്ള തെളിവ്.

98. ഒരു രേഖയിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ തന്നെ സ്പഷ്ടമായിരിക്കുകയും എന്നാൽ നിലവിലുള്ള വസ്തുതകൾ വച്ചുനോക്കിയാൽ അർഥശൂന്യമായിരിക്കുകയും ചെയ്യുന്നിടത്ത്, അത് ഒരു വിശേഷാർഥത്തിലാണ് ഉപയോഗിച്ചതെന്ന് കാണിക്കുന്നതിന് തെളിവ് നൽകാവുന്നതാണ്.

*ദൃഷ്ടാന്തം.*

"കൊൽക്കത്തയിലെ എന്റെ വീട്" കരണം വഴി '<u>ക</u>', '<u>ഖ</u>' യ്ക്ക് വിൽക്കുന്നു. '<u>ക</u>' യ്ക്ക് കൊൽക്കത്തയിൽ വീടില്ലായിരുന്നു, എന്നാൽ അയാൾക്ക്, ആ കരണം ഒപ്പിട്ടുപൂർത്തീകരിച്ചതിനുശേഷം, '<u>ഖ</u>' യുടെ കൈവശത്തിലായിരുന്ന ഒരു വീട് ഹൗറയിൽ ഉണ്ടായിരുന്നതായി കാണുന്നു. കരണം ഹൗറയിലെ വീട് സംബന്ധിച്ചതാണെന്ന് കാണിക്കുന്നതിന് ഈ വസ്തുതകൾ തെളിയിക്കാവുന്നതാണ്.

പല ആളുകളിൽ ഒരാൾക്ക് മാത്രം ബാധകമാകാവുന്ന ഭാഷയുടെ ബാധകത സംബന്ധിച്ച തെളിവ്.

99. വസ്തുതകൾ, ഉപയോഗിച്ചിരിക്കുന്ന ഭാഷ പല ആളുകളിൽ അല്ലെങ്കിൽ സാധനങ്ങളിൽ ഏതെങ്കിലും ഒന്നിന് ബാധകമാകണമെന്ന് ഉദ്ദേശിച്ചതായിരിക്കാവുന്നതും ഒന്നിൽ കൂടുതലുള്ളവയ്ക്ക് ബാധകമാകണമെന്ന് ഉദ്ദേശിച്ചതായിരിക്കാത്തതുമാകുന്നിടത്ത്, അത് ബാധകമാകണമെന്ന് ഉദ്ദേശിച്ചിരുന്നതായ ആ ആളുകളെയോ സാധനങ്ങളെയോ കാണിക്കുന്ന വസ്തുതകൾ സംബന്ധിച്ച തെളിവ് നൽകാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ''എന്റെ വെള്ളക്കുതിരയെ'' 'ഖ' യ്ക്ക് ആയിരം രൂപയ്ക്ക് വിൽക്കാമെന്ന് 'ക' സമ്മതിക്കുന്നു. 'ക' യ്ക്ക് രണ്ട് വെള്ളക്കുതിരകളുണ്ട്. അവയിൽ ഏതിനെയാണ് ഉദ്ദേശിച്ചതെന്ന് കാണിക്കുന്ന വസ്തുതകളെക്കുറിച്ച് തെളിവ് നൽകാവുന്നതാണ്.

(ഖ) രാംഗഡിലേക്ക് 'ഖ' യെ അനുഗമിക്കാമെന്ന് 'ക' സമ്മതിക്കുന്നു. രാജസ്ഥാനിലെ രാംഗഡാണോ ഉത്തരാഖണ്ഡിലെ രാംഗഡാണോ ഉദ്ദേശിക്കപ്പെട്ടതെന്ന് കാണിക്കുന്ന വസ്തുതകളെക്കുറിച്ച് തെളിവ് നൽകാവുന്നതാണ്.

രണ്ട് സെറ്റ് വസ്തുതകളിൽ ഒന്നിന് ഒന്നിലും മുഴുവനായി ശരിയായി ബാധകമാകാത്ത ഭാഷയുടെ ബാധകത സംബന്ധിച്ച തെളിവ്.

100. ഉപയോഗിച്ചിരിക്കുന്ന ഭാഷ, നിലവിലിരിക്കുന്ന ഒരു സെറ്റ് വസ്തുതകൾക്ക് ഭാഗികമായും നിലവിലിരിക്കുന്ന മറ്റൊരു സെറ്റ് വസ്തുതകൾക്ക് ഭാഗികമായും ബാധകമാകുന്നിടത്ത്, എന്നാൽ അത് മുഴുവനായി ഒന്നിനും ശരിയായി ബാധകമാകാതിരിക്കുകയും ചെയ്യുമ്പോൾ രണ്ടിൽ ഏതിനാണ് അത് ബാധകമാക്കാൻ ഉദ്ദേശിച്ചിരിക്കുന്നതെന്ന് കാണിക്കുന്നതിനുള്ള തെളിവ് നൽകാവുന്നതാണ്.

*ദൃഷ്ടാന്തം.*

'''ഭ' എന്ന സ്ഥലത്തുള്ള 'മ' യുടെ കൈവശത്തിലിരിക്കുന്ന എന്റെ ഭൂമി'' 'ഖ' യ്ക്ക് വിൽക്കാമെന്ന് 'ക' സമ്മതിക്കുന്നു. 'ഭ' എന്ന സ്ഥലത്ത് 'ക' യ്ക്ക് ഭൂമിയുണ്ട്, എന്നാൽ അത് 'മ' യുടെ കൈവശത്തിലല്ല, അയാൾക്ക് 'മ' യുടെ കൈവശത്തിൽ ഭൂമിയുണ്ട്, എന്നാൽ അത് 'ഭ' എന്ന സ്ഥലത്തല്ല. ഏതാണ് അയാൾ വിൽക്കുവാൻ ഉദ്ദേശിച്ചതെന്ന് കാണിക്കുന്ന വസ്തുതകളെക്കുറിച്ച് തെളിവ് നൽകാവുന്നതാണ്.

അവ്യക്തമായ അക്ഷരങ്ങൾ മുതലായവയുടെ അർഥം സംബന്ധിച്ച തെളിവ്.

101. അവ്യക്തമായതോ സാധാരണയായി ഗ്രഹിക്കാൻ സാധിക്കാത്തതോ ആയ അക്ഷരങ്ങളുടെയും വിദേശീയമോ പ്രചാരത്തിലില്ലാത്തതോ സാങ്കേതികമോ തദ്ദേശീയമോ പ്രാദേശികമോ ആയ പദങ്ങളുടെയും പദസംക്ഷേപങ്ങളുടെയും ഒരു വിശേഷാർഥത്തിൽ ഉപയോഗിച്ച വാക്കുകളുടെയും അർഥം കാണിക്കുന്നതിലേക്ക് തെളിവ് നൽകാവുന്നതാണ്.

*ദൃഷ്ടാന്തം.*

'ഖ' യ്ക്ക് ''എന്റെ എല്ലാ മോഡുകളും'' വിൽക്കാമെന്ന് ഒരു പ്രതിമാ ശിൽപിയായ 'ക' സമ്മതിക്കുന്നു. 'ക'യ്ക്ക് മോഡലുകളും മോഡൽ നിർമ്മിക്കുന്നതിനുള്ള സാമഗ്രികളുമുണ്ട്. അയാൾ ഏതാണ് വിൽക്കാൻ ഉദ്ദേശിച്ചതെന്ന് കാണിക്കുന്നതിന് തെളിവ് നൽകാവുന്നതാണ്.

രേഖയുടെ നിബന്ധനകൾ വ്യത്യാസപ്പെടുത്തുന്ന കരാറിനെക്കുറിച്ച് തെളിവ് ആർക്ക് നൽകാമെന്ന്.

102. ഒരു രേഖയിലെ കക്ഷികളോ അവരുടെ താൽപര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നവരോ അല്ലാത്ത ആളുകൾക്ക് ആ രേഖയുടെ നിബന്ധനകൾ വ്യത്യാസപ്പെടുത്തുന്ന ഒരു സമകാലികമായ കരാറിനെ കാണിക്കുവാൻ പ്രവണതയുള്ള ഏതെങ്കിലും വസ്തുതകളെക്കുറിച്ച് തെളിവ് നൽകാവുന്നതാണ്.

*ദൃഷ്ടാന്തം.*

ഏൽപ്പിച്ചുകൊടുക്കുമ്പോൾ പണം കൊടുക്കേണ്ട ഏതാനും പരുത്തി 'ക' യ്ക്ക് 'ഖ' വിൽക്കേണ്ടതാണെന്ന് 'ക' യും 'ഖ' യും തമ്മിൽ രേഖാമൂലമായ ഒരു കരാർ ഉണ്ടാക്കുന്നു. അതേസമയം 'ക' യ്ക്ക് മൂന്ന് മാസത്തെ കടത്തിന് നൽകേണ്ടതാണെന്ന് അവർ വാക്കാൽ കരാർ ചെയ്യുന്നു. 'ക' യും 'ഖ' യും തമ്മിൽ ഇത് തെളിവാക്കാവുന്നതല്ല, എന്നാൽ 'ഗ' യ്ക്ക് അത് അയാളുടെ താൽപര്യങ്ങളെ ബാധിക്കുന്നതാണെങ്കിൽ അത് തെളിവാക്കാവുന്നതാണ്.

മരണശാസനങ്ങളെ സംബന്ധിച്ച ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്റ്റിലെ വ്യവസ്ഥകൾ ഒഴിവാക്കൽ.

103. ഈ അധ്യായത്തിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മരണശാസനങ്ങൾക്ക് അർഥം കൽപിക്കുന്നത് സംബന്ധിച്ച ഇൻഡ്യൻ പിൻതുടർച്ചാവകാശ ആക്റ്റ്, 1925 (1925–ലെ 39)–ൽ അടങ്ങിയിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥകളെ ബാധിക്കുന്നതായി കരുതുവാൻ പാടില്ലാത്തതാണ്.

# ഭാഗം IV

## തെളിവിന്റെ ഹാജരാക്കലും പ്രഭാവവും

## അധ്യായം VII

## തെളിയിക്കേണ്ട ഭാരത്തെക്കുറിച്ച്

104. ഒരാൾ ഉറപ്പിച്ചുപറയുന്ന വസ്തുതകളുടെ നിലനിൽക്കലിനെ ആശ്രയിച്ചിരിക്കുന്ന ഏതെങ്കിലും നിയമപരമായ അവകാശമോ ബാധ്യതയോ സംബന്ധിച്ച് ഏതെങ്കിലും കോടതി വിധിന്യായം നൽകണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാളും, ആ വസ്തുതകൾ നില നിൽക്കുന്നുണ്ടെന്ന് തെളിയിക്കേണ്ടതും ഏതെങ്കിലും വസ്തുതയുടെ നില നിൽക്കൽ തെളിയിക്കാൻ ഒരാൾ ബാധ്യസ്ഥനായിരിക്കുന്നിടത്ത്, തെളിയിക്കേണ്ട ഭാരം ആ ആളിലാണെന്ന് പറയപ്പെടുന്നതാണ്. തെളിയിക്കേണ്ട ഭാരം.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ഖ' ചെയ്തിട്ടുണ്ടെന്ന് 'ക' പറയുന്ന ഒരു കുറ്റകൃത്യത്തിന് 'ഖ' ശിക്ഷിക്കപ്പെടണമെന്ന വിധിന്യായം ഒരു കോടതി നൽകണമെന്ന് 'ക' ആഗ്രഹിക്കുന്നു. 'ഖ' ആ കുറ്റകൃത്യം ചെയ്തിട്ടുണ്ടെന്ന് 'ക' തെളിയിക്കണം.

(ഖ) സത്യമെന്ന് താൻ ഉറപ്പിച്ചുപറയുന്നതും, 'ഖ' നിഷേധിക്കുന്നതുമായ വസ്തുതകൾ കാരണമായി 'ഖ' യുടെ കൈവശമുള്ള പ്രത്യേക ഭൂമി തനിക്ക് അവകാശപ്പെട്ടതാണെന്ന വിധിന്യായം ഒരു കോടതി നൽകണമെന്ന് 'ക' ആഗ്രഹിക്കുന്നു. ആ വസ്തുതകളുടെ നിലനിൽക്കൽ 'ക' തെളിയിക്കണം.

105. ഒരു വ്യവഹാരത്തിലോ നടപടിയിലോ തെളിയിക്കേണ്ട ഭാരം, ഇരുഭാഗത്തുനിന്നും തെളിവൊന്നുംതന്നെ നൽകിയിട്ടില്ലെങ്കിൽ, തോൽക്കുന്ന ആ ആളിലാകുന്നതാണ്. തെളിയിക്കേണ്ട ഭാരം ആരിലാണെന്ന്.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ഖ' യുടെ കൈവശമുള്ളളതും 'ക' ഉറപ്പിച്ചുപറയുന്നതുപോലെ 'ഖ' യുടെ പിതാവായ 'ഗ' യുടെ മരണശാസനപ്രകാരം 'ക' യ്ക്ക് നൽകിയതുമായ ഭൂമിക്ക് 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. ഇരുഭാഗത്തുനിന്നും യാതൊരു തെളിവും നൽകിയിട്ടില്ലെങ്കിൽ, തന്റെ കൈവശം തുടരുന്നതിന് 'ഖ' യ്ക്ക് അവകാശമുണ്ട്. അതുകൊണ്ട് തെളിയിക്കേണ്ട ഭാരം 'ക' യ്ക്കാണ്.

(ഖ) ഒരു ബോണ്ടിൻമേൽ കിട്ടേണ്ട പണത്തിന് 'ക', 'ഖ' യുടെ മേൽ വ്യവഹാരപ്പെടുന്നു. ബോണ്ട് ഒപ്പിട്ടുപൂർത്തീകരിച്ചത് അഡ്മിറ്റ് ചെയ്തിരിക്കുന്നു, എന്നാൽ അത് വഞ്ചന വഴി നേടിയതാണെന്ന് 'ഖ' പറയുന്നത്, 'ക' നിഷേധിക്കുന്നു. ഇരുഭാഗത്തുനിന്നും യാതൊരു തെളിവും നൽകിയിട്ടില്ലെങ്കിൽ, ബോണ്ടിനെക്കുറിച്ച് തർക്കമില്ലാത്തതുകൊണ്ടുംവഞ്ചന തെളിയിക്കപ്പെടാത്തതുകൊണ്ടും 'ക' വിജയിക്കും. അതുകൊണ്ട് തെളിയിക്കേണ്ട ഭാരം 'ഖ' യ്ക്കാണ്.

പ്രത്യേക വസ്തുത തെളിയിക്കേണ്ട ഭാരം.

106. ഏതെങ്കിലും പ്രത്യേക വസ്തുത തെളിയിക്കേണ്ടഭാരം, ആ വസ്തുത തെളിയിക്കേണ്ടത് ഏതെങ്കിലും പ്രത്യേക ആളിലാണെന്ന് ഏതെങ്കിലും നിയമം വ്യവസ്ഥചെയ്യാത്തപക്ഷം, അതിന്റെ നിലനിൽക്കൽ കോടതി വിശ്വസിക്കണമെന്ന് ആഗ്രഹിക്കുന്ന ആ ആളിലാണ്.

*ദൃഷ്ടാന്തം.*

'ക', 'ഖ' യെ മോഷണത്തിന് പ്രോസിക്യൂട്ട് ചെയ്യുകയും, 'ഗ' യോട് 'ഖ' മോഷണം അഡ്മിറ്റ് ചെയ്തതായി കോടതി വിശ്വസിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ആ അഡ്മിഷൻ 'ക' തെളിയിക്കണം. പ്രശ്നസമയത്ത് താൻ മറ്റൊരിടത്ത് ആയിരുന്നുവെന്ന് കോടതി വിശ്വസിക്കണമെന്ന് 'ഖ' ആഗ്രഹിക്കുന്നു. അയാൾ അത് തെളിയിക്കണം.

തെളിവ് സ്വീകാര്യമാക്കുന്നതിന് തെളിയിക്കപ്പെടേണ്ട വസ്തുത തെളിയിക്കേണ്ട ഭാരം.

107. മറ്റേതെങ്കിലും വസ്തുതയെക്കുറിച്ച് തെളിവ് നൽകാൻ ഏതെങ്കിലും ആളെ പ്രാപ്തനാക്കുവാൻ വേണ്ടി തെളിയിക്കുന്നതിന് ആവശ്യമായ ഏതെങ്കിലും വസ്തുത തെളിയിക്കേണ്ട ഭാരം, അങ്ങനെയുള്ള തെളിവ് നൽകാൻ ആഗ്രഹിക്കുന്ന ആൾക്കാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ‘ഖ’ യുടെ മരണമൊഴി തെളിയിക്കുവാൻ ‘ക’ ആഗ്രഹിക്കുന്നു, ‘ക’, ‘ഖ’ യുടെ മരണം തെളിയിക്കണം.

(ഖ) നഷ്ടപ്പെട്ട ഒരു രേഖയുടെ ഉള്ളടക്കം, ദ്വിതീയകത്തെളിവ് വഴി തെളിയിക്കാൻ ‘ക’ ആഗ്രഹിക്കുന്നു. ആ രേഖ നഷ്ടപ്പെട്ടുവെന്ന് ‘ക’ തെളിയിക്കണം.

കുറ്റാരോപിതന്റെ കേസ് അപവാദങ്ങളിൽപ്പെടുന്നുവെന്ന് തെളിയിക്കേണ്ട ഭാരം.

108. ഒരാൾ ഏതെങ്കിലും കുറ്റം ചെയ്തതായി ആരോപിക്കപ്പെട്ടിരിക്കുന്നിടത്ത്, ആ കേസ് ഭാരതീയ നീതി സംഹിത, 2023-ലെ ഏതെങ്കിലും സാമാന്യമായ അപവാദങ്ങളുടെയോ പ്രസ്തുത സംഹിതയിലെ മറ്റേതെങ്കിലും ഭാഗത്തോ ആ കുറ്റം നിർവചിക്കുന്ന ഏതെങ്കിലും നിയമത്തിലോ, അടങ്ങിയിട്ടുള്ള ഏതെങ്കിലും പ്രത്യേക അപവാദത്തിന്റെയോ പരിമിതിവ്യവസ്ഥയുടെയോ പരിധിക്കുള്ളിൽ കൊണ്ടുവരുന്ന സാഹചര്യങ്ങളുണ്ടെന്ന് തെളിയിക്കേണ്ട ഭാരം അയാൾക്കുള്ളതും കോടതി അങ്ങനെയുള്ള സാഹചര്യങ്ങളില്ലെന്ന് അനുമാനിക്കേണ്ടതുമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) കൊലപാതകം ആരോപിക്കപ്പെട്ട ‘ക’ ചിത്തഭ്രമം കാരണമായി കൃത്യത്തിന്റെ സ്വഭാവം അറിഞ്ഞില്ലെന്ന് ആരോപിക്കുന്നു. തെളിയിക്കേണ്ട ഭാരം ‘ക’ യ്ക്കാണ്.

(ഖ) കൊലപാതകം ആരോപിക്കപ്പെട്ട ‘ക’ ഗുരുതരമായതും പെട്ടെന്നുണ്ടായതുമായ പ്രകോപനത്താൽ അയാളുടെ ആത്മനിയന്ത്രണ ശക്തി ഇല്ലാതാക്കപ്പെട്ടിരുന്നുവെന്ന് പറയുന്നു. തെളിയിക്കേണ്ട ഭാരം ‘ക’ യ്ക്കാണ്.

(ഗ) ഭാരതീയ നീതി സംഹിത, 2023–ന്റെ 122–ാം വകുപ്പ് (2)–ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള സംഗതിയിലൊഴികെ, സ്വേച്ഛയാ കഠിനമായ ദേഹോപദ്രവമേൽപ്പിക്കുന്ന ഏതൊരാളും ചില ശിക്ഷകൾക്ക് വിധേയനായിരിക്കുന്നതാണെന്ന്, 117–ാം വകുപ്പ് വ്യവസ്ഥചെയ്യുന്നു. സ്വേച്ഛയാ കഠിനമായ ദേഹോപദ്രവം ഏൽപ്പിച്ചുവെന്നതിന് 117–ാം വകുപ്പിൻ കീഴിൽ 'ക' ചാർജ് ചെയ്യപ്പെട്ടിരിക്കുന്നു. ആ കേസ് 122–ാം വകുപ്പ് (2)–ാം ഉപവകുപ്പിൻകീഴിൽ കൊണ്ടുവരുന്ന സാഹചര്യങ്ങളിൽ തെളിയിക്കേണ്ട ഭാരം 'ക' യ്ക്കാണ്.

പ്രത്യേകമായി അറിവിൽപ്പെട്ട വസ്തുത തെളിയിക്കേണ്ടഭാരം.

109. ഏതെങ്കിലും വസ്തുത പ്രത്യേകമായി ഏതെങ്കിലും ആളുടെ അറിവിൽപ്പെട്ടതായിരിക്കുന്നിടത്ത്, ആ വസ്തുത തെളിയിക്കേണ്ട ഭാരം അയാൾക്കാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു കൃത്യം, ആ കൃത്യത്തിന്റെ സ്വഭാവവും സാഹചര്യങ്ങളും സൂചിപ്പിക്കുന്നതല്ലാതെയുള്ള മറ്റേതെങ്കിലും ഉദ്ദേശ്യത്തോടെ ഒരാൾ ചെയ്യുന്നിടത്ത്, ആ ഉദ്ദേശ്യം തെളിയിക്കേണ്ട ഭാരം അയാൾക്കാണ്.

(ഖ) ടിക്കറ്റ് കൂടാതെ ഒരു തീവണ്ടിയിൽ സഞ്ചരിച്ചുവെന്നതിന് 'ക' ചാർജ് ചെയ്യപ്പെട്ടിരിക്കുന്നു. തനിക്ക് ടിക്കറ്റ് ഉണ്ടായിരുന്നുവെന്ന് തെളിയിക്കേണ്ട ഭാരം അയാൾക്കാണ്.

മുപ്പത് വർഷങ്ങൾക്കുള്ളിൽ ജീവിച്ചിരുന്നതായി അറിവുള്ള ആളുടെ മരണം തെളിയിക്കേണ്ട ഭാരം.

110. പ്രശ്നം ഒരാൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയോ എന്നതായിരിക്കുകയും, മുപ്പത് വർഷത്തിനുള്ളിൽ അയാൾ ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്ന് കാണിച്ചിരിക്കുകയും ചെയ്യുന്നിടത്ത്, അയാൾ മരിച്ചുപോയെന്ന് തെളിയിക്കേണ്ട ഭാരം അത് ഉറപ്പിച്ചുപറയുന്ന ആൾക്കാണ്.

ഏഴ് വർഷമായി കേൾക്കപ്പെടാത്ത ആൾ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കേണ്ട ഭാരം.

111. പ്രശ്നം ഒരാൾ ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയോ എന്നതായിരിക്കുകയും അയാൾ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ സ്വാഭാവികമായി അയാളെക്കുറിച്ച് കേൾക്കുമായിരുന്നവർ അയാളെക്കുറിച്ച് ഏഴ് വർഷമായി കേട്ടിട്ടില്ലെന്ന് തെളിയിച്ചിരിക്കുകയും ചെയ്യുന്നിടത്ത്, അയാൾ ജീവിച്ചിരിപ്പുണ്ടെന്ന് തെളിയിക്കേണ്ട ഭാരം അത് ഉറപ്പിച്ചുപറയുന്ന ആളിലേക്ക് മാറുന്നതാണ്.

112. പ്രശ്നം ആളുകൾ, പങ്കാളികളോ ജൻമിയും കുടിയാനുമോ പ്രിൻസിപ്പലും ഏജന്റുമോ ആണോ എന്നതായിരിക്കുകയും അവർ അങ്ങനെ പ്രവർത്തിക്കുന്നുവെന്ന് കാണിച്ചിരിക്കുകയും ചെയ്യുന്നിടത്ത്, അവർ തമ്മിൽ യഥാക്രമം ആ ബന്ധങ്ങളിൽ നിന്നുപോരുന്നില്ലെന്നോ നിന്നുപോന്നിരുന്നത് അവസാനിപ്പിച്ചുവെന്നോ തെളിയിക്കേണ്ട ഭാരം, അത് ഉറപ്പിച്ചുപറയുന്ന ആൾക്കാണ്. പങ്കാളികളുടെയും ജൻമിയും കുടിയാന്റെയും പ്രിൻസിപ്പലും ഏജന്റിന്റെയും സംഗതികളിൽ ബന്ധം സംബന്ധിച്ച് തെളിയിക്കേണ്ട ഭാരം.

113. പ്രശ്നം ഏതെങ്കിലും ആൾ, അയാളുടെ കൈവശമാണെന്ന് കാണിച്ചിട്ടുള്ള എന്തിന്റെയെങ്കിലും ഉടമസ്ഥനാണോ എന്നതായിരിക്കുന്നിടത്ത്, അയാൾ ഉടമസ്ഥനല്ലെന്ന് തെളിയിക്കേണ്ട ഭാരം, അയാൾ ഉടമസ്ഥനല്ലെന്ന് ഉറപ്പിച്ചുപറയുന്ന ആൾക്കാണ്. ഉടമസ്ഥാവകാശം സംബന്ധിച്ച് തെളിയിക്കേണ്ടഭാരം.

114. കക്ഷികളിൽ ഒരാൾ മറ്റെയാളുമായി സജീവമായ വിശ്വാസ്യത പുലർത്തുന്ന സ്ഥാനത്തിലിരിക്കുന്ന ഒരു ഇടപാടിലെ ഉത്തമവിശ്വാസം സംബന്ധിച്ച് പ്രശ്നമുള്ളിടത്ത്, ആ ഇടപാടിലെ ഉത്തമവിശ്വാസം തെളിയിക്കേണ്ട ഭാരം, സജീവമായ വിശ്വാസ്യത പുലർത്തുന്ന സ്ഥാനത്തിലിരിക്കുന്ന കക്ഷിക്കാണ്. ഒരു കക്ഷി സജീവമായ വിശ്വാസ്യതാബന്ധത്തിലായിരിക്കുന്ന ഇടപാടുകളിൽ ഉത്തമ വിശ്വാസം തെളിയിക്കൽ.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു അഭിഭാഷകന് ഒരു കക്ഷി നടത്തിയ ഒരു വിൽപ്പനയുടെ ഉത്തമവിശ്വാസം ആ കക്ഷി കൊണ്ടുവന്ന ഒരു വ്യവഹാരത്തിലെ പ്രശ്നമാകുന്നു. ആ ഇടപാടിന്റെ ഉത്തമവിശ്വാസം തെളിയിക്കേണ്ട ഭാരം അഭിഭാഷകനാണ്.

(ഖ) ഒരു പിതാവിന് അപ്പോൾ മാത്രം പ്രായപൂർത്തിയെത്തിയ മകൻ നടത്തിയ ഒരു വിൽപ്പനയുടെ ഉത്തമവിശ്വാസം ആ മകൻ കൊണ്ടുവന്ന ഒരു വ്യവഹാരത്തിലെ പ്രശ്നമാകുന്നു. ആ ഇടപാടിലെ ഉത്തമവിശ്വാസം തെളിയിക്കേണ്ട ഭാരം പിതാവിനാണ്.

115. (1) ഒരാൾ,—

(ക) സമാധാനലംഘനം അമർച്ചചെയ്യുന്നതിനും ക്രമസമാധാനം വീണ്ടെടുക്കുന്നതിനും പാലിക്കുന്നതിനും വേണ്ടി വ്യവസ്ഥചെയ്യുന്ന തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ചില കുറ്റങ്ങൾ സംബന്ധിച്ച അനുമാനം.

നിയമത്തിൻകീഴിൽ ഒരു പ്രക്ഷുബ്ധപ്രദേശമാണെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും പ്രദേശത്ത്; അല്ലെങ്കിൽ

(ഖ) ഒരു മാസത്തിൽ കൂടുതൽ കാലയളവിൽ പൊതു സമാധാനത്തിന് വ്യാപകമായ തടസ്സമുണ്ടായിരുന്ന ഏതെങ്കിലും പ്രദേശത്ത്,

(2)-ാം ഉപവകുപ്പിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള ഏതെങ്കിലും കുറ്റം ചെയ്തതായി ആരോപിക്കപ്പെടുകയും, അവരുടെ കൃത്യനിർവഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും സായുധസേനകളിലെയോ ക്രമസമാധാന പാലനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള സേനകളിലെയോ അംഗങ്ങളെ ആക്രമിക്കുന്നതിനോ ചെറുക്കുന്നതിനോ ഒരു സ്ഥലത്തുവച്ചോ അവിടെ നിന്നോ തോക്കുകളോ സ്ഫോടകവസ്തുക്കളോ ഉപയോഗിച്ച സമയത്ത് അങ്ങനെയുള്ള പ്രദേശത്തെ ആ സ്ഥലത്ത് അങ്ങനെയുള്ള ആൾ ഉണ്ടായിരുന്നതായി കാണിക്കപ്പെടുകയും ചെയ്തിട്ടുള്ളിടത്ത്, വിപരീതമായത് കാണിക്കപ്പെടാത്തപക്ഷം, അങ്ങനെയുള്ള ആൾ അങ്ങനെയുള്ള കുറ്റം ചെയ്തതായി അനുമാനിക്കപ്പെടേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്, അതായത്:—

(ക) ഭാരതീയ നീതി സംഹിത, 2023-ന്റെ 147-ാം വകുപ്പിന്റെയോ 148-ാം വകുപ്പിന്റെയോ 149-ാം വകുപ്പിന്റെയോ 150-ാം വകുപ്പിന്റെയോ കീഴിലുള്ള ഒരു കുറ്റം;

(ഖ) ഭാരതീയ നീതി സംഹിത, 2023-ന്റെ 149-ാം വകുപ്പിന്റെയോ 150-ാം വകുപ്പിന്റെയോ കീഴിലുള്ള കുറ്റകരമായ ഗൂഢാലോചന അല്ലെങ്കിൽ ഒരു കുറ്റം ചെയ്യാനുള്ള ശ്രമമോ പ്രേരിപ്പിക്കലോ.

വിവാഹ ബന്ധം നിലവിലുള്ളപ്പോഴത്തെ ജനനം നിയമാനുസൃത വിവാഹത്തിൽ നിന്നുണ്ടായതിന്റെ നിശ്ചായക തെളിയിക്കലാണെന്ന്.

116. തന്റെ മാതാവും ഏതെങ്കിലും പുരുഷനും തമ്മിൽ സാധുവായ ഒരു വിവാഹബന്ധം തുടരുമ്പോഴോ അല്ലെങ്കിൽ അതിന്റെ വിഘടനത്തിനുശേഷം മാതാവ് വീണ്ടും വിവാഹിതയാകാതെയിരിക്കെ, ഇരുന്നൂറ്റിയെൺപത് ദിവസത്തിനകമോ, ഏതെങ്കിലും ആൾ ജനിച്ചുവെന്ന വസ്തുത, അയാൾ ഉൽപാദിപ്പിക്കപ്പെടുവാൻ കഴിയുമായിരുന്ന ഏതെങ്കിലും സമയത്ത് ആ വിവാഹത്തിലെ കക്ഷികൾക്ക് അന്യോന്യം പ്രാപ്യത ഉണ്ടായിട്ടില്ലെന്ന് കാണിക്കാൻ കഴിയാത്തപക്ഷം, അയാൾ ആ പുരുഷന്റെ നിയമാനുസൃത കുട്ടിയാണെന്നുള്ളതിന്റെ നിശ്ചായകത്തെളിയിക്കലാകുന്നതാണ്.

117. പ്രശ്നം ഒരു സ്ത്രീ ആത്മഹത്യ ചെയ്തത് അവളുടെ ഭർത്താവിന്റെയോ അവളുടെ ഭർത്താവിന്റെ ഏതെങ്കിലും ബന്ധുവിന്റെയോ പ്രേരണമൂലമായിരുന്നോ എന്നതായിരിക്കുകയും അവളുടെ വിവാഹ തീയതി മുതൽ ഏഴ് വർഷക്കാലത്തിനകമാണ് അവൾ ആത്മഹത്യ ചെയ്തതെന്നും അവളുടെ ഭർത്താവോ അവളുടെ ഭർത്താവിന്റെ അങ്ങനെയുള്ള ബന്ധുവോ അവളെ ക്രൂരതയ്ക്ക് വിധേയയാക്കി യിട്ടുണ്ടെന്നും കാണിക്കപ്പെടുകയും ചെയ്യുന്നിടത്ത്, കേസിന്റെ മറ്റെല്ലാ സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് അങ്ങനെയുള്ള ആത്മഹത്യ അവളുടെ ഭർത്താവിൻെറയോ അവളുടെ ഭർത്താവിൻെറ അങ്ങനെയുള്ള ബന്ധുവിന്റെയോ പ്രേരണമൂലമാണെന്ന് കോടതിക്ക് അനുമാനിക്കാ വുന്നതാണ്.

വിവാഹിത യായ ഒരു സ്ത്രീ യുടെ ആത്മഹത്യ യ്ക്കുള്ള പ്രേരണ സംബന്ധിച്ച അനുമാനം.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ''ക്രൂരത'' എന്നതിന് ഭാരതീയ നീതി സംഹിത, 2023–ന്റെ 86–ാം വകുപ്പിലെ അതേ അർഥമുണ്ടായിരിക്കുന്നതാണ്.

118. പ്രശ്നം ഒരാൾ ഒരു സ്ത്രീയുടെ സ്ത്രീധനമരണത്തി നിടയാക്കിയോ എന്നുള്ളതായിരിക്കുകയും അവളുടെ മരണത്തിന് തൊട്ടുമുമ്പ്, അങ്ങനെയുള്ള ആൾ, സ്ത്രീധനത്തിന് വേണ്ടിയോ അല്ലെങ്കിൽ സ്ത്രീധനം സംബന്ധിച്ച ഏതെങ്കിലും ആവശ്യപ്പെടലിനു വേണ്ടിയോ അങ്ങനെയുള്ള സ്ത്രീയെ ക്രൂരതയ്ക്കോ പീഡനത്തിനോ വിധേയയാക്കിയിട്ടുണ്ടെന്ന് കാണിക്കപ്പെടുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ആൾ ആ സ്ത്രീധനമരണത്തിന് ഇടയാക്കിയെന്ന് കോടതി അനുമാനിക്കേണ്ടതാണ്.

സ്ത്രീധന മരണം സംബന്ധിച്ച അനുമാനം.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, ''സ്ത്രീധന മരണം'' എന്നതിന് ഭാരതീയ നീതി സംഹിത, 2023–ന്റെ 80–ാം വകുപ്പിലെ അതേ അർഥമുണ്ടായിരിക്കുന്നതാണ്.

119. (1) കോടതിക്ക്, സംഭവിച്ചിരിക്കാൻ ഇടയുണ്ടെന്ന് അത് കരുതുന്ന ഏതെങ്കിലും വസ്തുതയുടെ നിലനിൽക്കൽ, സ്വാഭാവിക സംഭവങ്ങളുടെയും മാനുഷികമായ പെരുമാറ്റത്തിന്റെയും പൊതുവായതും സ്വകാര്യമായതുമായ ബിസിനസ്സിന്റെയും സാധാരണഗതി, ആ പ്രത്യേക കേസിന്റെ വസ്തുതകളുമായുള്ള അവയുടെ ബന്ധത്തിന് പരിഗണന നൽകിക്കൊണ്ട് അനുമാനിക്കാവുന്നതാണ്.

ചില വസ്തുത കളുടെ നില നിൽക്കൽ കോടതിക്ക് അനുമാനി ക്കാവുന്ന താണെന്ന്.

*ദൃഷ്ടാന്തങ്ങൾ.*

കോടതിക്ക്—

(ക) കളവുമുതൽ മോഷണം കഴിഞ്ഞയുടനെ കൈവശം വച്ചിരിക്കുന്നയാൾ, തനിക്ക് എങ്ങനെ കൈവശം കിട്ടിയെന്ന് കാണിക്കാൻ അയാൾക്ക് കഴിയാത്തപക്ഷം, ഒന്നുകിൽ മോഷ്ടാവാണെന്ന്, അല്ലെങ്കിൽ കളവുമുതലാണെന്ന് അറിഞ്ഞു കൊണ്ട് അവ സ്വീകരിച്ചിട്ടുണ്ടെന്ന്;

(ഖ) ഒരു കൂട്ടുകുറ്റക്കാരൻ, അയാളുടെ തെളിവിന് സാരവത്തായ വിവരങ്ങളിൽ ഉപോൽബലകമല്ലാത്തപക്ഷം വിശ്വാസ്യതയ്ക്ക് അനർഹനാണെന്ന്;

(ഗ) പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ ചെയ്ത ഒരു വിനിമയപത്രം ശരിയായ പ്രതിഫലത്തിനാണ് പ്രതിഗ്രഹിക്കുകയോ എൻഡോഴ്സ് ചെയ്യുകയോ ചെയ്തതെന്ന്;

(ഘ) ഒരു സംഗതിക്കോ സംഗതികളുടെ അവസ്ഥയ്ക്കോ സാധാരണമായി നിലനിൽക്കൽ ഇല്ലാതായിത്തീരുന്ന കാലത്തേക്കാൾ കുറഞ്ഞ ഒരു കാലത്തിനുള്ളിൽ നിലനിൽക്കലുള്ളതായി കാണിച്ചിട്ടുള്ള അങ്ങനെയുള്ള സംഗതികൾക്കോ സംഗതികളുടെ അവസ്ഥയ്ക്കോ അപ്പോഴും നിലനിൽക്കലുണ്ടെന്ന്;

(ങ) ജുഡീഷ്യലും ഔദ്യോഗികവുമായ കൃത്യങ്ങൾ ക്രമപ്രകാരം നിർവഹിച്ചിട്ടുണ്ടെന്ന്;

(ച) പ്രത്യേക സംഗതികളിൽ സാധാരണ ബിസിനസ്സ്മുറ അനുവർത്തിച്ചിട്ടുണ്ടെന്ന്;

(ഛ) ഹാജരാക്കാൻ കഴിയുന്നതും ഹാജരാക്കിയിട്ടില്ലാത്തതുമായ തെളിവ് ഹാജരാക്കുന്നുവെങ്കിൽ അത് കൊടുക്കാതിരിക്കുന്ന ആൾക്ക് പ്രതികൂലമായിരിക്കുമെന്ന്;

(ജ) നിയമപ്രകാരം താൻ ഉത്തരംപറയാൻ നിർബന്ധിതനല്ലാത്ത ഒരു ചോദ്യത്തിന് ഉത്തരം പറയാൻ ഒരാൾ വിസമ്മതിക്കുന്നിടത്ത്, ഉത്തരം നൽകുന്നുവെങ്കിൽ, അയാൾക്ക് പ്രതികൂലമായേക്കുമെന്ന്;

(ഝ) ബാധ്യത സൃഷ്ടിക്കുന്ന ഒരു രേഖ ബാധ്യത ഉണ്ടായിരിക്കുന്ന ആളുടെ കൈവശം ഇരിക്കുന്നിടത്ത് ബാധ്യതാ വിമുക്തമായിട്ടുണ്ടെന്ന്,

അനുമാനിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള തത്വങ്ങൾ കോടതി മുമ്പാകെയുള്ള ഒരു പ്രത്യേക കേസിന് ബാധകമാണോ അല്ലയോ എന്ന് പരിഗണിക്കുന്നതിൽ താഴെപ്പറയുന്ന പ്രകാരം അങ്ങനെയുള്ള വസ്തുതകൾകൂടി അത് കണക്കിലെടുക്കേണ്ടതാണ്:—

(i) *ദൃഷ്ടാന്തം* (ക) യെ സംബന്ധിച്ച ഒരു അടയാളപ്പെടുത്തിയ രൂപ കളവുപോയശേഷം ഉടനെ അത് ഒരു പീടികക്കാരന്റെ പണപ്പെട്ടിയിൽ ഉണ്ടായിരിക്കുകയും അതിന്റെ കൈവശത്തെക്കുറിച്ച് പ്രത്യേകമായി കാണിക്കാൻ കഴിയാതിരിക്കുകയും, എന്നാൽ അയാളുടെ ബിസിനസ്സ്മുറയിൽ തുടരെ രൂപ കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു;

(ii) *ദൃഷ്ടാന്തം* (ഖ) യെ സംബന്ധിച്ച്—ശ്രേഷ്ഠ സ്വഭാവമുള്ള ഒരാളായ 'ക' ഒരു പ്രത്യേക യന്ത്രസാമഗ്രി സജ്ജമാക്കുന്നതിലുള്ള ഉപേക്ഷവഴി ഒരാളുടെ മരണം സംഭവിപ്പിച്ചതിന് വിചാരണ ചെയ്യപ്പെടുന്നു. ആ സജ്ജീകരണത്തിൽ പങ്കെടുത്ത, തുല്യമായ സ്വഭാവഗുണമുള്ള 'ഖ', ചെയ്യപ്പെട്ടതെന്താണെന്ന് കൃത്യമായി വിവരിക്കുകയും, 'ക' യുടെയും തന്റെയും പൊതുവായ അശ്രദ്ധ സമ്മതിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നു;

(iii) *ദൃഷ്ടാന്തം* (ഖ) യെ സംബന്ധിച്ച്—പല ആളുകളാൽ ഒരു കുറ്റകൃത്യം ചെയ്യപ്പെടുന്നു. മൂന്ന് കുറ്റവാളികളായ 'ക' യെയും 'ഖ' യെയും 'ഗ' യെയും കൃത്യസ്ഥലത്തുവച്ച് പിടിക്കുകയും ഓരോരുത്തരെയും വെവ്വേറെ സൂക്ഷിക്കുകയും ചെയ്യുന്നു. 'ഘ' യെ അതിൽ ഉൾപ്പെടുത്തുന്നവിധം ഓരോരുത്തരും കുറ്റകൃത്യത്തെക്കുറിച്ച് ഒരു വിവരണം നൽകുകയും, ആ വിവരണങ്ങൾ ഒത്തുചേർന്നുള്ള മുൻ ആലോചന വളരെ അസംഭവ്യമാക്കുന്ന രീതിയിൽ അന്യോന്യം ഉപോൽബലകമായിരിക്കുകയും ചെയ്യുന്നു;

(iv) *ദൃഷ്ടാന്തം* (ഗ) യെ സംബന്ധിച്ച്—ഒരു വിനിമയപത്രം എഴുതിക്കൊടുത്ത 'ക' ഒരു ബിസിനസ്സുകാരനായിരുന്നു. പ്രതിഗ്രഹിച്ച 'ഖ' പൂർണ്ണമായും 'ക' യുടെ സ്വാധീനത്തിൽപ്പെട്ട അറിവില്ലാത്ത ഒരു ചെറുപ്പക്കാരനായിരുന്നു;

(v) *ദൃഷ്ടാന്തം* (ഘ) യെ സംബന്ധിച്ച്—അഞ്ച് വർഷം മുമ്പ് ഒരു നദി ഒരു പ്രത്യേക മാർഗത്തിൽകൂടി ഒഴുകിയിരുന്നുവെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു, എന്നാൽ അതിനുശേഷം അതിന്റെ മാർഗം മാറ്റിയിരിക്കാവുന്ന വെള്ളപ്പൊക്കങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിവുള്ളതാണ്;

(vi) *ദൃഷ്ടാന്തം* (ങ) യെ സംബന്ധിച്ച്—ക്രമാനുസൃതമാണോ എന്നത് പ്രശ്നമായിരിക്കുന്നതായ ഒരു ജുഡീഷ്യൽ കൃത്യം അസാധാരണ സാഹചര്യങ്ങളിലാണ് ചെയ്തത്;

(vii) *ദൃഷ്ടാന്തം* (ച) യെ സംബന്ധിച്ച്—ഒരു കത്ത് കൈപ്പറ്റിയോ എന്നുള്ളതാണ് പ്രശ്നം; അത് തപാൽ മുഖേന അയച്ചതായി കാണിക്കപ്പെട്ടിരിക്കുന്നു, എന്നാൽ ആ തപാലിന്റെ സാധാരണഗതിക്ക് പ്രശ്നങ്ങൾ തടസ്സമുണ്ടാക്കി;

(viii) *ദൃഷ്ടാന്തം* (ഛ) യെ സംബന്ധിച്ച്—ഒരാൾ അയാളുടെമേലുള്ള വ്യവഹാരത്തിനാധാരമായ പ്രാധാന്യം കുറഞ്ഞ ഒരു കരാറിനെക്കുറിച്ചുള്ളതും എന്നാൽ അയാളുടെ കുടുംബത്തിന്റെ വികാരങ്ങൾക്കും ഖ്യാതിക്കും ക്ഷതി ഉളവാക്കുക കൂടി ചെയ്തേക്കാവുന്നതുമായ ഒരു രേഖ ഹാജരാക്കുവാൻ വിസമ്മതിക്കുന്നു;

(ix) *ദൃഷ്ടാന്തം* (ജ) യെ സംബന്ധിച്ച്—ഒരാൾ ഉത്തരം പറയാൻ നിയമത്താൽ നിർബന്ധിതനല്ലാത്ത ഒരു ചോദ്യത്തിന് ഉത്തരം പറയാൻ വിസമ്മതിക്കുന്നു, എന്നാൽ അതിനുള്ള ഉത്തരം അത് ഉന്നയിക്കുന്ന വിഷയവുമായി ബന്ധപ്പെടാത്ത വിഷയങ്ങളിൽ അയാൾക്ക് നഷ്ടം ഉണ്ടാക്കിയേക്കും;

(x) *ദൃഷ്ടാന്തം* (ഝ) യെ സംബന്ധിച്ച്—ഒരു ബോണ്ട്, ബാധ്യത ഉണ്ടായിരിക്കുന്ന ആളുടെ കൈവശമാണ്, എന്നാൽ അത് അയാൾ മോഷ്ടിച്ചിരിക്കാമെന്ന വിധത്തിലാണ് കേസിലെ സാഹചര്യങ്ങൾ.

120. ഭാരതീയ നീതി സംഹിത, 2023–ന്റെ 64–ാം വകുപ്പ് (2)–ാം ഉപവകുപ്പുപ്രകാരം ബലാൽസംഗത്തിനുള്ള ഒരു പ്രോസിക്യൂഷനിൽ പ്രതിയാലുള്ള ലൈംഗികസംഗം തെളിയിക്കപ്പെടുകയും അത് ബലാൽസംഗം ചെയ്യപ്പെട്ടതായി ആരോപിക്കപ്പെടുന്നതായ സ്ത്രീയുടെ സമ്മതത്തോടുകൂടി അല്ലായിരുന്നോ എന്നത് പ്രശ്നമായിരിക്കുകയും അങ്ങനെയുള്ള സ്ത്രീകോടതി മുമ്പാകെ അവളുടെ തെളിവിൽ അവൾ സമ്മതം നൽകിയിട്ടില്ലെന്ന് പറയുകയും ചെയ്യുന്നിടത്ത്, അവൾ സമ്മതം നൽകിയിട്ടില്ലെന്ന് കോടതി അനുമാനിക്കേണ്ടതാണ്. ബലാൽസംഗത്തിനുള്ള ചില പ്രോസിക്യൂഷനിൽ സമ്മതത്തിന്റെ അഭാവം സംബന്ധിച്ച അനുമാനം.

*വിശദീകരണം.*—ഈ വകുപ്പിൽ, ''ലൈംഗികസംഗം'' എന്നതിന് ഭാരതീയ നീതിസംഹിത, 2023–ന്റെ 63–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കൃത്യങ്ങളിൽ ഏതെങ്കിലും എന്നർഥമാകുന്നതാണ്.

# അധ്യായം VIII

## വാദതടസ്സം

121. ഒരാൾ തന്റെ പ്രഖ്യാപനമോ കൃത്യമോ കൃത്യവിലോപമോ വഴി മറ്റൊരാൾ ഒരു സംഗതി സത്യമാണെന്ന് വിശ്വസിക്കുവാനും അങ്ങനെയുള്ള വിശ്വാസത്തിൻമേൽ പ്രവർത്തിക്കുവാനും ഉദ്ദേശ്യപൂർവം ഇടയാക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടുള്ളിടത്ത്, അയാളും അങ്ങനെയുള്ള ആളും അല്ലെങ്കിൽ അയാളുടെ പ്രതിനിധിയും തമ്മിലുള്ള ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ ആ സംഗതിയുടെ സത്യാവസ്ഥ നിഷേധിക്കുവാൻ അയാളെയോ അയാളുടെ പ്രതിനിധിയെയോ അനുവദിക്കാൻ പാടുള്ളതല്ല. വാദതടസ്സം.

*ദൃഷ്ടാന്തം.*

'ക' ഒരു പ്രത്യേക ഭൂമി 'ക' യുടേതാണെന്ന് 'ഖ' വിശ്വസിക്കുവാൻ ഉദ്ദേശ്യപൂർവമായും വ്യാജമായും വഴിതെളിക്കുകയും അതുവഴി അത് വാങ്ങുവാനും വില നൽകുവാനും 'ഖ' യെ പ്രചോദിപ്പിക്കുകയും

ചെയ്യുന്നു. ഭൂമി അതിനുശേഷം 'ക' യുടെ വസ്തുവായിത്തീരുകയും വിൽപ്പനയുടെ സമയത്ത് തനിക്ക് ഉടമസ്ഥാവകാശം ഇല്ലാതിരുന്നുവെന്ന കാരണത്തിൻമേൽ ആ വിൽപ്പന അസ്ഥിരപ്പെടുത്തുവാൻ 'ക' ശ്രമിക്കുകയും ചെയ്യുന്നു. തനിക്ക് ഉടമസ്ഥാവകാശമില്ലായിരുന്നുവെന്ന് തെളിയിക്കുവാൻ അയാളെ അനുവദിക്കുവാൻ പാടുള്ളതല്ല.

കുടിയാനും കൈവശ മുള്ള ആളിന്റെ ലൈസൻസി ക്കുമുള്ള വാദതടസ്സം.

122. സ്ഥാവരവസ്തുവിന്റെ യാതൊരു കുടിയാനെയും അങ്ങനെയുള്ള കുടിയാൻവഴി അവകാശപ്പെടുന്ന ആളെയോ, കുടിയായ്മ തുടരുന്നകാലത്തോ അതിനുശേഷമുള്ള ഏതെങ്കിലും സമയത്തോ, അങ്ങനെയുള്ള കുടിയാന്റെ ഭൂവുടമയ്ക്ക് കുടിയായ്മയുടെ ആരംഭത്തിൽ അങ്ങനെയുള്ള സ്ഥാവരവസ്തുവിന് ഒരു ഉടമസ്ഥാവകാശം ഉണ്ടായിരുന്നുവെന്നത് നിഷേധിക്കുവാൻ അനുവദിക്കുവാൻ പാടില്ലാത്ത തും; ഏതെങ്കിലും സ്ഥാവരവസ്തുവിൽ അതിന്റെ കൈവശമുള്ള ആളുടെ ലൈസൻസ് പ്രകാരം വന്നുചേർന്നിട്ടുള്ള യാതൊരാളെയും, അങ്ങനെയുള്ള ലൈസൻസ് നൽകിയ സമയത്ത്, അങ്ങനെയുള്ള ആൾക്ക് അങ്ങനെ കൈവശം വയ്ക്കുന്നതിന് ഒരു ഉടമസ്ഥാവകാശം ഉണ്ടായിരുന്നുവെന്നത് നിഷേധിക്കുന്നതിന് അനുവദിക്കുവാൻ പാടില്ലാത്തതുമാണ്.

വിനിമയ പത്രത്തിന്റെ പ്രതിഗ്രഹീ താവിനോ ബെയിലി ക്കോ ലൈസൻ സിക്കോ ഉള്ള വാദതടസ്സം.

123. ഒരു വിനിമയപത്രത്തിന്റെ യാതൊരു പ്രതിഗ്രഹീതാവിനെയും, അത് എഴുതിക്കൊടുക്കുന്ന ആൾക്ക് അങ്ങനെയുള്ള പത്രം എഴുതിക്കൊടുക്കുവാനോ അത് എൻഡോഴ്സ് ചെയ്യുവാനോ അധികാര മുണ്ടായിരുന്നുവെന്നുള്ളത് നിഷേധിക്കുന്നതിന് അനുവദിക്കുവാൻ പാടുള്ളതല്ല; ഏതെങ്കിലും ബെയിലിയെയോ ലൈസൻസിയെയോ ബെയിൽമെന്റോ ലൈസൻസോ ആരംഭിച്ച സമയത്ത് അയാളുടെ ബെയിലർക്കോ ലൈസൻസ് നൽകിയ ആൾക്കോ അങ്ങനെയുള്ള ബെയിൽമെന്റ് ഉണ്ടാക്കുവാനോ അങ്ങനെയുള്ള ലൈസൻസ് നൽകുവാനോ അധികാരം ഉണ്ടായിരുന്നുവെന്നത് നിഷേധിക്കുന്നതിന് അനുവദിക്കുവാൻ പാടുള്ളതല്ല.

*വിശദീകരണം*1.—ഒരു വിനിമയപത്രത്തിന്റെ പ്രതിഗ്രഹീതാവിന്, അത് എഴുതിക്കൊടുത്തതായി കരുതപ്പെടുന്ന ആളാണ് യഥാർഥത്തിൽ ആ പത്രം എഴുതിക്കൊടുത്തത് എന്നുള്ളത് നിഷേധിക്കാവുന്നതാണ്.

*വിശദീകരണം*2.—ഒരു ബെയിലി, ബെയിൽ ചെയ്ത ചരക്കുകൾ ബെയിലറല്ലാത്ത ഒരാൾക്ക് ഏൽപ്പിച്ചു കൊടുക്കുകയാണെങ്കിൽ, അങ്ങനെയുള്ള ആൾക്ക് അവയിൽ ബെയിലർക്കെതിരെ ഒരു അവകാശമുണ്ടായിരുന്നുവെന്ന് അയാൾക്ക് തെളിയിക്കാവുന്നതാണ്.

# അധ്യായം IX

## സാക്ഷികളെക്കുറിച്ച്

ആർക്ക് സാക്ഷി പറയാമെന്ന്.

124. എല്ലാ ആളുകളും, അവരോട് ചോദിക്കുന്ന ചോദ്യങ്ങൾ മനസ്സിലാക്കുകയോ, ആ ചോദ്യങ്ങൾക്ക് യുക്തിപൂർവമായ മറുപടി കൊടുക്കുകയോ ചെയ്യുന്നതിൽനിന്ന്, ഇളംപ്രായത്താലോ, അത്യധിക വാർദ്ധക്യത്താലോ, ശാരീരികമോ മാനസികമോ ആയ രോഗത്താലോ അല്ലെങ്കിൽ അത്തരത്തിലുള്ള മറ്റേതെങ്കിലും കാരണത്താലോ തടയപ്പെട്ടിരിക്കുന്നുവെന്ന് കോടതി കരുതാത്തപക്ഷം, സാക്ഷിപറയുവാൻ ക്ഷമതയുള്ളവരായിരിക്കുന്നതാണ്.

*വിശദീകരണം*.—ചിത്തഭ്രമമുള്ള ഒരാൾ, അയാളോട് ചോദിക്കുന്ന ചോദ്യങ്ങൾ മനസ്സിലാക്കുകയും അവയ്ക്ക് യുക്തിപൂർവമായ മറുപടികൾ നൽകുകയും ചെയ്യുന്നതിൽനിന്ന് അയാളുടെ ചിത്തഭ്രമം അയാളെ തടയാത്തപക്ഷം, സാക്ഷിപറയുവാൻ ക്ഷമതയില്ലാത്തവനാകുന്നതല്ല.

വാക്കുകളാൽ ആശയ വിനിമയം നടത്താൻ കഴിവില്ലാത്ത സാക്ഷി.

125. സംസാരിക്കാൻ കഴിവില്ലാത്ത ഒരു സാക്ഷിക്ക്, തന്റെ തെളിവ്, അയാൾക്ക് അത് ഗ്രഹിക്കാൻ കഴിയുന്ന, ലിഖിതമോ ആംഗ്യങ്ങളോ പോലുള്ള മറ്റേതെങ്കിലും രീതിയിൽ നൽകാവുന്നതാണ്; എന്നാൽ അങ്ങനെയുള്ള ലിഖിതം എഴുതുന്നതും ആംഗ്യങ്ങൾ കാണിക്കുന്നതും തുറന്ന കോടതിയിൽ വെച്ചായിരിക്കേണ്ടതും അങ്ങനെ നൽകിയ തെളിവ് വാക്കാൽ തെളിവായി കരുതപ്പെടേണ്ടതുമാണ്:

എന്നാൽ സാക്ഷിക്ക് വാക്കാൽ ആശയവിനിമയം നടത്താൻ കഴിയുന്നില്ലെങ്കിൽ, പ്രസ്താവന രേഖപ്പെടുത്താൻ കോടതി ഒരു ദ്വിഭാഷിയുടെയോ പ്രത്യേക പരിശീലനം ലഭിച്ച ആളിന്റെയോ സഹായം സ്വീകരിക്കേണ്ടതും അങ്ങനെയുള്ള പ്രസ്താവന വീഡിയോ വഴി രേഖപ്പെടുത്തേണ്ടതുമാണ്.

ചില കേസുകളിൽ സാക്ഷികളാകുന്നതിന് ഭർത്താവിന്റെയും ഭാര്യയുടെയും ക്ഷമത.

126. (1) എല്ലാ സിവിൽ നടപടികളിലും, വ്യവഹാരത്തിലെ കക്ഷികളും വ്യവഹാരത്തിലെ ഏതെങ്കിലും കക്ഷിയുടെ ഭർത്താവ് അല്ലെങ്കിൽ ഭാര്യ ക്ഷമതയുള്ള സാക്ഷികൾ ആയിരിക്കുന്നതാണ്.

(2) ഏതെങ്കിലും ആൾക്കെതിരായുള്ള ക്രിമിനൽ നടപടികളിൽ, യഥാക്രമം അങ്ങനെയുള്ള ആളുടെ ഭർത്താവ് അല്ലെങ്കിൽ ഭാര്യ ഒരു ക്ഷമതയുള്ള സാക്ഷി ആയിരിക്കുന്നതാണ്.

ജഡ്ജിമാരും മജിസ്ട്രേറ്റുമാരും.

127. യാതൊരു ജഡ്ജിയെയും അല്ലെങ്കിൽ മജിസ്ട്രേറ്റിനെയും, അദ്ദേഹം കീഴ്പ്പെട്ടിരിക്കുന്ന ഏതെങ്കിലും കോടതിയുടെ പ്രത്യേക ഉത്തരവിൻമേലല്ലാതെ, അങ്ങനെയുള്ള ജഡ്ജിയോ മജിസ്ട്രേറ്റോ എന്ന നിലയ്ക്കുള്ള കോടതിയിലെ അദ്ദേഹത്തിന്റെ സ്വന്തം പെരുമാറ്റം സംബന്ധിച്ചതോ, അല്ലെങ്കിൽ അങ്ങനെയുള്ള ജഡ്ജിയോ മജിസ്ട്രേറ്റോ എന്ന നിലയ്ക്ക് കോടതിയിൽ വച്ച് അദ്ദേഹത്തിന്റെ അറിവിൽ വന്നിട്ടുള്ള എന്തെങ്കിലും സംബന്ധിച്ചതോ ആയ ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയാൻ നിർബന്ധിക്കുവാൻ പാടുള്ളതല്ല; എന്നാൽ അദ്ദേഹം അങ്ങനെ പ്രവർത്തിക്കുമ്പോൾ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സംഭവിച്ച മറ്റ് വിഷയങ്ങൾ സംബന്ധിച്ച് അദ്ദേഹത്തിനെ വിസ്തരിക്കാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) സെഷൻസ് കോടതി മുമ്പാകെയുള്ള തന്റെ വിചാരണയിൽ മജിസ്ട്രേറ്റായ 'ഖ' തെറ്റായവിധത്തിൽ ഒരു മൊഴി എടുത്തുവെന്ന് 'ക' പറയുന്നു. ഒരു മേൽക്കോടതിയുടെ പ്രത്യേക ഉത്തരവിൻമേലല്ലാതെ, ഇത് സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ 'ഖ' നിർബന്ധിക്കപ്പെടാവുന്നതല്ല.

(ഖ) ഒരു മജിസ്ട്രേറ്റായ ‘ഖ’ യുടെ മുമ്പാകെ, വ്യാജമായ തെളിവ് നൽകിയെന്ന് ‘ക’ യുടെമേൽ സെഷൻസ് കോടതി മുമ്പാകെ കുറ്റാരോപണം നടത്തിയിരിക്കുന്നു. മേൽക്കോടതിയുടെ പ്രത്യേക ഉത്തരവിൻമേലല്ലാതെ, എന്താണ് ‘ക’ പറഞ്ഞതെന്ന് ‘ഖ’ യോട് ചോദിക്കാവുന്നതല്ല.

(ഗ) ഒരു സെഷൻസ് ജഡ്ജിയായ ‘ഖ’ യുടെ മുമ്പാകെയുള്ള തന്റെ വിചാരണ സമയത്ത് ഒരു പോലീസ് ഓഫീസറെ കൊലചെയ്യാൻ ശ്രമിച്ചുവെന്ന് സെഷൻസ് കോടതി മുമ്പാകെ ‘ക’ യുടെ മേൽ കുറ്റമാരോപിച്ചിരിക്കുന്നു. എന്തു സംഭവിച്ചുവെന്നത് സംബന്ധിച്ച് ‘ഖ’ യെ വിസ്തരിക്കാവുന്നതാണ്.

വിവാഹബന്ധം നിലവിലുള്ളപ്പോഴുള്ള ആശയവിനിമയം.

128. വിവാഹിതനോ വിവാഹിതനായിരുന്നതോ ആയ യാതൊരാളും, അയാൾ വിവാഹം കഴിച്ചിട്ടുള്ളതോ കഴിച്ചിരുന്നതോ ആയ ഏതെങ്കിലും ആൾ, വിവാഹബന്ധം നിലവിലുള്ളപ്പോൾ അയാളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ആശയവിനിമയം വെളിപ്പെടുത്തുന്നതിന് നിർബന്ധിക്കപ്പെടുവാൻ പാടുള്ളതല്ല; വിവാഹിതരായ ആളുകൾ തമ്മിലുള്ള വ്യവഹാരങ്ങളിലോ വിവാഹിതരിൽ ഒരാൾ മറ്റൊരാൾക്കെതിരെ ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റകൃത്യത്തിന് പ്രോസിക്യൂട്ട് ചെയ്യപ്പെട്ടിരിക്കുന്ന നടപടികളിലോ ഒഴികെ, നടത്തുന്ന അങ്ങനെയുള്ള ഏതെങ്കിലും ആശയവിനിമയം, അത് നടത്തുന്ന ആളോ അയാളുടെ താൽപര്യങ്ങൾ പ്രതിനിധാനം ചെയ്യുന്ന ആളോ അനുമതി നൽകാത്തപക്ഷം വെളിപ്പെടുത്തുന്നതിന് അയാളെ അനുവദിക്കുവാനും പാടുള്ളതല്ല.

സംസ്ഥാനത്തിന്റെ കാര്യങ്ങൾ സംബന്ധിച്ച തെളിവ്.

129. സംസ്ഥാനത്തിന്റെ ഏതെങ്കിലും കാര്യവുമായി ബന്ധപ്പെട്ട പ്രസിദ്ധപ്പെടുത്താത്ത ഔദ്യോഗിക റിക്കാർഡുകളിൽ നിന്ന് ലഭിച്ച ഏതെങ്കിലും തെളിവ് നൽകുവാൻ, ബന്ധപ്പെട്ട വകുപ്പധ്യക്ഷന്റെ തലത്തിലുള്ള ഓഫീസറുടെ, അനുവാദത്താലല്ലാതെ യാതൊരാളെയും അനുവദിക്കുവാൻ പാടില്ലാത്തതും, അയാൾ യുക്തംപോലെ അനുവാദം നൽകുകയോ നൽകാതിരിക്കുകയോ ചെയ്യേണ്ടതുമാകുന്നു.

ഔദ്യോഗികമായ ആശയവിനിമയം.

130. യാതൊരു പബ്ലിക് ഓഫീസറിനെയും, ഔദ്യോഗികമായ വിശ്വാസ്യതയിൻമേൽ അയാളുമായി നടത്തിയ ആശയവിനിമയങ്ങൾ വെളിപ്പെടുത്തുവാൻ, അങ്ങനെ വെളിപ്പെടുത്തുന്നത് പൊതുതാൽപര്യത്തിന് ഹാനികരമാകുമെന്ന് അയാൾ കരുതുന്നിടത്ത്, നിർബന്ധിക്കുവാൻ പാടുള്ളതല്ല.

കുറ്റങ്ങൾ ചെയ്തതു സംബന്ധിച്ച വിവരം.

131. യാതൊരു മജിസ്ട്രേറ്റിനെയും പോലീസ് ഓഫീസറിനെയും ഏതെങ്കിലും കുറ്റം ചെയ്തത് സംബന്ധിച്ച ഏതെങ്കിലും വിവരം അയാൾക്ക് എപ്പോൾ കിട്ടിയെന്ന് പറയുന്നതിന് നിർബന്ധിക്കുവാൻ പാടില്ലാത്തതും, യാതൊരു റവന്യൂ ഓഫീസറിനെയും പബ്ലിക് റവന്യൂവിനെതിരായ ഏതെങ്കിലും കുറ്റം ചെയ്തത് സംബന്ധിച്ച ഏതെങ്കിലും വിവരം അയാൾക്ക് എപ്പോൾ കിട്ടിയെന്ന് പറയുവാൻ നിർബന്ധിക്കുവാൻ പാടില്ലാത്തതുമാണ്.

*വിശദീകരണം.*—''റവന്യൂ ഓഫീസർ'' എന്നാൽ പബ്ലിക് റവന്യൂവിന്റെ ഏതെങ്കിലും ശാഖയുടെ ബിസിനസ്സിലോ ബിസിനസ്സ് സംബന്ധിച്ചോ നിയോജിതനായിട്ടുള്ള ഏതെങ്കിലും ഓഫീസർ എന്നർഥമാകുന്നു.

തൊഴിൽ സംബന്ധമായ ആശയവിനിമയങ്ങൾ.

132. യാതൊരു അഭിഭാഷകനെയും, അയാളുടെ കക്ഷിയുടെ പ്രകടമായ സമ്മതത്തോടുകൂടിയല്ലാത്തപക്ഷം, അങ്ങനെയുള്ള അഭിഭാഷകനായുള്ള അയാളുടെ സേവനത്തിന്റെ കാലയളവിലും ആവശ്യത്തിലേക്കും വേണ്ടി അയാളുടെ കക്ഷിയോ കക്ഷിക്ക് വേണ്ടിയോ അയാളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ആശയവിനിമയം വെളിപ്പെടുത്തുകയോ അല്ലെങ്കിൽ അയാളുടെ തൊഴിൽ സംബന്ധമായ സേവനത്തിന്റെ കാലയളവിലും ആവശ്യത്തിലേക്കും വേണ്ടി അയാൾക്ക് അറിവുണ്ടായ ഏതെങ്കിലും രേഖയുടെ ഉള്ളടക്കമോ ഉപാധിയോ എന്തെന്ന് പ്രസ്താവിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള സേവനത്തിന്റെ കാലയളവിലും ആവശ്യത്തിലേക്കും വേണ്ടി അയാൾ തന്റെ കക്ഷിക്ക് നൽകിയിട്ടുള്ള ഏതെങ്കിലും ഉപദേശം വെളിപ്പെടുത്തുകയോ ചെയ്യുവാൻ ഒരിക്കലും അനുവദിക്കുവാൻ പാടുള്ളതല്ല:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും—

(ക) ഏതെങ്കിലും നിയമവിരുദ്ധമായ ഉദ്ദേശ്യം പുരോഗമിപ്പി ക്കുന്നതിന് നടത്തിയ അങ്ങനെയുള്ള ഏതെങ്കിലും ആശയവിനിമയമോ;

(ഖ) ഏതെങ്കിലും അഭിഭാഷകൻ, ആ നിലയിലുള്ള അയാളുടെ സേവനത്തിന്റെ കാലയളവിൽ, അയാളുടെ സേവനത്തിന്റെ പ്രാരംഭത്തിനുശേഷം നിരീക്ഷണം ചെയ്തതും, ഏതെങ്കിലും കുറ്റകൃത്യമോ വഞ്ചനയോ ചെയ്തുവെന്ന് കാണിക്കുന്നതുമായ ഏതെങ്കിലും വസ്തുതയോ,

വെളിപ്പെടുത്തുന്നതിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതല്ല.

(2) (1)-ാം ഉപവകുപ്പിന്റെ പരിമിതിവ്യവസ്ഥയിൽ പരാമർശി ച്ചിട്ടുള്ള അങ്ങനെയുള്ള അഭിഭാഷകന്റെ ശ്രദ്ധ അങ്ങനെയുള്ള വസ്തുതയിലേക്ക് അയാളുടെ കക്ഷിയോ കക്ഷിക്കുവേണ്ടിയോ തിരിച്ചുവിട്ടിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് സാരമുള്ളതല്ല.

*വിശദീകരണം.*—ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള കടപ്പാട് തൊഴിൽ പരമായ സേവനം അവസാനിച്ചതിനുശേഷവും തുടരുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു കക്ഷിയായ '<u>ക</u>' അഭിഭാഷകനായ '<u>ഖ</u>' യോട് പറയുന്നു—"ഞാൻ വ്യാജനിർമ്മാണം നടത്തിയിട്ടുണ്ട്, നിങ്ങൾ എനിക്കുവേണ്ടി പ്രതിവാദം നടത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു." അപരാധിയെന്നറിയുന്ന ഒരാൾക്കുവേണ്ടിയുള്ള പ്രതിവാദം കുറ്റകരമായ ഒരു ആവശ്യമല്ലാത്തതിനാൽ, ഈ ആശയവിനിമയം വെളിപ്പെടുത്തലിൽ നിന്ന് സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

(ഖ) ഒരു കക്ഷിയായ '<u>ക</u>' അഭിഭാഷകനായ '<u>ഖ</u>' യോട് പറയുന്നു—"വ്യവഹാരപ്പെടുവാൻ ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നതായ ഒരു വ്യാജനിർമ്മിതമായ കരണം ഉപയോഗിച്ച് വസ്തു കൈവശപ്പെടുത്തു വാൻ ഞാൻ ആഗ്രഹിക്കുന്നു". ഈ ആശയവിനിമയം, ഒരു കുറ്റകരമായ ആവശ്യം പുരോഗമിപ്പിക്കുന്നതിന് ചെയ്തതുകൊണ്ട് വെളിപ്പെടുത്തലിൽ നിന്ന് സംരക്ഷിക്കപ്പെടുന്നില്ല.

(ഗ) ധനാപഹരണത്തിന് ചാർജ് ചെയ്യപ്പെട്ടിരിക്കെ, 'ക' തനിക്കുവേണ്ടി പ്രതിവാദിക്കുന്നതിനായി അഭിഭാഷകനായ 'ഖ' യെ ഏർപ്പെടുത്തുന്നു. നടപടികൾ നടന്നുകൊണ്ടിരിക്കെ അപഹരണം നടത്തിയതായി പറയുന്ന തുകയ്ക്ക് 'ക' യെ ബാധ്യസ്ഥനാക്കിക്കൊണ്ടുള്ള ഒരു ഉൾക്കുറിപ്പ് 'ക' യുടെ കണക്കുബുക്കിൽ, തന്റെ തൊഴിൽപരമായ സേവനത്തിന്റെ ആരംഭത്തിൽ ആ ബുക്കിൽ ഇല്ലാതിരുന്നതുമായ ഉൾക്കുറിപ്പ് ചേർത്തിട്ടുള്ളതായും 'ഖ' നിരീക്ഷിക്കുന്നു. നടപടികളുടെ പ്രാരംഭത്തിനുശേഷം ഒരു വഞ്ചന നടത്തിയിട്ടുണ്ടെന്ന് കാണിക്കുന്നത്, തന്റെ സേവനത്തിന്റെ കാലയളവിൽ 'ഖ' നിരീക്ഷിച്ച ഒരു വസ്തുതയാകയാൽ, ഇത് വെളിപ്പെടുത്തലിൽ നിന്ന് സംരക്ഷിക്കപ്പെടുന്നില്ല.

(3) ഈ വകുപ്പിലെ വ്യവസ്ഥകൾ ദ്വിഭാഷികൾക്കും അഭിഭാഷകരുടെ ക്ലാർക്കുമാരോ ജോലിക്കാരോ ആയവർക്കും ബാധകമാകുന്നതാണ്.

സ്വേച്ഛയാ തെളിവ് നൽകുന്ന തുവഴി പ്രത്യേകാവകാശം ഉപേക്ഷിക്കപ്പെടുന്നില്ലെന്ന്.

133. ഒരു വ്യവഹാരത്തിൽ, ഏതെങ്കിലും കക്ഷി സ്വയമായോ മറ്റുവിധത്തിലോ അതിൽ തെളിവ് നൽകുന്നുവെങ്കിൽ, 132–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള വെളിപ്പെടുത്തലിന് അയാൾ അതുവഴി സമ്മതിച്ചിട്ടുണ്ടെന്ന് കരുതപ്പെടുവാൻ പാടില്ലാത്തതാണ്; ഒരു വ്യവഹാരത്തിലെയോ നടപടിയിലെയോ, ഏതെങ്കിലും കക്ഷി അങ്ങനെയുള്ള ഏതെങ്കിലും അഭിഭാഷകനെ ഒരു സാക്ഷിയായി വിളിക്കുന്നുവെങ്കിൽ, എന്നാൽ അങ്ങനെയുള്ള ചോദ്യം കൂടാതെ വെളിപ്പെടുത്തുവാൻ അയാൾക്ക് സ്വാതന്ത്ര്യമില്ലാത്ത സംഗതികളിൻമേൽ, അയാൾ അങ്ങനെയുള്ള അഭിഭാഷകനെ ചോദ്യം ചെയ്യുന്നുവെങ്കിൽ മാത്രം അങ്ങനെയുള്ള വെളിപ്പെടുത്തലിന് അയാൾ സമ്മതിച്ചതായി കരുതപ്പെടേണ്ടതാണ്.

നിയമോപദേഷ്ടാക്കളുമായി നടത്തിയ രഹസ്യ ആശയവിനിമയം.

134. ഒരാളും അയാളുടെ നിയമോപദേഷ്ടാവും തമ്മിൽ നടത്തിയഏതെങ്കിലും രഹസ്യ ആശയവിനിമയം കോടതിയിൽ വെളിപ്പെടുത്തുവാൻ, അയാൾ സ്വയം ഒരു സാക്ഷിയാകുവാൻ മുന്നോട്ടുവരാത്തപക്ഷം, യാതൊരാളെയും നിർബന്ധിക്കുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള സംഗതിയിൽ അയാൾ നൽകിയിട്ടുള്ള ഏതെങ്കിലും തെളിവ് വിശദീകരിക്കുവാൻ അറിഞ്ഞിരിക്കേണ്ടത്

ആവശ്യമാണെന്ന് കോടതി കരുതുന്ന അങ്ങനെ അറിയിച്ചിട്ടുള്ള ഏതെങ്കിലും സംഗതികൾ വെളിപ്പെടുത്തുവാൻ അയാളെ നിർബന്ധിക്കാവുന്നതും എന്നാൽ മറ്റൊന്നും പാടില്ലാത്തതുമാണ്.

135. ഒരു വ്യവഹാരത്തിലെ കക്ഷിയല്ലാത്ത യാതൊരു സാക്ഷിയെയും, ഏതെങ്കിലും വസ്തു സംബന്ധിച്ച അയാളുടെ അവകാശപത്രങ്ങളൊ, അല്ലെങ്കിൽ ഏതെങ്കിലും വസ്തു പണയം വാങ്ങിയ ആളോ പണയഗ്രഹീതാവോ എന്ന നിലയിൽ ഏതെങ്കിലും വസ്തു അയാൾ കൈവശം വയ്ക്കുന്നതിന് അടിസ്ഥാനമായ ഏതെങ്കിലും രേഖയോ അല്ലെങ്കിൽ ഹാജരാക്കുന്നതുവഴി അയാളെ കുറ്റക്കാരനാക്കുവാൻ പ്രവണതയുള്ളതാകാവുന്നതായ ഏതെങ്കിലും രേഖയോ, അങ്ങനെയുള്ള കരണങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെടുന്ന ആളുമായോ അല്ലെങ്കിൽ അയാൾ അവകാശപ്പെടുന്നതായ മറ്റൊരാളുമായോ അവ ഹാജരാക്കാമെന്ന് രേഖാമൂലം സമ്മതിച്ചിട്ടില്ലാത്തപക്ഷം, നിർബന്ധിക്കുവാൻ പാടില്ലാത്തതാണ്.

കക്ഷിയല്ലാത്ത സാക്ഷിയുടെ അവകാശ പത്രങ്ങൾ ഹാജരാക്കൽ.

136. യാതൊരാളെയും, അയാളുടെ കൈവശത്തിലുള്ള രേഖകളോ അല്ലെങ്കിൽ അയാളുടെ നിയന്ത്രണത്തിലുള്ള ഇലക്ട്രോണിക് റിക്കാർഡുകളോ, മറ്റേതെങ്കിലും ആൾക്ക് അവ അയാളുടെ കൈവശത്തിലോ നിയന്ത്രണത്തിലോ ആയിരുന്നുവെങ്കിൽ ഹാജരാക്കുന്നതിന് വിസമ്മതിക്കുവാൻ അവകാശമുണ്ടാകുമായിരുന്നത് അവയുടെ ഹാജരാക്കലിന് ഒടുവിൽ പരാമർശിച്ച അങ്ങനെയുള്ള ആൾ സമ്മതിക്കാത്തപക്ഷം, ഹാജരാക്കുന്നതിന് നിർബന്ധിക്കുവാൻ പാടില്ലാത്തതാണ്.

ഹാജരാക്കുന്നതിന് വിസമ്മതിക്കുവാൻ കഴിയുന്ന മറ്റൊരാളുടെ കൈവശമുള്ള രേഖകളോ ഇലക്ട്രോണിക് റിക്കാർഡുകളോ ഹാജരാക്കൽ.

137. ഏതെങ്കിലും വ്യവഹാരത്തിലോ ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടിയിലോ വിവാദ്യവിഷയത്തിന് പ്രസക്തമായ ഏതെങ്കിലും വിഷയം സംബന്ധിച്ച ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുന്നതിൽനിന്ന് ഒരു സാക്ഷി, അങ്ങനെയുള്ള ചോദ്യത്തിനുള്ള ഉത്തരം അങ്ങനെയുള്ള സാക്ഷിയെ കുറ്റക്കാരനാക്കുമെന്നോ അല്ലെങ്കിൽ നേരിട്ടോ നേരിട്ടല്ലാതെയോ കുറ്റക്കാരനാക്കുവാൻ പ്രവണതയുള്ള താണെന്നോ അല്ലെങ്കിൽ അത് അങ്ങനെയുള്ള സാക്ഷിയെ ഏതെങ്കിലും തരത്തിലുള്ള ഒരു പിഴശിക്ഷയ്ക്കോ കണ്ടുകെട്ടലിനോ വിധേയനാക്കുമെന്നോ നേരിട്ടോ

ഉത്തരം കുറ്റക്കാരനാക്കുമെന്ന കാരണത്തിൻമേൽ ഉത്തരം പറയുന്നതിൽ നിന്ന് സാക്ഷി ഒഴിവാക്കപ്പെടുന്നില്ല.

നേരിട്ടല്ലാതെയോ വിധേയനാക്കുവാൻ പ്രവണതയുള്ളതാകുമെന്നോ ഉള്ള കാരണത്തിൻമേൽ, ഒഴിവാക്കപ്പെടുവാൻ പാടില്ലാത്തതാണ്:

എന്നാൽ ഒരു സാക്ഷി നൽകുവാൻ നിർബന്ധിതനാകുന്ന അങ്ങനെയുള്ള യാതൊരു ഉത്തരവും, ഏതെങ്കിലും അറസ്റ്റിനോ പ്രോസിക്യൂഷനോ അയാളെ വിധേയനാക്കുകയോ അല്ലെങ്കിൽഅങ്ങനെയുള്ള ഉത്തരം വ്യാജമായ തെളിവ് നൽകിയതിനുള്ള ഒരു പ്രോസിക്യൂഷനല്ലാത്ത ഏതെങ്കിലും ക്രിമിനൽ നടപടിയിൽ അയാൾക്കെതിരെ തെളിയിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

കൂട്ടുകുറ്റക്കാരൻ.

138. ഒരു കൂട്ടുകുറ്റക്കാരൻ കുറ്റാരോപിതനായ ഒരാൾക്കെതിരെ ക്ഷമതയുള്ള ഒരു സാക്ഷി ആയിരിക്കുന്നതാണ്; ഒരു കൂട്ടുകുറ്റക്കാരന്റെ ഉപോൽബലകമായ സാക്ഷിത്തെളിവിന്മേലാണ് അത് തുടർന്നുപോകുന്നതെങ്കിൽ ഒരു കുറ്റസ്ഥാപനം നിയമവിരുദ്ധമാകുന്നതല്ല.

സാക്ഷികളുടെ എണ്ണം.

139. ഏതെങ്കിലും വസ്തുതയുടെ തെളിയിക്കലിന് ഏതെങ്കിലും സംഗതിയിൽ ഒരു പ്രത്യേക എണ്ണം സാക്ഷികൾ ആവശ്യമായിരിക്കണമെന്നില്ല.

## അധ്യായം X

## സാക്ഷികളുടെ വിസ്താരത്തെക്കുറിച്ച്

സാക്ഷികളെ ഹാജരാക്കുകയും വിസ്തരിക്കുകയും ചെയ്യുന്നതിനുള്ള ക്രമം.

140. സാക്ഷികളെ ഹാജരാക്കുകയും വിസ്തരിക്കുകയും ചെയ്യുന്നതിനുള്ളക്രമം, യഥാക്രമം സിവിലും ക്രിമിനലുമായ നടപടി സംബന്ധിച്ചുള്ള തൽസമയത്തെ നിയമവും ആചരണവും വഴിയും അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിന്റെ അഭാവത്തിൽ കോടതിയുടെ വിവേചനം ഉപയോഗിച്ചും ക്രമപ്പെടുത്തേണ്ടതാണ്.

തെളിവ് സ്വീകരിക്കുന്നതിനെക്കുറിച്ച് ജഡ്ജി തീരുമാനിക്കണമെന്ന്.

141. (1) രണ്ടിലേതെങ്കിലും കക്ഷി ഏതെങ്കിലും വസ്തുതയെക്കുറിച്ച് തെളിവ് നൽകുവാൻ ഉദ്ദേശിക്കുന്നിടത്ത്, തെളിവ് നൽകാമെന്ന് ഉദ്ദേശിക്കുന്ന കക്ഷിയോട്, ആരോപിക്കപ്പെടുന്ന വസ്തുത, തെളിയിക്കുന്നുവെങ്കിൽ ഏത് രീതിയിൽ പ്രസക്തമാകുമെന്ന് ജഡ്ജിക്ക് ചോദിക്കാവുന്നതും; ആ വസ്തുത തെളിയിക്കുന്നുവെങ്കിൽ

പ്രസക്തമായിരിക്കുമെന്ന് അദ്ദേഹം കരുതുന്നുവെങ്കിൽ, ജഡ്ജി ആ തെളിവ് സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം പാടില്ലാത്തതുമാണ്.

(2) തെളിയിക്കാൻ ഉദ്ദേശിക്കുന്ന വസ്തുത, അതിനെക്കുറിച്ചുള്ള തെളിവ് മറ്റൊരു വസ്തുത തെളിയിക്കലിൻമേൽ മാത്രമേ സ്വീകാര്യമാവുകയുള്ളുവെന്ന വിധത്തിലുള്ള ഒന്നാണെങ്കിൽ, അങ്ങനെയുള്ള വസ്തുതയുടെ തെളിവ് നൽകാമെന്ന് കക്ഷി ഏൽക്കുകയും അങ്ങനെ ഏൽക്കുന്നത് കോടതിയെ തൃപ്തിപ്പെടുത്തുകയും ചെയ്യാത്തപക്ഷം, ആദ്യം പരാമർശിച്ച വസ്തുതയെക്കുറിച്ച് തെളിവ് നൽകുന്നതിന് മുമ്പ് അവസാനം പരാമർശിച്ച അങ്ങനെയുള്ള വസ്തുത തെളിയിക്കേണ്ടതാണ്.

(3) ആരോപിക്കപ്പെടുന്ന ഒരു വസ്തുതയുടെ പ്രസക്തി, ആരോപിക്കപ്പെടുന്ന മറ്റൊരു വസ്തുത ആദ്യം തെളിയിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നുവെങ്കിൽ, ജഡ്ജിക്ക് അദ്ദേഹത്തിന്റെ വിവേചനം ഉപയോഗിച്ച്, രണ്ടാമത്തെ വസ്തുത തെളിയിക്കുന്നതിനുമുമ്പ് ആദ്യത്തെ വസ്തുതയുടെ തെളിവ് നൽകുവാൻ അനുവദിക്കുകയോ അല്ലെങ്കിൽ ആദ്യത്തെ വസ്തുതയെക്കുറിച്ച് തെളിവ് നൽകുന്നതിനുമുമ്പ് രണ്ടാമത്തെ വസ്തുതയെക്കുറിച്ച് തെളിവ് നൽകുവാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) മരിച്ചുവെന്ന് ആരോപിക്കപ്പെട്ട ഒരാൾ, നടത്തിയ ഒരു പ്രസക്തവസ്തുത സംബന്ധിച്ച, 26–ാം വകുപ്പിൻകീഴിൽ പ്രസക്തമായ ഒരു പ്രസ്താവന തെളിയിക്കുവാൻ ഉദ്ദേശിക്കുന്നു. അയാൾ മരിച്ചുവെന്നുള്ള വസ്തുത, പ്രസ്താവനയെക്കുറിച്ചുള്ള തെളിവ് നൽകുന്നതിന് മുമ്പ്, പ്രസ്താവന തെളിയിക്കുവാൻ ഉദ്ദേശിക്കുന്ന ആൾ തെളിയിക്കേണ്ടതാണ്.

(ഖ) നഷ്ടപ്പെട്ടുപോയെന്ന് പറയപ്പെടുന്ന ഒരു രേഖയുടെ ഉള്ളടക്കം, ഒരു പകർപ്പ് വഴി തെളിയിക്കാൻ ഉദ്ദേശിക്കുന്നു. അസ്സൽ നഷ്ടപ്പെട്ടുപോയി എന്ന വസ്തുത, പകർപ്പ് ഹാജരാക്കുന്നതിനുമുമ്പ്, പകർപ്പ് ഹാജരാക്കാൻ ഉദ്ദേശിക്കുന്ന ആൾ തെളിയിക്കേണ്ടതാണ്.

(ഗ) മോഷണമുതൽ, അത് മോഷ്ടിച്ചതാണെന്നറിഞ്ഞു കൊണ്ട് സ്വീകരിച്ചതിന് ‘ക’ യുടെ മേൽ കുറ്റമാരോപിച്ചിരിക്കുന്നു. വസ്തുവിന്റെ കൈവശംവയ്ക്കൽ അയാൾ നിഷേധിച്ചെന്ന് തെളിയിക്കുവാൻ ഉദ്ദേശിക്കുന്നു. നിഷേധത്തിന്റെ പ്രസക്തി, വസ്തുവിന്റെ തിരിച്ചറിയലിനെ ആശ്രയിച്ചിരിക്കുന്നു. കോടതിക്ക്, അതിന്റെ വിവേചനം ഉപയോഗിച്ച്, കൈവശത്തിന്റെ നിഷേധം തെളിയിക്കുന്നതിനുമുമ്പ് വസ്തു തിരിച്ചറിയാൻ ആവശ്യപ്പെടുകയോ, അല്ലെങ്കിൽ വസ്തു തിരിച്ചറിയുന്നതിന് മുമ്പ് കൈവശത്തിന്റെ നിഷേധം തെളിയിക്കുവാൻ അനുവദിക്കുകയോ ചെയ്യാവുന്നതാണ്.

(ഘ) ഒരു വിവാദ്യവസ്തുതയുടെ കാരണമോ ഫലമോ ആയിരുന്നുവെന്ന് പറയപ്പെടുന്ന ഒരു വസ്തുതയായ ‘ക’ തെളിയിക്കുവാൻ ഉദ്ദേശിക്കുന്നു. ആ വസ്തുത ‘ക’, വിവാദ്യവസ്തുതയുടെ കാരണമോ ഫലമോ ആണെന്ന് പരിഗണിക്കുന്നതിനുമുമ്പ്, ഇടയിലുള്ള പല വസ്തുതകളായ ‘ഖ’ യും ‘ഗ’ യും ‘ഘ’ യും തെളിയിക്കേണ്ടതുണ്ട്. കോടതിക്ക് ‘ഖ’, ‘ഗ’ അല്ലെങ്കിൽ ‘ഘ’ യെ തെളിയിക്കുന്നതിനുമുമ്പ് ‘ക’ തെളിയിക്കുവാൻ അനുവദിക്കുകയോ, അല്ലെങ്കിൽ ‘ക’ തെളിയിക്കുവാൻ അനുവദിക്കുന്നതിനുമുമ്പ് ‘ഖ’ യും ‘ഗ’ യും ‘ഘ’ യും തെളിയിക്കുവാൻ ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്.

സാക്ഷികളുടെ വിസ്താരം.

142. (1) ഒരു സാക്ഷിയെ വിളിച്ചുവരുത്തുന്ന കക്ഷി, അയാളെ വിസ്തരിക്കുന്നതിന് അയാളുടെ മുഖ്യവിസ്താരമെന്ന് പറയപ്പെടുന്നു.

(2) ഒരു സാക്ഷിയെ എതിർകക്ഷി വിസ്തരിക്കുന്നതിന് അയാളുടെ എതിർവിസ്താരമെന്ന് പറയപ്പെടുന്നു.

(3) എതിർവിസ്താരത്തിന് ശേഷം ഒരു സാക്ഷിയെ, അയാളെ വിളിച്ചുവരുത്തിയ കക്ഷി വിസ്തരിക്കുന്നതിന് അയാളുടെ പുനർവിസ്താരമെന്ന് പറയപ്പെടുന്നു.

വിസ്താരങ്ങളുടെ ക്രമം.

143. (1) സാക്ഷികളെ ആദ്യം മുഖ്യവിസ്താരവും, പിന്നീട് (എതിർകക്ഷി അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ) എതിർവിസ്താരവും, ശേഷം (അയാളെ വിളിച്ചുവരുത്തുന്ന കക്ഷി അങ്ങനെ ആഗ്രഹിക്കുന്നുവെങ്കിൽ) പുനർവിസ്താരവും ചെയ്യേണ്ടതാണ്.

(2) മുഖ്യവിസ്താരവും എതിർവിസ്താരവും പ്രസക്ത വസ്തുത കളോട് ബന്ധപ്പെട്ടിരിക്കണം, എന്നാൽ സാക്ഷി അയാളുടെ മുഖ്യവിസ്താരത്തിൽ സാക്ഷിപറഞ്ഞിട്ടുള്ള വസ്തുതകളിൽ തന്നെ എതിർവിസ്താരം ഒതുക്കി നിർത്തണമെന്നില്ല.

(3) പുനർവിസ്താരം എതിർവിസ്താരത്തിൽ പരാമർശി ച്ചിട്ടുള്ള വിഷയങ്ങളുടെ വിശദീകരണത്തിന്റെ ദിശയിലേക്കുള്ളതായിരി ക്കേണ്ടതും; പുതിയ വിഷയം, കോടതിയുടെ അനുവാദത്തോടുകൂടി പുനർവിസ്താരത്തിൽപ്പെടുത്തുകയാണെങ്കിൽ, എതിർകക്ഷിക്ക് ആ വിഷയ ത്തിൻമേൽ തുടർന്നും എതിർവിസ്താരം ചെയ്യാവുന്നതുമാണ്.

ഒരു രേഖ ഹാജരാക്കാൻ വിളിച്ചു വരുത്തിയ ആളുടെ എതിർ വിസ്താരം.

144. ഒരു രേഖ ഹാജരാക്കാനായി സമൺ ചെയ്യപ്പെട്ട ഒരാൾ, അയാൾ അത് ഹാജരാക്കിയെന്ന വസ്തുതകൊണ്ട് മാത്രം ഒരു സാക്ഷിയായിത്തീരുന്നതല്ലാത്തതും അയാൾ ഒരു സാക്ഷിയായി വിളിക്കപ്പെടാത്തപക്ഷവും അതുവരെയും എതിർവിസ്താരം ചെയ്യപ്പെടാവു ന്നതല്ലാത്തതുമാണ്.

സ്വഭാവത്തെ ക്കുറിച്ചുള്ള സാക്ഷികൾ.

145. സ്വഭാവത്തെക്കുറിച്ചുള്ള സാക്ഷികളെ എതിർവിസ്താരവും പുനർവിസ്താരവും ചെയ്യാവുന്നതാണ്.

സൂചകചോദ്യ ങ്ങൾ.

146. (1) ചോദിക്കുന്ന ആൾക്ക് കിട്ടാൻ ആഗ്രഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്യുന്ന ഉത്തരം സൂചിപ്പിക്കുന്ന ഏതൊരു ചോദ്യത്തിനും സൂചകചോദ്യമെന്ന് പറയുന്നു.

(2) സൂചകചോദ്യങ്ങൾ, എതിർകക്ഷി ആക്ഷേപമുന്നയി ക്കുന്നുവെങ്കിൽ, ഒരു മുഖ്യവിസ്താരത്തിലോ പുനർവിസ്താരത്തിലോ കോടതിയുടെ അനുവാദത്തോടുകൂടിയല്ലാതെ, ചോദിക്കുവാൻ പാടില്ലാത്തതാണ്.

(3) കോടതി, അവതാരകമോ അവിതർക്കിതമോ ആയതോ, അതിന്റെ അഭിപ്രായത്തിൽ, നേരത്തെ വേണ്ടത്ര തെളിയിച്ചിട്ടുള്ളതോ ആയ വിഷയങ്ങൾ സംബന്ധിച്ച് സൂചകചോദ്യങ്ങൾ അനുവദിക്കേണ്ടതാണ്.

(4) സൂചകചോദ്യങ്ങൾ എതിർവിസ്താരത്തിൽ ചോദിക്കാ വുന്നതാണ്.

ലിഖിത വിഷയ ങ്ങൾ സംബ ന്ധിച്ച തെളിവ്.

147. ഏതൊരു സാക്ഷിയോടും, വിസ്തരിച്ചുകൊണ്ടിരിക്കുമ്പോൾ, അയാൾ തെളിവ് നൽകുന്നതായ ഏതെങ്കിലും കരാറോ ഗ്രാന്റോ വസ്തു സംബന്ധിച്ച മറ്റ് വിനിയോഗമോ ഒരു രേഖയിൽ അടങ്ങിയിരുന്നില്ലേ എന്ന് ചോദിക്കാവുന്നതും, അത് അടങ്ങിയിരുന്നുവെന്ന് അയാൾ പറയുകയോ അല്ലെങ്കിൽ കോടതിയുടെ അഭിപ്രായത്തിൽ, ഹാജരാക്കപ്പെടേണ്ട ഏതെങ്കിലും രേഖയുടെ ഉള്ളടക്കം സംബന്ധിച്ച് അയാൾ ഏതെങ്കിലും പ്രസ്താവന ചെയ്യുവാൻ പോവുകയോ ആണെങ്കിൽ, എതിർകക്ഷിക്ക്, അങ്ങനെയുള്ള രേഖ ഹാജരാക്കുന്നതുവരെയോ, അല്ലെങ്കിൽ സാക്ഷിയെ വിളിച്ചുവരുത്തിയ കക്ഷിക്ക് അതിന്റെ ദ്വിതീയകത്തെളിവ് നൽകാൻ അവകാശം നൽകുന്ന വസ്തുതകൾ തെളിയിക്കുന്നതുവരെയോ, അങ്ങനെയുള്ള തെളിവ് നൽകുന്നതിന് ആക്ഷേപം ഉന്നയിക്കാവുന്നതാണ്.

*വിശദീകരണം.*—ഒരു സാക്ഷിക്ക്, രേഖകളുടെ ഉള്ളടക്കത്തെപ്പറ്റി മറ്റാളുകൾ ചെയ്യുന്ന പ്രസ്താവനകളെക്കുറിച്ച്, അങ്ങനെയുള്ള പ്രസ്താവനകൾ തന്നെ പ്രസക്തവസ്തുതകളാണെങ്കിൽ, വാക്കാൽ തെളിവ് നൽകാവുന്നതാണ്.

*ദൃഷ്ടാന്തം.*

'ക', 'ഖ' യെ കൈയേറ്റം ചെയ്തോ എന്നതാണ് പ്രശ്നം.'ക', 'ഘ' യോട്–''ഞാൻ മോഷണം നടത്തിയെന്ന് ആരോപിച്ചുകൊണ്ട് 'ഖ' ഒരു കത്തെഴുതി, ഞാൻ അയാളോട് പകരം ചോദിക്കും'' എന്ന് പറഞ്ഞത് താൻ കേട്ടുവെന്ന് 'ഗ' മൊഴി കൊടുക്കുന്നു. കൈയേറ്റത്തിന് 'ക' യ്ക്കുണ്ടായ പ്രേരകം കാണിക്കുന്നുവെന്ന നിലയിൽ ഈ പ്രസ്താവന പ്രസക്തമാകുന്നതും, ആ കത്തിനെക്കുറിച്ച് മറ്റ് യാതൊരു തെളിവും നൽകിയില്ലെങ്കിലും അതിനെക്കുറിച്ച് തെളിവ് നൽകാവുന്നതുമാണ്.

ലിഖിത മായ മുൻ പ്രസ്താവ നകൾ സംബ ന്ധിച്ച എതിർ വിസ്താരം.

148. ഒരു സാക്ഷിയെ, ലിഖിതമായതോ ലിഖിതമാക്കിയിട്ടുള്ളതോ ആയതും പ്രശ്നവിഷയങ്ങൾക്ക് പ്രസക്തവുമായ അയാൾ നടത്തിയിട്ടുള്ള മുൻ പ്രസ്താവനകൾ സംബന്ധിച്ച് അങ്ങനെയുള്ള ലിഖിതം അയാൾക്ക് കാണിച്ചുകൊടുക്കുകയോ തെളിയിക്കപ്പെടുകയോ ചെയ്യാതെ, എതിർ വിസ്താരം ചെയ്യാവുന്നതാണ്; എന്നാൽ, ആ ലിഖിതം വഴി അയാൾ പറഞ്ഞതിന് വിരുദ്ധമായത് കാണിക്കലാണ് ഉദ്ദേശ്യമെങ്കിൽ, ആ ലിഖിതം തെളിയിക്കപ്പെടുന്നതിന് മുമ്പ്, അയാൾ പറഞ്ഞതിന് വിരുദ്ധമായത്

കാണിക്കേണ്ട ആവശ്യത്തിലേക്ക് ഉപയോഗിക്കേണ്ട അതിന്റെ ഭാഗങ്ങളിലേക്ക് അയാളുടെ ശ്രദ്ധ ക്ഷണിക്കേണ്ടതാണ്.

149. ഒരു സാക്ഷിയെ എതിർവിസ്താരം ചെയ്യുമ്പോൾ, അയാളോട് ഇതിനുമുമ്പ് പരാമർശിക്കപ്പെട്ട ചോദ്യങ്ങൾക്ക് പുറമെ— എതിർവിസ്താരത്തിൽ നിയമപരമായ ചോദ്യങ്ങൾ.

(ക) അയാളുടെ സത്യവാദിത്വം പരീക്ഷിക്കുന്നതോ; അല്ലെങ്കിൽ

(ഖ)അയാൾ ആരാണെന്നും ജീവിതത്തിൽ അയാളുടെ സ്ഥിതി എന്താണെന്നും കണ്ടുപിടിക്കുന്നതോ; അല്ലെങ്കിൽ

(ഗ) അയാളുടെ സ്വഭാവത്തിന് ക്ഷതിയുണ്ടാക്കി അയാളുടെ വിശ്വാസ്യതയെ ഉലയ്ക്കുന്നതോ, ആയ അങ്ങനെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം നേരിട്ടോ നേരിട്ടല്ലാതെയോ അയാളെ കുറ്റക്കാരനാക്കുന്ന പ്രവണതയുള്ളതാണെന്നിരുന്നാലും അല്ലെങ്കിൽ അയാളെ ഒരു പിഴശിക്ഷയ്ക്കോ കണ്ടുകെട്ടലിനോ വിധേയനാക്കുകയോ വിധേയനാക്കാൻ നേരിട്ടോ നേരിട്ടല്ലാതെയോ പ്രവണതയുള്ളതാണെന്നിരുന്നാലും,

ആയ പ്രവണതയുള്ള ഏതെങ്കിലും ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്:

എന്നാൽ ഭാരതീയ നീതി സംഹിത, 2023–ന്റെ 64–ാം വകുപ്പിനോ 65–ാം വകുപ്പിനോ 66–ാം വകുപ്പിനോ 67–ാം വകുപ്പിനോ 68–ാം വകുപ്പിനോ 69–ാം വകുപ്പിനോ 70–ാം വകുപ്പിനോ 71–ാം വകുപ്പിനോ കീഴിലുള്ള ഒരു കുറ്റത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും കുറ്റം ചെയ്യാനുള്ള ശ്രമത്തിനോ ഉള്ള ഒരു പ്രോസിക്യൂഷനിൽ സമ്മതത്തെ സംബന്ധിച്ച പ്രശ്നം ഒരു തർക്കവിഷയമാകുന്നിടത്ത്, അങ്ങനെയുള്ള സമ്മതമോ സമ്മതത്തിന്റെ സ്വഭാവമോ തെളിയിക്കുന്നതിനായി അങ്ങനെയുള്ള ഇരയുടെ പൊതുവായ അസാൻമാർഗിക സ്വഭാവത്തെക്കുറിച്ചോ ഏതെങ്കിലും ആളുമായുള്ള മുൻ ലൈംഗികാനുഭവത്തെക്കുറിച്ചോ ഇരയുടെ എതിർവിസ്താരത്തിൽ തെളിവ് ഹാജരാക്കുവാനോ ചോദ്യങ്ങൾ ചോദിക്കുവാനോ അനുവദനീയമല്ലാത്തതാണ്.

ഉത്തരം പറയുവാൻ സാക്ഷിയെ എപ്പോൾ നിർബന്ധിക്കണമെന്ന്.

150. അങ്ങനെയുള്ള ഏതെങ്കിലും ചോദ്യം, വ്യവഹാരത്തിനോ നടപടിക്കോ പ്രസക്തമായ ഒരു വിഷയം സംബന്ധിച്ചുള്ളതാണെങ്കിൽ, 137–ാം വകുപ്പിലെ വ്യവസ്ഥകൾ അതിന് ബാധകമാകുന്നതാണ്.

ചോദ്യം എപ്പോൾ ചോദിക്കണമെന്നും ഉത്തരം പറയുവാൻ സാക്ഷിയെ എപ്പോൾ നിർബന്ധിക്കണമെന്നും കോടതി തീരുമാനിക്കണമെന്ന്.

151. (1) അങ്ങനെയുള്ള ഏതെങ്കിലും ചോദ്യം, സാക്ഷിയുടെ സ്വഭാവത്തിന് ക്ഷതി ഉളവാക്കി അയാളുടെ വിശ്വാസ്യതയെ ബാധിക്കുന്നിടത്തോളമൊഴികെ, വ്യവഹാരത്തിനോ നടപടിക്കോ പ്രസക്തമല്ലാത്ത ഒരു വിഷയം സംബന്ധിച്ചുള്ളതാണെങ്കിൽ, അതിന് മറുപടി പറയുവാൻ സാക്ഷിയെ നിർബന്ധിക്കണമോ വേണ്ടയോ എന്ന് കോടതി തീരുമാനിക്കേണ്ടതും, അതിന് യുക്തമെന്ന് കരുതുന്നുവെങ്കിൽ, അതിന് മറുപടി പറയുവാൻ അയാൾ ബാധ്യസ്ഥനല്ലെന്ന് സാക്ഷിക്ക് മുന്നറിയിപ്പ് നൽകാവുന്നതുമാണ്.

(2) കോടതി, അതിന്റെ വിവേചനം ഉപയോഗിക്കുന്നതിൽ, താഴെപ്പറയുന്ന പരിഗണനകൾ കണക്കിലെടുക്കേണ്ടതാണ്, അതായത്:—

(ക) അങ്ങനെയുള്ള ചോദ്യങ്ങൾ, അവ വഹിക്കുന്ന ദോഷാരോപണത്തിന്റെ സത്യാവസ്ഥ അയാൾ സാക്ഷിപറയുന്ന വിഷയത്തിൻമേലുള്ള സാക്ഷിയുടെ വിശ്വാസ്യത സംബന്ധിച്ചുള്ള കോടതിയുടെ അഭിപ്രായത്തെ, സാരമായി ബാധിക്കുന്ന അങ്ങനെയുള്ള ഒരു സ്വഭാവത്തോടു കൂടിയവയാണെങ്കിൽ, ശരിയായിട്ടുള്ളവയാണ്;

(ഖ) അങ്ങനെയുള്ള ചോദ്യങ്ങൾ, അവ വഹിക്കുന്ന ദോഷാരോപണം, ആ ദോഷാരോപണത്തിന്റെ സത്യാവസ്ഥ അയാൾ സാക്ഷിപറയുന്ന വിഷയത്തിൻമേലുള്ള സാക്ഷിയുടെ വിശ്വാസ്യത സംബന്ധിച്ചുള്ള കോടതിയുടെ അഭിപ്രായത്തെ ബാധിക്കാതിരിക്കുകയോ നേരിയതോതിൽ മാത്രം ബാധിക്കുകയോ ചെയ്യത്തക്കവിധം അത്ര വിദൂരകാലത്തെ വിഷയങ്ങളെക്കുറിച്ചുള്ളതോ അങ്ങനെയുള്ള ഒരു സ്വഭാവത്തോടുകൂടിയതോ ആണെങ്കിൽ, ശരിയായിട്ടുള്ളവയല്ല;

(ഗ) അങ്ങനെയുള്ള ചോദ്യങ്ങൾ, സാക്ഷിയുടെ സ്വഭാവത്തിനെതിരെ ചെയ്ത ദോഷാരോപണത്തിന്റെ പ്രാധാന്യവും അയാളുടെ തെളിവിന്റെ പ്രാധാന്യവും തമ്മിൽ വലിയ അനുപാതരാഹിത്യമുണ്ടെങ്കിൽ, ശരിയായിട്ടുള്ളവയല്ല;

(ഘ) കോടതിക്ക്, അതിന് യുക്തമെന്ന് കാണുന്നുവെങ്കിൽ, ഉത്തരം പറയാൻ സാക്ഷി വിസമ്മതിക്കുന്നതിൽനിന്ന്, ഉത്തരം നൽകിയാൽ അത് അനുകൂലമല്ലാത്തതായിരിക്കുമെന്ന നിഗമനത്തിൽ എത്താവുന്നതാണ്.

152. 151–ാം വകുപ്പിൽ പരാമർശിച്ചപ്രകാരമുള്ള യാതൊരു ചോദ്യവും, അത് വഹിക്കുന്ന ദോഷാരോപണം ശരിയായ അടിസ്ഥാനമുള്ളതാണെന്ന് വിചാരിക്കുവാൻ അത് ചോദിക്കുന്ന ആൾക്ക് ന്യായമായ കാരണങ്ങളില്ലാത്തപക്ഷം, ചോദിക്കുവാൻ പാടുള്ളതല്ല.

ന്യായമായ കാരണങ്ങൾ കൂടാതെ ചോദ്യം ചോദിക്കാവുന്നതല്ലെന്ന്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു പ്രധാനസാക്ഷി ഒരു കൂട്ടായ്മക്കവർച്ചക്കാരനാണെന്ന് ഒരു അഭിഭാഷകൻ മറ്റൊരു അഭിഭാഷകന് വിവരം നൽകുന്നു. സാക്ഷി കൂട്ടായ്മക്കവർച്ചക്കാരനാണോ എന്ന് അയാളോട് ചോദിക്കുവാൻ ഇത് ഒരു ന്യായമായ കാരണമാണ്.

(ഖ) ഒരു പ്രധാനസാക്ഷി ഒരു കൂട്ടായ്മക്കവർച്ചക്കാരനാണെന്ന് കോടതിയിൽ ഒരാൾ ഒരു അഭിഭാഷകനെ അറിയിക്കുന്നു. അറിയിച്ച ആൾ അഭിഭാഷകൻ ചോദിച്ചപ്പോൾ അയാളുടെ പ്രസ്താവനയ്ക്ക് തൃപ്തികരമായ കാരണങ്ങൾ നൽകുന്നു. സാക്ഷി ഒരു കൂട്ടായ്മക്കവർച്ചക്കാരനാണോ എന്ന് അയാളോട് ചോദിക്കുവാൻ ഇത് ഒരു ന്യായമായ കാരണമാണ്.

(ഗ) ഒന്നുംതന്നെ അറിയാത്തതായ ഒരു സാക്ഷിയോട്, അയാൾ ഒരു കൂട്ടായ്മക്കവർച്ചക്കാരനാണോ എന്ന് ലക്ഷ്യമില്ലാതെ ചോദിക്കുന്നു. ആ ചോദ്യത്തിന് ഇവിടെ ന്യായമായ കാരണങ്ങളില്ല.

(ഘ) ഒന്നുംതന്നെ അറിയാത്തതായ ഒരു സാക്ഷിയോട്, അയാളുടെ ജീവിതരീതിയെയും ജീവിതമാർഗത്തെയും കുറിച്ച് ചോദിച്ചപ്പോൾ തൃപ്തികരമല്ലാത്ത ഉത്തരങ്ങൾ നൽകുന്നു. അയാൾ ഒരു കൂട്ടായ്മക്കവർച്ചക്കാരനാണോ എന്ന് അയാളോട് ചോദിക്കുന്നതിന് ഇത് ന്യായമായ ഒരു കാരണമാകാവുന്നതാണ്.

ന്യായമായ കാരണങ്ങളില്ലാതെ ചോദ്യം ചോദിക്കുന്ന സംഗതിയിൽ കോടതിയുടെ നടപടിക്രമം.

153. അങ്ങനെയുള്ള ഏതെങ്കിലും ചോദ്യം ചോദിച്ചത് ന്യായമായ കാരണങ്ങളില്ലാതെയാണെന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, ഏതെങ്കിലും അഭിഭാഷകനാണ് അത് ചോദിച്ചതെങ്കിൽ, അതിന് കേസിന്റെ സാഹചര്യങ്ങൾ,ഹൈക്കോടതിക്കോ അങ്ങനെയുള്ള അഭിഭാഷകൻ തന്റെ തൊഴിൽനിർവഹണത്തിൽ വിധേയനായിരിക്കുന്നതായ മറ്റ് അധികാര സ്ഥാനത്തിനോ, റിപ്പോർട്ട് ചെയ്യാവുന്നതാണ്.

അസഭ്യമോ അപവാദപരമോ ആയ ചോദ്യങ്ങൾ.

154. കോടതിക്ക്, അസഭ്യമോ അപവാദപരമോ ആണെന്ന് അത് കരുതുന്ന ഏതൊരു ചോദ്യങ്ങളും അന്വേഷണങ്ങളും, അങ്ങനെയുള്ള ചോദ്യങ്ങൾക്കോ അന്വേഷണങ്ങൾക്കോ കോടതിയുടെ മുമ്പാകെയുള്ള പ്രശ്നങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടാകാമെങ്കിലും, അവ വിവാദ്യവസ്തുതകളെയോ വിവാദ്യവസ്തുതകൾ നില നിൽക്കുന്നുണ്ടായിരുന്നോ ഇല്ലയോ എന്ന് നിശ്ചയിക്കുന്നതിന് അറിയുവാൻ ആവശ്യമായ വിഷയങ്ങളെയോ സംബന്ധിക്കുന്നതല്ലാത്തപക്ഷം, വിലക്കാവുന്നതാണ്.

അപമാനിക്കുവാനോ അലട്ടുവാനോ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ചോദ്യങ്ങൾ.

155. കോടതിക്ക്, അപമാനിക്കുകയോ അലട്ടുകയോ ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് അത്കരുതുന്നതോ, അല്ലെങ്കിൽ സ്വയം ശരിയായതെങ്കിലും, രൂപംകൊണ്ട് അനാവശ്യമായി ക്ഷോഭിപ്പിക്കുന്നതാണെന്ന്, കോടതി കരുതുന്നതോ ആയ ഏതൊരു ചോദ്യവും വിലക്കേണ്ടതാണ്.

സത്യവാദിത്വം പരീക്ഷിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്ക് വിരുദ്ധമായ തെളിവ് ഒഴിവാക്കുന്നത്.

156. സാക്ഷിയോട്, അയാളുടെ സ്വഭാവത്തിന് ക്ഷതിയുണ്ടാക്കി അയാളുടെ വിശ്വാസ്യതയെ ഉലയ്ക്കുന്ന പ്രവണതയുള്ളിടത്തോളം മാത്രം ആ അന്വേഷണത്തിന് പ്രസക്തമായിട്ടുള്ള ഏതെങ്കിലും ചോദ്യം ചോദിക്കുകയും അതിന് ഉത്തരം നൽകുകയും ചെയ്തിട്ടുള്ളിടത്ത്, അയാൾ പറഞ്ഞതിന്റെ വൈരുദ്ധ്യം കാണിക്കുന്നതിന് യാതൊരു തെളിവും നൽകുവാൻ പാടുള്ളതല്ല; എന്നാൽ അയാൾ വ്യാജമായി ഉത്തരം നൽകുന്നുവെങ്കിൽ വ്യാജമായ തെളിവ് നൽകിയതിന് അയാളെ പിന്നീട് ചാർജ് ചെയ്യാവുന്നതാണ്.

*അപവാദം* 1.—ഒരു സാക്ഷിയോട്, അയാൾ മുമ്പ് ഏതെങ്കിലും കുറ്റകൃത്യത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ചോദിക്കുകയും, അത് നിഷേധിക്കുകയും ചെയ്യുന്നുവെങ്കിൽ, അയാളുടെ മുൻ കുറ്റസ്ഥാപനത്തെക്കുറിച്ച് തെളിവ് നൽകാവുന്നതാണ്.

*അപവാദം* 2.—ഒരു സാക്ഷിയോട്, അയാളുടെ നിഷ്പക്ഷതയെ ചോദ്യംചെയ്യുന്ന പ്രവണതയുള്ള ഏതെങ്കിലും ചോദ്യം ചോദിക്കുകയും, സൂചിതവസ്തുതകൾ നിഷേധിച്ചുകൊണ്ട് അതിന് ഉത്തരം നൽകുകയും ചെയ്യുന്നുവെങ്കിൽ, അയാൾ പറഞ്ഞതിലെ വൈരുദ്ധ്യം കാണിക്കാവുന്നതാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) ഒരു അണ്ടർറൈട്ടർക്കെതിരായുള്ള ഒരു അവകാശവാദം വഞ്ചനയുടെ കാരണത്തിൻമേൽ ചെറുക്കപ്പെടുന്നു. ഒരു മുൻ ഇടപാടിൽ, അയാൾ വഞ്ചനാപൂർവമായ ഒരു അവകാശവാദം ഉന്നയിച്ചിരുന്നില്ലേ എന്ന് അവകാശവാദക്കാരനോട് ചോദിക്കുന്നു. അയാൾ അത് നിഷേധിക്കുന്നു. അയാൾ അങ്ങനെയുള്ള ഒരു അവകാശവാദം ഉന്നയിച്ചുവെന്ന് കാണിക്കുന്നതിന് തെളിവ് നൽകാമെന്ന് പറയുന്നു. ആ തെളിവ് സ്വീകാര്യമല്ല.

(ഖ) ഒരു സാക്ഷിയോട്, നേരുകേടിന് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടിട്ടില്ലേ എന്ന് ചോദിക്കുന്നു. അയാൾ അത് നിഷേധിക്കുന്നു. നേരുകേടിന് അയാളെ പിരിച്ചുവിട്ടുവെന്ന് കാണിക്കാൻ തെളിവ് നൽകാമെന്ന് പറയുന്നു. ആ തെളിവ് സ്വീകാര്യമല്ല.

(ഗ) 'ക' ഒരു പ്രത്യേക ദിവസം 'ഖ' യെ താൻ ഗോവയിൽ വച്ച് കണ്ടുവെന്ന് ഉറപ്പിച്ചുപറയുന്നു. 'ക' യോട് ആ ദിവസം അയാൾ വാരണാസിയിൽ അല്ലായിരുന്നോ എന്ന് ചോദിക്കുന്നു. അയാൾ അത് നിഷേധിക്കുന്നു. 'ക' ആ ദിവസം വാരണാസിയിൽ ആയിരുന്നുവെന്ന് കാണിക്കാൻ തെളിവ് നൽകാമെന്ന് പറയുന്നു. 'ക' യെ അയാളുടെ വിശ്വാസ്യതയെ ബാധിക്കുന്ന ഒരു വസ്തുതയിൻമേൽ വിരുദ്ധത കാണിക്കുന്നതിനെന്ന നിലയ്ക്കല്ല, എന്നാൽ പ്രശ്നദിവസം 'ഖ' ഗോവയിൽ കാണപ്പെട്ടുവെന്ന് ആരോപിക്കപ്പെട്ട വസ്തുതയ്ക്ക് വിരുദ്ധമായത് കാണിക്കുന്നുവെന്ന നിലയ്ക്ക് ആ തെളിവ് സ്വീകരിക്കപ്പെടുന്നതാണ്. ഈ സംഗതികളിൽ ഓരോന്നിലും സാക്ഷി, അയാളുടെ നിഷേധം വ്യാജമായിരുന്നെങ്കിൽ, വ്യാജമായ തെളിവ് നൽകിയതിന് ചാർജ് ചെയ്യപ്പെടാവുന്നതാണ്.

(ഘ) 'ക' യോട്, അയാൾക്കെതിരായി തെളിവ് നൽകുന്ന 'ഖ' യുടെ കുടുംബവുമായി, അയാളുടെ കുടുംബത്തിന് കുടിപ്പക ഉണ്ടായിരുന്നിട്ടില്ലേ എന്ന് ചോദിക്കുന്നു. അയാൾ അത് നിഷേധിക്കുന്നു. ആ ചോദ്യം അയാളുടെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്ന പ്രവണതയുള്ളതാണെന്ന കാരണത്തിൻമേൽ അയാൾ പറഞ്ഞതിന് വിരുദ്ധമായതാണെന്ന് കാണിക്കാവുന്നതാണ്.

സ്വന്തം സാക്ഷിയോടുള്ള കക്ഷിയുടെ ചോദ്യം.

157. (1) ഒരു സാക്ഷിയെ വിളിക്കുന്ന ആളെ, എതിർകക്ഷിക്ക് എതിർവിസ്താരത്തിൽ ചോദിക്കാവുന്ന ഏതെങ്കിലും ചോദ്യം അയാളോട് ചോദിക്കാൻ, കോടതിക്ക് അതിന്റെ വിവേചനം ഉപയോഗിച്ച് അനുവദിക്കാവുന്നതാണ്.

(2) ഈ വകുപ്പിലെ യാതൊന്നും (1)–ാം ഉപവകുപ്പിൻകീഴിൽ അങ്ങനെ അനുവാദം കിട്ടിയ ആൾക്ക് അങ്ങനെയുള്ള സാക്ഷിയുടെ തെളിവിന്റെ ഏതെങ്കിലും ഭാഗം ആശ്രയിക്കുന്നതിനുള്ള അവകാശം ഇല്ലാതാക്കുന്നതല്ല.

സാക്ഷിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നത്.

158. ഒരു സാക്ഷിയുടെ വിശ്വാസ്യതയെ താഴെപ്പറയുന്ന മാർഗങ്ങളിലൂടെ എതിർകക്ഷിക്കോ അല്ലെങ്കിൽ കോടതിയുടെ അനുവാദത്തോടുകൂടി, അയാളെ വിളിക്കുന്ന കക്ഷിക്കോ ചോദ്യം ചെയ്യാവുന്നതാണ്—

(ക) സാക്ഷിയെപ്പറ്റിയുള്ള തങ്ങളുടെ അറിവിൽനിന്ന്, വിശ്വാസ്യതയ്ക്ക് അയോഗ്യനാണെന്ന് അയാളെക്കുറിച്ച് തങ്ങൾ വിശ്വസിക്കുന്നതായി സാക്ഷിപറയുന്ന ആളുകളുടെ തെളിവ് വഴി;

(ഖ) തെളിവ് നൽകാൻ സാക്ഷിക്ക് കൈക്കൂലി കൊടുത്തിട്ടുണ്ടെന്നോ കൈക്കൂലി കൊടുക്കാമെന്നുള്ള ഒരു ഓഫർ സ്വീകരിച്ചിട്ടുണ്ടെന്നോ, അഴിമതിപരമായ മറ്റേതെങ്കിലും പ്രചോദനം അയാൾക്ക് ലഭിച്ചിട്ടുണ്ടെന്നോ ഉള്ളത് തെളിയിക്കുന്നതുവഴി;

(ഗ) അയാളുടെ തെളിവിന്റെ ഏതെങ്കിലും ഭാഗത്തിന് വിരുദ്ധമാണെന്ന് കാണിക്കാവുന്ന അസംഗതമായ മുൻ പ്രസ്താവനകൾ തെളിയിക്കുന്നതുവഴി.

*വിശദീകരണം.*—മറ്റൊരു സാക്ഷി വിശ്വാസ്യതയ്ക്ക് അയോഗ്യനാണെന്ന് പ്രഖ്യാപിക്കുന്ന ഒരു സാക്ഷി, അയാളെ മുഖ്യവിസ്താരം ചെയ്യുമ്പോൾ അയാളുടെ വിശ്വാസത്തിനുള്ള കാരണങ്ങൾ നൽകിയിരിക്കണമെന്നില്ല, എന്നാൽ എതിർവിസ്താരത്തിൽ അയാളുടെ കാരണങ്ങളെക്കുറിച്ച് ചോദിക്കാവുന്നതും അയാൾ നൽകുന്ന ഉത്തരങ്ങൾ, അവ വ്യാജമാണെങ്കിൽ പോലും, വ്യാജമായ തെളിവ് നൽകിയതിന് അയാളെ പിന്നീട് ചാർജ് ചെയ്യാമെങ്കിലും, വിരുദ്ധമായതാണെന്ന് കാണിക്കാവുന്നതല്ലാത്തതുമാണ്.

*ദൃഷ്ടാന്തങ്ങൾ.*

(ക) 'ഖ' യ്ക്ക് വിൽക്കുകയും ഏൽപ്പിച്ചുകൊടുക്കുകയും ചെയ്ത ചരക്കുകളുടെ വിലയ്ക്കായി 'ഖ' യുടെ മേൽ 'ക' വ്യവഹാരപ്പെടുന്നു. താൻ 'ഖ' യ്ക്ക് ചരക്കുകൾ ഏൽപ്പിച്ചുകൊടുത്തുവെന്ന് 'ഗ' പറയുന്നു. ഒരു മുൻ അവസരത്തിൽ 'ഖ' യ്ക്ക് ചരക്കുകൾ ഏൽപ്പിച്ചുകൊടുത്തില്ലെന്ന് അയാൾപറഞ്ഞുവെന്ന് കാണിക്കുന്നതിന് തെളിവ് നൽകുന്നു. ആ തെളിവ് സ്വീകാര്യമാണ്.

(ഖ) 'ഖ' യുടെ കൊലപാതകത്തിന് 'ക' യുടെ മേൽകുറ്റം ആരോപിച്ചിരിക്കുന്നു. തന്റെ മരണത്തിന് ഇടയാക്കിയ മുറിവ് 'ഖ' യ്ക്ക് 'ക' യാണ് ഏൽപ്പിച്ചതെന്ന് 'ഖ' മരിക്കുമ്പോൾ പറഞ്ഞതായി 'ഗ' പറയുന്നു. 'ഖ' മരിക്കുമ്പോൾ താൻ മരിക്കാനിടയായ മുറിവ് 'ക', 'ഖ' യെ ഏൽപ്പിച്ചുവെന്ന് പറഞ്ഞിട്ടില്ലെന്ന് ഒരു മുൻ അവസരത്തിൽ 'ഗ' പറഞ്ഞുവെന്ന് കാണിക്കുന്നതിന് തെളിവ് നൽകാമെന്ന് പറയുന്നു. ആ തെളിവ് സ്വീകാര്യമാണ്.

പ്രസക്ത വസ്തുതയെ ക്കുറിച്ചുള്ള തെളിവിന് ഉപോൽ ബലകമാകാൻ പ്രവണതയുള്ള ചോദ്യങ്ങൾ സ്വീകാര്യ മാണെന്ന്.

159. ഉപോൽബലകത്തെളിവ് നൽകാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതായ സാക്ഷി ഏതെങ്കിലും പ്രസക്തവസ്തുതയെക്കുറിച്ച് തെളിവ് നൽകുന്നിടത്ത്, അങ്ങനെയുള്ള പ്രസക്തവസ്തുത സംഭവിച്ച സമയത്തോ സ്ഥലത്ത് വച്ചോ അല്ലെങ്കിൽ സമീപത്തോ അയാൾ നിരീക്ഷിച്ച മറ്റേതെങ്കിലും സാഹചര്യങ്ങളെക്കുറിച്ച്, അങ്ങനെയുള്ള സാഹചര്യങ്ങൾ തെളിയിക്കപ്പെടുന്നുവെങ്കിൽ അയാൾ സാക്ഷിപറയുന്ന പ്രസക്ത വസ്തുത സംബന്ധിച്ച സാക്ഷിയുടെ മൊഴി ഉപോൽബലകമാകുമെന്ന് കോടതിക്ക് അഭിപ്രായമുണ്ടെങ്കിൽ, അയാളോട് ചോദിക്കാവുന്നതാണ്.

*ദൃഷ്ടാന്തം.*

ഒരു കൂട്ടുകുറ്റക്കാരനായ 'ക' അയാൾ പങ്കെടുത്ത ഒരു കവർച്ചയുടെ വിവരണം നൽകുന്നു. ആ കവർച്ച നടത്തിയ സ്ഥലത്തേക്കും തിരിച്ചുമുള്ള അയാളുടെ യാത്രയിൽ സംഭവിച്ച കവർച്ചയുമായി ബന്ധപ്പെടാത്ത പല സംഭവങ്ങൾ അയാൾ വിവരിക്കുന്നു. കവർച്ചയെപ്പറ്റിത്തന്നെയുള്ള അയാളുടെ തെളിവിന് ഉപോൽബലക മാകുന്നതിനുവേണ്ടി ഈ വസ്തുതകളെക്കുറിച്ച് സ്വതന്ത്രമായ തെളിവ് നൽകാവുന്നതാണ്.

ഒരേ വസ്തുത സംബന്ധിച്ച് പിന്നീടുള്ള സാക്ഷിത്തെളിവിന് ഉപോൽബലകമായി സാക്ഷിയുടെ മുൻപ്രസ്താവനകൾ തെളിയിക്കാമെന്ന്.

160. ഒരു സാക്ഷിയുടെ സാക്ഷിത്തെളിവിന് ഉപോൽബലകമാകുന്നതിന് അങ്ങനെയുള്ള സാക്ഷി അതേ വസ്തുത സംബന്ധിച്ച് ആ വസ്തുത നടന്ന സമയത്തോ അതിനടുത്തോ അല്ലെങ്കിൽ ആ വസ്തുതയെക്കുറിച്ച് അന്വേഷണം നടത്തുവാൻ നിയമപ്രകാരം ക്ഷമതയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ മുമ്പാകെയോ, ചെയ്ത ഏതെങ്കിലും മുൻ പ്രസ്താവന തെളിയിക്കാവുന്നതാണ്.

26–ാം വകുപ്പിനോ 27–ാം വകുപ്പിനോ കീഴിൽ പ്രസക്തമായി തെളിയിക്കപ്പെട്ട പ്രസ്താവന സംബന്ധിച്ച് ഏതൊക്കെ വിഷയങ്ങൾ തെളിയിക്കാമെന്ന്.

161. 26–ാം വകുപ്പിനോ 27–ാം വകുപ്പിനോ കീഴിൽ പ്രസക്തമായ ഏതെങ്കിലും പ്രസ്താവന തെളിയിക്കപ്പെടുമ്പോഴെല്ലാം, അത് വിരുദ്ധമാണെന്ന് കാണിക്കുന്നതിനോ ഉപോൽബലകമാക്കുന്നതിനോ വേണ്ടി അല്ലെങ്കിൽ അത് ചെയ്ത ആളുടെ വിശ്വാസ്യത ചോദ്യം ചെയ്യുന്നതിനോ സ്ഥിരീകരിക്കുന്നതിനോ വേണ്ടി ആ ആളെ ഒരു സാക്ഷിയായി വിളിച്ചുവരുത്തപ്പെടുകയും സൂചിതവിഷയത്തിന്റെ സത്യാവസ്ഥ എതിർവിസ്താരത്തിൽ നിഷേധിക്കുകയും ചെയ്തിരുന്നുവെങ്കിൽ തെളിയിക്കാമായിരുന്ന എല്ലാ വിഷയങ്ങളും തെളിയിക്കാവുന്നതാണ്.

ഓർമ്മ പുതുക്കൽ.

162. (1) ഒരു സാക്ഷിക്ക്, തന്നെ വിസ്തരിച്ചുകൊണ്ടിരിക്കുമ്പോൾ, തന്നോട് ചോദ്യം ചോദിക്കുന്നത് സംബന്ധിച്ച ഇടപാടിൻെറ സമയത്തോ, അല്ലെങ്കിൽ ആ ഇടപാട് ആ സമയത്ത് അയാളുടെ ഓർമ്മയിൽ പുതിയതായിരിക്കാൻ സാധ്യതയുള്ളതാണെന്ന് കോടതി കരുതുന്ന തൊട്ടടുത്തസമയത്തോ, താൻ തന്നെ ഉണ്ടാക്കിയ ഏതെങ്കിലും ലിഖിതം പരിശോധിച്ച് തന്റെ ഓർമ്മ പുതുക്കാവുന്നതാണ്:

എന്നാൽ മറ്റേതെങ്കിലും ആൾ ഉണ്ടാക്കിയതും മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ സാക്ഷി വായിച്ചതുമായ അങ്ങനെയുള്ള ഏതെങ്കിലും ലിഖിതവും കൂടി അത് വായിച്ചപ്പോൾ ശരിയായിട്ടുള്ളതാണെന്ന് അയാൾക്കറിയാമായിരുന്നെങ്കിൽ, സാക്ഷിക്ക് പരിശോധിക്കാവുന്നതാണ്.

(2) ഏതെങ്കിലും രേഖ പരിശോധിച്ച് ഒരു സാക്ഷി തന്റെ ഓർമ്മ പുതുക്കുമ്പോഴെല്ലാം അയാൾക്ക് കോടതിയുടെ അനുവാദത്തോടു കൂടി, അങ്ങനെയുള്ള രേഖയുടെ ഒരു പകർപ്പ് പരിശോധിക്കാവുന്നതാണ്:

എന്നാൽ അസ്സൽ ഹാജരാക്കാതിരിക്കുന്നതിന് മതിയായ കാരണമുണ്ടെന്ന് കോടതിക്ക് ബോധ്യമാകേണ്ടതാണ്:

എന്നുമാത്രമല്ല ഒരു വിദഗ്ധന് തൊഴിൽ സംബന്ധമായ പ്രബന്ധങ്ങൾ പരിശോധിച്ച് തന്റെ ഓർമ്മ പുതുക്കാവുന്നതാണ്.

162–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള രേഖയിൽ പ്രസ്താവിച്ച വസ്തുതകളെക്കുറിച്ചുള്ള സാക്ഷി തെളിവ്.

163. ഒരു സാക്ഷിക്ക്, 162–ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള അങ്ങനെയുള്ള ഏതെങ്കിലും രേഖയിൽ പരാമർശിച്ചിട്ടുള്ള വസ്തുതകളെക്കുറിച്ചും കൂടി, അയാൾക്ക് ആ വസ്തുതകളെക്കുറിച്ച് തന്നെ വ്യക്തമായ ഓർമ്മയില്ലെങ്കിലും ആ വസ്തുതകൾ ആ രേഖയിൽ ശരിയായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് അയാൾക്ക് ഉറപ്പുണ്ടെങ്കിൽ, സാക്ഷി പറയാവുന്നതാണ്.

*ദൃഷ്ടാന്തം.*

ഒരു ബുക്ക് കീപ്പർക്ക്, അയാൾ ബിസിനസ്സ്മുറയിൽ ക്രമമായി വച്ചു പോരുന്ന ബുക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകളെക്കുറിച്ച്, ചേർത്തിട്ടുള്ള പ്രത്യേക ഇടപാടുകൾ അയാൾ മറന്നുപോയിട്ടുണ്ടെങ്കിലും ബുക്കുകൾ ശരിയായിട്ടാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് അയാൾക്ക് അറിവുണ്ടെങ്കിൽ, സാക്ഷി പറയാവുന്നതാണ്.

ഓർമ്മ പുതുക്കാനായി ഉപയോഗിക്കുന്ന ലിഖിതം സംബന്ധിച്ച് എതിർകക്ഷിക്കുള്ള അവകാശം.

164. തൊട്ടുമുമ്പുള്ള രണ്ട് വകുപ്പുകളിലെയും വ്യവസ്ഥകളിൻകീഴിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും ലിഖിതം, എതിർകക്ഷി, അത് ആവശ്യപ്പെടുന്നുവെങ്കിൽ, ഹാജരാക്കുകയും അയാളെ കാണിക്കുകയും ചെയ്യേണ്ടതും; അങ്ങനെയുള്ള കക്ഷിക്ക്, അയാൾക്ക് വേണമെങ്കിൽ, അതിൻമേൽ സാക്ഷിയെ എതിർവിസ്താരം ചെയ്യാവുന്നതുമാണ്.

രേഖകൾ ഹാജരാക്കൽ.

165. (1) ഒരു രേഖ ഹാജരാക്കുവാൻ സമൺ ചെയ്യപ്പെട്ടിട്ടുള്ള ഒരു സാക്ഷി, അത് അയാളുടെ കൈവശത്തിലോ അധികാരത്തിലോ ആണെങ്കിൽ, അതിന്റെ ഹാജരാക്കലോ അതിന്റെ സ്വീകാര്യതയോ സംബന്ധിച്ച് ഏതെങ്കിലും ആക്ഷേപം ഉണ്ടാകാമെങ്കിൽക്കൂടി കോടതിയിൽ കൊണ്ടുവരേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും ആക്ഷേപത്തിന്റെ സാധുതയെക്കുറിച്ച് കോടതി തീരുമാനിക്കേണ്ടതാണ്.

(2) കോടതിക്ക്, ആ രേഖ, അതിന് യുക്തമെന്ന് കാണുന്നുവെങ്കിൽ, അത് രാജ്യകാര്യങ്ങളെക്കുറിച്ചുള്ളതല്ലാത്തപക്ഷം, പരിശോധിക്കുകയോ അതിന്റെ സ്വീകാര്യത തീരുമാനിക്കുന്നതിന് അതിനെ പ്രാപ്തമാക്കുന്നതിന് മറ്റ് തെളിവെടുക്കുകയോ ചെയ്യാവുന്നതാണ്.

(3) അങ്ങനെയുള്ള ഒരു ആവശ്യത്തിനായി ഏതെങ്കിലും രേഖപരിഭാഷപ്പെടുത്തേണ്ടത് ആവശ്യമാണെങ്കിൽ, കോടതിക്ക്, അതിന് യുക്തമെന്ന് കരുതുന്നുവെങ്കിൽ, ആ രേഖ തെളിവായി കൊടുക്കേണ്ടതില്ലാത്തപക്ഷം, ഉള്ളടക്കം രഹസ്യമായി സൂക്ഷിക്കുവാൻ പരിഭാഷകനോട് നിർദേശിക്കാവുന്നതും, വ്യാഖ്യാതാവ് അങ്ങനെയുള്ള നിർദേശം ലംഘിക്കുന്നുവെങ്കിൽ അയാൾ ഭാരതീയ നീതി സംഹിത, 2023–ന്റെ 198–ാം വകുപ്പിൻകീഴിൽ ഒരു കുറ്റം ചെയ്തതായി തീരുമാനിക്കേണ്ടതുമാണ്:

എന്നാൽ യാതൊരു കോടതിയും, മന്ത്രിമാരും ഇൻഡ്യയുടെ രാഷ്ട്രപതിയും തമ്മിലുള്ള ഏതെങ്കിലും ആശയവിനിമയം അതിന് മുമ്പാകെ ഹാജരാക്കുവാൻ ആവശ്യപ്പെടാൻ പാടുള്ളതല്ല.

ആവശ്യപ്പെടുകയും നോട്ടീസിൻമേൽ ഹാജരാക്കുകയും ചെയ്ത രേഖ തെളിവായി കൊടുക്കുന്നത്.

166. ഒരു കക്ഷി, മറ്റേകക്ഷിക്ക് ഹാജരാക്കാനായി അയാൾ നോട്ടീസ് കൊടുത്തിട്ടുള്ള ഒരു രേഖ ഹാജരാക്കുവാൻ ആവശ്യപ്പെടുകയും, അങ്ങനെയുള്ള രേഖ ഹാജരാക്കപ്പെടുകയും അതിന്റെ ഹാജരാക്കൽ ആവശ്യപ്പെടുന്ന കക്ഷി പരിശോധിക്കുകയും ചെയ്യുന്നിടത്ത്, അത് ഹാജരാക്കുന്ന കക്ഷി, അങ്ങനെ ചെയ്യുന്നതിന് അയാളോട് ആവശ്യപ്പെടുന്നുവെങ്കിൽ, അത് തെളിവായി കൊടുക്കുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്.

167. ഒരു കക്ഷിക്ക് ഹാജരാക്കുവാൻ നോട്ടീസ് ലഭിച്ചിട്ടുണ്ടായിരുന്ന ഒരു രേഖ ഹാജരാക്കുവാൻ അയാൾ വിസമ്മതിക്കുന്നിടത്ത്, പിന്നീട് അയാൾക്ക് ആ രേഖ മറ്റേകക്ഷിയുടെ സമ്മതമോ കോടതിയുടെ ഉത്തരവോ കൂടാതെ തെളിവായി ഉപയോഗിക്കാൻ കഴിയില്ല.

നോട്ടീസിൻ മേൽ ഹാജരാക്കാൻ വിസമ്മതിച്ച രേഖ തെളിവായി ഉപയോഗിക്കുന്നത്.

*ദൃഷ്ടാന്തം.*

'ക' ഒരു കരാറിൻമേൽ 'ഖ' യുടെമേൽ വ്യവഹാരപ്പെടുകയും അത് ഹാജരാക്കുവാൻ 'ഖ' യ്ക്ക് നോട്ടീസ് കൊടുക്കുകയും ചെയ്യുന്നു. വിചാരണയിൽ, 'ക' ആ രേഖ ഹാജരാക്കുവാൻ ആവശ്യപ്പെടുകയും 'ഖ' അത് ഹാജരാക്കുവാൻ വിസമ്മതിക്കുകയും ചെയ്യുന്നു. 'ക' അതിന്റെ ഉള്ളടക്കത്തിന്റെ ദ്വിതീയകത്തെളിവ് നൽകുന്നു. 'ക' നൽകിയ ദ്വിതീയകത്തെളിവ് വിരുദ്ധമാണെന്ന് കാണിക്കുന്നതിനോ അല്ലെങ്കിൽ കരാറിൽ സ്റ്റാമ്പ് പതിച്ചിട്ടില്ലെന്ന് കാണിക്കുന്നതിനോ വേണ്ടി ആ രേഖ തന്നെ ഹാജരാക്കുവാൻ 'ഖ' ആവശ്യപ്പെടുന്നു. അയാൾക്ക് അങ്ങനെ ചെയ്യുവാൻ കഴിയില്ല.

168. ജഡ്ജിക്ക്, പ്രസക്തവസ്തുതകൾ കണ്ടെത്തുവാനോ തെളിയിക്കപ്പെടുവാനോ വേണ്ടി, ഏതെങ്കിലും സാക്ഷിയോടോ കക്ഷികളോടോ, അദ്ദേഹം ആവശ്യമെന്ന് കരുതുന്ന, ഏതൊരു വസ്തുതയെക്കുറിച്ചും ഏത് രൂപത്തിലും ഏത് സമയത്തും ഏതൊരു ചോദ്യവും ചോദിക്കാവുന്നതും; ഏതൊരു രേഖയും അല്ലെങ്കിൽ സാധനവും ഹാജരാക്കുവാൻ ഉത്തരവ് നൽകാവുന്നതും; കക്ഷികൾക്കോ അവരുടെ പ്രതിനിധികൾക്കോ അങ്ങനെയുള്ള ഏതെങ്കിലും ചോദ്യത്തെയോ ഉത്തരവിനെയോ കുറിച്ച് എന്തെങ്കിലും ആക്ഷേപം ഉന്നയിക്കുവാനോ അല്ലെങ്കിൽ കോടതിയുടെ അനുവാദം കൂടാതെ, അങ്ങനെയുള്ള ഏതെങ്കിലും ചോദ്യത്തിന് മറുപടിയായി നൽകുന്ന ഏതെങ്കിലും ഉത്തരം സംബന്ധിച്ച് ഏതെങ്കിലും സാക്ഷിയെ എതിർവിസ്താരം ചെയ്യുവാനോ അവകാശമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്:

ചോദ്യങ്ങൾ ചോദിക്കുവാനോ ഹാജരാക്കുവാൻ ഉത്തരവ് നൽകുവാനോ ജഡ്ജിക്കുള്ള അധികാരം.

എന്നാൽ ആ വിധിന്യായം, പ്രസക്തമാണെന്ന് ഈ ആക്റ്റ് പ്രഖ്യാപിച്ചിട്ടുള്ളതും യഥാവിധി തെളിയിക്കപ്പെട്ടിട്ടുള്ളതുമായ വസ്തുതകളെ അടിസ്ഥാനമാക്കിയിട്ടുള്ളതായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല ചോദ്യം ചോദിച്ചതോ അല്ലെങ്കിൽ രേഖ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതോ എതിർകക്ഷിയാണെങ്കിൽ, 127 മുതൽ 136 വരെയുള്ള, രണ്ടും ഉൾപ്പെടെ, വകുപ്പുകളിൻകീഴിൽ ഉത്തരം പറയാതിരിക്കുന്നതിനോ ഹാജരാക്കാതിരിക്കുന്നതിനോ ഏതെങ്കിലും സാക്ഷിക്ക് അവകാശമുള്ള, ഏതെങ്കിലും ചോദ്യത്തിന് ഉത്തരം പറയുകയോ ഏതെങ്കിലും രേഖ ഹാജരാക്കുകയോ ചെയ്യുവാൻ അങ്ങനെയുള്ള സാക്ഷിയെ നിർബന്ധിക്കുവാൻ ഏതൊരു ജഡ്ജിയേയും ഈ വകുപ്പ് അധികാരപ്പെടുത്തുന്നതല്ലാത്തതും; 151 അല്ലെങ്കിൽ 152–ാം വകുപ്പിൻകീഴിൽ മറ്റേതെങ്കിലും ആൾ ചോദിക്കുന്നത് ശരിയല്ലാത്തതായ ഏതെങ്കിലും ചോദ്യം ജഡ്ജി ചോദിക്കുകയോ; ഇതിനുമുമ്പ് ഒഴിവാക്കിയ സംഗതികളിലൊഴികെ, ഏതെങ്കിലും രേഖ സംബന്ധിച്ച് പ്രാഥമികത്തെളിവ് വേണ്ടെന്ന് വയ്ക്കുകയോ ചെയ്യുവാൻ പാടില്ലാത്തതുമാണ്.

## അധ്യായം XI

## തെളിവിന്റെ ശരിയല്ലാത്ത സ്വീകരിക്കലിനെയും നിരസിക്കലിനെയും കുറിച്ച്

തെളിവിന്റെ ശരിയല്ലാത്ത സ്വീകരിക്കലോ നിരസിക്കലോ കൊണ്ട് പുതിയ വിചാരണ ഇല്ലെന്ന്.

169. തെളിവിന്റെ ശരിയല്ലാത്ത സ്വീകരിക്കലോ നിരസിക്കലോ കൊണ്ടുമാത്രം, ആക്ഷേപം ഉന്നയിക്കുകയും സ്വീകരിക്കുകയും ചെയ്ത തെളിവിനെ ആശ്രയിക്കാതെ തീരുമാനം ന്യായീകരിക്കുവാൻ മതിയായ തെളിവ് ഉണ്ടായിരുന്നെന്നോ അല്ലെങ്കിൽ നിരസിക്കപ്പെട്ട തെളിവ് സ്വീകരിച്ചിരുന്നെങ്കിൽ അത് തീരുമാനത്തെ വ്യത്യാസപ്പെടുത്തുമായിരുന്നില്ലെന്നോ, അങ്ങനെയുള്ള ആക്ഷേപം ഉന്നയിക്കപ്പെടുന്നതായ, കോടതിക്ക് തോന്നുന്നുവെങ്കിൽ, ഏതെങ്കിലും കേസിൽ ഒരു പുതിയ വിചാരണയ്ക്കോ ഏതെങ്കിലും തീരുമാനം മറിച്ചുവിധിക്കുന്നതിനോ കാരണമാകുന്നതല്ല.

# അധ്യായം XII

## റദ്ദാക്കലും ഒഴിവാക്കലും

170. (1) ഇൻഡ്യൻ തെളിവ് നിയമം, 1872 (1872–ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു. റദ്ദാക്കലും ഒഴിവാക്കലും.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിക്ക് തൊട്ടുമുമ്പ്, ഏതെങ്കിലും അപേക്ഷയോ വിചാരണയോ അന്വേഷണവിചാരണയോ അന്വേഷണമോ നടപടിയോ അല്ലെങ്കിൽ അപ്പീലോ തീർപ്പുകൽപ്പിക്കാതെയുണ്ടെങ്കിൽ, അങ്ങനെയുള്ള അപേക്ഷയോ വിചാരണയോ അന്വേഷണവിചാരണയോ അന്വേഷണമോ നടപടിയോ അല്ലെങ്കിൽ അപ്പീലോ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നില്ലായിരുന്നുവെങ്കിലെന്നപോലെ, അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലുണ്ടായിരുന്നപ്രകാരമുള്ള ഇൻഡ്യൻ തെളിവ് ആക്റ്റ്, 1872 (1872–ലെ 1)–ന്റെ വ്യവസ്ഥകളിൻകീഴിൽ കൈകാര്യം ചെയ്യേണ്ടതാണ്.

# പട്ടിക

[63 (4)(ഗ) വകുപ്പ് കാണുക]

## സാക്ഷ്യപത്രം

ഭാഗംക

(കക്ഷി പൂരിപ്പിക്കേണ്ടത്)

---------------താമസം/ജോലി ചെയ്യുന്ന --------------------------പുത്രൻ/പുത്രി/ ജീവിത പങ്കാളി-------------(പേര്) ആയ ഞാൻ സഗൗരവം പ്രതിജ്ഞ ചെയ്യുകയും സത്യസന്ധമായി പ്രസ്താവിക്കുകയും താഴെപ്പറയുന്നപ്രകാരം സമർപ്പിക്കുകയും ചെയ്യുന്നു:—

താഴെപ്പറയുന്ന ഉപകരണത്തിൽനിന്നും/ഡിജിറ്റൽ റിക്കാർഡിൽ നിന്നും (ശരി അടയാളം ഇടുക) എടുത്ത ഇലക്ട്രോണിക് റിക്കാർഡിന്റെ/ഡിജിറ്റൽ റിക്കാർഡിന്റെ ഫലം ഞാൻ ഹാജരാക്കിയിട്ടുണ്ട്:—

കമ്പ്യൂട്ടർ/ശേഖരണ ഉപാധി ☐ ഡി വി ആർ ☐ മൊബൈൽ ☐ ഫ്ളാഷ് ഡ്രൈവ് ☐

സി ഡി/ഡി വി ഡി ☐ സെർവർ ☐ ക്ലൗഡ് ☐ മറ്റുള്ളവ ☐

മറ്റുള്ളവ: -------------------------

മേയ്ക്ക് & മോഡൽ:-----------------------നിറം: ------------------

ക്രമ നമ്പർ:-------------------------

ഐ എം ഇ ഐ /യു ഐ എൻ/യു ഐ ഡി/എം എസി/ക്ലൗഡ് ഐ ഡി ---------

(ബാധകമായത്).

കൂടാതെ ഉപകരണം/ഡിജിറ്റൽ റിക്കാർഡ് സംബന്ധിച്ച പ്രസക്തമായ മറ്റെന്തെങ്കിലും വിവരമുണ്ടെങ്കിൽ ------------- (വ്യക്തമാക്കുക).

പതിവ് പ്രവർത്തനങ്ങൾ നടത്തുന്ന ആവശ്യങ്ങൾക്കായി വിവരം പതിവായി സൃഷ്ടിക്കുന്നതിനോ സംഭരിക്കുന്നതിനോ ചിട്ടപ്പെടുത്തുന്നതിനോ വേണ്ടി ഡിജിറ്റൽ ഉപകരണമോ ഡിജിറ്റൽ റിക്കാർഡിന്റെ ഉറവിടമോ നിയമപരമായ നിയന്ത്രണത്തിലായിരുന്നതും, ഈ കാലയളവിൽ, കമ്പ്യൂട്ടർ അല്ലെങ്കിൽ ആശയവിനിമയത്തിനുള്ള ഉപകരണം ശരിയായി പ്രവർത്തിക്കുകയും സാധാരണ ബിസിനസ്സ്മുറയിൽ പ്രസക്തമായ വിവരം കമ്പ്യൂട്ടറിലേക്ക് പതിവായി നൽകുകയും ചെയ്തിരുന്നു. കമ്പ്യൂട്ടർ/ഡിജിറ്റൽ ഉപകരണം ഏതെങ്കിലും ഘട്ടത്തിൽ ശരിയായി പ്രവർത്തിച്ചിരുന്നില്ലെങ്കിലോ അല്ലെങ്കിൽ പ്രവർത്തനരഹിതമാകുകയോ ചെയ്തിരുന്നെങ്കിലും അത് ഇലക്ട്രോണിക്/ഡിജിറ്റൽ റിക്കാർഡിനെയോ അതിന്റെ കൃത്യതയെയോ ബാധിച്ചിട്ടില്ല. ഡിജിറ്റൽ ഉപകരണം അല്ലെങ്കിൽ ഡിജിറ്റൽ റിക്കാർഡിന്റെ ഉറവിടം, എന്റെ:—

ഉടമസ്ഥതയിലുള്ളത് ☐ സംരക്ഷണത്തിലുള്ളത് ☐ കൈകാര്യത്തിലുള്ളത് ☐ പ്രവർത്തനത്തിലുള്ളത് ☐ ആണ് (ബാധകമായത് തിരഞ്ഞെടുക്കുക).

ഇലക്ട്രോണിക്/ഡിജിറ്റൽ റിക്കാർഡിന്റെ ഹാഷ് മൂല്യം/മൂല്യങ്ങൾ -----------

താഴെപ്പറയുന്ന അൽഗോരിതം മുഖേന ലഭിച്ചതാണെന്ന് ഞാൻ പ്രസ്താവിക്കുന്നു:—

☐ എസ് എച്ച് എ 1:

☐ എസ് എച്ച് എ 256:

☐ എം ഡി 5:

☐ മറ്റുള്ളവ ------------------ (നിയമപരമായി അംഗീകരിക്കാവുന്ന നിലവാരത്തിലുള്ളത്)

(സാക്ഷ്യപത്രത്തോടൊപ്പം ഹാഷ് റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്)

(പേരും ഒപ്പും)

തീയതി (ദിവസം/മാസം/വർഷം):--------------

സമയം (ഐ എസ് റ്റി) : --------- മണിക്കൂർ (24 മണിക്കൂർ സമയക്രമത്തിൽ)

സ്ഥലം: --------------------

## ഭാഗം ഖ

(വിദഗ്ധൻ പൂരിപ്പിക്കേണ്ടത്)

-------താമസം/ജോലി ചെയ്യുന്ന ----------- പുത്രൻ/പുത്രി/ജീവിതപങ്കാളി ----------------------(പേര്) ആയ ഞാൻ സഗൗരവം പ്രതിജ്ഞ ചെയ്യുകയും സത്യസന്ധമായി പ്രസ്താവിക്കുകയും താഴെപ്പറയുന്ന രീതിയിൽ സമർപ്പിക്കുകയും ചെയ്യുന്നു:—

ഹാജരാക്കിയ ഇലക്ട്രോണിക് റിക്കാർഡ്/ഡിജിറ്റൽ റിക്കാർഡിന്റെ ഫലം, താഴെ പ്പറയുന്നഉപകരണത്തിൽനിന്നും/ഡിജിറ്റൽ റിക്കാർഡിന്റെ ഉറവിടത്തിൽ നിന്നും (ശരി അടയാളം ഇടുക) ലഭ്യമാക്കിയതാണ്:—

കമ്പ്യൂട്ടർ/ശേഖരണ ഉപാധി ☐ ഡി വി ആർ ☐ മൊബൈൽ ☐ ഫ്ളാഷ് ഡ്രൈവ് ☐

സി ഡി/ഡി വി ഡി ☐ സെർവർ ☐ ക്ലൗഡ് ☐ മറ്റുള്ളവ ☐

മറ്റുള്ളവ: -------------------------

മേയ്ക്ക് & മോഡൽ:-----------------------നിറം: ------------------

ക്രമനമ്പർ:------------------------

ഐ എം ഇ ഐ/യു ഐ എൻ/യു ഐ ഡി/എം എസി/ക്ലൗഡ് ഐ ഡി------ (ബാധകമായത്)

കൂടാതെ ഉപകരണം/ഡിജിറ്റൽ റിക്കാർഡ് സംബന്ധിച്ച പ്രസക്തമായ മറ്റെന്തെങ്കിലും വിവരമുണ്ടെങ്കിൽ, -------------(വ്യക്തമാക്കുക)

ഇലക്ട്രോണിക്/ഡിജിറ്റൽ റിക്കാർഡിന്റെ ഹാഷ് മൂല്യം/മൂല്യങ്ങൾ ---------------

താഴെപ്പറയുന്ന അൽഗോരിതം മുഖേന ലഭിച്ചതാണെന്ന് ഞാൻ പ്രസ്താവിക്കുന്നു:-

☐ എസ് എച്ച് എ 1:

☐ എസ് എച്ച് എ 256:

☐ എം ഡി 5:

☐ മറ്റുള്ളവ ------------(നിയമപരമായി അംഗീകരിക്കാവുന്ന നിലവാരത്തിലുള്ളത്)

(സാക്ഷ്യപത്രത്തോടൊപ്പം ഹാഷ് റിപ്പോർട്ട് ഉൾപ്പെടുത്തേണ്ടതാണ്)

(പേര്, ഉദ്യോഗപ്പേര്, ഒപ്പ്)

തീയതി (ദിവസം/മാസം/വർഷം):-------------

സമയം (ഐ എസ് റ്റി) :-----------മണിക്കൂർ (24മണിക്കൂർ സമയക്രമത്തിൽ)

സ്ഥലം: